# MADRAS GOVERNMENT ORIENTAL SERIES

COMPLIMENTARY

## No. CXXXV

# വേതാളപഞ്ചവിംശതി

# VETALA PANCA VIMSATI

©

GOVERNMENT OF MADRAS
1958

032:1Y8
574

THE CONTROLLER OF STATIONERY AND
ING, MADRAS, ON BEHALF OF THE
GOVERNMENT OF MADRAS
1958
PRICE *Rs.* 7·40 *naye Paise.*

032:1y8
SRIDEVI (M.). Ed. J72
Vetala panca vim-
sati.

192555
42431
032:1y8
J72

MUL
192555

Madras University Library

Call Number 032:1y8 J72

Accession Number 192555

Available for loan from

This book should be returned on or before the date last marked below.

O. 61

# VETĀḶA PAÑCA VIMŚATI

COMPLEMENTARY COPY

EDITED BY

KUMĀRI M. N. SRĪDEVI, M.A., L.T.,
*Professor of Malayalam, Presidency College, Madras.*

UNIVERSITY LIBRARY
26 APR 1967
MADRAS

GOVERNMENT ORIENTAL MANUSCRIPTS LIBRARY
MADRAS
1957

1-A

192555
42431

032:1y8
J72

# MADRAS GOVERNMENT ORIENTAL SERIES

*Published under the authority of the Government of Madras*

GENERAL EDITOR
T. CHANDRASEKHARAN, M.A., L.T.,
*Curator, Government Oriental Manuscripts Library, Madras*

No. CXXXV

## വേതാളപഞ്ചവിംശതി

# INTRODUCTION.

The Government of Madras took up for consideration the question of publication of the various manuscripts in defferent languages on subjects like Philosophy, Medicine, Science, etc., early in May 1948. Important Manuscripts' Libararies in the Madras Presidency were requested to send a list of unpublished manuscriptswith them for favour being considered by the Government for publication. The Honorary Secretary of the Tanjore Maharaja Serfoji's Sarasvathi Mahal Library, Tanjore, alone complied with this request. This list as well as a similar list of unpublished manuscripts in the Government Oriental Manuscripts Library, Madras, were carefully examined and a tentative selection of manuscripts suitable for publication was made. The Government in their Memorandum No. 34913/48-10, Education, dated 4th April 1949, constituted an Expert Committee with the Curator of the Government Oriental Manuscripts' Library, Madras, as the Secretary, for the final selection of manuscripts suitable for printing and for estimating the cost of publication.

The following were the members of the Committee :—

1 Sri T. M. Narayanaswami Pillai, M.A., B.L.
2 ,, R.P. Sethu Pillai, B.A., B.L.
3 ,, C. M. Ramachandran Chettiar, B.A., B.L.
4 ,, R. Krishnamoorthy (Kalki).
5 Dr. N. Venkataramanayya, M.A. Ph. D.
6 Sri M. Ramanuja Rao Naidu, M.A.
7 ,, V. Prabhakara Sastri.
8 ,, N. Venkata Rao, M.A.
9 ,, H. Sesha Ayyangar.
10 ,, Masti Venkatesa Ayyangar.
11 ,, M. Mariappa Bhat, M.A., L.T.
12 Dr. C. Achyuta Menon, B.A.Ph. D.
13 ,, C. Kunhan Raja, M.A., D. Phil.
14 ,, A. Sankaran, M.A., Ph. D., L.T.
15 Sri Polakam Rama Sastri.
16 ,, S. K. Ramanatha Sastri.
17 Dr. M. Abdul Huq., M.A., D. Phil. (Oxon.).
18 Sri Afzul-ul-Ulama Hakim Khader Ahamed.
19 ,, P. D. Joshi.
20 ,, S. Gopalan, B.A., B.L.
21 ,, T. Chandrasekharan, M.A., L.T., Curator.

With the exception of Sri Masti Venkatesa Ayyangar, and Dr. C. Kunhan Raja, the above members continued to be members of

the Expert Committee for 1950–51 also to which the following gentlemen were added in Government Memos. No. 7297-E/50-3, Education, dated 19th May 1950, and 15875-E/50-4, Education, dated 7th September 1950 :—

1 Dr. A. Chidambaranatha Chettiar, M.A., Ph. D.
2 Sri S. Govindarajulu, B.A., B.L., LL.B., Bar.-at-Law.
3 Capt. G. Srinivasamurthi, B.A., B.L., M.B. & C.M.
4 Dr. Muhammad Hussain Nainar, M.A., Ph.D.
5 Sri T. V. Subba Rao, B.A., B.L.
6 Principal, College of Indigenous Medicine, Madras.

In Government Memorandum No. 18947-E/52-2, Education, dated 7th August 1952, a few changes were made in the personnel of the Expert Committee.

The names of the following members were deleted :—

1 Sri V. Prabhakara Sastri.
2 ,, C. Achyuta Menon.
3 ,, M. Abdul Huq.

The following gentlemen were included as members of the Expert Committee :—

1 Sri M. Somasekhara Sarma.
2 Dr. V. Raghavan, M.A., Ph. D.
3 ,, R. Nagaraja Sarma, M.A., Ph. D.
4 ,, S. Krishnan Nayar, M.A., Ph. D.
5 Prof. S.A. Bukhari, M.A.

In G.O. Ms. No. 1819, Education, dated 8th November 1955, the Government reconstituted the Expert Committee with the following members :—

SANSKRIT.

1 Dr. A. Sankaran, M.A., Ph. D., L.T.
2 Sri P. S. Rama Sastri.
3 Dr. V. Raghavan, M.A., Ph. D
4 ,, R. Nagaraja Sarma, M.A. Ph., D. L.T.
5 Sri K. Balasubramania Iyer, B.A., B.L., M.L.C.

TAMIL

6 Sri T. M. Narayanaswami Pillai, M.A., B.L., M.L.C.
7 ,, R. P. Sethu Pillai, B.A., B.L.
8 ,, C. M. Ramachandran Chettiar, B.A., B.L.
9 ,, T. P. Meenakshi Sundaram Pillai, M.A., M.O.L.
10 Dr. A. Chidambaranatha Chettiar, M.A., Ph. D.
11 Sri N. T. Viswanathan, B.A., B.L.

KANNADA.

12 Captain G. Srinivasamurthi, B.A., B.L., M.B. & C.M.
13 Sri M. Mariappa Bhat, M.A., L.T.
14 ,, H. Sesha Iyengar.

MALAYALAM.

15 Dr. S. Krishnan Nayar, M.A., Ph. D.

MARATHI.

16 Sri P.D. Joshi.

ISLAMIC LANGUAGES.

17 Professor S. A. W. Bukhari Sahib, M.A., L.T.
18 Dr. Mohammed Abdul Huq., M.A., D. Phil. (Oxon.).
19 Sri S. M. Fazlullah, M.A., L.T.

OTHERS.

20 Sri S. K. Ramanatha Sastri, Sanskrit & Malayalam.
21 ,, T.V. Subba Rao, B.A., B.L., Music in all languages.
22 The Principal, College of Indigenous Medicine, Madras-10, medicine in all languages.
23 Sri S. Gopalan, B.A., B.L., Sanskrit, Tamil and Telugu.
24 ,, T. Chandrasekharan, M. A., L. T., In all languages (Secretary of all the Committees).

The members of the Committee met at Madras and at Tanjore to examine the manuscripts and make a selection. The recommendations of the Committee were accepted by the Government and they decided to call these publications as the "MADRAS GOVERNMENT ORIENTAL SERIES" and appointed the Curator, Government Oriental Manuscripts Library, Madras, as the General Editor of the publications under this series.

The following manuscripts were taken up for publication till now :—

"A" FROM THE GOVERNMENT ORIENTAL MANUSCRIPTS' LIBRARY, MADRAS.

TAMIL.

1 Kappal Sāttiram.
2 Anubhava Vaiddiya Muṟai. Vols. I and II.
3 Āttānakōlāhalam.
4 Upadēśa Kāṇḍam.
5 Cōlan Pūrva Paṭṭayam.
6 Śivajñāa Dīpam.
7 Daṭcaṇāyanar Vaiddiya Aṭṭavaṇai.

8 Vaiddiya-k-Kaḷañciyam.
9 Anubhava Vaiddiya Muṟai, Vol. III.
10 Saptariṣinādi, Vol. I, Mēṣa Lagna.
11 Karnāṭakarajākkaḷ Savistāra Carittiram.
12 Bharata Siddhāntam.
13 Piḷḷai-p-piṇivākaṭam Vol. I.
14 Anubhava Vaiddiyamuṟai Vol. IV.
15 Māṭṭuvākaṭam.
16 Saptariṣinādi. Vol. II—Viruṣabha Lagna.
17 Temple Inscriptions of South India, Vol. I.
18 Saptariṣinādi. Vol. III, Mithuna Lagna.
19 Temple Inscriptions of South India, Vol. II.
20 Piḷḷai-p-piṇi Vākaṭam (on infantile disease) Vol. II.
21 Saptariṣinādi, Vol. IV, Kaṭaka Lagna.
22 Pērūr-k-Kōvai.
23 Siddhāntaviḷakkam.
24 Sāmudrikālakṣaṇam.
25 Ānandaranga-k-Kōvai.
26 South Indian Temple Inscriptions, Vol. III, Part I.
27 Saptariṣinādi, Vol. V (Simha Lagna).
28 Māghasnānapurāṇa Ammānai.
29 Kōlācala Stala Purāṇam.
30 Dina Kavitai, Vols. I and II.
31 South Indian Temple Inscriptions Vol. III, Part II.
32 Thol kāpiam Śoladhikāram with Kollaḍanār Urai.

SANSKRIT.

1 Viṣanārāyaṇīyam (Tantrasārasaṅgraha).
2 Bhārgava Nādikā.
3 Hariharacaturadgam.
4 Brahmasūtravṛtti—Mitākṣarā.
5 Nyāyasiddhānta Tattvāmṛtam.
6 Ārogyacintāmaṇi.
7 Tattavasāra with Ratnasārini.
8 Sūtrārthāmṛta Lahari.
9 (a) Ratnadīpikā
(b) Ratnaśāstra.
10 Devakeraḷam-Candrakalā Nāḍi, Vol. I, Vol. II, Parts I & II.
11 Pātañjala Yogasūtra Bhāṣya Vivaraṇa by Srī Śankarācārya.
12 Nyāyaratnam with the commentary Dyutimālika.
13 Cikitsātilakam.
14 Nṛttaratnāvali.

15 Daivajñābharaṇa.
16 Ābhoga—Kalpatāru-Vyākhyā.
17 Aumāpatam.
18 Mahābhāskarīyam.
19 Devakeraḷam—Chandrakalā Nādi, Vol. II.
20 Nayadyumaṇi.
21 Bhāvabodha—Tattvaprakaśikā-Vyākhyā.
22 Nyāya candrikā.
23 Pañcapādikā vivaraṇa with commentaries.

TELUGU.

1 Auṣadhayōgamulu.
2 Vaidyanighaṇṭuvu.
3 Dhanurvidyāvilāsamu.
4 Yogadarśanaviṣayamu.
5 Khaḍgalakṣaṇaśirōmaṇi.
6 Saivācārasaṅgrahamu.
7 Anubhavavaidyamu.
8 Abhinayadarpaṇamu.
9 Brahmavidyāsudhārṇavamu.
10 Rāgatālacintāmaṇi.
11 Vaidyacintāmaṇi.
12 Kumārarāmunikathā.
13 Kāṭamarājukathā.
14 Śārīramu.
15 Bharatasārasaṅgraha.
16 Bobbiliyuddhakathā.
17 Haidarcaritramu.
18 Āryabhaṭiya Siddhāntam.
19 Cuḍappah Inscriptions.
20 Yāmunavÿaya vilāsamu.

MALAYALAM.

1 Garbha Cikatsā.
2 (a) Vāṣtulakṣaṇam.
(b) Śilpaviṣayam
3 Māhāsāram.
4 Kaṇakkusāram.
5 Kriyākaramam.
6 Kaṇakkusāram (Bālaprabōdham).
7 Aśvacikitsa.
8 Phalasārasamuccaya.
9 Kilvaṇṭusamvādam.
10 Advaita Vēdāntam.

11 Bārhaspatyasūtra with Malayalam commentary.
12 Karaṇapaddhati.
13 Vidyāmādhavīyam.
14 Sarvasādhāraṇa Cikitsā.
15 Viṣacikītsa and Viṣappāṭṭusāram.
16 Jñānapīyünṣam.
17 Vetāḷapañcavimśati.
18 Yudhiṣṭhiravijayam.
19 Kathakaḷimañjari.
20 Vaidyagrantham.

## KANNADA.

1 Lōkōpakāram.
2 Raṭṭamatam.
3 Aśvaśāstram.
4 Vividhavaidyaviṣayagalu.
5 Sangītaratnākara.
6 Sūpaśāstra.
7 Vaidyasārasaṅgraham, Vol. I.
8 Sadgururahasyam.
9 Vaidyasārasaṅgraham, Vol. II.
10 Manmathavijayam.
11 Abhidhānaratnamālā.
12 Vyavahāragaṇitam.
13 Jīvasambōdane.
14 Kāmandakanītisāra.

## ISLAMIC LANGUAGES.

## PERSIAN.

1 Jami-Al-Ashya.
2 Tibbe-E. Faridi..
3 Tahqiq-Al-Buhran.
4 Safinat-Al-Najat.
5 Baharistan-i-Sukhan.
6 Nuskha-E-Shajahani.
7 Tuhfa-E. Khani.
8 Ruqa'at-e- Walajahi.
9 Nushkajat-i-Mujrvab.

## ARABIC.

1 Shawakil-Ul-Hur.

## "B" FROM THE TANJORE MAHARAJA SERFOJI'S SARASWATHI MAHAL LIBRARY, TANJORE.

### TAMIL.

1 Sarabhēndra Vaiddiya Murai (Diabetes).
2 do. (Eyes).
3 do. (Anaemia).
4 do. (Śvāsakāsam).
5 Agastiyar 2000.
6 Koṅkaṇarśarakku Vaippu.
7 Tiruccirrambalakkōvaiyar with Padavurai.
8 Tāḷasamudram.
9 Bharatanāṭyam
10 (a) Pāṇḍikēḷi Vilāsa Nāṭakam.
(b) Purūrava Cakravarti Nāṭakam.
(c) Madana Sundara Vilāsa Nāṭakam.
11 Percy Macqueen's Collection of Folklore in the Madras University Library.
12 Ramaiyan Ammānai.

### TELUGU.

1 Kāmandakanītisāramu.
2 Tāladaśāprāṇapradīpikā.
3 Raghunātha Nāyakābhyudayamu.
4 Rājagōpāla Vilāsamu.
5 Rāmāyaṇamu by Kaṭṭa Varadrāju.

### MAHRĀTHI.

1 Nāṭyaśastra Saṅgraha.
2 (a) Book of knowledge.
(b) Folk songs.
(c) Dora Dārun Vēṇi Paddhati.
(d) Aśvāsa Caṭula Dumāṇi.
3 (a) Pratāpasimhendra Vijaya Prabandha.
(b) Sarabhendra Tīrthāvali.
(c) Lāvaṇi.
4 Devendra Kuravañji.
5 Bhakta Vilāsa.
6 Śloka Baddha Rāmāyaṇa.

### SANSKRIT

1 Aśvaśāstra with Tricolour Illustrations.
2 Rājamṛgāṅka.

3 Ānandakandam.
4 Āyurvedamahodadhi.
5 Gita Govinda Abhinaya.
6 (a) Colacampū.
b) Sahendra Vilāsa.
7 Dhramākūtam-Sundra Kāṇḍa.
8 Jātakasāra.
9 Viṣṇnutattvanirṇaya Vyākhyā.
10 Sangīta Darpaṇa.

The Government in their G.O. Ms. No. 1820, Education, dated 4th August 1952, sanctioned a grant of Rs. 9,000 to the Dr. V. Swaminatha Aiyar's Tamil Library, Adyar, towards the publication of the following manuscripts as part of the "Madras Government Oriental Series" :—

1 Tiruvācaka Vyākhyānam.
2 Mahābhārata Cūḍāmani.

The Government in G. O. Ms. No. 909, Education, dated 23rd May 1957, have sanctioned the publication of the Manuscript Kappal Kōvai by Dr. V. Swaminatha Aiyar Library, Adyar.

It is hoped that the publication of most of the importanat manuscripts will be completed within the next few years.

Some of the manuscripts taken up for publication are represented by single copies in the library and consequently the mistakes that are found in them could not be corrected by comparing them with other copies. The editors have, however, tried their best to suggest correct readings. The wrong readings are given in round brackets. When different readings are found, they have been given in the foot-notes except in the case of a few books in which the correct readings have been given in the foot-note or incorporated in the text itself.

The Government of Madras have to be thanked for financing the entire scheme of publication, although there is a drive for economy in all the departments. My thanks are due to the members of the Expert Committee, who spared no pains in selecting the manuscripts for publication, I have also to thank the various editors, who are experts in their own field, for readily consenting to edit the manuscripts and see them through the press. The various Presses that have co-operated in printing the manuscripts in the best manner possible also deserve my thanks for the patience exhibited by them in carrying out the corrections made in the proofs.

The present work Vetāḷapañca Vimśati is based on a palm-leaf Manuscript D. No. 324 available in the Government Oriental Manuscripts Library, Madras. Though the press copy of the work was

entrusted to the learned editor, Kumari M. N. Sreedevi, Professor of Malayalam, Presidency College, Madras, during the year 1954-55, the printing was delayed on account of various causes and it was possible to complete it only just now. Though the editor was requested to prepare the introductions both in English and Malayalam, they have not been received for inclusion in this edition. She has now been transferred to the Kerala State. Hence it has become necessary to issue the publication without the introduction of the editor. I have however added a brief summary of some of the stories of the work in Malayalam and English for the benefit of the readers. It is hoped that the book will be received well by the public.

GOVERNMENT ORIENTAL MANUSCRIPTS LIBRARY,
MADRAS, 7TH SEPTEMBER 1957.

T. CHANDRASEKHARAN,
*Curator.*

## SUMMARY OF THE TEXT.

There was a king called Vikramaditya. A hermit used to presen him with a fruit annually, which he handed over to his servant. By chance, the king knew that each fruit contained a jewel. When the king, desirous of giving a reward, asked the hermit politely, what help he could render him, the hermit instructed him to go to the cemetery and bring down from a tree a corpse which was hanging on it. Though the king was afraid and struck with wonder at the news that a ghoul Vetala had taken abode in the corpse, he persisted to perform the accepted duty. When the king brings the corpse, Vetala tells a story ending in a question which the king is forced to answer. When the correct answer is given, the corpse falls off and reaches its original place. After experiencing this difficulty several times, the king stood there silent and worried. Vetala, feeling pity on him, revealed to him that the cruel hermit was planning to kill him. The king took notice of this and became careful. In the end, when the ceremonies are over, the hermit orders the king to prostrate before him. As per the advice of Vetala, the king says that he will do so if he is shown how to perform the prostration. When the hermit does so, his head is cut off. All the stories of Vetala are to be very carefully answered. The king is silenced by the question as to what will be the relationship of the children born to a father who marries the daughter of a woman whom his son espouses. Such a critical situation arose from rash vows. When a king and his son see foot-prints of two women, they vow that the father would marry the woman with big foot-prints and the son the other one with small foot-prints. When followed and seen the women, they realized that the woman with small foot-prints was the mother and the more beautiful one.

In the same way, another story ends with the question as to who among the three lovers, will be eligible to accept as wife the woman who was saved from a demon by their united effort. The first skillfully found out the place where she was hidden, the second by magic made a cart to seek for her and the third bravely killed the demon. Here, the king said that the man who killed the demon deserved to be the husband. Another story ends in the question as to who is the nobler; the husband-to-be who allowed his wife to see a man at night on the date of their marriage, the robber, who, knowing her mission left her on the way unhurt, or the lover who, realizing the noble deed of the husband returned her unharmed.

A youth vows to give his head to Bhattarika, if he wins a beautiful maid as wife, and he pays his debt. His friend, being afraid of suspicion of murder follows suit. Seeing the headless bodies of the husband and his friend, the wife becomes sorrowful. Pleased with her, the Goddess appeared and ordered her to bring the heads. Restoring the heads to the bodies, the Goddess gave them life. But the heads were exchanged. The husband's head on the friend's body and vice versa. In this critical situation, when Vetala asks who will be the husband, the king answers that as the head is important the person with the true head will be the husband. Vetala asks the king which hand out of the three, raised at the time of offering, is fit to accept the offering made by one who was, the son of a thief, brought up by a Brahman and adopted by a king. The three hands belonged to the spirits of the above three persons who were already dead. In these stories, the main figure is Durga, who is pleased with mantras and tantras. But there is one distinctly Buddhist story. A king wants a human sacrifice for his personal benefit. His parents and the Brahmin priest compel him to fulfil that desire. But, knowing the mortality of the world and seeing men's reckless behaviour, the sacrificial child laughs even at the time of swordfall. The *Balibhokta*, viz., the king, understanding the meaning of the child's laughter spares his life and disappears. This book contains teventy-five such stories.

# കഥാസംഗ്രഹം

പണ്ടു് വിക്രമാദിത്യൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്നു് ഒരു സന്ന്യാസി വർഷംതോറും ഒരു ഫലം കാഴ്ചവെയ്ക്കാറുണ്ടു്. രാജാവതു് സേവകനെ ഏല്പിക്കുകയും പതിവാണു്. ഒരിയ്ക്കൽ ആ ഫലങ്ങളിലെല്ലാം രത്നങ്ങളുണ്ടെന്നു രാജാവറിഞ്ഞു. പ്രത്യുപകാരേച്ഛുവായ രാജാവു് സന്ന്യാസിയോടു് ബഹുമാനപുരസ്സരം തന്നാൽ എന്തൊരു സഹായമാണു് ആവശ്യമുള്ളതെന്നപേക്ഷിച്ചു. അതനുസരിച്ചു, സന്ന്യാസി ഇപ്രകാരം പറഞ്ഞു. ശ്മശാനത്തിൽപോയി അവിടെയുള്ള ഒരു മരത്തിൽ തൂങ്ങിക്കിടക്കുന്ന ശവശരീരത്തെ തനിക്കു കൊണ്ടുതരേണമെന്നറിയിച്ചു. രാജാവതു സമ്മതിക്കുകയും ചെയ്തു. എന്നാൽ ആ ശവശരീരത്തിൽ ഒരു പിശാചായ വേതാളത്തിന്റെ ആവേശമുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്നു് ഭയവും അത്ഭുതവുമുണ്ടായി. എങ്കിലും കയ്യേററ കാര്യം നിറവേററുവാൻതന്നെ ആ ധീരോദാത്തൻ തീർച്ചയാക്കി. നിശ്ചയമനുസരിച്ചു് അദ്ദേഹം ശവശരീരം കൊണ്ടുവരുമ്പോൾ അതിൽ ആവിഷ്ടനായ വേതാളം ഒരു കഥ പറയുകയും കഥാവസാനം ഒരു ചോദ്യരൂപത്തിൽ അവസാനിപ്പിച്ചു് ഉത്തരം പറയുവാൻ തന്നെ നിർബ്ബന്ധിതനാക്കുകയും ശരിയായ ഉത്തരം പറഞ്ഞ ഉടനെ ആ മൃതശരീരം താഴെ വീണു് പൂർവ്വസ്ഥാനത്തെത്തിച്ചേരുകയുംചെയ്യും. ഇപ്രകാരം പലകുറി രാജാവു് കഷ്ടപ്പാടനുഭവിച്ചു് ചിന്താകുലനായി അവിടെനിന്നു. രാജാവിന്റെ നിലകണ്ടു് അദ്ദേഹത്തിൽ കരുണതോന്നിയ വേതാളം, ആ ദുഷ്ടസന്ന്യാസി അദ്ദേഹത്തെ കൊല്ലുവാൻ വേണ്ടിയാണു് ഇത്തരം പ്രവർത്തിപ്പിക്കുന്നതെന്നു രാജാവിന്നറിവു കൊടുത്തു. രാജാവും അതു കരുതിത്തന്നെയിരിക്കുകയുംചെയ്തു. ഒടുവിൽ സന്ന്യാസി, കർമ്മാവസാനത്തിൽ രാജാവോടു നമസ്കരിക്കുവാൻ കല്പിച്ചപ്പോൾ, വേതാളത്തിന്റെ ഉപദേശാനുസാരം അദ്ദേഹം നമസ്കാരസമ്പ്രദായം കാണിച്ചുതന്നാൽ അപ്രകാരം ചെയ്യാമെന്നു് പറയുകയും അതനുസരിച്ചു് സന്ന്യാസി കാണിച്ചു കൊടുക്കുകയും, അപ്പോൾ രാജാവു് അദ്ദേഹത്തിന്റെ തല വെട്ടിക്കളയുകയും ചെയ്തു. വേതാളം പറയുന്ന കഥകളെല്ലാം വളരെ ആലോചിച്ചുത്തരം പറയേണ്ടവയാണു്. മകൻ വിവാഹം ചെയ്ത സ്ത്രീയുടെ മകളെ അച്ഛൻ വിവാഹം ചെയ്താൽ അതിലുണ്ടാകുന്ന സന്തതികൾക്ക തമ്മിലുണ്ടാകുന്ന വ്യാവഹാരികബന്ധം

എന്തായിരിക്കുമെന്ന ചോദ്യം രാജാവിനെ മൂകനാക്കി. വിവാഹത്തിൽ ഇത്തരത്തിലൊരു ദുർഘടം വന്നുചേർന്നതു് അവർ മുൻപിന്നാലോചിക്കാതെ ചെയ്തുപോയ പ്രതിജ്ഞകൊണ്ടു് മാത്രമാണു്. അച്ഛനും മകനും പോകുമ്പോൾ രണ്ടു സ്ത്രീകളുടെ കാലടികൾ കാണുകയും അതിൽ വലിയ കാലടിയുള്ളവളെ അച്ഛനും ചെറിയ കാലടിയുള്ളവളെ മകനും വിവാഹം ചെയ്യാമെന്നു പ്രതിജ്ഞ ചെയ്തുകൊണ്ടു അവർ ആ അടികളെ പിന്തുടൎന്നു അവരെ കണ്ടു. എന്നാൽ കണ്ടപ്പോൾ ചെറിയ അടിയുള്ളവളായിരുന്നു അമ്മ.

ഇതുപോലെ തന്നെ ഒരു രാക്ഷസനിൽനിന്നും മൂന്നു കാമുകന്മാർ ചേൎന്നു അവരുടെ സാമൎത്ഥ്യമുപയോഗിച്ചു് രക്ഷപ്പെടുത്തിയ ഒരുത്തിയെ ഭാൎയ്യയായി സ്വീകരിക്കുവാൻ ആരാണു് അൎഹനെന്ന ചോദ്യത്തിലവസാനിക്കുന്നതാണു് മറെറാരുകഥ. ഈ മൂവരിലൊന്നാമൻ തന്റെ സാമൎത്ഥ്യമുപയോഗിച്ചു് ഇവളെ സൂക്ഷിച്ചിരിക്കുന്ന സ്ഥലം കണ്ടുപിടിക്കുകയും, രണ്ടാമൻ ജാലവിദ്യകൊണ്ടു് അവളെ തേടിപ്പിടിക്കുവാൻ ഒരു വാഹനമുണ്ടാക്കുകയും, മൂന്നാമൻ രാക്ഷസനെ കൊലചെയ്കയുമാണുണ്ടായതു്. ഇവിടെ രാക്ഷസനെ കൊന്നവനാണു് ഭൎത്തൃപദത്തിന്നൎഹനെന്നു രാജാവു് പറഞ്ഞു. വിവാഹാനന്തരം വിവാഹ ദിവസം രാത്രിയിൽ ഭാൎയ്യയുടെ അപേക്ഷയനുസരിച്ചു് പരപുരുഷനെ കാണ്മാനനുവദിച്ച ഭൎത്താവോ; അവളുടെ ഉദ്ദേശം മനസ്സിലാക്കി മാൎഗ്ഗമദ്ധ്യത്തിൽ അവളെ ഉപദ്രവിക്കാതെ വിട്ടയച്ച കള്ളനോ, ഭൎത്താവിന്റെ ഉൽകൃഷ്ടമായ പ്രവൎത്തിയെ അറിഞ്ഞു് അവളെ ഒന്നും ചെയ്യാതെ വിട്ടയച്ച കാമുകനൊ ആരാണു് ഉത്തമനെന്നൊരു ചോദ്യരൂപമായ മറെറാരു കഥ. ഒരു യുവാവു് സുന്ദരിയായ ഒരു യുവതിയെ തനിക്കു ലഭിക്കുന്ന പക്ഷം തന്റെ തല കൊടുക്കാമെന്നു് ഭദ്രകാളിയോടു വാഗ്ദാനം ചെയ്കയും അതനുസരിച്ചു് പ്രവൎത്തിക്കുകയും ചെയ്യുന്നു. ആ യുവാവിന്റെ സ്നേഹിതൻ തലപോയ യുവാവിന്റെ ശരീരം കണ്ടു് കൊലക്കുററം തന്നിൽ വരുമെന്നു് ഭയന്നു് തലവെട്ടി മരിക്കുന്നു. തലയില്ലാതെ കിടക്കുന്ന ഭൎത്തൃശരീരത്തേയും അദ്ദേഹത്തിന്റെ സ്നേഹിതന്റെ ശരീരത്തേയും കണ്ടു ദുഃഖിതയായ അവളുടെ മുമ്പിൽ ദേവി പ്രസാദിച്ചു പ്രത്യക്ഷയായി തലകൾ എടുത്തുകൊണ്ടുവരുവാൻ കല്പിച്ചു.

ദേവി തലകൾ ശരീരങ്ങളോടിണക്കി രണ്ടുപേരേയും ജീവിപ്പിച്ചു. എന്നാൽ തലകൾമാററിയാണു് വെച്ചതു്. ഭൎത്തൃശിരസ്സ് സ്നേഹിത ശരീരത്തിലും സ്നേഹിതശിരസ്സ് ഭൎത്തൃ ശരീരത്തിലുമായിപ്പോയി. ഈ ദുർഘടസ്ഥിതിയിൽ ഭൎത്താവാരാകുമെന്നു വേതാളം രാജാവിനോടു ചോദിച്ചപ്പോൾ ശിരസ്സ് പ്രധാനാവയവമായതിനാൽ ഭൎത്തൃശിരസ്സുള്ളവൻ ഭൎത്താവെന്നു പറഞ്ഞു. ചോരൻെറ പുത്രനായും ബ്രാഹ്മണനാൽ വളൎത്തപ്പെട്ടവനായും രാജാവിനാൽ ദത്തെടുക്കപ്പെട്ടവനുമായ ഒരുവൻ ശ്രാദ്ധകൎമ്മത്തിൽ പിണ്ഡദാനാവസരത്തിൽ മൃതരായ ആ തസ്കരാദികളുടെ മൂന്നു കൈകൾ പിണ്ഡസ്വീകരണത്തിന്നു പൊങ്ങി വരുന്നതുകണ്ടു. അവയിലേതാണു് സ്വീകാൎയ്യമെന്നു വേതാളം രാജാവിനോടു ചോദിച്ചു. ഈ കഥകളിൽ പ്രധാനയായ ദേവത മന്ത്രതന്ത്രാദിവശ്യയായ ദുൎഗ്ഗയാണു്. എങ്കിലും ഇവിടെ ബുദ്ധമതതത്വങ്ങളെ അനുസരിക്കുന്ന ഒരു കഥകൂടിയുണ്ടു്. ഒരു രാജാവു് തൻെറ സ്വാൎത്ഥസിദ്ധിക്കു് ഒരു നരബലി ചെയ്വാൻ ആഗ്രഹിച്ചു. തൻെറ മാതാപിതാക്കന്മാരും ഗുരുവും ആ ആഗ്രഹം നിറവേററുവാൻ അദ്ദേഹത്തെ നിർബ്ബന്ധിക്കുകയും ചെയ്തു. എന്നാൽ ബലികൊടുക്കുവാനുള്ള ശിശു ലോകത്തിൻെറ അസ്ഥിരതയെ മനസ്സിലാക്കാതെ ബുദ്ധിശൂന്യമായ അവരുടെ പ്രവൃത്തികണ്ടു് ഖഡ്ഗപ്രഹാരസമയത്തും ചിരിച്ചു. ബലിഭോക്താവു് ശിശുവിൻെറ ചിരിയുടെ അൎത്ഥം മനസ്സിലാക്കി അവനെ മരണത്തിൽനിന്നു രക്ഷിച്ചു് അവിടെനിന്നു മറഞ്ഞു. ഇത്തരത്തിലുള്ള ഇരുപത്തഞ്ചു കഥകളാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

---

# വിഷയാനുക്രമണിക

## വിഷയവിവരം


| | | പുറം |
|---|---|---|
| 1 | ഒന്നാമത്തെ കഥ | 1 |
| 2 | രണ്ടാമത്തെ കഥ | 33 |
| 3 | മൂന്നാമത്തെ കഥ | 40 |
| 4 | നാലാമത്തെ കഥ | 60 |
| 5 | അഞ്ചാമത്തെ കഥ | 72 |
| 6 | ആറാമത്തെ കഥ | 77 |
| 7 | ഏഴാമത്തെ കഥ | 82 |
| 8 | എട്ടാമത്തെ കഥ | 88 |
| 9 | ഒമ്പതാമത്തെ കഥ | 98 |
| 10 | പത്താമത്തെ കഥ | 102 |
| 11 | പതിനൊന്നാമത്തെ കഥ | 114 |
| 12 | പന്ത്രണ്ടാമത്തെ കഥ | 119 |
| 13 | പതിമ്മൂന്നാമത്തെ കഥ | 134 |
| 14 | പതിന്നാലാമത്തെ കഥ | 139 |
| 15 | പതിനഞ്ചാമത്തെ കഥ | 147 |
| 16 | പതിനാറാമത്തെ കഥ | 158 |
| 17 | പതിനേഴാമത്തെ കഥ | 186 |
| 18 | പതിനെട്ടാമത്തെ കഥ | 194 |
| 19 | പത്തൊമ്പതാമത്തെ കഥ | 203 |
| 20 | ഇരുപതാമത്തെ കഥ | 214 |
| 21 | ഇരുപത്തൊന്നാമത്തെ കഥ | 223 |
| 22 | ഇരുപത്തിരണ്ടാമത്തെ കഥ | 229 |
| 23 | ഇരുപത്തിമൂന്നാമത്തെ കഥ | 233 |
| 24 | ഇരുപത്തിനാലാമത്തെ കഥ | 237 |
| 25 | ഇരുപത്തഞ്ചാമത്തെ കഥ | 252 |

UNIVERSITY LIBRARY
26 APR 1967
MADRAS

# വേതാളപഞ്ചവിംശതി

ഗണനാതീതഗുണൻ ഗണനായകൻ മമ
[1]ഗണനാർത്ഥമായ് കൃപാം തുണ നൽകേണം സദാ.
കനകനിറം പൂണ്ടോരനഘ മഹാലക്ഷ്മീ
ഘനകാരുണ്യശീലാ വിനകൾ തീർത്തീടേണം.
കമലാസനമുഖകമലാലയേ ദേവി!
വിമലതനോ! [2]മമ, ശമലം നീക്കീടേണം.
നന്ദനന്ദനനേയും വന്ദനം ചെയ്യീടുന്നേൻ
മന്ദനാകിയോരെനിക്കാനന്ദം നൽകീടേണം.
ഇന്ദിരക്കനാരതം മന്ദിരഭൂതൻ ജഗൽ-
സുന്ദരൻ ജനാർദ്ദനൻ മന്ദരാചലധരൻ
ഭൂസുരജനങ്ങളും വാസരംതോറും മമ
ധൂസരം മനസ്സിനെ ഭാസുരമാക്കീടേണം.
വിഷ്ണുപാദാനസക്തൻ കൃഷ്ണനാം ഗുരുവിന്റെ
[3]ധൃഷ്ണുവാം കൃപക്കെന്നിൽ തൃഷ്ണ ചെറ്റുണ്ടാകേണം.
[4]പരവാൻ ഗുണേന ഞാനറിവാൻ ജനങ്ങൾക്ക
ഗുരുവാം ബൃഹൽകഥ പറവാൻ തുനിയുന്നേൻ.
അതിപാമരനഹം [5]മതിപോലിട്ടിക്കോമ്പി-
ക്ഷിതിപാജ്ഞയാ പുനരിതുഭാഷയാക്കുവൻ
തരണിനിയോഗത്താൽ അരുണൻപോലും തമോ-
ഹരണം ചെയ്യുന്നീലേ കിരണമില്ലായ്കിലും?
വഴിയെന്നിയെ ചില മൊഴിയെന്നിലുണ്ടാകിൽ
[6]അഴിയും ജനം കേട്ടാൽ പിഴയും സഹിച്ചീടും.

---

1 'ഭണനം ചെയ്‌വാനായി' എന്നു പാഠാന്തരം (മ. പ്ര.).—'പറയുവാൻ' എന്നർത്ഥം.

2 ശമലം = പാപം; കുറ്റം.

3 'ധൃഷ്ണുവാം' = ധൈര്യമുള്ള. 'ധൃഷ്ണയാം' എന്ന പാഠം (ക. പ്ര.) ശരിയല്ല.

4 'പരവാൻ ഗുണേ ഞാനിന്നറിവാൻ' എന്നു പാഠാന്തരം (മ. പ്ര.)—പരവാൻ = പരാധീനൻ.

5

6 അഴിഞ്ഞു = മനസ്സുരുകി എന്നു പഴയ പ്രയോഗമുണ്ടല്ലോ.

# ഒന്നാമത്തെ കഥ

ഭുവനാലങ്കാരമായവനീതലേ ലക്ഷ്മീ-
ഭവനം പ്രതിഷ്ഠാനനഗരം മനോരമം.
അതിലുള്ളതിശയമതിമാത്രകം ചൊൽവാൻ
മതിയായ് വരാ മതി, മതിമാന്മാർക്കു പോലും.
മതികൌശലമതിലതിസഞ്ചിതം വിധി-
ക്കിതി തോന്നീടുമോരോ വിധികൌശലം കണ്ടാൽ.
സുരനാഥനും പാരമരിമപ്പെട്ടുമോരോ
വരമന്ദിരങ്ങളിൻ പുരുമഞ്ജിമ കണ്ടാൽ.
[1]അവലാപമല്ലേതുമബലാലങ്കാരശ്രീ
ശബലായിതമോരോ [2]രമലമന്ദിരൌഘം.
കനകനിറമഞ്ഞും തനുകാന്തിയും പൂണ്ടു
[3]കുനുകാർചില്ലിമാരും ധനികപ്പരിഷയും
ധ്വനികളിടയിടെ മുനികളോതും വേദ-
ദ്ധ്വനികൾകൊണ്ടു പുരാദ്ധ്വനികണ്ണും തഴച്ചും
പവനജവം [4]പൂണ്ടും ജവനാശ്വേഷു രാജ-
സ്തവനംചെയ്യുന്നോരു ഭുവനവീരന്മാരും
അമരനാരിമാരോടമരിന്നൊരുമ പൂ-
ണ്ടമരാവതിംപ്രതി ഭ്രമരാഭകേശിമാർ
തരസാ ഗമിക്കയെന്നൊരു സംശയം തോന്നും
വരസൌധാഗ്രവാസാദരസംഭ്രമമോർത്താൽ-
താർബാണാമയംപൂണ്ട [5]ഗീർവ്വാണന്മാർക്കു [6]പുരാ-
പാർവ്വണശശിമുഖി ഗീർവ്വാണാംഗനമാരും
മഹദ്ധ്വം സൌധം മണിനിബദ്ധം വിമാനവും
[7]സ്വമദ്ധാ തിരിയാഞ്ഞിട്ടുബദ്ധം പിണയുന്നു.

---

1 അവലാപം = അപലാപം.

2 അംബലാമന്ദിരൌഘം = എന്നു പാഠാന്തരം (മ. പ്ര.).

3 വളഞ്ഞു.

4 പൂണ്ടും = പൂണ്ട.

5 ഗീർവാണിമാർക്ക് എന്നു പാഠം (ക. പ്ര.) ശരിയല്ല.

6 പുരാ എന്ന പാഠം ശരിയല്ല. (ക. പ്ര.).

7 സ്വബദ്ധ എന്ന പാഠം ശരിയല്ല. (ക. പ്ര.) അദ്ധാ = പരമാർത്ഥം.

രാത്രിയിൽ നക്ഷത്രൌഘപാത്രിയാം ദ്യോവുംമണി-
ഗാത്രിയായ്‌ വിളങ്ങിന ധാത്രിയും ഭേദമില്ല.
ഭവനതതികളിൽ പവനജവംകൊണ്ടു
[1]ധവനംചെയ്യപ്പെട്ടുമവനമ്രാഗ്രഭാഗം
മഹിതം ധ്വജപടം വിഹിതാവേശംദിവി
പ്രഹിതം തതോ ജവസഹിതം നഭസ്വതാ
സുരലോകാന്തർഗൃഹപരിലാളിതമതി-
ന്നരുലാസ്യക്രമത്തിൽ പുരുലാഘവം പാരം!
ഗണികാജനങ്ങളും മണികാഞ്ചികളണി-
ഞ്ഞണികാർക്കുഴലിൽ [2]പൂരണിയും ധരിച്ചുടൻ,
തരുണജനങ്ങളിൽ [3]കരണാവിവശതാ
കരണത്തോടും നാട്യാചരണം ചെയ്യുന്നതും,
ആപണങ്ങളിൽ [4]ക്രിയാനൈപുണങ്ങളും ജയ-
പ്രാപണങ്ങളും ഗുണാരോപണപ്രവാദവും;
ഹസ്തികാം മദോദകസ്വസ്തിധാരയാ നിജ-
മസ്തകങ്ങളിൽ പരിധ്വസ്തകുങ്കുമങ്ങളായ്‌,
ചത്വരതലങ്ങളിൽ സത്വരം ഘനാഘന-
[5]ജിത്വരങ്ങളാലതിചിത്തരമ്യങ്ങളോർത്താൽ
ഇപ്പുരിചതിലുള്ളോരത്ഭുതം പുകഴ്ത്തുകി-
ലല്പതചേരും ഹരിതല്പഭൂതാഹീന്ദ്രനും.
അപ്പുരംതന്നിൽ പരമത്ഭുതനികേതന-
നല്പനാനന്ദം വാണു വിക്രമാദിത്യൻ ഭൂപൻ.
ഭൂമിക്കുമനാരതം [6]പ്രേമക്കാതലിയുടൻ
ക്ഷേമിക്കും ശ്രീദേവിക്കും [7]കാമിക്കും നരവരൻ
യദ്യശോദർപ്പണത്തിൽ സദ്യ: ശോഭിക്കും പുന-
രുദ്യത്താരങ്ങളാകും ഹൃദ്യഹാരങ്ങളോടും
ഇന്ദുമാർത്താണ്ഡന്മാരാം സുന്ദരകുണ്ഡലം പൂ-

---

[1] ധൂവനം എന്നു (മ. പ്ര.) ധൂ = ചലനം. ധവം = ചലനം.

[2] പൂരണി = ഒരു ശിരോലങ്കാരം.

[3] 'കരണവിവശത' യെന്നായിരിക്കണം.

[4] 'ക്രിയ' എന്നായിരിക്കണം.

[5] ജിത്വരങ്ങളായതിചിത്തരമ്യങ്ങൾ എന്നായിരിക്കണം.

[6] പ്രേമക്കാതലായുടൻ എന്നായിരിക്കണം.

[7] കാമിക്കും വരനവൻ എന്നു (മ. പ്ര.) ഇതാണു നല്ലതു"

ണ്ടിന്ദുകാന്തിയാൽ ദ്ദ്യോവും മന്ദഹാസിനി സദാ
വാമാംഗിമനോഹരം പ്രേമഭാജനം നൃപം
കാമസുന്ദരമേനം കാണ്മതിന്നൊരുദിനം
ക്ഷാന്തിശീലനെന്നൊരു കാന്തിമാൻ യതിവരൻ
ശാന്തവേഷാഭിരാമൻ സ്വാന്തകാപട്യശാലി
സീതയെക്കാണ്മാൻ ലങ്കാനാഥനെന്നതുപോലെ
വീതശങ്കനായ് നരനാഥമന്ദിരം പുക്കാൻ.
മന്നവൻ തദാകൃതിനിഹ്നവമറിയാതെ
ചെന്നവൻ പാദഭുവി നിന്നു വന്ദനം ചെയ്തു.
ഭിക്ഷുവ്രതധരൻ ഉൾക്കരളലിഞ്ഞുടൻ
തൽക്കരം പിടിച്ചഹോ സൽക്കരിച്ചിരുത്തിനാൻ.
[1] വികചാംബുജേക്ഷണാസൂകുചോപമം മുനി
ശുകചഞ്ചുാഭമൊരു [2] ലികുചമേകീടിനാൻ.
തദനന്തരം നൃപവദനം സരോജശ്രീ
കദനം പശ്യൻ നിജ സദനമകം പുക്കു.
തൽപരം നൃപനോരോ ദുഷ്പരിഹാരമായ
തൽപുരകാര്യം പരിചിൽപരം ചെയ്തിരുന്നു.
പിറ്റന്നാളുഷഃകാലെ ചെറ്റു താമസംവിനാ
മുറ്റുമാശയാ യതിശ്രേഷ്ഠനും വന്നിടിനാൻ.
പലവും പ്രശംസചെയ്തുളവില്ലാത്ത മോഹാൽ
ഫലവും കൊടുത്താത്മസ്ഥലവും പ്രവേശിച്ചു.
ഇങ്ങിനെ ദിനംതോറും തിങ്ങിന മോദത്തോടും
തുംഗനാം യതിവരനങ്ങനേകം [3] വത്സരം
തിരിയാതെയല്ലേതുമുരിയാടാതെ നട-
[4]ന്നരിയനരവരം വിരിയെക്കണ്ടുപോന്നു,
പലനാൾ ചെന്നു കാലം ഖലനാമവൻ തന്റെ
ഛലനാത്മകപ്രതിഫലനമൊരു ഫലം
കരതാരിതിലെടുത്തരിതാപനനരു-
പരിതോഷവും പൂണ്ടു പരിതോ നോക്കുന്നേരം,

---

[1] വികചം = വികസിച്ചത്.

[2] ലികുചം = ലികുചം = അയിനി എന്നു അമരം. ഒരുതരം ചക്ക എന്നു ഗുണ്ടർട്ട്. ചെറുനാരങ്ങ എന്നു ടിപ്പണികാരൻ പറഞ്ഞുകാണുന്നു (മ. പ്ര.).

[3] വാത്സരം എന്നായിരിക്കുമോ ?

[4] അരിയരതനാപരം എന്നു പാഠാന്തരം (മ. പ്ര.).

കളിക്കത്തട്ടുതത്തോടും വളക്കും കപി പരി-
മളിക്കും ഫലമതു പൊളിച്ചു തിന്നീടിനാൻ.
അപ്പൊഴതതിശയമപ്ഫലാന്തരത്തിൽനി-
ന്നല്പമെന്നിയേ യതികല്പിതം രത്നജാലം
നിൎഗ്ഗമായ നേരം തദ്ഗതപ്രഭകളാൽ
സ്വൎഗ്ഗതാസ്ഥാനംപോലെ വൽഗുതൽപ്രദേശവും
കണ്ടു കൌതുകഭാരം പൂണ്ടു മന്നവൻ മുന്നം
കൊണ്ടുവന്നതിലെല്ലാമുണ്ടിതെന്നുറക്കയാൽ
തൽക്ഷണം ഭണ്ഡാകാരാദ്ധ്യക്ഷനെ വിളിച്ചുടൻ
"ഭക്ഷണാൎത്ഥമല്ലെടോ ഭിക്ഷുണാ ദത്തം ഫലം
വിലയില്ലാതെ രത്നവലയപൂൎണ്ണമിഹ,
[1]തുലയില്ലിതിനൊന്നും കലയേ ഞാനുമേവം.
ഒക്കവെ കൊണ്ടുവന്നു വെക്ക വൈകരുതെ," ന്നു
[2]മുഖ്യവൈതണ്ഡികന്മാർ നില്ക്കവെ ചൊല്ലുന്നേരം,
ഫലമൊക്കെയുമെടുത്തലമോൎത്തവൻ പുന-
രിളമാനണിമിഴികുലമോഹനനുമ്പിൽ
തരസാ വെച്ച നേരം സരസൻ നൃപൻ നിജ
കരസംപുടംകൊണ്ടു പുരുസംഭൃതം രത്നം
ഒക്കെയുമെടുത്തുടൻ തൽക്രയം തിരിയാഞ്ഞു
വിലയില്ലെന്നോൎത്തങ്ങു വെക്കയെന്നരുൾചെയ്തു
മന്നവൻ യതിവരധന്യതാം നിനച്ചക-
ണ്ടുന്നതസ്മയോദകം തന്നിലാണന്നിരുന്നു.
പിറെറന്നാളുഷ്ഷ; കാലേ തെറെറന്നു യതിവരൻ
മുററുന്ന മോഹംകൊണ്ടു മറെറാന്നുമറിയാതെ,
ചതിയാം ഫലം കൊടുത്തതിയായ് വളൎന്നോരു
കൊതിയാലുടൻ നരപതിയെ സല്ക്കരിച്ചു.
കുതുകഭാരം പുനരധികം പൂണ്ടവൻെറ
ചതികാണാതെ നൃപൻ യതിയോടോതീടിനാൻ:—
"ഉത്തമൻ ഭവാന്മതിയുക്തമാം വ്യവസിതം
ചിത്രമെത്രയുമതുമിത്രമാത്രമെന്നില്ല.

---

[1] തുല = സാമ്യം.

[2] വൈതണ്ഡികൻ = താൎക്കികൻ. വൈതനികന്മാർ എന്ന പാഠം (മ. പ്ര.) കുറച്ചുകൂടി നന്ന്.—ഉദ്യോഗസ്ഥന്മാർ എന്നൎത്ഥം.

[1] പൃഥ്വമൂല്യങ്ങളായി പൃഥ്വവിദ്യോതങ്ങളാ—
മതിവിസ്തരതരങ്ങൾക്കെതിരായൊരുകാൎയ്യം
എന്തഹോ നിരൂപിച്ചിട്ടന്തികേ ദിനംതോറും
[2] സന്തതംനടക്കുന്നു രാന്തതാകൃതെ ഭവാൻ ?
രാജമാനാൎത്ഥമായ രാജഭാഷിതംകേട്ടു
വ്യാജപൂൎവ്വകം യതിരാജനും ചൊല്ലീടിനാൻ
സൎവ്വാതജനങ്ങൾക്കും മൎയ്യാദാബലാൽപരി-
ചൎയ്യാദായകന്മാരായ് ധൈൎയ്യോദാരന്മാരുമായ്
പരന്മാൎക്കുപകൃതിപരന്മാരുമായ് [3] ഗുണ-
കരന്മാരായ നിങ്ങൾ ചിരമാൎഗ്ഗണംകൊണ്ടും,
സമ്മാനമൊഴിയല്ല കാണ്മാനെന്നിരിക്കിലും
ധൎമ്മനന്ദനതരമെങ്ങാനും ലഭിക്കുമോ ?
വിത്രസ്താരാതേ! പുനരത്ര ത്വം സാൎവ്വഭൌമൻ
മിത്രത്വം കൊതിച്ചു ഞാനത്ര ത്വാമാശ്രയിച്ചു.
എന്തുരചെയ്വതൊരു മന്ത്രസിദ്ധ്യൎത്ഥം ഞാനും
സന്തതം പ്രയാസം പൂണ്ടബന്ധനായനുദിനം
രാപ്പകലൊഴിയാതെ കാപ്പിതു ശ്മശാനേ ഞാൻ
ശുഷ്പ്കാരാതിതുല്യ! കേൾപ്പതിനുണ്ടു ബന്ധം
ഈവരും ചതുൎത്ഥ്യാമേവരുമറിയാതെ,
നീ വരികെടോ തത്ര പീവരയശോനിധേ!
വാളുമായദ്ധ്വരാത്രൌ നീളുമാധിയും വെടി
ഞ്ഞാളുമായുധങ്ങളും താളമേളവും വിനാ.
പിന്നെ ഞാൻ പറഞ്ഞീടാമെന്നുടെ കാൎയ്യമെല്ലാ-
മുന്നതപരാക്രമ! നിന്നനുവാദം വേണം
ഇത്തരം യതിവാക്യം ചിത്തരമ്യം കേട്ടട-
നത്തരം തഥേത്യേവം സത്വരം ചൊല്ലി നൃപൻ
ശ്രമണന്താനും മനോഭ്രമണം വെടിഞ്ഞപ-
ശ്രമനായ് നിജാലയേ ഗമനം ചെയ്തീടിനാൻ

---

[1] 'പൃഥിവി മൂല്യങ്ങൾ' എന്നു മ. പ്ര.

[2] 'ശാന്തമാകൃതേ ഭവാൻ സന്തതം നടപ്പതും' എന്നു മ. പ്ര. 'രാന്തരാകൃതേ' എന്ന ക പ്ര. കാണുന്നതിന്നു അൎത്ഥമില്ല. 'ശാന്തതാകൃതേ' എന്നായിരിക്കുമോ എന്തോ ?

[3] ഗുണാകരന്മാരെന്നു പാഠാന്തരം.

തുംഗനാം നരവരനങ്ങിനെ വസിക്കുന്നാ-
ളെങ്ങിനെയെന്നറിഞ്ഞീലങ്ങനുക്രമവശാൽ
ഉരത്തതമസ്സോടും കറുത്ത ചതുർദ്ദശി
നിരസ്താഖിലലോകാ തരത്തിൽ സമായാതാ
ആരുമൊന്നറിയാതെ ഭൂരിമോദേന നൃപൻ
ഘോരമാം വാളുമോങ്ങി സ്മേരനായ് നടകൊണ്ടു.
ഭൂമിയിലെഴും താരാസ്വാമിയെന്നതുപോലെ,
യാമിനീമദ്ധ്യേ ചിത്രം കാമിനീമനഃപ്രിയൻ,
സുന്ദരകീർത്തിയാകും ചന്ദ്രികാവലയത്തിൻ
മന്ദിരഭൂതൻ നൃപകുഞ്ജരനതുനേരം
ഇളകും വജ്രച്ഛായാ കളികൊണ്ടംബരാന്തം
[1]ചുളുകികരിച്ചതി പുളകഭാരത്തോടും
മണിഭൂഷണങ്ങൾതൻ ഗണശോഭയാലൊരു
മണിസാനുമാൻപോലെ ഗണികാജനാംഗജൻ,
പച്ചിലകലികയാ നിശ്ചലം മുടിപ്പൂവും
[2]പിച്ഛിലാഗരുകൃതാതുച്ഛലേപനത്തോടും,
നീലമംബരം ധരിച്ചോലുമാനന്ദപൂർണ്ണൻ
കാലകാലന്റെ പാദമൂലവും ധ്യാനിച്ചുള്ളിൽ,
പാരിടത്തിനു നാഥൻ നേരിടും വൈരികാലൻ
മാറിടത്തിങ്കൽ ദിവ്യഹാരമാല്യവും പൂണ്ടു,
തടിക്കും [3]തമിസ്രത്തിൽ നടക്കുന്നതുകണ്ടാൽ
ഒടുക്കമൊഴിഞ്ഞുഴൽപിടിക്കും ജനങ്ങൾക്കും.
തമസ്സുതന്നെ മഹായശസ്വിക്കതുനേരം,
വശത്തിൽ പുരോമഹാഗജത്തിന്നാഭ പൂണ്ടു
ചിത്രമെത്രമായും ഛത്രാഭം മൂർദ്ധാവിങ്കൽ
കസ്തൂരീക്ഷോദംപോലെ ഗാത്രത്തിലാക്രാന്തമായ്,
മൌലിയിൽ വിളങ്ങീടും മാലയിൽ പരിമളാൽ
ചാലവെ വരും ഭൃംഗമാലയും ശോഭിക്കുന്നു,
ധാത്രീശന്നനാരതം യാത്രാമംഗലാർത്ഥമായ്
ചാർത്തീടും ജയലക്ഷ്മി [4]സ്തോത്രവർണ്ണങ്ങൾപോലെ.

---

[1] ചുളുകീകരിച്ചു എന്നു മ. പ്ര. വ്യാപിപ്പിച്ചു എന്നർത്ഥം ടിപ്പണിയിൽ (?)

[2] പിച്ഛില = പശയുള്ള.

[3] തമിസ്രയിൽ എന്നു പാഠാന്തരം.

[4] സ്തോത്രങ്ങളെന്നപോലെ എന്നു പാഠാന്തരം.

പററലർകുലകാലൻ ചെററുദൂരം നടന്നി-
ട്ടററമില്ലാത മോഹം മുററുമാറാശു കണ്ടാൻ
ഘോരമാം ശ്മശാനവും പാരമാം ചിതാഗ്നിയും
ഭൂരിമോദം പൂണ്ടതിക്രൂരമാം ഭൂതൌഘവും.
അവധി വെടിഞ്ഞ ഭൂതേളാരുപധിപ്രധാനനായ്
ത്രിവിധേന്ദ്രിയംകൊണ്ടും വിവിധം മഹാപാപം
തരസാ ചെയ്കകൊണ്ടും നാരസാസനൻ വിധി
വിരസം ചമച്ചോരു നരസംഘാതകായം
എന്നിയെ സമാനമായൊന്നുമില്ലിതിനെന്നു
മന്നവൻ മനക്കാമ്പിലെന്നതുകൊണ്ടുതോന്നി.
മസ്തിഷ്കാലീഢമായോരസ്ഥികൂടവും പാപ-
ശുദ്ധിക്കർഗ്ഗളമായി വർദ്ധിക്കും രക്തൌഘവും,
അഴകെന്നിയെയുള്ള [1] പഴകുംകപാലത്തി-
ലിഴകും ചിലഭാഗത്തൊഴുകും മക്ഷികകളും,
വീരേന്ദ്രാട്ടഹാസമാം ഘോരഗർജ്ജിതത്തോടും,
ഭൂരിധൂമാന്ധകാരാകാരമായനാരതം,
നീളെ മേദുരിച്ചേറെക്കാളിമേവും ചിതാഗ്നി-
ക്കേളിമിന്നലും കണ്ടാൽ കാളമേഘത്തോടൊക്കും
ഭൈരവതരമായ ഫേരവാസമൂഹത്തി-
ന്നാരവവിജൃംഭിതം ദൂരവേ കേൾക്കുന്നേരം,
അന്തകൻ ത്രിലോകിതന്നന്തകാരണം ചൊല്ലും
[2] മന്ത്രകാണ്ഡാരവമെന്നന്തരം വിനാ തോന്നും.
ഭാരിതരക്തംകൊണ്ടു പൂരിതവൃകോദരം
മാരിതജനാകുലം പാരതിൽ ഭയംകരം
ഛിന്നശല്യോത്ഭൂതമാം ഖണ്ഡിതാരാവപൂർണ്ണം
മുണ്ഡഖണ്ഡാതിഭീമം [3] ശകുനിക്രൂരാലാപം
സഗ്രഹദുശ്ശാസന നിഗ്രഹസമാകുലം
ദുർഗ്രഹം കൌരവന്മാർ വിഗ്രഹമെന്നപോലെ,
ഭൂരിവഞ്ചകപരിപൂരിതം ദ്യൂതംപോലെ
നാരിമാനസംപോലെ ദാരുണമശോഭനം,

---

[1] വഴകും എന്നു മ. പ്ര. (അർത്ഥം ?)

[2] 'യന്ത്ര' എന്ന ക. പ്ര. പാഠം സ്വീകാര്യമാണെന്നു തോന്നുന്നില്ല.

[3] ഖണ്ഡിനീ' എന്നു ക. (പ്ര.) ?

അവിവേകംപോലവെ വിവിധാതങ്കാലയം
സവിധേ കണ്ടീടിനാൻ ഭുവി വാസവൻ നൃപൻ
അഴകിൽ പിഴുകിയ കഴുകിൻകൂട്ടങ്ങളും,
ഒഴുകും രുധിരത്തിൽ കഴുകും ശവങ്ങളും,
കുടർമാലയെക്കൊണ്ടു കൃതമാലയുംപൂണ്ടു
കടുമാനസം പിടിപെടുമാഭൂതങ്ങളും,
ജീർണ്ണാസ്ഥിഛിദ്രങ്ങളിൽ പൂർണ്ണനാം മാരുതന്റെ
കർണ്ണാതിപ്രിയങ്ങളായ് വർണ്ണിതഗീതങ്ങളും
അലംപുഞ്ചിരികൊണ്ടു കലമ്പും യോഗിനിമാർ
ചിലമ്പിന്നൊലി പാരം പുലമ്പുന്നതും ദിശി,
അവിധികൂടാതൊരു വിവിധദുഃഖങ്ങൾക്ക-
മവധാനത്തിൽ തീർത്ത സവിധനികേതനം
ഇടതൂർന്നിരിക്കുന്നോ[1]രിടയിൽ കൂടിയിരു-
ന്നടവിതലങ്ങളിൽ പടുതാണ്ഡവം ചെയ്യും
ഡാഗിനികൾക്കും പ്രേതാനീകിനികൾക്കുമതി
ശ്ലാഘനീയമായ് നീലമേഘനീകാശസ്ഥലം,
ഉൽക്കടപിശാചങ്ങൾ ഭടസ്വഭാവങ്ങൾ
മർക്കടങ്ങളെപ്പോലെ ദുർഘടം കുതിക്കയും,
ജ്വലിക്കും ചിതാഗ്നിയിൽ ചലിക്കും ജ്വാലാമാലാ-
വലികൾപ്പെട്ടു കത്തിജ്വലിക്കും ദ്രുമങ്ങളും
പാർക്കുന്ന ദേശംതോറുമാർക്കുന്ന[2] കുറുക്കന്മാരും
ഓർക്കുമ്പോൾ മനസ്സിന്നും ദീർഘം നൽകിടും ഭയം
കമ്പത്തെക്കൈവെടിഞ്ഞു കുംഭത്തോടുപമിച്ചി-
ട്ടിമ്പത്തെച്ചേർക്കും കുചസമ്പത്തോടൊരുമിച്ചു,
വിപുലശ്രോണിഭാരം വിഫലായാസം ധരി-
[3]ച്ചുബലാജനപൂർണ്ണം ചപലനയനമാർ
നഗ്നവേഷവും പൂണ്ടു ഭഗ്നമദ്ധ്യമാർ ചില
രഗ്നികല്പമാർ ഭൂതപത്നിമാർ കളിപ്പതും
നായ്ക്കളുമിടയിടെ പേയ്ക്കളുമവറ്റിന്റെ
പോക്കളരിയും കടുവാക്കളും നിരന്തരം

---

[1] ഇടരിൽ എന്നു മ. പ്ര.

[2] കുറുക്കന്മാർ എന്ന അർത്ഥത്തിലായിരിക്കുമോ ?

[3] ഉപലാളനാപൂർവ്വം എന്നു മ. പ്ര. ഇതാണ് സ്വീകാര്യം.

പാതാളനിവാസിയാം വേതാളപ്പരിഷയും
കാതോളം നീണ്ട മിഴിമാർ തോളിൽ ബാലന്മാരും
ഡമരുഗണങ്ങളിൽ [1] നിമിരുന്നിനാദവും
സമരരസംപൂണ്ടോരമരാരിവ്രാതവും
ക്രീഡിക്കും ചണ്ഡീശ്വരീകോടികളും രാത്രിഞ്ചര-
ധാടികളമിടയിടെ പേടിക്കും ഫേരുക്കളും
[2] താമസങ്ങൾക്കും മഹാതാമസമപ്രദേശം
ഭീമസംവർത്തകാഭം രോമസംപ്രഹർഷണം
ഭീഷണങ്ങൾക്കും മഹാഭീഷണം പിനാകിനീ-
തോഷണം ഹാഹാരവഘോഷണമത്യുൽക്കടം,
തണ്ടാരാശുഗസമൻ കണ്ടാലൻപ് ഭൂമിപാലൻ
കണ്ടാശു പിതൃവനം കൊണ്ടാടും ദശാന്തരേ,
കാന്തിശാലിക്കും വടോപാന്തദേശത്തു കണ്ടാൻ
ക്ഷാന്തിശീലനെ പരിഭ്രാന്തിശീലനം വിനാ,
കനത്ത ഗുണനിധി [3] മനസ്താപാപേതനായ്
മനസ്സാരം വെടിഞ്ഞു നമസ്കാരവും ചെയ്തു.
"ഞാനിതാ വന്നീടുന്നേൻ, ജ്ഞാനവാരാന്നിധേ! നീ
നൂനമിച്ഛിച്ചകാര്യം ഹീനസംശയം ചൊൽക."
ക്ഷോണീവല്ലഭൻ തന്റെ വാണീവൈഭവാൽ പുകൾ
പൂണ്ടീടും സുധാബ്ധിയിലാണീടും യതീശ്വരൻ
ചൊല്ലിനാനല്ലോ "തവ ചൊല്ലേറും ഗുണത്തിനു
തുല്യമായ് ലോകങ്ങളിൽ ചൊല്ലുവാനൊന്നുമില്ല.
നിന്നുടെ ധൈര്യമോർത്താലെന്നുടെ കുതൂഹല-
നന്നുടെ വിജൃംഭണേ മന്നിടമേതും പോരാ.
ഇക്ഷണന്നീയുമിനി ദക്ഷിണദിക്കു നേരെ
വീക്ഷണം ചെയ്തു പോക കാൽക്ഷണം വൈകിടാതെ.
ഒരു നാഴിക ദൂരം കരുണാനിധേ! പോയാൽ
നരനായക! കാണാം തരുനായകമേകം
അതിലുണ്ടൊരു പുമാനതിലംബനവും ചെയ്-
തതിലംഘിതാചാരനതുലപരാക്രമൻ

---

[1] നിമിരും = ഉയരും. ഗണങ്ങളിൻ തിമിരും എന്നു മം. പ്ര.

[2] താമസങ്ങൾ = ഇരുട്ടത്തു സഞ്ചരിക്കുന്ന ജന്തുക്കൾ (മൂങ്ങ മുതലായവ).

[3] മനസ്സാരോപേതനായ് മനസ്താപം വെടിഞ്ഞു എന്ന പാഠം (മം. പ്ര.) സ്വീകാര്യമാണു്.

പെരികെ[1] പ്രഗത്ഭിച്ചു[2] ത്തരകാർമ്മുകമേനം
വിരിയെക്കൊണ്ടുവന്നെന്നരികെ വെച്ചീടേണം
എന്നിവ യതി വരൻ ചൊന്നവാറെല്ലാം കേട്ടു
മന്നവനപഗതനിഹ്നവം നടകൊണ്ടു.
തമസ്സിൽ കടന്നുടൻ യശസ്സിൻ നികേതനം
പ്രശസ്യപ്രതാപത്തിൻ സമസ്യാകാരൻ നൃപൻ
വിരഞ്ഞ യതിവരൻ പറഞ്ഞ മഹീരുഹം
തിരഞ്ഞു് തിരഞ്ഞാരാഞ്ഞറിഞ്ഞു് ചെല്ലുംവിധൌ,
പണ്ടുതാനൊരേടവും കണ്ടതില്ലെന്നപോലെ
കണ്ടിതു മഹീരുഹം കണ്ടകസമാവൃതം.
ദുർഗ്ഗതനെന്നപോലെ[3] ദുർഗ്ഗതം വിച്ഛായമായ്
സ്വർഗ്ഗതമത്രെ ശാഖാവർഗ്ഗത്തിന്നുന്നതത്വം
പൈശാചാകാരംപോലെ[4] വൈശസകരം പര-
മാശാന്തഖഗങ്ങൾക്കും നൈശാവാസാനുകൂലം.
കൊമ്പുകൾ വിശാലതാവമ്പുകൊണ്ടരണ്യവും
തൻപദഭുവി വന്നു കുമ്പിടുമെന്നു തോന്നും.
ഇങ്ങിനെയുള്ള മഹാതുംഗശിംശപാന്തികെ
മംഗലാകാരൻ നൃപനിങ്ങനെ ചെന്നുനിന്നു,
മേല്പോട്ടു മതിൻചുററും കീഴ്പ്പോട്ടും ചുഴലവും
വായ്പ്പററ ശാഖാതതികൾപ്പെട്ടു നോക്കുന്നേരം
ഒരു ശാഖാഗ്രന്തന്നിൽ നരശാർദ്ദൂലൻ കണ്ടാൻ
പരിശുഷ്കനായോരു പുരുഷൻ തൂങ്ങുന്നതും.
രണ്ടു പാദങ്ങളേയും കൊണ്ടു കൊമ്പിന്മേൽ കെട്ടി-
ക്കൊണ്ടുനായ് തലകീഴായ് രണ്ടു കൈകളും നീട്ടി.
പൊയ്യല്ല മുന്നം പുണ്യം ചെയ്യാത ജനങ്ങൾക്കു
പയ്യവെ വരും ഫലം പര്യവസാനമേവം
എന്നു തോന്നിക്കുംവണ്ണം[5] ഭിന്നവക്ത്രനായ്[6] വക്ഷ-
മഗ്നകുക്ഷിയായ് മഹാഭഗ്നനായലവത്തും.

---

[1] പ്രലംബിച്ചു എന്നു മ. പ്ര.

[2] ഉത്തരകാർമ്മുകമേനം എന്നു മ. പ്ര.

[3] നിർഗ്ഗതം എന്നു മ. പ്ര.

[4] വൈശസാകാരം എന്നു മ. പ്ര.

[5] ഭഗ്നവക്ത്രൻ എന്നു മ. പ്ര.

[6] വക്ഷമഗ്ന എന്ന പാഠം (മ. പ്ര.) കുറച്ചു ഭേദമാണു്.

ഇത്തരം കണ്ടു നൃപൻ ചിത്തരംഗത്തിലോർത്തു
സത്വരതരം പരിചത്തരുമുകളേറി
കരത്തിൽ ഖഡ്ഗം പൂണ്ടു കഴുത്തിൽ കയറിട്ടു
വിഴുത്തീടിനാനധഃസ്ഥലത്തിലനാമയം.
നിലത്തു വീണനേരം ഛലത്തിന്നുമഹിമയാ
ബലത്തോടവൻ ഹാഹാരവത്തോടലറിനാൻ.
അതു കേട്ടവനീശനധികം കൃപയോടും
[1] കുതുകാവിഷ്ടനായിട്ടതിൽ നിന്നിറങ്ങിനാൻ
അരികൾക്കെരിപൊരി പെരികെക്കരുതീടും
നരകാരാതിപ്രിയനരികെ ചെന്നഞ്ജസാ
അവനെ നോക്കുന്നേരം ശവമെന്നതുപോലെ
വിവശാംഗനായ്ക്കണ്ടു നൃപനും കേണീടിനാൻ.
“കഷ്ടമെത്രയും പരിപുഷ്ടമെൻ [2] സാഹസത്വം
ധൃഷ്ടനോ യതിവരൻ ശിഷ്ടനോ തോന്നീലേതും.
സാധുവാമിവൻ പ്രാണബാധയെ ചെയ്‌വാനൊരു
ഹേതുഭൂതനായ് ഞാനും; ധാതൃകല്പിതം കഷ്ടം!
ഇത്തരം നൃപനോരോന്നത്തരോത്തരമോർത്തു
[3] ധിക്കരാ.. കേഴുന്നേരം സത്വരം വേതാളവും
മന്നിടം നടുങ്ങുമാറൊന്നുടനട്ടഹാസം
തന്നുടെ ബലോഭയം തോന്നീടുമാറു ചെയ്തു.
ഭൂതലം തന്നിലുള്ള ഭൂതലക്ഷവും പരാ-
ഭൂതിലാഞ്ഛിതം തദാ ഭൂതസംപ്ലവഭ്രമാൽ
പിന്നെത്താനദൃശ്യനായ് കണ്ണെത്താതൊരുകൊമ്പിൽ
ഛിന്നത്വം വെടിഞ്ഞുടൻ മുന്നത്തെപ്പോലെതന്നെ
തൂങ്ങിനിന്നതുകണ്ടു വാങ്ങിനിന്നവനീശ-
നോങ്ങി നന്നായ് കൃപാണം പാങ്ങിതിന്നെന്തെന്നോർത്തു
മതിമാനതുന്നേരമതിമാനുഷൻ നൃപൻ
മതിമാർഗ്ഗേണ നടന്നതിമാത്രം തിരഞ്ഞു,
അറിഞ്ഞു വേതാളമെ[4]ന്നുറഞ്ഞു ധൈര്യത്തോടും

---

1 ‘കുതുകാഭിഷ്ടൻ’ എന്ന ക. പ്ര. പാഠം ശരിയാണെന്നു തോന്നുന്നില്ല.

2 സാഹസിക്യം എന്ന പാഠം (മ. പ്ര.) നന്നു്.

3 ധിക്കരായ് എന്ന പാഠത്തിന്നു (ക. പ്ര.) അർത്ഥം കാണുന്നില്ല.

4 ഉറഞ്ഞു എന്ന മ. പ്ര. ഉറച്ചു എന്നായിരിക്കുമോ? അല്ല വിറച്ചു എന്ന അർത്ഥത്തിലോ?

വിരഞ്ഞു് ശാഖാഗ്രവും തിരിഞ്ഞു് കരയേറി
മടിച്ചീലേതും ചെന്നു പിടിച്ചിട്ടവനെത്തൻ
തടിച്ച തോളിൽവെച്ചു നടിച്ചങ്ങിറങ്ങിനാൻ.
നടക്കുന്നതുനേരം മിടുക്കനിവനെന്നു
പൊട്ടുക്കെന്നുരക്കയാലൊട്ടുക്കം വേതാളവും
വിമാലാശയന്തൻെറ ചുമലീലിരുന്നുടൻ.
അമലനവൻ പാരം തുമലഹർഷം പൂണ്ടു,
വിളിച്ചു രാജാവിനെക്കളിച്ചു ചിരിച്ചുടൻ
പുളച്ച മോദം തന്നിൽ തളച്ചു ചൊല്ലീടിനാൻ
വഴിയുമെളുതായിക്കഴിയും പരിചു ഞാൻ
പിഴയാകിലുമെങ്ങുമഴിയും കഥചൊല്ലാം.
മന്നിതിൽ വാരാണസിയെന്നതി പ്രസിദ്ധമായ്
പന്നഗവിഭൂഷണാനന്നതപ്രേമാസ്പദം
ഉണ്ടൊരു രാജധാനി പണ്ടതിൽ പ്രഖ്യാതനാ-
യുണ്ടായി നൃപനേകൻ കണ്ടകവിദ്ധ്വംസനൻ.
പ്രകടഗുണനവൻ[1] നികടീഭൂതമൊരു
കടകാന്തൻ പ്രതാപമകുടനെന്നു നാമം.
തൽക്കിരീടത്തിൽ മേവും മുഖ്യരത്നാഭയാലെ
പുഷ്കരേ സദാ കാണാം പുഷ്കലം സന്ധ്യാരാഗം.
സുന്ദരീ സോമപ്രഭയെന്നൊരു ദയിതയു-
മിന്ദിരാ സമാനയായന്നരപാലനുണ്ടായ്.
ചഞ്ചലാക്ഷിയെക്കണ്ടാൽ പഞ്ചബാണൻെറ ജന-
വഞ്ചനശക്തിയെന്നു ചഞ്ചലം വിനാ തോന്നും
വിനയോൽകൃഷ്ടൻ വജ്രമുകുടനെന്നു പേരായ്
സുനയനവനൊരു തനയനുണ്ടായ്വന്നു.
കാമദേവനുമവൻ കോമളാംഗത്തെ കണ്ടാൽ
വാമദേവൻെറ നേത്രോ[2]ഡ്ഡാമരത്തെപ്പുകഴ്ത്തും.
വിഖ്യാതൻ ബുദ്ധിശരീരാഖ്യനായവനൊരു
മുഖ്യനാം മന്ത്രിപുത്രൻ സഖ്യവുമാചരിച്ചു.
ക്രീഡയ്ക്കും വിശ്വാസത്തിൽ ധാടിക്കുമനാരതം

---

[1] നികടീഭൂതമൊരു കടകാന്തൻ—(അർത്ഥം ?).

[2] ഉഡ്ഡാമരം = ഭയങ്കരത്വം.

ക്രോഡിക്കും ഘൃണങ്ങൾക്കും മോടിക്കും പാത്രമവൻ
ഒരിക്കലാഖേടത്തിൽ ഭരിക്കും കുതൂഹലാൽ
തെരിക്കെന്നിരുവരു മൊരുക്കിപ്പുറപ്പെട്ടു,
കനത്തവില്ലുമായി വനത്തിലകംപുക്കു,
മനസ്താപാപേതം വാഹനത്തിലാസ്ഥാംവിനാ
നടന്നു നടന്നുടൻ തുടർന്നു മൃഗങ്ങളെ
കടന്നു കടന്നെയ്തുതുടങ്ങും ദശാന്തരേ,
മരങ്ങൾ മറഞ്ഞോട്ടും കുരംഗങ്ങളുമവൻ
ശരങ്ങളേററു യമനരങ്ങത്താടീടിനാർ.
ശരഭങ്ങളും നൃപശരങ്ങളേററിട്ടൊരു
ശരണമില്ലാഞ്ഞുടൻ മരണം പ്രാപിച്ചതേ.
ആത്തുംഗങ്ങളായുള്ള മാതംഗങ്ങളും പാര-
മാതങ്കം പൂണ്ടീടിനാരാക്കെന്നുണ്ടോ ദുഷ്കാലം ?
മൃഗങ്ങൾ നരപാലാശുഗങ്ങളേററുവീണും,
ഖഗങ്ങളനവധി ദിഗന്തങ്ങളിൽ പാഞ്ഞും,
ഇങ്ങിനെ വനാന്തരെ തിങ്ങിന മോദത്തോടു-
മംഗനാജനപ്രിയൻ തുംഗനാം നരപാലൻ
പൊട്ടക്കന്നരണ്യത്തിൽ കിടക്കും ദുസ്സത്വങ്ങൾ-
ക്കൊട്ടുക്കം വരുത്തിത്താനടക്കും ദശാന്തരേ,
തൽപ്രദേശത്തു കണ്ടാനുല്പന്നകൌതൂഹലം
ശില്പമായൊരു സരസ്സുല്പലസമ്പൂർണ്ണമായ്
വിണ്ണോർനാഥൻെറ കന്നൽകണ്ണികൾക്കനുദിനം
തിണ്ണം നോക്കുവാനുള്ള കണ്ണാടിയെന്നപോലെ.
സരസ്തീരത്തിൻചുററുമരത്തുനിന്നീടുന്ന
മരത്തിൻ പടലവും പെരുത്ത പുഷ്പങ്ങളും
നിരസ്തശ്രമം കണ്ടാദരിച്ചു നില്ക്കുന്നേരം
ഒരുത്തി കുളിപ്പാനായ് തരത്തിൽ വന്നീടിനാൾ.
വൃക്ഷലീഗണം ചുററും ചുഴലും പരിചവൾ
നിഴലുപോലും കണ്ടാ[1] ലഴലുണ്ടാകും നൃണാം.
അവളെക്കണ്ടീടിനാനവിളംബിതം നൃപൻ,
കബളീകരിച്ചതേ പ്രബലസ്മരാധിയാൽ.
ഇരുളിലുദിച്ചൊരു സരളശശിലേഖാ
വിരളാഭയായ് വരും തരളാക്ഷിയെക്കണ്ടാൽ.

---

[1] അഴകുണ്ടാകും എന്ന പാഠ (ക. പ്ര.) ത്തേക്കാൾ ഇതാണു് ശരി.

കരിംകൂവളപ്പൂവിൽ പോരും കാന്തിയെപ്പണ്ടു
ചിരം കാർകുഴലിതൻ പെരുംകണ്ണിണകളിൽ
ഇരിക്കും കടാക്ഷങ്ങളൊരിക്കലെന്നിയെ സ-
ഞ്ചരിക്ക മൂലം പരന്നിരിക്കും വനസ്ഥലി
ആടീടും ശിഖികളാൽ തേടീടും വടിവുകൊ-
ണ്ടാടീടും പരിചിരുപാടീട്ടററിളകുന്നു.
വിധുരീകൃതബിംബമധുരബന്ധൂകങ്ങൾ
അധരാംശുക്കളെങ്ങുമുതിരുന്നതു കണ്ടാൽ
കാന്തരൂപയാമവൾ കാന്തിയാം ജലധിയിൽ
നീന്തും വിദ്രുമങ്ങളെന്നന്തരം വിനാ തോന്നും.
പുളച്ച ലാവണ്യമാം കുളത്തിലനാകുലം
മുളച്ചു പരം പരിമളിച്ചു പൊങ്ങുന്നോരു
കമലമൊട്ടിനുള്ളൊരമലാഭയെത്തേടും
കമലായതാക്ഷിതൻ വിമലമുലത്തടം.
കാമരാജന്റെ കളിത്താമരത്തണ്ടെന്നതു
പാമരന്മാർക്കുറയ്ക്കാ [1] മരാളാക്ഷി കൈകൾ.
വാർകുഴൽകണ്ടാൽ തോന്നും കൂരിരുളെന്നുതന്നെ,
പോർമുലയാളെക്കണ്ടാൽ കാമനും കാമിച്ചീടും.
അന്നത്തിൻ നടകൊണ്ടും കുന്നൊത്തമുലകളിൻ
ധന്യത്വംകൊണ്ടും കണ്ടാൽ ഖിന്നത്വം നൽകുമവൾ.
കലമ്പുന്നൊരുപൊന്നിൻ ചിലമ്പുമണിഞ്ഞവൾ
തുളുമ്പും താരുണ്യവുമലംപുഞ്ചിരിപ്പൂമായ്,
അടുത്തനേരം കാമനെടുത്തു വില്ലുമമ്പും
തൊടുത്തുനൃപനോടു കടുത്തുനിന്നീടിനാൻ.
കണ്ണിനാനന്ദമേകും പെണ്ണിനെക്കണ്ടനേരം
എണ്ണിനാൻ നൃപൻ യമനുണ്ണിഞ്ഞാനെന്നുതന്നെ.
തരുണീമണിതാനും തരുണനവനുടെ
ചരണാദിയാ [2] യ്ക്കേശാഭരണാന്തവുംകണ്ടു,
ഇളമാൻ കണ്ണികായും കളമാങ്കുരംപോലെ
തെളിമാഞ്ഞനംഗന്റെ തളിയിലകപ്പെട്ടു.

---

[1] അരാളാക്ഷി = സുന്ദരിയെന്നായിരിക്കും. അരാളം = വളഞ്ഞതു്.
[2] കേശഭരണാന്തം എന്നു് മം. പ്ര.

തനിച്ചു നിജാശയേ നിനച്ചീടിനാളുള്ളിൽ
ജനിച്ച കാമാനലൻ കനച്ചീടിനളലം :—
" ഇക്കണ്ട മനോഹരൻ കൈക്കൊണ്ടീലെന്നാലെന്നെ
ചൊൽക്കൊണ്ടയമാലയത്തെക്കണ്ടീടും ഞാൻ ദ്രുതം. "
എന്നുരച്ചതുനേരം സുന്ദരീമണി മൌലി-
മന്ദിരമാകും പദ്മം സുന്ദരമെടുത്തുടൻ,
ലീലയാ രാജപുത്രൻ ചാലവേ നിന്നു പിന്നെ
നീലലോചനാമുടിമാലികാ മനോഹരി
ലോചനദാസ്യത്തിൻെറ മോചനത്തിനുപായാ-
ലോചനംചെയ്തു പാരം ശോചനീയമാം പത്മം
കർണ്ണാന്തേ വെച്ചു മുന്നം കന്നൽനേർമിഴിയാളും
ദണ്ഡിച്ചു ദന്തങ്ങളാൽ ഖണ്ഡിച്ചു ദളമേകം
തൻപദം തന്നിലിട്ടു വമ്പനാമനംഗൻെറ
സംഭ്രമം നിമിത്തമായ് കുംഭസംകാശസ്തനി.
മാറിടംതന്നിലഴലേറുമാറുടൻ ചേർത്തു
പാരിടമെങ്ങും ജയം കുറിട്ടും ഗുണശീലാ.
എടുത്തിട്ടുടൻ മുലത്തടത്തിൽ വെച്ചീടിനാൾ
മട്ടുത്തേന്മൊഴി മാരൻ തൊട്ടുത്തോരസ്ത്രാമയാൽ
പേശലാംഗിയുമേവമാശയാ കാട്ടീടിനാൾ
ക്ലേശയന്ത്രിതയായുന്നാശയസംസൂചനം.
തോഴിമാരിലും മറ്റുശേഷമുള്ളവരിലും
ദൂഷണത്തിലും ജനഭാഷണത്തിലും ഭയാൽ.
ഉല്ലലവിലോചന ശില്പമായ് നടകൊണ്ടാ-
ഉല്ലമല്ലവളുടെ ദർപ്പകതാപമോർത്താൽ.
ആധിപൂണ്ടദ്ധ്വാവിങ്കൽ [1] പാതിപോലുംനൃപങ്കൽ
ഭൂതിയെപ്പോലെ നേത്രകാന്തിയെ നിയോഗിച്ചു.
സുന്ദരി പിന്നെത്തൻെറ മന്ദിരമകംപുക്കി-
ട്ടിന്ദുരശ്മിയിൽ പോലുമന്നേരം ഭയം പൂണ്ടു,
ബന്ധുരാംഗനെത്തന്നെ സന്തതം നിരൂപിച്ചു,
വെന്തുവെന്തുരുകുന്നോരന്തരമോടിരുന്നു.
അംഗഭംഗികളൊഴിഞ്ഞിട്ടംഗനാ ശിരോമണി-
ക്കംഗമെപ്പേരിലും വന്നങ്ങു കാർശ്യം പിണഞ്ഞു.

1 പോയും എന്നായിരിക്കുമോ ?

ഭൂപതികുമാരനു മാപതിതമാം സ്മര-
താപതീവ്രജ്വരത്തോടാപതിച്ചാത്മഗേഹേ,
അരുണാദ്ധ്രി തന്റെ കരുണയില്ലെന്നാകിൽ
മരണമൊഴിഞ്ഞൊരു ശരണമില്ലെന്നോൎത്തു,
തളിരും വിരിച്ചകമ്മലരും എരിച്ചശ്രു-
ജലരംഹസ്സോടഴൽ കലരും ദശാന്തരേ,
ബന്ധുരശരീരനാം മന്ത്രിനന്ദനൻ താനും
എന്തുരചെയ്യേണ്ടതെന്നന്തരാ നിരൂപിച്ചു
പെരികെ [1] സ്നേഹംപൂണ്ടൊരരികൎശനൻ തന്റെ
അരികെച്ചെന്നു ചൊന്നാനനുകാരുണ്യത്തോടും :—
"പാൎത്ഥിവകുമാരക! കീൎത്തിവൎദ്ധന! നിന-
ക്കാൎത്തിവന്നതിൻ പരമാൎത്ഥവുമറിഞ്ഞു ഞാൻ.
എന്തിനുമുപായമുണ്ടാതുരനായീടൊല്ല,
ചേതസി ധൈൎയ്യം നരനാഥ! നീ തേടീടേണം.
പണ്ടുനാം വനാന്തരെ കണ്ടകാമിനീമണി-
ക്കിണ്ടലുണ്ടേററം നിന്നെക്കണ്ടതുമറിഞ്ഞു ഞാൻ.
ഒക്കെയും വൎത്തമാനം നൽക്കുഴലാളാമവൾ
സൽക്കരിച്ചറിയിച്ചതോൎക്കെടോ നൃപാത്മജ!
ഉല്പലമെടുത്തുടനുല്പലവിലോചനാ
നിഷ്ഫലമല്ല കൎണ്ണകല്പലക്ഷ്മിയിൽ ചേൎത്തു.
തരത്തിൽ കൎണ്ണോല്പലൻ ഭരിക്കും പുരമതി-
ലിരിക്കുന്നവളെന്നു ധരിക്കാമതുകണ്ടാൽ.
കലിംഗദേശങ്ങളിൽ വിളങ്ങുന്നവനുണ്ടു
കലങ്ങാതൊരു ഗംഗാജലങ്ങൾപോലെ കീൎത്തി.
അവനുണ്ടൊരു മന്ത്രി ഭുവനപ്രസിദ്ധനാ-
യവനുസമാനനായവനൌ മററില്ലാരും.
[2] ഊഢപൌരുഷൻ ദന്തഘാടകനെന്നു നാമം
പീഡ കൈവെടിഞ്ഞു നീ തേടുക ധൈൎയ്യസാരം.
തൻ പുത്രീ ഞാനെന്നേവം ശില്പത്തോടറിയിപ്പാൻ
ദൽപ്പത്രം കടിച്ചതും ചെപ്പൊത്തസ്തനീബാലാ.
അതിസുന്ദരി പത്മാവതിയെന്നവൾക്കു പേർ,

---

[1] ക്ലേശംപൂണ്ടു് എന്നു് മം. പ്ര.

[2] ഗൂഢപൌരുഷൻ എന്നാണു് ക. പ്ര.

അതുകാരണം പാദപതിതമപ്രസൂനം.
ഉൾപൂവിൽ ഭവാനവൾക്കെപ്പോഴും പ്രിയനെന്നു
ശില്പമോടറിയിപ്പാനപവും മാറിൽ വെച്ചു.
കോമളാംഗിയാമവൾ കോമളപുഷ്പംപിന്നെ
പോർമുലക്കുന്നിന്മേലാരോമലായ്ച്ചേർത്തതോർത്താൽ
ധാത്രീവല്ലഭ ! ഭവാൻ ധാത്രീമന്ദിരെ വന്നാൽ
ചേർത്തീടാം മുലക്കൽ ഞാനാർത്തിയും തീരുമെന്നാൽ,
എന്നത്രെ സൂചിപ്പിച്ചു മന്നിൽത്താർമാതാമവൾ
ഖിന്നത്വം വെടിഞ്ഞു നീ സന്നദ്ധനായീടുക.
പോകുന്നു നായാട്ടിനെന്നാകുന്നതെല്ലാം ചൊല്ലി-
ശോകനാശനാർത്ഥമായ് പോക നാം വൈകിക്കേണ്ട.
നിശ്ചയിച്ചേവമവ[1]രിച്ഛയിൻ പരപ്പിനാ-
ലുച്ചയാം പൊഴുതിലൊന്നിച്ചു യാത്രാന്തുനിഞ്ഞു.
കാടുകളിടയിടെത്തോടുകൾ പുഴകളും
മാടുകൾ പലതരം നാടുകളെന്നിതെല്ലാം
കടന്നു കടന്നുടൻ നടന്നു ചെന്നു പുകൾ-
പ്പെടുന്ന കലിംഗത്തിൽക്കടന്നു ചെന്നീടിനാർ.
ഭൂമിയെക്കടപ്പതിന്നാമയം [2]രാഗിക്കുണ്ടോ ?
സ്വാമിയെ ധിക്കരിപ്പാൻ സീമയും ദ്രോഹിക്കുണ്ടോ ?
അപ്പുരമെല്ലാം കടന്നുല്പന്നകൌതൂഹലം
മുപ്പുരാരിയെച്ചിന്തിച്ചു [3]സംപ്രതിഭ്രമംവിനാ,
തിരഞ്ഞു തിരഞ്ഞു ചെന്നറിഞ്ഞു ധാത്രീഗേഹം
വിരഞ്ഞു കടന്നുള്ളിലിരുന്നു സകൌതുകം.
ശുഭമാനസംപൂണ്ടോരഭിമാനികളവ-
രുപമാനഹീനന്മാരുപമാതാവെക്കണ്ടു.
കബളമായിട്ടോരോന്നവളോടുരചെയ്തി-
ട്ടവിളംബിതം തദാ ധവളമാനസന്മാർ

---

[1] ഇച്ഛയിൽ പരപ്പിനാൽ എന്നു് മം. പ്ര.

[2] 'നാരികളുണ്ടോ' എന്നു് ക. പ്ര. രാഗി എന്നതാണു് ഭേദം.

[3] പരിശ്രമം എന്നു് മം. പ്ര.

മാനിനീമണിയുടെ മാനിനീയാഭ ചേരും
ആനനമോൎത്തു പാരം ദീനത പൂണ്ടിരുന്നു
പിറേറന്നാൾ ധാത്രീപാൎശ്വേ തെറേറന്നു ചെന്നിട്ടവൻ,
മുററുന്ന കാമാധിയാൽ മറെറാന്നുമറിയാതെ,
പരമാമോദം പൂണ്ടു പരമാൎത്ഥമായ്ത്തന്നെ,
തരമായുരചെയ്തു പരമാത്മവൃത്താന്തം.
ഭേദിച്ചു പഞ്ചാശുഗൻ ബാധിച്ചീട്ടകമലം
യോജിച്ചീട്ടുമാറവർ ചോദിച്ചു ധാത്രിയോടും
സംഗതിയില്ലേന്നേതുമംബ! തേ ബോധിക്കരു-
തിംഗിതം ചോദിച്ചീടാമങ്ങു ബോധിക്കേണം
ദന്തഘാടകനെന്ന മന്ത്രിപുംഗവൻതന്നെ
ഹന്ത! കണ്ടറിയുമോ? കിന്തുകാരുണ്യശീലെ!
[1] ജൎജ്ജരാകൃതിപൂണ്ട വൃദ്ധനാരിയുമപ്പോ-
ളുത്തരമവരോടു സത്വരമുരചെയ്തു:—
നിൎമ്മരിയാദംവിനാ കണ്മരീചിയെക്കൊണ്ടു്
ധൎമ്മരീതികൾ രക്ഷാഡംബരൻ കണ്ണോല്ലലൻ
ദന്തഘാടകനെന്ന മന്ത്രിപുംഗവൻതന്നെ
സന്തതം കൊണ്ടാടുന്നതെന്തു ഞാനുരചെയ്വൂ!
മതിമാനവനൊരു സുതയുമുണ്ടന്തികേ
മതിനേർമുഖി പത്മാവതിയെന്നവൾക്കു പേർ.
അക്കുമാരികൾ ഗേഹേ കേൾക്ക ഞാൻ ഗൎഭദാസി,
തൽക്കുലവൎത്തമാനമൊക്കയുമറിയും ഞാൻ.
ഇങ്ങിനെ വൃദ്ധയാകുമംഗനാവാക്യം കേട്ടു
തിങ്ങിനോരാനന്ദാബ്ധൌ മുങ്ങിനാരൊട്ടുനേരം.
ധന്യന്മാരാകുമവർ പിന്നെയുമവളോടു്
മുന്നമുണ്ടായ വൃത്തമൊന്നൊഴിയാതെ ചൊന്നാർ.
പണ്ടൊരുസരസ്സിടേ കണ്ടതുമതുകൊണ്ടു്
തണ്ടലർബാണമേററു കുണ്ഠത പിണഞ്ഞതും
ചൂടിയ പൂകൊണ്ടവൾ വാടിയ മുഖത്തോടും
തേടിയോരഭിപ്രായം മോടിയായ്ക്കാട്ടിയതും
ഒക്കെയുമറിയിച്ചു, "വേഗം പോയ് ഭവതിയു-
മക്കുമാരികതന്നോടിക്കഥ ചൊല്ലീടേണം".

[1] 'ഝൎഝരാകൃതി' എന്ന പാഠത്തേക്കാൾ (ക. പ്ര.) ഇതാണു നല്ലതു്.

എന്നതിൽപരമവർ ചൊന്നതെപ്പേരും കേട്ടു്
നന്നിതങ്ങിനെ വന്നാലെന്നു തേറിനാൾ ധാത്രി.
ഉടനെ ചെന്നു ബാലാനികടെ നിന്നുമന്ത്രം
പ്രകടിച്ചതുനേരം ഭ്രുകുടിം ധരിച്ചവൾ,
കപടകോപം നടിച്ചുവിട്ടന്നെഴുന്നേററു
വികടാപാംഗി ധാത്രീനികടേ വന്നു ചൊന്നാൾ :—
"ബാലയാമെന്നെ ദുഷ്ടശീലയാം നിനക്കിന്നു
ഹേലയാ ധിക്കരിപ്പാൻ കാലമെന്നതും വന്നു.
ചേതനാവാനായൊരു താതനോടിതു ചൊന്നാൽ
യാതനപെടുമത്ര നൂതനപിഴയാകും."
കൊണ്ടൽവേണിയും പിന്നെ രണ്ടു കൈകളെക്കൊണ്ടും
രണ്ടു ഗണ്ഡങ്ങൾ നോക്കിക്കൊണ്ടു താഡനം ചെയ്തു.
തല്പരമവളുടെ കർപ്പൂരാഞ്ചിതം വിര-
ലെപ്പേരും ഗണ്ഡങ്ങളിൽ ശില്പാകാരം കാണായ്
കവിളുമുടഞ്ഞുടനവളുമിങ്ങു പോന്നി-
ട്ടവിളംബിതം [1] പരിഭ്രമളിച്ചുരചെയ്തു :—
"നിങ്ങൾ ചൊന്നതിന്നു ഞാനങ്ങു ചെന്നതുംപുന-
രിങ്ങു വന്നനർത്ഥവുമെങ്ങിനെ ചൊല്ലുന്നു ഞാൻ?
തല്ലു കൊണ്ടതുകൊണ്ടു തെല്ലുമില്ലിങ്ങു ഖേദം,
വല്ലാതെ ചില മനശ്ശല്യങ്ങളുണ്ടായ് വന്നു.
വൃത്തികൾ ദൌഷ്ട്യമോടെ വർത്തിക്കുമാറായ് മമ
വൃത്തിക്കില്ലുപായവുമിട്ടിക്കിലെന്നുംവന്നു.
എന്മോഹം വ്യർത്ഥം തന്നെ ദുർമ്മോഹം നിങ്ങൾക്കിതു്
സമ്മോദം പൂണ്ടു മതിസമ്മോഹം വെടികെടോ!"
ആർത്തിഭാരം പൂണ്ടേവം ധാത്രി ചൊന്നോരു നേരം
ധാത്രീപാലാത്മജൻതാനാർത്തിപൂണ്ടുരചെയ്തു :—
"നിന്നുടെ പരിതാപം തന്നുടെ മൂലമോർത്താൽ
എന്നുടെ നിർഭാഗ്യതതന്നുടെ വിജൃംഭിതം.
ഇന്നിനി ഗൃഹാന്തരേ ചെന്നു നീ ഖേദിയാതെ
നന്ദിനീകൃതമോർത്തു നന്ദിച്ചുവാണീടുക."
ഇത്തരം ധാത്രിയോടു മുത്തരമുരചെയ്തു,

---

[1] പരിഭ്രമിച്ചങ്ങുരചെയ്തു എന്നായിരിക്കുമോ?

സത്വരം തോഴനോടു ചിത്തതാപങ്ങളം ചൊന്നാൻ :—
“ ഞാനിനിസ്സത്യംതന്നെ മാനിനീ മണിയുടെ
മാനനീയമായുള്ളൊരാനനം ധ്യാനിച്ചുടൻ,
ഈ ലോകം വെടിഞ്ഞുടൻ,[1] ആലോകംതഴച്ചേററം
മാലോകർ കാമിച്ചീടും സ്വർല്ലോകം പ്രാപിക്കുന്നേൻ.
കില്ലിതിനേതുമില്ല നല്ലതുവന്നുകൂടും
ചൊല്ലേഴും മന്ത്രിസൂനോ ! നല്ലതു ഭവിക്ക തേ.
സഹിച്ചുകൂടാ മമ തടിച്ച വിരഹമാൽ
ഒഴിച്ചുപോക നീയും മടിച്ചീടരുതേതും. ”
ദുർവ്വർണ്ണം പൂണ്ടു നൃപനീവർണ്ണം തേടുമഴൽ
പോംവർണ്ണം മന്ത്രിപുത്രനീവർണ്ണമുരചെയ്തു :—
“ വീര്യത്തെക്കൊണ്ടൊട്ടും നീ ധൈര്യത്തെ ഭജിക്കെടൊ,
ശൌര്യത്തിൻബലംകൊണ്ടു കാര്യത്തെ സ്സാധിച്ചീടാം.
അത്രയുമല്ല, പുനരെത്രയും മതി മന്ത്രി-
പുത്രിയിലുണ്ടെന്നതുമത്ര ഞാൻ ബോധിപ്പിക്കാം.
കരഭത്തുടയാളിൻ വിരൽ പത്തൊരുമിച്ചു
വര പത്തിട്ടുമൂലം നരസത്തമ ! കേൾ നീ.
പത്തുനാളുണ്ടു ശേഷമെത്തുവാൻ കൃഷ്ണപക്ഷ
മത്രനാൾ ക്ഷമിക്കേണം ചിത്തജാഹവം ചെയ്വാൻ.
എന്നറിയിപ്പാനത്രെ സുന്ദരി ചെയ്താളേവ-
മെന്നറിയേണം ഭവാനിന്നു രഞ്ജിച്ചകാര്യം ”.
യന്ത്രികളടിതൊഴും മന്ത്രിവാക്കിനാൽപ്പരം
മന്ത്രിതനായിസ്മരയന്ത്രിതനായ നൃപൻ,
വയസ്സു കുറകിലും വയസ്യൻ ചൊന്നതെല്ലാം
പ്രശസ്യമെന്നോർത്തലം നമസ്യാം ചെയ്തു ദേവൻ
ദഹിച്ചു കാമാഗ്നിനാ സഹിച്ചു കാമോദ്രേകം,
വഹിച്ചു മനോരഥം കഴിച്ചു പത്തുനാളും,
അന്നു ധാത്രിയും പിന്നെച്ചെന്നു കന്യകാഗേഹേ
വന്നിവർ പുരോഭാഗേ നിന്നതുനേരം ദ്രുതം,
ചാരത്തുനിന്നു ധാത്രീമാറത്തു കണ്ടിടിനാൻ
നേരൊത്ത രേഖാത്രയം ചാരുതപം തേടുന്നതും

[1] ആലോകം=പ്രകാശം.

മട്ടത്താർശരാമയം തൊട്ടുക്കും നൃപൻതന്നോ-
ടടക്കമായ വാക്യം പൊട്ടക്കെന്നരചെയ്തു :—
“ വരിക നൃപാത്മജ ! പെരികേ ഭാഗ്യം നമു-
ക്കരികെ സമാഗത മരികൾന ! നൂനം
[1] അരക്കരസമൊട്ടൊട്ടൊലിക്കും മാറിൽച്ചേർന്നു
ചലിക്കും രേഖാത്രയം ജ്വലിക്കുന്നതു കാൺക
ആർത്തവസമാഗമം പാർത്ഥിവ ! ദിനത്രയം
പാർത്തു വന്നാലും സ്മരൻ പോർസ്സുവം പിന്നെച്ചെയ്യാം.
എന്നതു സൂചിപ്പിപ്പാനിന്നിതിവണ്ണം ചെയ്യാ-
ളുന്നതന്സ്തനി ബാലാ, നന്ദി തേടീടേണം നീ.
നിരസ്തം നിരൂപണം, കരസ്ഥമത്രെ കാര്യം,
പരസ്താൽ വരുന്നതും പുരസ്താൽ ഗ്രഹിക്കേണം. ”
വാദിച്ച മന്ത്രിപ്രോക്തം ബോധിച്ചു നൃപാത്മജൻ
ബാധിച്ച കാമാർത്തിയിൽ യോജിച്ചു സകൌതുകം
മാനിച്ചു സഖിയേയും ധ്യാനിച്ചു പത്മാവതിം
മേനിച്ചുടോടും ദിനം മൂന്നിച്ചൊന്നതും തദാ
ആയിരം ദിനംപോലെ പോയി രംഹസാ പര-
മായുരന്തരമേവമായി രഞ്ജിപ്പു യൂനാം
കുളിച്ച ദിനം ബാലാ വിളിച്ചു ധാത്രീം പാർശ്വേ,
കളിച്ചു [2] ചിലവാക്യമൊളിച്ചിംഗിതം ചൊന്നാൾ.
അന്നേരമൊരുഗജം വന്നോരുന്മാദം പൂണ്ടി-
ട്ടന്നാരി സൌധാന്തികെ വന്നെത്തിസ്സഞ്ചരിച്ചു
പേടിച്ചോരുപമാതാവോടിച്ചാടുന്നതും കം-
ണ്ടോടിച്ചെന്നൊരു ഭാഗേ ചാടിച്ചു നൂലേണിയും,
ചൊല്ലിനാളവളോടു “ മെല്ലവേ പോയീടുക ”
നല്ലതി വഴിയിതിലില്ലെടൊ ഭയമൊന്നും. ”
അപ്പൊഴതതിലൂടെ ശില്പമായ്പ്പോന്നു വൃദ്ധാ
കെല്പെഴും ബാലന്മാരോടിപ്പരിചെല്ലാം ചൊന്നാൾ
അതുകേട്ടതിമാത്രം കുതുകം പൂണ്ടു മന്ത്രി
മതിമാൻ [3] നൃപതിയോടതിസമ്മതത്തോടും.

---

[1] ‘ അലക്തരസം ’ എന്നു പാഠാന്തരം (മം. പ്ര.)
[2] ലീലാവാക്യം എന്നു മം. പ്ര.
സമ്മദം എന്നു മം. പ്ര.

ചൊല്ലിനാൻ, "നമുക്കിനി വല്ലതെന്നാലും നൂനം
നല്ലതു വന്നുകൂടും കില്ലതിനില്ല തെല്ലും.
സന്മാർഗ്ഗം തേടും ഭവാ നമ്മാർഗ്ഗത്തൂടെ ചെന്നാൽ
ദുർമ്മാർഗ്ഗമെന്നാകിലുമമ്മാരശ്രീദേവതാം
ലഭിച്ചു രമിച്ചിട്ടാം രസിച്ചു ഗമിക്കനീ,
മടിക്കൊല്ലെന്നു", മന്ത്രി വദിച്ചോരനന്തരം,
[1]വിശപ്പും വെടിഞ്ഞവൻ നിശയ്ക്കു കാത്തിരുന്നി-
ട്ടശക്യമെന്നോരാതെ കൃശിക്കും തനുശാലി,
പിടഞ്ഞു നടന്നുടൻ തുടർന്നു നൂലേണിയിൽ
നടന്നു വാതിലൂടെ കടന്നു കന്യാഗൃഹേ.
അറിവിൻ കുറവേതു മറിയുന്നിലാതവ-
നറയിൽ കടന്നുടൻ [2]നിറയെപ്പാർത്തു കണ്ടാൻ.
മോടികം തഴച്ചിട്ടും സ്ഫാടികപര്യങ്കവു-
മൂഢകൌതുകമോരോ ഹാടകദീപങ്ങളും,
ചന്ദനം പനിനീരും [3]നന്ദനമാല്യങ്ങളും
[4]സ്പന്ദനം കോലുമതിസുന്ദരവ്യജനവും,
തോഴിമാരോടും പിരിഞ്ഞാഴിമാതിനെപ്പോലെ
കേഴമാൻകണ്ണിയെയും [5]തോഷമാർന്നാശു കണ്ടാൻ.
നിറഞ്ഞങ്ങിരുപാടും വഴിഞ്ഞോരാനന്ദാബ്ധൌ
ഇറങ്ങിപ്പരം മുങ്ങിക്കുഴങ്ങി നൃപാത്മജൻ.
ആനനം താഴ്ത്തി നില്ക്കും മാനിനി തന്നോടതി-
ദീനനായ് മാരാസ്ത്രമേറ്റൂനനായ് ചൊല്ലീടിനാൻ :—
"വനിതാ ജനമണി പണിയും കൃശോദരീ!
മനതാരംഭോധിയിൽ [6]മതിനേർ മുഖിയാളേ!
കുന്തളംകൊണ്ടു വിധുബന്ധുവാം മുഖത്തെ നീ
ഹന്ത മേ മറയ്ക്കൊലാ, കിന്തു മാം നോക്കീടുക.

---

1 പിശക്കം എന്നു മം. പ്ര (?)

2 കുറയപ്പാർത്തു എന്നു ക. പ്ര.

~~3 നന്ദനപ്പൂമാല്യവും എന്നു മം. പ്ര.~~

4 നിന്ദനം കോലും എന്ന പാഠം (ക. പ്ര.) ശരിയല്ല.

5 തോഴമാന്നാശു എന്നു ക. പ്ര.

6 പനിമതിനേർമുഖി (മം. പ്ര.) പനിനേർമതി (ക. പ്ര.) ഈ രണ്ടു പാഠവും ശരിയാണെന്നു തോന്നുന്നില്ല.

കാർകുഴൽമണിമൌലേ ! പോർമുലത്തടം മതി-
നേർമുഖി കരങ്ങളാൽ [1] തുർമ്മയായ് മറയ്ക്കൊലാ.
ഒന്നുനോക്കുകിലെന്നെക്കണ്ണിന്നാഭയെക്കൊണ്ടു
നിർണ്ണയം കുവലയപൂർണ്ണമാം ദിഗന്തരം.
എത്രനാളുണ്ടു നാരീ സത്തമേ ! നീമൂലമായ്
ചിത്തജനെന്നിലെയ്തെയ്തത്തലുണ്ടാക്കീടുന്നു.
ഒന്നുനീ നിനച്ചെന്നെ വന്നുപുൽകീടുന്നാകിൽ
ഇന്നു താർശരമദമൊന്നു മാറിടും നൂനം
പലതുമേവം മഹീവലസൂദനൻ പറ-
ഞ്ഞലസാപാംഗി നേത്രാഞ്ചല സംഭ്രമം കണ്ടും,
വിധുബിംബാനനന്താൻ മധുവാണിയോടൊപ്പം
മധുപാനവും ചെയ്തു വിധുരാതങ്കനായി,
ഗാഢമായാലിംഗനമൂഢ കൌതുകം ചെയ്തു,
ഗൂഢസീൽക്കാരം മുഖം കൂടവെ ചുംബിച്ചുടൻ
മധുരോത്തരമായോരധരാമൃതം സേവി-
ച്ചധരീകൃതാമരനധിരൂഢാനന്ദനായ്,
മുഷ്കരം സുമശരൻ പോക്കരം തുനിഞ്ഞപ്പോൾ
കാൽക്കരംതലാമുലയാകരഞ്ജിച്ചു ചിത്രം.
മറിമാൻകണ്ണി മുന്നമറിയാതൊരു രത-
മറിവുള്ളവരോടു കുറവെന്നിയേ ചെയ്തു.
പുളച്ചോരാനന്ദമാം കുളത്തിൽ പതിച്ചവർ
കുളിച്ചുമനാരതം കളിച്ചും സസംഭ്രമം,
ദിവസം വരുന്നതും തരസാ പോകുന്നതും
വിവശം രമിക്കയാലവരുമറിഞ്ഞീല.
രതിയിൽ പ്പാരം [2] പരിമിതിയില്ലെന്നാകിലും
മതിയില്ലെന്നു നരപതിയിൽ തോന്നീലേതും.
കഴിഞ്ഞു മാസമേവം മുഷിഞ്ഞീലവർക്കേതും
ഒഴിഞ്ഞീടാതെ മാരൻ [3] തുടർന്നീടുക മൂലം.

---

[1] തുർമ്മയായ് = ഇടവിടാതെ.

[2] പരിചറിയില്ലെന്നാകിലും എന്നു് മം. പ്ര.

[3] തുടങ്ങിടുക (മം. പ്ര.), തുഴഞ്ഞിടു (ക. പ്ര.) ഈ പാഠങ്ങളേക്കാൾ 'തുടർന്നീടുക' എന്നതു നന്നായിരിക്കും.

അന്നൊരു ദിനം ബാലാമന്ദിരം തന്നിലിരു-
ന്നന്നരപാലൻ പുനരിത്ഥം നിരൂപിച്ചു :—
"കഷ്ടം ഞാനിത്രനാളുമിഷ്ടനാം വയസ്യനെ
ദുഷ്ടനെപ്പോലെ കാമാവിഷ്ടനായ് നിനച്ചില.
അന്യദേശത്തു വന്നിട്ടന്യസാഹായ്യംവിനാ,
ധന്യനാമവനതി ദൈന്യമാംക്കൊള്ളും നൂനം.
ഇവളെപ്പിരിഞ്ഞാൽ ഞാനവിളംബിതം മൃത്യു-
കബളമാകും പുനരിവളുമതുപോലെ.
എന്തു ഞാൻ ചെയ്യേണ്ടതെ" ന്നന്തരാതങ്കം തേടും
കാന്തനെക്കണ്ടു കാമാക്രാന്തയാം പത്മാവതി,
തരത്തിൽ കാന്തം പിടിച്ചിരുത്തി നിജോത്സംഗേ
കരത്തെ പിടിച്ചുടൻ ചിരിച്ചങ്ങുര ചെയ്തു :—
"എന്തെടോ നിരൂപണം കാന്ത ! തേ [1] സമാഗതം
ഹന്ത ! ഞാനറികയിൽ കിന്തുതേ ഭയമുണ്ടോ ?
വല്ലതെന്നാലുമതു തെല്ലും വൈകാതെ തന്നെ
ചൊല്ലുകവേണം പരിചല്ല കേളവിശ്വാസം.
ഇങ്ങിനെ [2] സംനിർബ്ബന്ധമംഗനാ ശിരോമണി
മങ്ങിന മുഖത്തോടുമങ്ങനുസരിച്ചപ്പോൾ,
ചൊല്ലിനാൻ നൃപാത്മജൻ "വല്ലഭേ ! കേട്ടാലും നീ,
ചൊല്ലുവൻ പരമാർത്ഥമില്ലെടൊ ഭയം തെല്ലും.
എനിക്കുണ്ടൊരു സഖി നിനക്കുമ്പൊഴുതവൻ
തനിക്കും ബൃഹസ്പതി തനിക്കും ഭേദമില്ല.
അവന്റെ മതിബലം ശിവന്റെ വിലാസം കേൾ,
അവന്റെ വിയോഗേ ഞാൻ യമന്റെ വശത്താകും.
നിന്നെയും പുണ്ടിരിപ്പാനെന്നെയും നിയോഗിച്ചു
നിർണ്ണയം പുനരവൻ തന്നെയെന്നറികെടൊ ! "
വല്ലഭൻ ചൊന്നതെല്ലാം പല്ലവാധരി കേട്ടി-
ട്ടല്ലലും മറച്ചുടൻ മെല്ലവെ ചൊല്ലീടിനാൾ :—
"ഇത്രനാളെന്തെടോ നീ മിത്രമാമവൻതന്നെ
ക്ഷത്രിയകുമാരക ! നിൻസ്വരൂപം മറച്ചതും ?
അതുകൊണ്ടെനിക്കുണ്ടധികം ചാപല്യതാമെ-

[1] സമാഗമം എന്നു് മം. പ്ര. രണ്ടിന്നും വിശേഷിച്ചർത്ഥമില്ല.
[2] സനിബന്ധമെന്നു് ക. പ്ര.

ന്നതു കാണാത്ത നിന്റെ മതികൊണ്ടെന്തു കാൎയ്യം ?
വൈകൃതത്തിനിത്തെല്ലും ചെയ്കരുതുപേക്ഷണം
പൊയ്കരുതുകിൽ പാരം കൈവരും മഹാപാപം.
ഇക്ഷണം ചെന്നു [1] മിത്രം വീക്ഷണം ചെയ്ക " നവം
ശിക്ഷണം ചെയ്തു പല ഭക്ഷണങ്ങളും നല്കി,
അപ്പവും മലരട നൽപ്പൊരിയവിൽ നല്ല
പുഷ്പമാല്യവും ഗന്ധം കെല്പെഴും മലയജം
" മൽകൃത മിതൊക്കെയും [2] തൽകൃതെ, ഭവാനതി-
പ്രവൃദ്ധപൌരുഷന്നിനി സൽക്കരിക്കേണമെല്ലാം."
എന്നവം ചൊന്നനേരമന്നവയെല്ലാം കൊണ്ടു
മന്നവനുടനിങ്ങു വന്നവനേകിടിനാൻ.
കൊണ്ടൽവേണിയെച്ചെന്നു കണ്ടതും രസിച്ചതും
തണ്ടലർശരൻ കൂടികൊണ്ടതും ചൊന്നനേരം,
ചഞ്ചലമിഴിയാളിൻ വഞ്ചനമോൎത്തു മന്ത്രി
സഞ്ചിതകൌതൂഹലം പുഞ്ചിരി പൂണ്ടു ചൊന്നാൻ:—
" എത്രയും കഷ്ടം! ഭവാൻ മിത്രമാമെന്നുടനും
തത്രചൊന്നതും പുനരെത്രയുമബദ്ധമായ്.
മത്തകാശിനീജനം ഭൎത്താവിന്നിഷ്ടന്മാരിൽ
ചിത്തവൈഷമ്യം തേടും തത്രകാരണം രാഗം.
വിഷമുണ്ടിതിലെല്ലാം പഴുതെ ശങ്കിക്കേണ്ട
വിഷവൈഭവത്തെക്കാളം വിഷമം നാരീചിത്തം."
വ്യന്തരചെയ്തിട്ടതിലൊന്നൊരു ശുനകന്നു
തിന്നുവാൻ കൊടുത്തതു [3] തിന്നു നായും മരിച്ചു.
അതുകണ്ടൊരുനേരം അതികോപവും പൂണ്ടു
മതിമാന്മാരാമവരതിതാമ്രാക്ഷന്മാരായ്.
അക്കാലം കണ്ണോല്പലൻ ദുഷ്കാലമൂലം പ്രേമ-
ത്തിൽക്കോലും ബാലൻ യമൻദിക്കാലംബനം ചെയ്തു.
വയസ്യൻ തന്നോടന്നു നമസ്യാം ചെയ്തു മന്ത്രി
രഹസ്യമായിച്ചൊന്നാൻ പ്രശസ്യമായവാക്യം :—

---

[1] മിത്രവീക്ഷണം എന്ന് മം. പ്ര.

[2] തൽകൃതേ എന്ന് മം. പ്ര.

[3] തിന്നുടൻ നായും ചത്തു എന്ന പാഠാന്തരം (മം. പ്ര.)

"പാർത്ഥിവശിരോമണേ! കീർത്തിവർദ്ധന! ഭവാൻ
ഓർത്തു വൈകാതേ താർത്തേൻചേർത്തവാണിയെ [കാൺക
കാരണം ചൊല്ലാം, മാരധോരിണിതൻെറ കുക്ഷി-
പൂരണം വരുവോളം വാരുണീം സേവിപ്പിക്ക
അതിമത്തയായവൾ [1] മതിചിത്രം മറന്നി-
ട്ടതിമാത്രാനന്ദമായ് രതിമാത്രേ തുനിഞ്ഞാൽ
താമരക്കുഡ്മളത്തിൻ ഡാമരം പോക്കീടുമാ-
റോമലാമവളുടെ പോർമുലത്തടത്തിൽ നീ
ബാലത്തനപിക്കുചെറും മാലെത്തീടാതെ രതി-
കാലത്തു നഖങ്ങളാൽ [2] ശൂലത്തെച്ചമക്കേണം
തളകം താലിക്കൂട്ടം വളകം മാലാ, മാരൻ-
കളിയിൽ കലമ്പുന്ന കളകാഞ്ചനകാഞ്ചി,
ഒക്കയും കൈക്കലാക്കിത്തക്കത്തിൽ പ്പോന്നിടുക,
നൽക്കുഴൽമണിയെ വഞ്ചിക്കയിൽ ഖേദിക്കേണ്ട."
മന്ത്രശക്തിമാനായ മന്ത്രിതൻ വാക്യംകേട്ടു,
ബന്ധുമാൻ നരവരൻ കിന്തു സംശയംവിനാ,
താമസി വന്ന നേരം താമസിയാതെ തന്നെ
കാമസീമയെന്നിയെ [3] താമസിതായതാക്ഷീം
കണ്ടു കൌതുകം പൂണ്ടു രണ്ടു നാഴികനേരം
കണ്ട സാരസ്യാലാപംകൊണ്ടു മേളിച്ചിരുന്നു.
കബളംചെയ്ക്കുലം വിവശാ മന്ത്രിവൃത്ത-
മവളും ചോദിച്ചീലൊന്നിവനും പറഞ്ഞീല.
വളരെച്ചൊല്ലും നല്ല വളരും കാമാധിയാൽ
പിളരും ചിത്തത്തോടെ തളരും ബാല തൻെറ
കനത്തിട്ടിടഞ്ഞീടും സ്തനത്തിൽ ത്രിശൂലം ചേ-
ർത്തനന്തരം ഭൂഷാധനത്തെ സ്വീകരിച്ചു,
ഉറങ്ങുംനേരം നോക്കി, പ്പൊറുക്കാം വരുന്നതെ-

നുറയുമററു തോഴനിരിക്കും ഗൃഹേ വന്നു,

[1] ഇതേപാഠം മം. പ്ര. ചിത്രമായ നിലയിൽ മതിമറന്നിട്ട് എന്നോ മറേറാ അർത്ഥമായിരിക്കുമോ ?

[2] രതങ്ങളാൽ എന്ന് ക. പ്ര.

[3] താമസിയായതാക്ഷീം എന്ന (ക. പ്ര.) പാഠം ശരിയല്ല.

അന്നേരം തന്നെ മന്ത്രി വന്നോരാമോദത്തോടു-
മന്നാരീഗൃഹം കൈവിട്ടൊ [1] ന്നൂരീകരിച്ചുടൻ,
പെരുംകാനനം പുക്കു വരും കാൎയ്യം നിരൂപിച്-
ച്ചരം കാതൎയ്യം വിനാ പരം കൌശലശാലി,
രൂക്ഷബുദ്ധിമാനുടൻ ഭിക്ഷുവേഷവും ധരി-
ച്ചുക്ഷിതിപാലനോടു തൽക്ഷണമുരചെയ്തു :—
"വേഷവും മറക്കൊലാ, ഭാഷയും മാറീടൊലാ,
ഭേഷവും തോന്നീടൊല്ലാ, ശേഷമുണ്ടൊരു കാൎയ്യം.
ഉത്തമാമണിതന്റെ മുത്തുമാലയുമെടു-
ത്തുത്തമമതെ! ഭവാൻ ചിത്തമോദേനസാകം,
പരന്ന [2] വിപണിയിലിരുന്ന ജനത്തോടു
നിരന്നു ചോദിക്ക നീ തരുന്നോരിതിന്മൂല്യം.
അടുത്തു വന്നോൎക്കെല്ലാമെടുത്തു കാട്ടീടുക
കൊടുത്തീടരുതാൎക്കും ജഡത്വം വരുമെന്നാൽ.
ആരിതിനുടയതെന്നാരു ചോദിച്ചാകിലും
നേരു ചൊല്ലരുതേടൊ സാരനല്ലയൊ ഭവാൻ ?"
ആഴിയേക്കാളും മറിക്കാഴമേറെയുള്ളൊരു
തോഴനുച്ചരിച്ചോരു ഭാഷിതം കേട്ടു നൃപൻ,
വേഷത്തെ ധരിച്ചതിൽ ഭോഷത്വം പിണയാതെ,
രോഷത്തിൽ പരിചയ [3] മീഷത്തും നിനയാതെ,
ബാലയാം പത്മാവതീ ലീലയാ ധരിച്ചോരു
മാലയുമെടുത്തുടനാലയംതോറും ചെന്നു,
മാലയെക്കാട്ടുന്നേരം [4] ബാലയെസ്മരിച്ചോരോ
ലീലയെ നിനച്ചുടൻ മാലിയന്നുഴൽകയും,
വിലയില്ലാത്ത മുക്താവലയ മാല്യത്തിന്റെ
വിലയും ചോദിച്ചുടനലയും ദിശാന്തരേ,
ഒരു ക്ഷണ്ണാക്ഷമുക്താപരിഷ്കമാല്യം രാജ-
പുരുഷന്മാരും കണ്ടു പരുഷം ചോദ്യം ചെയ്തു :—

---

[1] ഊരീകരിച്ചു് = സമ്മതിച്ചു് എന്നു് മാ. പ്ര.
ഊരീകരിച്ചു് എന്നു് ക. പ്ര. (?)

[2] വിവേണി എന്ന പാഠത്തിന്നു് (ക. പ്ര.) അൎത്ഥമില്ല.

[3] ഈൎഷത്വം (ക. പ്ര.) ശരിയല്ല.

[4] ബാലകൻ മരിച്ചോരു എന്ന പാഠം (ക. പ്ര.) സ്വീകാൎയ്യമല്ല.

"ആരുടെ മാല്യമിതു? നേരുടൻ ചൊല്ലീടായ്കിൽ
പാരിടംതന്നിൽവാഴുമാറുടൻ കഴിവരാ."
രാജകിങ്കരന്മാരിൽ വ്യാജഭീതിയും പൂണ്ടു
രാജനന്ദനൻ പുനരാജനത്തോടു ചൊന്നാൻ:—
"നമ്മുടെ ഗുരുഭൂതൻ തന്മതമറിയാഞ്ഞാൽ
നിർമ്മരിയാദമാകും മന്മനോരഥമെല്ലാം.
ഏകനാലെന്തുകാര്യം? പോകനാമെല്ലാംപരി-
പാകമോടങ്ങു ചെന്നാൽ ആകവെ കേൾക്കാം കാര്യം."
എന്നുരചെയ്തോരവൻ തന്നോടുമൊരുമിച്ചു
ചെന്നു തൽഗുരുഭൂതസന്നിധൌ നിന്നു ചൊന്നാർ:—
"ചോല്ലേറും മഹാമുനേ! ചൊല്ലണം പരമാർത്ഥം,
നല്ലോരിമ്മാല്യത്തോടൊത്തില്ലൊന്നും മഹീതലേ.
എങ്ങിനെ ലഭിച്ചതു മങ്ങിതെന്നറിവതി-
നിങ്ങു കൌതുകം പാരം സംഗതം മഹാമതേ!"
ഭിക്ഷുവുമതു കേട്ടു തൽക്ഷണമുരചെയ്തു:—
രക്ഷിതാവായിട്ടാരുമിക്ഷിതിക്കില്ലേ ചൊൽവിൻ.
ഉണ്ടാകിലവനെയും കൊണ്ടുവന്നാലെനിക്കും
കണ്ടുചൊല്ലുവാൻ പുനരുണ്ടനേകം പ്രബന്ധം."
അപ്പൊഴുതവരുംപോയ് കെല്പെഴും ഭൂപാലനെ
തൽപുരോ വരുത്തിനാരല്പമല്ലഹോ മോഹം!
മതിയിൽപാരം പരഗതിയെക്കാമിച്ചിട്ടും
[1] യതിയെക്കണ്ടു നരപതിയും വണങ്ങിനാൻ.
"ആമ്നായനിലയമേ! നാമ്നാ ഞാൻ കർണ്ണോൽപലൻ,
[2] സാമ്നാമാം ലാളിക്ക, ഞാൻ കാണ്മാനായിഹവന്നേൻ."
പാർത്ഥിവവാക്യം കേട്ടു [3] പാർത്തുവൈകാതെ ഭിക്ഷു
പാർത്ഥിവനോടുമന്ദമാർത്തിവർദ്ധനം ചൊന്നാൻ:—
"മന്നവശിഖാമണേ! ധന്യനെത്രയും ഭവാൻ,
എന്നതുനിമിത്തമായൊന്നു ഞാനുരചെയ്യാം.
ഓരോരോ കാലങ്ങളിലോരോരോ നിമിത്തമായ്,
ഒരോരോ വനംതോറും വേറാരുമറിയാതെ,

---

[1] ശ്രുതിയെന്നു പാഠാന്തരം (മം. പ്ര.)
[2] സാമ്ന മാലൊഴിക്ക എന്നു് മം. പ്ര.
[3] വേർത്തു വേകാതെ എന്നു് മം. പ്ര.

[1]വന്നിട്ടും ഞാനും നൂനം ക്ഷോണിവല്ലഭ ! ഭവാൻ
കേണ്ണീടൊല്ലേതുമൊരു വാണി ഞാനുരചെയ്യാം.
നിന്നുടെ മഹാമന്ത്രി തന്നുടെ തനയയായ്
മന്നിടം മുടിപ്പതിനിന്നു ഡാകിനി ഘോരാ
രാത്രികാലങ്ങൾതോറും ധാത്രിയിൽ ഭ്രമിക്കുന്നു,
ഗാത്രവും ഭയങ്കരം, വസ്ത്രവും ധരിപ്പീല.
സുന്ദരവേഷം പൂണ്ടു വന്നവൾ പകലെല്ലാം
ഇന്ദിരാസമാനയായ് മന്ദിരേ വാണീടുന്നു.
മത്സമക്ഷമായതി വത്സലാകാരനായ
ത്വത്സുതനേയുമവൾ ഭർത്സനം ചെയ്യുതിന്നു,
ഒന്നേറെക്കോപിച്ചു ഞാനന്നേരം ശൂലത്തിനാ
ലന്നാരീമാറത്തുറയിന്നൂരിക്കുത്തീടിനേൻ.
തെറിച്ചുമാറിന്നവൾ ധരിച്ച മാല്യം ഞാനും
ഗ്രഹിച്ചു ഭവാനിതു മറിച്ചൂഹിച്ചീടൊലാ.
ധർമ്മപാലക ! തവ നന്മ വേണമെന്നാകിൽ
ഇമ്മഹീതലത്തിൽനിന്നമ്മഹാപാപിതന്നെ
ചാരത്തു വെച്ചീടാതെ ദൂരത്തു കളയേണം
ക്രൂരത്വം നാരീവധം വീരത്വത്തിനു പോരാ."
ഭിക്ഷുകൻ ചൊന്നതെല്ലാമക്ഷണം കേട്ടു നൃപൻ
തൽക്ഷണം പുരം പുക്കു രൂക്ഷമാം കോപത്തോടും
പേടമാൻമിഴിമാരെ ഗ്രദ്ധമായയച്ചവൾ-
മാറിടംതന്നിൽ ശൂലതാഡനമറിഞ്ഞപ്പോൾ,
ഉരത്ത ഭൃത്യന്മാരെ വരുത്തി, "പത്മാവതീം
പുരത്തിൽനിന്നു ദൂരെ പെരുത്തോരരണ്യാന്തേ
വെടിഞ്ഞു വരികെ", ന്നു പറഞ്ഞോരനന്തരം
പിടഞ്ഞു ഭൃത്യന്മാരുമിടഞ്ഞു പുറപ്പെട്ടു,
ഉടൻ ചെന്നന്തഃപുരേ കടന്നിട്ടവളേയും
തുടർന്നു പുറത്താക്കി നടന്നു സസംഭ്രമം,
നിരസ്താലോകമായ പെരുത്ത കാട്ടിൽ പുക്കു
വരസ്തംഭോരുതന്നെത്തരത്തിലിരുത്തിനാർ.
വിരഞ്ഞു പോകുന്നതുമറിഞ്ഞു ഭിക്ഷുക്കളും
കുറഞ്ഞൊന്നകലവെ മറഞ്ഞു നില്ക്കുംവിധൌ,

[1] വാണിട്ടും എന്നു് മം. പ്രം.

മൈക്കണ്ണാളെയും വെടിഞ്ഞുകണ്ട ഭൃത്യന്മാരും
വെക്കംപോയതുനേരം ദുഃഖംപൂണ്ടഥമാനിനീ,
തൊഴിച്ചുമേററം കണ്ണീരൊലിച്ചും പാരം മുറ-
വിളിച്ചും ദൈവത്തിനെപ്പഴിച്ചും കേഴുംവിധൌ
നികടേ ചെന്നു വജ്രമകുടൻ സഖിയോടും
ചടുലമിഴിയാളിൻ പുട്ടുവേദന തീൎത്തു
ഉടനെ വരാണസീപുടഭേദനം പുക്കി-
ട്ടിടയും മാരനോടു പടയും പൊരുതുടൻ,
രാപ്പകലറിയാതെ ശൂൎപ്പകാരാതിതുല്യൻ
അപ്പുരികുഴലാളോടപ്പുരേ ചെന്നിരുന്നു.
ബന്ധഘാടകൻ താനും സന്തതം ദുഃഖിച്ചട-
നന്തകൻപുരി പുക്കാനെന്തൊരൽഭുതമിദം !
തക്കമിക്കാലം നമുക്കിക്കോലം വെടിവാനെ-
ന്നക്കാലം തൽക്കാന്തയും പുക്കിതു യമാലയം.
ഇക്രമം പറഞ്ഞതിവിക്രമൻ വേതാളവും
വിക്രമാദിത്യനോടു ശീഘ്രമൊന്നുരചെയ്തു :—
"തനയാദുഃഖമാകും വിനയാലഹോ മന്ത്രി
ഘനയാതന പൂണ്ടിട്ടനുയാതകാന്തനായ്,
മരിച്ചമൂലം പാപം ധരിച്ചതാരെന്നു നീ-
യുറച്ചു പറയേണം മറച്ചീടരുതല്ലോ.
അറിഞ്ഞു പറയായ്കിൽ വളൎന്നോരെൻ വൈഭവാൽ
അറിഞ്ഞീടേണം നൂറായ് പിളൎന്നീടും നിൻതല."
ഇത്തരം വേതാളത്തിൻ ചിത്തരമ്യമാം വാക്യം
സത്വരം കേട്ടു നൃപനുത്തരമുരചെയ്തു :—
"ചൊല്ലെഴും രാജപുത്രനില്ലെടോ പാപലേശം
മല്ലലോചനയൎക്കങ്ങില്ല പാതകമിതിൽ.
മന്മഥബാണമേററു വന്മദം പൂണ്ടുപാരം
ധൎമ്മവിദ്വേഷം വന്നാൽ കന്മഷമവൎക്കുണ്ടോ ?
ബുദ്ധിമാൻ മന്ത്രിപുത്രനെത്തുകയില്ല പാപം
ഉത്തമൻ സ്വാമികാൎയ്യമോൎത്തവൻ ചെയ്യതെല്ലാം.
നിനയ്ക്കിൽ കണ്ണോല്പലൻതനിക്കായ്‌വരും പാപം
അനക്കമില്ല പുനരനല്പമവൻദോഷം.
തന്നിലുള്ളവസ്ഥകളൊന്നുമേയറിയാതെ,
ഭിന്നയമല്ലോ മന്ത്രി കന്യയെ വെടിഞ്ഞതും".

ഇങ്ങിനെ ചോദ്യോത്തരമങ്ങനുസരിച്ചുടൻ
മംഗലാകാരൻ ധൎമ്മസങ്കടം പലതരം
തിരഞ്ഞു് സകൌതുകമറിഞ്ഞു് നരാധിപൻ
പറഞ്ഞോരനന്തരം മറഞ്ഞു് വേതാളവും
പണ്ടു താനിരുന്നോരു കണ്ടകതരുവിന്മേ-
ലിണ്ടലെന്നിയെ കുതം കൊണ്ടു തൂങ്ങിനാൻ ദ്രുതം.
മന്നിടന്തന്നിൽ പരമുന്നതപ്രശസ്തിമാൻ
ധന്യനാമിട്ടിക്കോമ്പി മന്നവൻ നിയോഗത്താൽ
മുമ്പിനാൽ നൃപനോടു വേതാളമുരചെയ്യോ-
രമ്പെഴുംകഥയിതു ഭാഷയായ് ചൊല്ലീടിനേൻ.

# രണ്ടാമത്തെ കഥ

പിന്നെയും നരാധിപൻ ക്ഷാന്തിശീലനാം യതി
തന്നുടെ ഗൌരവമോർത്തുന്നതാഭിമാനവാൻ
പാതാളാന്തരത്തിലും കീർത്തികോലുന്നവീരൻ
വേതാളം പോയ മാർഗ്ഗം തുടൎന്നു നടകൊണ്ടാൻ.
ശിംശപാതരുമൂലം പുക്കുടൻ കണ്ടു നേരെ
സംശയംവിനാ കരയേറിനാനതിദ്രുതം.
കടന്നു വേതാളത്തെപ്പിടിച്ചു തോളിൽ വെച്ചു
നടന്നു തുടങ്ങിനാൻ പടൎന്നോരന്ധകാരേ.
ചുമലിലിരുന്നതി സരസൻ വേതാളവും
വിമലാശയൻ തന്നോടുടനെ ചൊല്ലീടിനാൻ :—
"കേട്ടാലും നരപതേ ! വാട്ടമററൊരു കഥ
കേട്ടാൽ കൌതുകം പാരമേവൎക്കുമുണ്ടായ്‌വരും.
യമുനാതീരേ ബ്രഹ്മസ്ഥലമാമഗ്രഹാരേ
സുമനോവരനഗ്നിസ്വാമിയെന്നൊരു വിപ്രൻ,
ശ്രുതിമന്ദിരനവനതിദാനൈകശീലൻ,
മതിമാൻ നിജാലയേ സുഖമായ് വാഴുംകാലം,
അന്നുള്ള നാരിമാരിലെത്രയും മനോജ്ഞയായ്
[1] മന്ദാരവതിയെന്നോരാത്മജയുണ്ടായ്‌വന്നു.
അവളെക്കണ്ടാൽ നാണം ത്രിദിവനാരിമാരും
കബളമല്ല കേഴും കമലാദേവിപോലും.
യൌവനകാലം വന്നു [2] തവ്വടങ്ങുകമൂലം
സൎവ്വഥനായി നൂനം മന്മഥദേവൻപോലും.
പലരും വന്നു കന്യാം ജനകനോടു ചിത്ത-
മലരിലാശ പൂണ്ടു തരികെന്നപേക്ഷിച്ചു.
സദൃശനായ വരൻ വരുവോളവുമിവ-
ളരികേ വസിക്കയെന്നുരച്ചു ഭൂദേവനും
അക്കുമേ കൊടുത്തീലാ ദീൎഘദൎശിയാമവൻ ;
ദീൎഘമാംകാലമേവം കഴിഞ്ഞോരനന്തരം,

---

[1] മന്ദരാവതിയെന്നു് ക. പ്ര.

[2] തെരുട്ടടങ്ങുക എന്നു് ക. പ്ര. അൎത്ഥം മനസ്സിലാവുന്നില്ല. തവ്വു് = തക്കം ; സമയം. തവ്വടങ്ങുക = തക്കത്തിനെത്തിച്ചേർന്നു എന്നായിരിക്കാം.

ഒരുനാളൊരുമിച്ചു തരുണന്മാരായ് മൂന്നു
ധരണീദേവന്മാരുമവിടെ വന്നീടിനാർ.
മന്മഥൻതന്നെ മൂന്നു രൂപമായ്‌വരികയെ-
ന്നമ്മഹാ പുരുഷരെക്കണ്ടവർക്കെല്ലാം തോന്നും
രൂപഭംഗിയുമാഭിജാത്യവും വിദ്യാബലം
ശോഭയുമിവയൊന്നുമാർക്കുമേ കുറവില്ല.
മൂവരുമൊരുമിച്ചു കന്യകാപാണിഗ്രഹം
കൈവരുമെന്നോർത്തു വന്നീവണ്ണമുരചെയ്തു :—
"എനിക്കു തന്നീടേണം കന്യകതന്നെ ഭവാൻ
തനിക്കുമതുമൂലം ഗുണങ്ങളുണ്ടായ്‌വരും."
എന്നേകൻ പറഞ്ഞതു കേട്ടുമറ്റേവൻ ചൊന്നാ-
"നിന്നാരീമണിക്കെന്നെ കാന്തനായ്ക്കല്പിക്കേണം
എങ്കിലേ ഗുണം വരൂ മങ്കമാർ മുടിപ്പൂവി-
നെങ്കലേ ഗുണം പരീക്ഷിച്ചു കണ്ടറിഞ്ഞാലും"
അതുകേട്ടിതരനും ധരണീസുരൻതന്നോ-
ടധികം ത്വരപൂണ്ടു മതിമാനുരചെയ്തു :—
"ഉന്നതസ്തനിയിവളെന്നുടെ ഭാര്യയായാൽ
മന്നിടമെല്ലാമതു കണ്ടു കൊണ്ടാടും നൂനം.
എന്നിയേ മറ്റൊരുത്തനിന്നു നൽകീടുന്നാകിൽ
ചെന്നു ഞാൻ യമാലയം പുക്കുവാണീടും നൂനം"
ഇങ്ങിനെ കേട്ട നേരം മറ്റിരുവരും ചൊന്നാ-
"രങ്ങിനെ വരികയില്ലൊന്നു കേൾക്കണം ഭവാൻ.
ഇവനു കൊടുക്കിലോ യമനു തനിക്കുള്ള
ഭവനേ വഴിപോകുന്നവരായീടും ഞങ്ങൾ."
ഇത്തരം കേട്ടു കന്യാതാതനുമതുനേരം
ചിത്തസമ്മോഹം പൂണ്ടു സത്വരം നിരൂപിച്ചു :—
"യോഗ്യന്മാരിവരെന്റെ നന്ദനിക്കെന്നാകിലും
യോഗ്യനു കൊടുക്കുവാൻ ഭാഗ്യമില്ലെന്നും വന്നു.
പെരികെ ഗുണഗണമിവരിലുണ്ടാകയാൽ

തരികയില്ലെന്നതു പറക യോഗ്യമല്ല.
എന്തു ഞാൻ ചെയ്യേണ്ടതെ ", ന്നന്തരാ നിരൂപിച്ചു
ബന്ധുരശീലനൊന്നുമുത്തരം പറഞ്ഞില.
ധന്യന്മാരാകുമവർ മൂവരുമതുകാലം
കന്യകാരൂപാമൃതം സേവിച്ചു സദാകാലം,
"എനിക്കുവേണമിവളെനിക്കുവേണമിവ
ളെനിക്കുവേണ", മെന്നോർത്തവിടെ വാണീടിനാർ.
സൌന്ദര്യമാകും ജലമൊഴുകും തരംഗിണീ-
സുന്ദരരൂപം കാട്ടി മന്മഥൻ കലഹിച്ചും
ആളികളോടും ഗൃഹപാളികളിടയിടെ
കാളകുന്തള ചിലകേളികളാടുന്നതും,
ചില്ലിയിലെഴുമോരോരൽഭുതവിലാസവും,
മെല്ലവേ ചിരിപ്പതും മല്ലലോചനശ്രീയും,
കണ്ടുകണ്ടനാരതം തണ്ടലർ ബാണമേററും,
കുണ്ഠത പിണഞ്ഞു മററാകവേ മറന്നവർ
വാഴുമക്കാലം കഷ്ടം! ദൈവത്തിൻ കഠോരത
കേഴമാൻകണ്ണിക്കു-മററില്ല കാരണമൊന്നും-
പഞ്ചതാം ഭവിച്ചതു മൂലമായ് ജനങ്ങൾക്കു
നെഞ്ചിൽക്കാളുന്ന സന്താപാഗ്നിയുമുണ്ടായവന്നു.
കഷ്ടമന്നേരം ദ്വിജബാലന്മാർക്കുണ്ടായോരു
പുഷ്ടസന്താപം പറഞ്ഞീടുവാനാളല്ല ഞാൻ.
കററവാർകുഴലിതന്നൽഭുതരൂപമോർത്താൽ
കുററമല്ലെന്നു തോന്നും മററു കണ്ടവർക്കെല്ലാം.
എന്തിനീവിധം വിധി ചന്തത്തിൽ ചമച്ചതും?
എന്തിനായകാരണമന്തകനേകിയതും?
എരിഞ്ഞ ചിത്തത്തോടും ദ്വിജബാലകന്മാരും
കരഞ്ഞു കരഞ്ഞുടൻ പൊരിഞ്ഞു ചിരനേരം
പെരുത്ത ദുഃഖമുള്ളിൽ ധരിച്ചുകൂടായ്കയാ-

ലൊരുത്തനുണ്ടോ നല്ല ചരിത്രമുണ്ടാകുന്നു
ജടയും ധരിച്ചുടൻ നടകൊണ്ടവനോരോ
പുടഭേദനങ്ങളും നഗരഗ്രാമങ്ങളും
കടന്നു കടന്നുപോയകന്നു ബഹുദൂരം
മട്ടുത്തേൻമൊഴിയാളെ നിനച്ചുള്ളഴലോടും,
ഭദ്രമാമഗ്രഹാരേ ചെന്നവനൊരുദിനം
രുദ്രശർമ്മാവെന്നൊരു [2] വിപ്രന്റെ ഗൃഹം പുക്കു,
അക്ഷിതി സുരനോടു തൽക്ഷണ മവൻ ദേഹ-
രക്ഷണം നിമിത്തമായ് ഭക്ഷണമപേക്ഷിച്ചു.
സഹിച്ചു മനസ്താപം വസിക്കും ദശാന്തരേ
ഭുജിച്ചീടുവാനുള്ളിൽ വിളിച്ചു മഹീസുരൻ.
ഭോജനത്തിനു ജടാധരനും തുനിഞ്ഞിതു
രോദനത്തിനു ധാത്രീ ദേവബാലനും തദാ.
മന്ദിരകാര്യങ്ങളിൽ വ്യഗ്രയാം തൽഭാര്യയും
സുന്ദരാകാരനായ തന്നുടെ തനയനെ
കോപമുംകൊണ്ടു-പാരം ദാരുണമോർക്കുന്തോറും-
താപമുംക്കൊണ്ടു കത്തിജ്ജ്വലിക്കും കൃശാനുവിൽ
സഹസാ നിക്ഷേപിച്ചിട്ടതി സംഭ്രമത്തോടെ
ഗൃഹകർമ്മങ്ങളും ചെയ്യുവനു വിളമ്പിനാൾ;
വെന്തു വെണ്ണീറായ്ച്ചമഞ്ഞീടിനാൻ ബാലന്താനും;
വെന്തുമാനസം ജടാധരനും വെണ്ണീറായി.
സത്വരമെഴുന്നേറ്റു ഹസ്തവും കുടഞ്ഞവൻ,
ചിത്തസന്താപവുംപൂണ്ടിത്തര മുരചെയ്തു :—
“പെരുക്കും ക്ഷുധാ ഞാനും സ്മരിക്കിൽ ചണ്ഡാലന്മാ-
രിരിക്കും [3] ഗൃഹം പുരസ്കരിച്ചേനഹോ കഷ്ടം!
കത്തിക്കാളുന്നോരഗ്നൌ പുത്രനെ ഹോമിച്ചോരു
മത്താകശിനി തന്റെ ചിത്തമെത്രയും ക്രൂരം!
ഇക്കർമ്മം കണ്ടു സഹിച്ചീടിനോരെന്റെ നേത്ര-
ദുഷ്കർമ്മമൊടുക്കുവാനെന്തിനിച്ചെയ്യേണ്ടതും?”

---

[2] വൃദ്ധന്റെ എന്ന് ക. പ്ര.

[3] പുരം എന്ന് മം. പ്ര.

ഭദ്രനാം ജടാധരനിങ്ങനെ കേഴുന്നേരം
രുദ്രശർമ്മാവും നിജ പുസ്തകമെടുത്തുടൻ
സിദ്ധമന്ത്രങ്ങൾ നോക്കിസ്സത്വരം ജപിച്ചഗ്നൌ
ബദ്ധവൈഭവം ജലപ്രോക്ഷണം ചെയ്തീടിനാൻ.
ബാലകനതുനേരം മാലകന്നെഴുന്നേററു,
ചാലവെ മാതാവിനു ലീലകളാശുകാട്ടി.
അതുകണ്ടതിമാത്രം കൗതുകം കൈക്കൊണ്ടുടൻ
മതിനേർമുഖിയാളെ സ്മരിച്ചു ജടാധരൻ,
രാത്രിയിൽ ഗൃഹസ്ഥനും പത്നിയുമുറങ്ങുമ്പോൾ
ഓർത്തവൻ കടന്നുചെന്നഞ്ജസാ ഗൃഹാന്തരേ.
സിദ്ധമന്ത്രങ്ങളുള്ള പുസ്തകം കൈക്കലാക്കി-
ബ്ബദ്ധസംഭ്രമം പുറത്തിങ്ങു പോന്നോരുശേഷം ;
ഒരുത്തനാരെങ്കിലുമറിഞ്ഞീടുമോ പാനെ-
ന്നുരത്ത ഭയമുള്ളിൽക്കടക്ക നിമിത്തമായ്
രാപ്പകലൊഴിയാതെ നടന്നു നടന്നുടൻ,
[1] കാപ്പുകൾ പുഴകളും മാടുകൾ തോടെന്നിവ
കടന്നു കടന്നുള്ളിലെഴുന്നോരാശയോടും
തുടർന്നീടിനാൻ ബ്രഹ്മസ്ഥലമാമഗ്രഹാരേ,
മത്തകാശിനി തന്റെ ജീവനമിച്ഛിക്കയാൽ
പുസ്തകം ലഭിച്ചന്നുതൊട്ടവൻ ഭുജിച്ചീല.
ആർത്തനായ് ചിതാദേശം പുക്കു നോക്കും ദശായാം
തീർത്ഥവാസിയും തത്ര വന്നിതു ദൈവയോഗാൽ.
ഭസ്മത്തിൽത്തന്നെ സദാ കിടക്കുന്നവൻ തന്റെ
കശ്മലത്വവും കണ്ടു വിസ്മയം പൂണ്ടു ചൊന്നാൻ :—
"പാങ്ങലങ്ങോട്ടിങ്ങോട്ടും നീങ്ങിനില്ക്കുക നിങ്ങൾ
മംഗലാപാംഗിക്കു ഞാൻ പ്രാണനെ പ്രതിഷ്ഠിക്കാം."
എന്നുരചെയ്തു മന്ത്രം ജപിച്ചു സസംഭ്രമം,
സുന്ദരീമണിതന്റെ രൂപവും ധ്യാനിച്ചുള്ളിൽ,
ഭസ്മനി ദ്രുതം ജലം തളിച്ചാനതുനേരം
വിസ്മയമെഴുന്നേററു [2] സസ്മിതം കൃശോദരി.
ലാവണ്യത്തിനു മേളിച്ചിരിപ്പാനൊരു പാത്ര-

---

[1] കാപ്പുകൾ = മതില്ക്കെട്ടുകൾ.
[2] സസ്മയം എന്നു് പാഠാന്തരം (ക. പ്ര.).

മാംവണ്ണം യത്നം ചെയ്തു ചമച്ചു വിധാതാവും
എന്നിയേ മററൊന്നു ചൊല്ലീടുവാൻ കണ്ടീല ഞാൻ
[1] കഞ്ജനേർ മിഴിയാമംതൻ മഞ്ജുളരൂപമോർത്താൽ.
മന്മഥനാകുമഗ്നിജ്വാലയെ വളൎക്കുവാൻ
സമ്മതമായോരു ദിവ്യൌഷധമിവൾ നൂനം !
അമൃതസമുദ്രത്തിലലയും തിരമാല
കമലവിലോചനാ, നഹി സംശയമേതും.
നൂപുരങ്ങളുമരഞ്ഞാൺ മണിമാല മററു-
ളളാഭരണങ്ങളണിഞ്ഞാനനം താഴ്ത്തി മെല്ലെ,
നിൽക്കുന്ന നേരമവൾ വെക്കം ചെന്നടുക്കവെ
സൽക്കരിച്ചിതു പീയൂഷാബ്ധിമജ്ജനത്തിനാൽ.
"എന്നുടെ കാന്തയിവളെ, നുടെ കാന്തയിവൾ,
എന്നുടെ കാന്തയിവളെ," ന്നു ചൊല്ലീടുന്നേരം,
ചിരിച്ചു ജടാധര നവരോടുരചെയ്തു :—
"മരിച്ച തന്വംഗിതൻ പ്രാണനെ നിൎമ്മിച്ചു ഞാൻ.
കനത്ത മുലയാളിൻ പതിത്വമെനിക്കെന്നി,
നിനയ്ക്കുമ്പൊഴുതു മററാരുത്തനുണ്ടാകുമോ ?"
തീൎത്ഥവാസിയും പുനരോൎത്തിഹ ചൊന്നാ, "നെൻെറ
തീൎത്ഥസേവകൊണ്ടത്രേ പേൎത്തിവൾ ജീവിച്ചതും.[2]"
ഭസ്മശായിയും പുനരന്നേര മുരചെയ്തു,
"വിസ്മയം മഹാമോഹം നിങ്ങളിൽ സമാഗതം-
ഊണുറക്കവും വെടിഞ്ഞു നനായ് സദാകാലം
ഞാനിഹ പാൎത്തു ഭസ്മരക്ഷണം ചെയ്തീലെന്നാൽ
ഇന്നുണ്ടോ കൃശോദരി ജീവിപ്പൂ ? ധൎമ്മം നഷ്ട
മെന്നുണ്ടോ വന്നീടുന്നു ? കിം വൃഥാ ജല്പിക്കുന്നു ?"
തങ്ങളിലേവം പറഞ്ഞംഗനാമണിമൂലം
തിങ്ങിന കോപത്തോടും കലഹമാരംഭിച്ചു."
ഇത്തരമൊരുകഥാ വിസ്തരിച്ചുരചെയ്തു
സത്വരം വേതാളവുമൊന്നു ചോദിച്ചിടിനാൻ :—

---

[1] കന്നൽനേർ എന്നു് പാഠാന്തരം (മം. പ്ര.).

[2] മന്നടം തന്നിലുള്ളോരേവരും കേട്ടാകിലും-
മെന്നുടെ മന്ത്രയാചനിന്നിവളുണ്ടായതും.
ഈ വരികൾ കയ്യെഴുത്തു പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

“പാരിടം പുകഴും പൊങ്ങും വീരന്മാർ മുടിപ്പൂവേ !
നേരുടൻ പറഞ്ഞാലുമാരുടെ കാന്തയവൾ ?”
വേതാളവാക്യം കേട്ടു വിസ്മയം പൂണ്ടു പാരം
ഭൂഗോളാധിപൻ പറഞ്ഞീടിനാൻ നിർവ്വിചാരം :—
“പാവന മന്ത്രംകൊണ്ടു കേവലമവളുടെ
ജീവനെ സൃഷ്ടിച്ചവൻ താതനെന്നെന്റെ മതം.
പാർത്തലംതന്നിലുള്ള തീർത്ഥസഞ്ചാരംകൊണ്ടു
പുത്രകാര്യങ്ങളത്രെ തീർത്ഥവാസിയും ചെയ്തു.
ധർമ്മത്തിൽ പിഴയാതെ ചൊല്ലേണമെന്നാകിലോ,
ഭസ്മത്തിൽ ശയിച്ചവൻ തൽകാന്തനെന്നേ വരൂ.”
ഭൂപാലവാക്യം കേട്ടു സമ്മതിച്ചനന്തരം
വേതാളം താനും മറഞ്ഞീടിനാനതിദ്രുതം.
മുന്നമെന്നതുപോലെ പിന്നെയും ചെന്നു പാര-
മുന്നതമായ തരുമുകളിൽ തൂങ്ങീടിനാൻ.
പററലർ കുലകാലനററമില്ലാത ധീമാൻ ;
കററവാർകുഴലിമാർക്കേററവും മനഃപ്രിയൻ,
വിരനിട്ടിക്കോമ്പി ഭൂപാലന്റെ നിയോഗത്താൽ
ചാരുവാമ്മാറു രണ്ടാം കഥയും ചൊല്ലീടിനേൻ.

# മൂന്നാമത്തെ കഥ

ഘോരമാമന്ധകാരെ വീരനാം നരാധിപൻ
ധീരതാം പുരസ്കരിച്ചാരുമേ തുണയെന്ന്യേ,
അത്തരുതലം നിനച്ചുത്തമജനപ്രിയൻ
ചിത്തജമനോഹരൻ സ്വസ്ഥനായ് നടന്നുടൻ,
അക്രമകുലാന്തകൻ വിക്രമപയോനിധി
വിക്രമാദിത്യൻ പരചക്രമാഥനപ്രിയൻ
ചിത്രരമ്യത ചേരുമത്തരുതലംപുക്കു,
സത്വരം കരേറിനാ [1] നത്തുംഗ പ്രതാപവൻ.
മടിച്ചീലേതും ചെന്നു പിടിച്ചു വേതാളത്തെ
തടിച്ചു തോളിൽ വെച്ചു നടിച്ചങ്ങിറങ്ങിനാൻ.
ഉരത്ത തമിസ്രയിൽ പെരുത്ത ധൈര്യത്തോടെ,
കരുത്തോട്ടുടൻ പാരം തരത്തിൽ നടക്കുമ്പോൾ
പറഞ്ഞു വേതാളവും, "അറിഞ്ഞീടേണം തവ
കുറഞ്ഞൊന്നല്ല മോഹം നിറഞ്ഞു വഴിയുന്നു.
ഞാനൊരു കഥ ചൊല്ലാം മാനരാശിയാം ഭവാൻ
[2] താനരം പ്രസാദിച്ചു മീനരക്ഷണ! കേൾക്ക.
വിക്രമശാലീപുരം പാടലീപുത്രേ പുരേ
വിക്രമകേസരിയെന്നുണ്ടായി നൃപനേകൻ.
അവനു പരാക്രമകേസരിയെന്നു പേരായ്
[3] ഭുവനപ്രസിദ്ധനാം തനയനുണ്ടായ്വന്നു.
ബാലകന്മാരിൽച്ചേരും ലീലകൾമൂലം നര-
പാലകകുലമൌലിബാലകനതുകാലം
കളിയിൽ പാരം മോഹം വിളയുമവനൊരു
കിളിയെ വളർത്തതിൽ കളവാണിയെച്ചേർത്തു.
[4] ഗോഷ്ടി വിട്ടുടൻ ചൊല്ലിക്കേട്ടുകേട്ടതുമോരോ
പാട്ടുമാട്ടവും പഠിച്ചേററമൂററവും പൂണ്ടു
കഥകളോരോരുപകഥകൾ കാവ്യാദിയും

---

1

താനരം = താൻ ഏററവും.

[3] ഭുവനപ്രതീതൻ എന്നു് മം. പ്ര.

[4] ഗോഷ്ഠി എന്നു് മം. പ്ര.

കുതുകം പൂണ്ടു കീരപ്പൃഥുകമഭ്യസിച്ചു.
നാരിമാർ കലഹിച്ചാൽ സ്വൈരമായ് കാന്തനോടു
ചേരുവാനുള്ളുപായം പാരമുണ്ടവന്നഹോ
സൂത്രസഞ്ചയമതിമാത്രമാമിതിഹാസം
ശ്രോത്രിയജനോചിതശാസ്ത്രവും വശമാക്കി.
കഴിഞ്ഞ കഥകളും വരുന്നോരവസ്ഥയും
അറിഞ്ഞുകൂടാത്തതും പറഞ്ഞു [1] രസിപ്പിക്കും.
ഒരുനാളവനോടു കരുണാനികേതനൻ
നരനായകൻ ദയാപരനായുരചെയ്തു :—
"എനിക്കു രമണിയായ് ജനിക്കുന്നവളാരെ-
ന്നനല്പമതേ ! ചൊൽക നിനക്കെന്തൊന്നു തോന്നി ? "
എന്നു ഭൂപാലബാലൻ വന്നു ചോദിച്ച നേര-
മൊന്നു പുഞ്ചിരിച്ചുടനന്നു കീരവും ചൊന്നാൻ :—
"പാർത്ഥിവശിഖാമണേ ! വാസ്തവം പറഞ്ഞീടാം
പാർത്തു വല്ലതും ചൊല്ലിപ്പേർത്തു വഞ്ചിക്കയല്ല.
മന്നവ ! മഗധമാം മന്നിടം തന്നിലൊരു
മന്നവൻ വസിക്കുന്നോനിന്നു ചന്ദ്രാവലോകൻ.
അവനുണ്ടൊരു സുത കമനീയാംഗി കണ്ടാൽ
എവനും കാമിച്ചീടും ഭുവനേ മററില്ലേവം.
[2] ക്ഷേമവും ചന്ദ്രപ്രഭാനാമവും പൂണ്ടു വാഴും
കാമിനി നിനക്കഹോ ഭാമിനി ധരിച്ചാലും. "
എന്നതു കേട്ടു രാജനന്ദനൻ തനിക്കുടൻ
ചെന്നിതാഗ്രഹം രാജനന്ദിനി തന്നിൽ ചിത്രം !
കാണേണമെന്നില്ല, താർബാണമാൽ കേട്ടാകിലും
ആണിനുമുളവാകും പെണ്ണിനുമതുപോലെ.
വിഗതാമയനായ മഗധാധിപൻ തന്റെ
[3] വിനയപ്രതീതയാം തനയയ്ക്കൃതുകാലം,
കാരികാദിയും പഠിച്ചാരിലും ഭയം വിനാ
ദാരികസമാനയാം ശാരികപ്പൈതലുണ്ടായ്.
ശുകത്തിന്നുള്ള ഗുണം സമസ്തം ധരിച്ചുഴൽ

---

1 രമിപ്പിക്കും എന്നു പാഠാന്തരം (ക. പ്ര.)

2 കാമവും എന്നു് മം. പ്ര.

3 വിനതപ്രീതകയാം എന്നു് മം. പ്ര.

[1] അകത്തും മണിയറയകത്തങ്ങിരുന്നുടൻ,
രസിച്ചു മണിമഞ്ചേ വസിച്ചങ്ങൊരു കഥാം
ഗ്രഹിച്ചവണ്ണം നമസ്കരിച്ചു ചൊല്ലും വിധൌ
പല്ലവാധരി തന്റെ നല്ല ലാവണ്യപൂരം
പല്ലവിച്ചതും കണ്ടു മെല്ലവെ ചൊല്ലീടിനാം :—
"കേട്ടാലുമെടോ നരശ്രേഷ്ഠം കന്യകേ! തവ
കേട്ടാൽ കൌതുകമുണ്ടാം വാർത്തമറ്റൊരുഭന്തം
കൂടലർകുലകാലൻ പാടലീപുത്രാധിപൻ
ഏടലർശരാകാരൻ തേടിന പുണ്യങ്ങളാൽ,
എത്രയും പ്രസിദ്ധനായ് ചിത്രഭാനുവെപ്പോലെ
ജൈത്രവീര്യവാനൊരു പുത്രനുണ്ടറികെടോ!
അവനു സമാനനായ് ഭുവനെ പുരുഷൻ മാ-
ധവനും പുരമെരിച്ചവനും മററില്ലാരും.
നിനക്കു ദയിതനായ് ജനിക്കുന്നതുമവൻ
നിനയ്ക്കുന്തോറുമേവമെനിക്കു തോന്നീടുന്നു."
അതു കേട്ടതിമാത്രം കുതുകമുണ്ടാകിലും
മതിനേർമുഖി പാരം മതിതാപവും പൂണ്ടു.
പേടമാന്മിഴിയാളിൽ ശ്രദ്ധമായ് കടന്നുട-
നേടലർ ശരന്താനുമാടലേററവും നൽകി.
"വഞ്ചകജനോത്തമൻ പഞ്ചബാണനു മമ
പഞ്ചത വരുത്തുവാൻ ചഞ്ചലമേതുമില്ല."
എന്നുരച്ചുകുമാരൻ ചെന്നു മാഗധനോടു,
നന്ദിനിതന്നെ നമുക്കിന്നു നൽകീടുകെന്നാൻ
ആഗതം കണ്ടിട്ടേനം സ്വാഗതപ്രശ്നം ചെയ്തു
മാഗധൻ താനും തദാ വേഗതോ നിജാത്മജാം
യോഗ്യനാം വരനിവൻ ഭാഗ്യതോ ലഭിച്ചവൻ
ത്യാജ്യനല്ലെന്നോർത്തുടൻ പ്രാജ്യസമ്മോദശാലി,
മട്ടുത്തേന്മൊഴിയാളെക്കൊടുത്താനതുമൂലം
എടുത്തു മാരൻ കണ തൊടുത്തു വിശേഷിച്ചും
പേടമാൻകണ്ണിയോടു കൂടവെ നരാധിപൻ
പാടലീപുത്രം പുക്കിട്ടാടലും തീർന്നിരുന്നു.
കളിയിൽ കുതൂഹലമുളവില്ലായ്കമൂലം
കളവാണിയും തന്റെ കിളിയെക്കൊണ്ടുപോന്നു,

[1] അകറവും എന്നായിരിക്കുമോ ?

ദയിതൻ തനിക്കേററം [1] ദയിതമായോരതി-
ശയിതശുകം വാഴും മഹിതമണിക്കൂട്ടിൽ
ഞങ്ങളെപ്പോലെ സദാ നിങ്ങളും വാണീടുകെ-
ന്നംഗനാമണിയവർ തങ്ങളിൽ ചേർത്തീടിനാൾ.
തഴച്ച മാരൻ മദമൊഴിച്ചു കാമാഗമം
പിഴച്ചീടാതെ കാലം കഴിച്ചീടും ദശായാം,
ഇളക്കം പിണഞ്ഞവർ കളിക്കുന്നതും കണ്ടു
പുളക്കം മാരാമയം കിളിക്കുമുണ്ടാകയാൽ,
തെരിക്കെന്നുരചെയ്തു, "നമുക്കുമിതുപോലെ
രമിക്കവേണം [2] മനുവദിക്ക ഭദ്രേ! നീ മാം."
മുഖത്തെ കണ്ടാൽ കാമസുഖത്തിൽ പാരം മോഹം
ശുകത്തിനുണ്ടെന്നോർത്തു ശുകത്തേൻവാണി
[ചൊന്നാൾ :—
"പുരുഷന്മാരോ പാരം പരുഷമാചരിക്കും
പരമകൃതഘ്നന്മാർ പരിതോഷവുമില്ല.
എന്നതു നിമിത്തമായിന്നൊരു പുരുഷനിൽ
ചെന്നു ചേരുന്നതില്ല നിർണ്ണയം മന്മാനസം"
ഇത്തരം ശുകാംഗന വിസ്തരിച്ചുരച്ചതി-
നുത്തരം ശുകോത്തമൻ സത്വരമുരചെയ്തു :—
"ആപത്തിൻ നിദാനമാം കൂപത്തിൽ പതിപ്പിക്കും
പാപത്തിന്നിരിപ്പിടം പാരിൽ തേന്മൊഴികുലം.
മല്ലലോചനമാർക്കു വല്ലതും വിപരീതം
ചൊല്ലുക ശീലമെന്ന ചൊല്ലു സത്യമായ് വന്നു."
ഇങ്ങിനെ സസംഭ്രമം തങ്ങളിൽ കലഹിച്ചു
മംഗലൻ നൃപനോടുമിങ്ങനെ ചൊല്ലീടിനാൻ :—
"കേൾക്കണം നരാധിപ! തീർക്കണം വിവാദം നീ,
ഓർക്കണം നരനാരിമാർക്കുള്ള ഗുണദോഷം.
വമ്പെഴമിക്കാര്യത്തിൽ ഞാൻ പരാജിതനായാൽ
അമ്പിനോടിവൾക്കു ദാസ്യം പരം ചെയ്യാം ഞാനും."
അവളുമതുകേട്ടിട്ടവിളംബിതം ചൊന്നാൾ :—
"കബളമല്ല നൃപ! ധവളാശയ! കേൾ നീ.

1 ദയിതനായി എന്നു മം. പ്ര.

2 അനുസരിക്ക എന്നു് മം. പ്ര.

ഇന്നിതിൽ പരാജയം വന്നതിങ്ങെന്നാകിൽ ഞാൻ
ഇന്നുതൊട്ടിവൻ തനിക്കെന്നുമേ ദാസ്യം ചെയ്യാം."
എന്നതു കേട്ട നേരം മന്ദഹാസവും പൂണ്ടു,
സുന്ദരകാരൻ നൃപൻ മന്ദമൊന്നുരചെയ്തു :—
"സ്ത്രീപുമാൻമാരിലുള്ള ദോഷമെപ്പേരും കേട്ടാൽ,
ഏഷ ഞാൻ പറഞ്ഞീടാം ന്യായമാം മാർഗ്ഗം പിന്നെ."
മല്ലസായകനോടു തുല്യനാം നൃപൻമൊഴി-
മെല്ലവെ കേട്ട നേരം നല്ല ശാരിക ചൊന്നാൾ.
ചെമ്പകമൊട്ടിൽ ചേരുമമ്പിയലുന്ന ശോഭാ-
ഡംബരത്തെപ്പോക്കും ചഞ്ചുതൻപ്രഭാ സമ്പത്തോടും
"അർത്ഥദത്തനെന്നൊരു സാർത്ഥവാഹനുണ്ടായി
വിത്തംകൊണ്ടവനിയിലുത്തമനവൻ തുലോം.
ധനിയാമവനന്നു ധനദത്തനെന്നോരു
വിനയമില്ലാതൊരു തനയനുളവായി.
അവനെ യുവഭാവം ഭവനമാക്കും കാലം
സവനൈഷ്ഠികാംക്കുള്ള ഭവനം പുക്കു താതൻ.
അമ്മയുമതുകാലം കിം മയാ ഫലമെന്നോ-
ർത്തുണ്മയിൽ സ്വർഗ്ഗലോകേ ചിന്മയാനന്ദം [1] പൂകി.
ദുഷ്ടന്മാരോടും ചേർന്നു കഷ്ടമക്കാലത്തവൻ
പെട്ടന്നു, [2] വാരാംഗനാദൃഷ്ടിക്കു വശനായി.
ദ്യൂതസേവയും ചെയ്തു ചൂതസായകനുടെ
ചൂതബാണങ്ങളേററു നീതവാനേവം കാലം
ദുഷ്കാര്യം ചെയ്താകിലും ധിക്കരിച്ചിഷ്ടജനം
"മുഖ്യനത്രേ നീ," യെന്നു സൽക്കരിച്ചുരചെയ്യും.
വിത്തസഞ്ചയമവൻ മത്തകാശിനിമാർക്കും
സത്വരമിഷ്ടന്മാർക്കുമൊത്തവണ്ണം കൊടുക്കും.
കാലമൊട്ടേവം പോയ കാലമങ്ങവനുടെ
ശീലദോഷാൽ ധനത്തിൻ മൂല [3] നാശവും വന്നു.
മിത്രങ്ങളാം വന്നു പുനരെത്രയും സേവിപ്പതും
നിസ്ത്രപമുപചാരകൃത്യമാചരിപ്പതും

---

[1] പൂണ്ടു് എന്നു് പാഠം (മം. പ്ര.; ക. പ്ര.).

[2] പരാംഗനാ എന്നു മം. പ്ര.

[3] മൂലദോഷം എന്ന പാഠം (ക. പ്ര.) ശരിയല്ല.

ഒട്ടു മാറിയ കാലം മട്ടോലും മൊഴികുല-
മിഷ്ടമാചരിപ്പതും പെട്ടെന്നങ്ങുപേക്ഷിച്ചു;
വിത്തഹീനനിലുണ്ടോ മത്തകാശിനീജനം
ചിത്തത്തെ ച്ചേർത്തീടുന്ന ധൂർത്തസഞ്ചയങ്ങളും?
പെരുത്ത ദുഃഖം കലർന്നൊരുത്തനായിട്ടവൻ
നിരസ്താമോദം ദേശാന്തരത്തിൽ പോകെന്നോർത്തു,
മന്ദനായ് നാനാദിശി ഖിന്നനായ് നടന്നവൻ
ചന്ദനപുരം കണ്ടു വന്ദനം ചെയ്തു പുക്കാൻ.
ചുട്ടുപെട്ടങ്ങോട്ടിങ്ങോട്ടോടുന്ന സർപ്പമതി-
ശ്രദ്ധചന്ദനതരുക്കാട്ടു പുക്കതു പോലെ.
അഗണ്യഗുണവാനായ് ഹിരണ്യം പെരുത്താർത്ത-
ശരണ്യനായ വൈശ്യൻ ഹിരണ്യപുത്രാഭിധൻ,
പാടവം തേടുമവൻ വീടകം പുക്കു മോദാൽ
ഊടവന്നറിവാൻ തൻ കേടവസ്ഥയെ ചൊന്നാൻ.
എത്രയും പ്രസാദിച്ചു മിത്രഭൂതനായവൻ,
പുത്രനിർവിശേഷമായ് തത്ര മേളിച്ചിരുത്തി.
കുറഞ്ഞൊന്നേവം കാലം കഴിഞ്ഞോരനന്തരം
നിറഞ്ഞ മോദത്തോടും പറഞ്ഞു ഗൃഹസ്വാമി:—
“എനിക്കു പുത്രനില്ല നിനക്കു ഗേഹമില്ല,
നിനയ്ക്കിലിതുകാലം എനിക്കുണ്ടൊന്നു തോന്നി.
എന്നുടെ തനൂജയെ നിന്നുടെ ഭാര്യയാക്കി-
ട്ടെന്നുടെ സുതനെന്നു നിന്നെയും കരുതുന്നേൻ;
സമ്മതമിദമെങ്കിലമ്മതിമുഖിയാളെ-
ദ്ധർമ്മവല്ലഭയാക്കിസ്സമ്മദം തേടീടുക”
“അങ്ങിനെതന്നെ ചെയ്യാമങ്ങനുവാദമെങ്കി-”
ലിങ്ങിനെ ധനദത്തനിംഗിതം ചൊല്ലും വിധൌ,
പുത്രികാപാണിഗ്രഹമെത്രയും വൈകിയാതെ,
[1] പുത്രകാമി ഹിരണ്യപുത്രനും കഴിപ്പിച്ചു.
ഭാര്യയും താനുമായിക്കാര്യമോരോന്നു ചിന്തി-
ച്ചാര്യഗേഹിതൻപരം ധൈര്യമുൾക്കൊണ്ടിരുന്നു.
പിന്നെയും പലദിനം ധന്യയാമിനികളും
ഖിന്നനായിരുന്ന നാളന്നവൻ നിരൂപിച്ചു.

---

[1] മിത്രകാമി എന്നു പാഠാന്തരം (മം. പ്ര.)

ഉറച്ചു മനതാരിൽ ഭരിച്ച മോഹം പുര-
സ്കരിച്ചു വൈശ്യൻ തന്നോടുരച്ചീടിനാനേവം :—
"ജനിച്ച ദേശം തന്നിൽ ഗമിച്ചീടേണം, അനു-
വദിച്ചീടേണം ഭവാൻ മടിച്ചീടൊല്ല തെല്ലും.
എന്നെയും നിനച്ചതി ഖിന്നയായ് മരുവീടും
ധന്യയാം ജനനിയെച്ചെന്നു കാണേണം മമ.
വൈകാതെ വരാമഴൽകൂടാതെ വാഴ്ക ഭവാൻ,
ആകാതെല്ലും മനശ്ശോകാവേശം യാത്രയിങ്കൽ."
തന്മതം കേട്ടു വൈശ്യൻ സമ്മതിച്ചതുനേരം
സമ്മദഭാരം പൂണ്ടു [1] നന്മകളുരചെയ്താൾ :—
"എനിക്കും കാണേണമെൻ പതിക്കുള്ളൊരമ്മയെച്ചെ-
ന്നയക്ക ഭവാൻ, ഞാനും പതുക്കെച്ചെന്നു പോരാം."
ചാർച്ചക്കുമോരോതരം ചേർച്ചക്കും നടക്കുവാൻ
മൂർഛിക്കുമല്ലോ മോഹം തീർച്ചയക്കംഗനമാർക്കു്.
പണിപ്പെട്ടെന്നാകിലും [2] വണിക്കും സമ്മതിച്ചു,
തുണയ്ക്കായൊരു നാരീമണിക്കാജ്ഞയും ചെയ്തു.
പോകുന്ന ജാമാതാവിന്നാകുന്ന വിത്തമേകി,
വേകുന്ന ചിത്തത്തോടും പോകെന്നു ചൊല്ലീടിനാൻ.
അവനുമുടനതി ജവനായ് നടകൊണ്ടാൻ,
ഭുവനേ കഠോരത്വമെവനെന്നാരറിഞ്ഞു ?
ഭർത്താവു നടന്നതു മത്തകാശിനി കണ്ടു,
ചിത്തമോദാവേശാൽത്തന്നുത്തമസഖിയോടും,
മോടികൾക്കുതകുന്നോരാടകൾ ഭൂഷകളും
പേടിക തന്നിലാക്കിപ്പേടമാൻ മിഴിയാളും,
സഖിക്കു ഭാരമാക്കി പ്പതിക്കു പിമ്പെച്ചെന്നാൾ,
ഒഴിക്കാവതോ ദൈവം പകക്കിലൊരുവനും ?
നാലഞ്ചു ദിനമേവം പാലഞ്ചും വാണിയോടും
ശീലം ചഞ്ചലിപ്പവൻ കാലഞ്ചിപ്പോകും വിധൌ,
ദുർജ്ജനാഗ്രണിയവൻ നിർജ്ജനാടവി പുക്കു,
മജ്ജനം ചെയ്തീടുവാൻ സജ്ജനായ് പാപാർണ്ണവേ ;

---

1 തന്മകൾ എന്നു് മം. പ്ര.

2 പണിക്കു എന്നു് രണ്ടു പ്രതികളിലും കാണുന്നു (?)

ചിത്തദുർവ്വിധനൊരു ഗർത്തസന്നിധൌ ചെന്നു,
നൽത്തരുച്ഛായതന്നിൽ മത്തകാശിനിയോടും,
ഇരിക്കുന്നതുനേരം സ്മരിക്കാവതല്ലവൻ
തെരിക്കെന്നെഴുന്നേററു ചിരിക്കും ദയിതയെ
തടിച്ച ലതകൊണ്ടു പിടിച്ചുകെട്ടിപ്പര-
മടിച്ചു കൂപംതന്നിൽ പിടിച്ചു തള്ളീടിനാൻ.
പേടികാമെടുത്തുടനൂഢകോപനായുടൻ,
ചേടിയെപ്പിടിച്ചതിൽ കൂടവേ തള്ളീടിനാൻ.
വധിച്ചും ധനമപഹരിക്കുന്നവർക്കുണ്ടോ
തനിക്കുള്ളവരിലുമുദിക്കും കൃപാങ്കുരം ?
എടുത്തു ധനം ദുഷ്ടനടുത്തു നിജഗൃഹം,
മടുത്തേന്മൊഴിമാർക്കു കൊടുത്തു തുടങ്ങിനാൻ,
ശീലസൌജന്യമാളും ബാലയാം തൽപത്നിയും
ചാലവേ നിൽക്കും ലതാജാലമാശ്രയിക്കയാൽ
മരിച്ചീല, ഹോ കഷ്ടം! മരിച്ചു തദ്ദാസിയും,
ധരിച്ചു ശോകം ബാലാ കരച്ചിൽക്കാരംഭിച്ചു.
കരണവിവശയാം തരുണീമണി തന്റെ
മരണമടുത്തുള്ള [1] കരുണാക്രന്ദംകേട്ടു,
അണഞ്ഞു കൂപാന്തികേ തിരഞ്ഞു ചില പാന്ഥർ
തുനിഞ്ഞൊരഴലേററം പിണഞ്ഞോരെയും കണ്ടാർ.
വള്ളിയും ചുററിപ്പിടിച്ചുള്ളിലാധിയാമൊരു
കൊള്ളിയും ധരിച്ചലം തുള്ളുമത്തന്വംഗിയെ
കിണററിൽ നിന്നങ്ങുടൻ കയററുന്നേരമുള്ളിൽ
പയററുന്നഴൽക്കേററം കയററമുണ്ടായ്‌വന്നു.
അഗണ്യധനമുള്ള ഹിരണ്യപുത്രൻതന്റെ
ശരണ്യതനൂജയെന്നിവണ്ണമറിഞ്ഞവർ,
ആശ്വസിപ്പിച്ചു നന്നായ് വിശ്വസിപ്പിച്ചു പാരം
നിശ്വസിപ്പോരു ബാലാം വിശ്വസഞ്ചാരവാന്മാർ.
പെരികെക്കേഴുന്നോരു ചുരികാർകുഴലാളെ—
ത്തിരികെ ജനകൻ തന്നരികത്താക്കീടിനാർ.
താതനുമതുനേരം ചേതസി താപം പൂണ്ടു,
കാതരയായ ബാലാ സാദരം വണങ്ങിനാൾ.

---

[1] കരുണാരവംഎന്നു് ക. പ്ര.

[1] ഊരവ്യന്താനും മനോഘോര വ്യാധിമാനായി-
പ്പാരം വേപഥു പൂണ്ട താരാർവേണിയെക്കണ്ടു
അററമില്ലാത ദുഃഖം മുററുമുണ്ടാകമൂലം
ചെററു വന്നടുക്കവേ മുററുമിങ്ങനേ ചൊന്നാൻ :—
"എങ്ങു പോയ് നിന്റെ കാന്തൻ മംഗലാപാംഗി ! [ചൊൽക,
ഇങ്ങിനെ ഖേദിപ്പാനെന്തംഗനാതിലകമേ !"
അനുകമ്പാംഭോനിധി ജനകൻ പറഞ്ഞതു
കനകാർചില്ലി കേട്ടിട്ടനുതാപേന ചൊന്നാൾ :—
പതിയും ഞാനുമായിട്ടതിയായ് മേളിച്ചുടൻ
പഥി യാനം ചെയ്യുമ്പോൾ വിധിയിൻ ബലത്തിനാൽ
കള്ളന്മാർ ചിലരപ്പോളുള്ളിൽക്കാളുന്ന മോഹാൽ
വെള്ളത്തിലൂർമ്മിപോലെ തുള്ളിച്ചാടിസ്സരോഷം
അടുത്തു ഭൂഷാഗണമെടുത്തു സസംഭ്രമം
പിടിച്ചെൻ കാന്തനേയുമെടുത്തു പോകും വിധൌ,
പരിചാരികതാനും പരിചോടെൻ കാന്തനെ—
പ്പിരികയസാദ്ധ്യമെന്നരികെ നടകൊണ്ടാൾ.
പാന്ഥന്മാരാധാരമായ് കാന്താരാന്തരത്തിൽ നി-
ന്നന്തരതാപത്തോടും ഞാൻതനിച്ചിങ്ങുപോന്നു.
അംഗനാമണീവാചമിങ്ങിനെ കേട്ടനേരം,
തുംഗനാമൂരുജാതനങ്ങനുസരിച്ചുടൻ,
കണവനില്ലായ്കിലുമണിവാർകുഴലിക്കു
മണി വെച്ച മാല്യങ്ങൾ അണിവാൻ നൽകീടിനാൻ.
ചതിയെച്ചെയ്തുപോയ പതിയെ ധ്യാനിച്ചുള്ളിൽ
അതിയാതന പൂണ്ടു മതിനേർമുഖിയാളും
നീറമാധിയാൽ വേകുമാറു വാഴുന്നാൾ,പതി
വേറുപെട്ടന്നുതൊട്ടിട്ടാറുമാസം കഴിഞ്ഞു.
ധനദത്തനും തദാ ധനമെപ്പേരുമോരോ
വനിതാജനത്തിന്നു ജനിതാനന്ദമേകി,
ഒടുങ്ങീടിന കാലം മടങ്ങീടാത്തമോഹാൽ
അടങ്ങീടാത്തവണ്ണം തുടങ്ങീ ദുർവ്വിചാരം.

---

[1] ഊരവ്യൻ = വൈശ്യൻ.

" പണ്ടൊക്കം മൂലമാർക്കു ബന്ധുത്വ മുണ്ടാകുവാ-
നെന്തു ചെയ്യാജ്ജിപ്പു ഞാനന്തമില്ലാത്ത വിത്തം ?
ധനത്തെക്കൊടായ്കിൽ ഞാൻ കനത്തോടിരിക്കയി-
ല്ലനർത്ഥമിദം മമ മനസ്താപനമൂലം.
തിരഞ്ഞാൽ ശ്വശുരനെയൊഴിഞ്ഞു മററാരെയും
പരം ഞാൻ കണ്ടീലർത്ഥം വിരഞ്ഞു തന്നീടുവാൻ.
തനയ മരിച്ചതുമനയനറിഞ്ഞീല,
ജനയേ ഞാനുമവന്നനയാ കുതൂഹലം.
വല്ലതുമവാംപേരും ചൊല്ലി ഞാനവനോടു
മെല്ലവേ ചെന്നു വിത്തം വല്ലതും വാങ്ങിപ്പരം,
ചോരണം ചെയ്യും ചില മാരണം ചെയ്യും മന:—
പൂരണമായ ധനമേറെ ഞാനാജ്ജിക്കുന്നേൻ.
ഇത്തരം നിനച്ചവൻ സത്വരം പുറപ്പെട്ടു,
ചിത്തരമ്യങ്ങളോരോ പത്തനങ്ങളും കണ്ടു,
നടന്നു നടന്നു ചെന്നുടൻനൽപ്പൂന്തേന്മൊഴി
കിടന്നു കേഴും ഗൃഹം തുടന്നോരനന്തരം,
കാന്തനെ ദൂരത്തുന്നേ കാന്തലോചന കണ്ടു,
താന്തയെന്നിരിക്കിലും താൻതനിച്ചോടിവന്നു,
തടികളും കാമാധിയാൽ[1] പൊട്ടുക്കെന്നാശ്ലേഷം ചെ-
യ്യുടക്കമായ വാക്യമൊട്ടുക്കമൊന്നു ചൊന്നാൾ :—
" നീചമാനസനായ നീ ചെയ്യോരവസ്ഥകൾ
വാചാ ഞാൻ പറവതുമാചാരമല്ലെന്നോർത്തു,
പിച്ചയല്ലെടോ പുനരുച്ചരിച്ചീല ഞാനും,
ത്വച്ചരിത്രങ്ങളൊന്നുമച്ഛനുമറിഞ്ഞീല.
മുഷ്കരതരന്മാരാം തസ്കരജനങ്ങളും
ധിക്കരിച്ചുട്ടത്തുടൻ ത്വൽകരഗ്രഹം ചെയ്തു
കാടതിൽ കൊണ്ടുപോയി പ്പേടികയോടുംകൂടി-
പ്പേടിപൂണ്ടോടി ഞാനും വീടകം പുക്കീടിനേൻ.
എന്നു ബോധിപ്പിച്ചു ഞാനന്നു താതനെ നീയു-
മിന്നതിനൊത്തവണ്ണമൊന്നൊഴിയാതെ ചൊൽക.
ഇനിമേലെന്നാകിലും ജനിതാനന്ദം വാഴ്ക
ജനകാന്തികെ ദൌഷ്ട്യം മനസാ ചിന്തിക്കൊലാ "

---

1 കാമാഗ്നിയാൽ എന്നു മം. പ്രം.

മരിച്ചീടിനാളെന്നു നിനച്ചോരാത്മകാന്ത
ചിരിച്ചു ചൊല്ലുമ്മൊഴി ധരിച്ചപ്പേരുമവൻ,
"അപരാധങ്ങളെല്ലാം ക്ഷമിക്കെ" ന്നുരചെയ്തി-
ട്ടപ്പനെന്നപോലെ ശ്വശുരൻതന്നെക്കണ്ടു.
കഴിഞ്ഞ വൃത്താന്തവും പറഞ്ഞു വാണീടിനാർ,
കുറഞ്ഞൊന്നെന്നാകിലുമറിഞ്ഞീലാരും സത്യം.
കുറച്ചു ദുഷ്ടാചാരം, മറച്ചു നിജാഗ്രഹം,
മറിച്ചു നിനച്ചോരോന്നുറച്ചു സസംഭ്രമം,
ശാന്തമാനസയായ കാന്തയോടൊരുമിച്ചു
സന്തതമോരോ മാരബന്ധുരലീലചെയ്തു,
മധുപാനവും ചെയ്തു വിധുബിംബാസ്യ തന്റെ
മധുരഭാവമോരോന്നധികം പ്രശംസിച്ചു,
[1] ദ്യൂതസേവയും ചെയ്തു ചൂതസായകമേറ്റു
നീതമായൊരു കാലമേതുമൊന്നറിഞ്ഞീല.
ഒരുനാളർദ്ധരാത്രൌ കരുണാഹീനനവൻ
അരുണാധരി കിടന്നരനാഴിക നേരം
നിദ്രയെച്ചെയ്യുന്നേരം, വിദ്രുതമെഴുന്നേറ്റു
ഭദ്രമാം ഖഡ്ഗമെടുത്തദ്രിസംകാശചിത്തൻ,
കഴുത്തുമറുത്തുടനെടുത്താഭരണവും
തനിക്കാവോളമെടുത്തകത്തുള്ള വിത്തവും
പുറത്തു പുറപ്പെട്ടു കറുത്തോരന്ധകാരേ
നിരസ്താശംകംപരം തരത്തിലോടീടിനാൻ.
"കഷ്ടമിങ്ങിനെ മഹാദുഷ്ടതചെയ്യുന്നവ-
രിഷ്ടരായ്ഭവിക്കുമോ ശിഷ്ടപാലക? വിഭോ?"
ഇങ്ങിനെ ശുകാംഗന തൻ ഗിരം കേട്ട നേരം
മംഗലൻനരാധിപൻ തുംഗസമ്മോദപൂർവ്വം
ശുകത്തെ പ്രശംസിച്ചു മുഖത്തിൻനേരെ നോക്കി
നഖത്തെപ്പുചിപ്പിക്കും പ്രശസ്തപ്രതാപവാൻ,
"നിന്നുടെ മതം ചൊല്ലീടെ," ന്നതു കേട്ടനേരം
മന്ദഹാസവുംപൂണ്ടു സുന്ദരശുകം ചൊന്നാൻ:—
"സങ്കട വിനാശന! പങ്കജവിലോചന!
നിങ്കഴൽ തൊഴുതു ഞാനെങ്കിലൊ ചൊല്ലീടുന്നേൻ.

[1] ദ്യൂതദേവനം എന്നു മം. പ്രം.

അതിരമ്യമായ് ഹംസവതിയെന്നൊരു പുരി
മതിമൻ ! പുരാ വസുമതിയിലുണ്ടായ്വന്നു.
അന്നതിൽ ധനദത്തനെന്നതിപ്രസിദ്ധനായ്
ഉന്നതൻ വണിഗ്വരൻ നന്ദിതധനാധിപൻ
തഴച്ചാമോദത്തോടും സുഖിച്ചു വാഴും കാലം
തനിച്ചു മനോരഥം നിനച്ചാനോരോന്നേവം :—
“ സന്താനമില്ലായ്കിലും സന്താപമില്ല മമ
പൈന്തേനിൻ മൊഴി കന്യാസന്താനമുണ്ടാകയാൽ
സമുദ്രദത്തനൊഴിഞ്ഞിവൾക്കു യോഗ്യൻ വരൻ
സമുദ്രാന്തരം തന്നിലൊരുത്തനില്ല നൂനം.
അവനു കൊടുത്തു ഞാനവനെത്തന്നെ മമ
ഭവനത്തിന്നുമുടയവനായ് കല്പിക്കുന്നേൻ !
എന്നുറച്ചവനതിസുന്ദരിയായ നിജ
കന്യകതന്നെ പുനരന്നവന്നേകീടിനാൻ.
താരുണ്യത്തരുക്കൊമ്പിൽ ചേരും മഞ്ജരിയിവൾ
ആരെന്നൂഹിക്കാവല്ല, താരാർമാതിനു തുല്യ,
കുതുകോപേതാ വസുമതിയുമതുകാല-
മതിമോദത്തിന്നൊരു നിധിയായ് വാഴുന്നു നാൾ,
സമുദ്രദത്തൻ മോദസമുദ്രേ നിമഗ്നനായ്
സുഭദ്രൻ ശ്വശുരനോടമുദ്രമുരചെയ്തു :—
“ ഗൃഹത്തിലുള്ള സുഖം മഹത്തിൽപ്പോലുമില്ല,
മഹതാമുള്ളോരേവമിഹത്തിൽ ചൊല്ലീടുന്നു.
എന്നതുമൂലം ഞാനും ചെന്നു വൈകാതെ വരാ-
മിന്നതിന്നനുവദിച്ചെന്നെയുമയയ്ക്കേണം. ”
അന്നേരം ചൊന്നാൻ പുകഴൊന്നേറും ശ്വശുരനും
“ ചെന്നേറെ വൈകാതെ നീ വന്നേ രഞ്ജിപ്പൂ ചിത്തം
ചേണാർന്ന കുമാരിയും കാണാഞ്ഞു് നിന്നെക്കാമ-
ബാണാതങ്കവും പൂണ്ടു കേണാൽ ഞാനെന്തു ചെയ്യും ? ”
ഇഷ്ടമായ്ച്ചൊന്നതെല്ലാം കേട്ടു തജ്ജാമാതാവും
ഒട്ടും വൈകാതെ പുറപ്പെട്ടു തൻ ഗൃഹം പുക്കു
കുറഞ്ഞൊന്നേവം കാലം കഴിഞ്ഞോരനന്തരം,

[1] ഹംസാവതി എന്നു് ക. പ്ര. ; ഹംസപതിയെന്നു് മം. പ്ര.

ഒരു നാൾ സൌധാഗ്രത്തിലിരുന്നു കൃശോദരി
കിളിവാതിലും തുറന്നുളവാം കുതൂഹലാൽ
കളവാണിയുമോരോ കളി കണ്ടീടും വിധൌ,
ഒരു ഭൂസുരാത്മജൻ പുരഭൂഷണനതി-
നഭസം ചരിപ്പതു കരഭോരുവും കണ്ടാൾ.
ചടുലാപാംഗിചിത്തേ കഠിനൻ കാമദേവൻ
ഉടനെ കടന്നോരൊ നടനമാരംഭിച്ചു.
അക്കാലം സുശ്രോണിയും ദുഷ്കാലം തനിക്കെന്നോ-
ർത്തക്കോലംമൂലം കാമൻ മുഷ്കാലംബിച്ചതെല്ലാം
തന്നുടെ സഖിയോടങ്ങൊന്നൊഴിയാതെ ചൊന്നാൾ :—
"ഇന്നു നീ തുണയായ്കിലെന്നുടെ നാശം വരും.
ധരണിക്കലങ്കാരം തരുണനിവനെന്റെ
രമണനായീലായ്കിൽ മരണമുടൻ വരും.
അത്ഭുതമിവനൊരു സർപ്പമോ ചൊല്ലു തോഴി?
നിർഭരം വിഷവ്യാപ്തം മൽപരം ശരീരവും.
ഒട്ടുമേ വൈകീടാതെ ചെന്നു നീ ചൊല്ലീടേണം
മട്ടലർബാണമേറ്റോരെന്നുടെ വർത്തമാനം.
ശ്രദ്ധമായൊരു ദിനം ഗാഢമായാലിംഗന-
മൂഢകൌതുകം ചെയ്വാൻ ചേടി! ചൊല്ലെന്തുപായം?
മദനൻ തനിക്കൊരു മദനനിവൻതന്റെ
വദനം കാണ്കമൂലം സുദിനം ദിനമിദം.
മുല്ലസായകനോടു തുല്യനാമിവനെയെൻ
വല്ലഭനാക്കീടുവാൻ വല്ലതും വേലചെയ്ക."
മന്മഥാതങ്കം പൂണ്ട തൻ മനോരഥം കേട്ടു
സമ്മതിച്ചതിദ്രുതമമ്മഹളേയും തദാ,
വിപ്രബാലകൻതന്നോടിപ്രകാരങ്ങളെല്ലാം
ക്ഷിപ്രമങ്ങുരചെയ്താളപ്രിയമല്ലായ്കയാൽ.
ഒക്കെയും കേട്ടു ബോധിച്ചക്കുമാരകൻ താനും
വെക്കമക്കാമിനിക്കുള്ളുൾക്കണ്ണയൊഴിക്കുവാൻ,
ആരുമങ്ങറിയാതെ ഘോരമാമന്ധകാരേ
മാരമാൽ തേടും നാരീചാരുമന്ദിരംപുക്കു,
[1] കരണവിവശനായരുണാധരിയായ

---

[1] കരുണാ വിവശനായ് എന്നു് മം. പ്രം.

തരുണീമണിതന്നെ ശരണമെന്നോർത്തവൻ,
നിത്യവും മനോഭവമത്തനായ് ദിനാത്യയേ
മത്തകാശിനി തന്റെ ചിത്തരഞ്ജനംചെയ്തു.
മാരന്റെ ബാണമേററിട്ടോരോരോ നാരീജന-
മാരായും ദുർവ്യാപാരമാരാനും തടുക്കുമോ ?
ഭാസുരാകാരനായ ഭൂസുരാത്മജനുമായ്
വാസരംതോറും രമിച്ചാസുരശീലാ ബാലാ-
ഒട്ടുനാളിതുപോലെ മട്ടോലും മൊഴിയാളു-
മിഷ്ടനാം ജാരനോടു മുട്ടാതെ വിഹരിച്ചു,
രസിച്ചു നിരന്തരം വസിച്ചീടുന്ന കാല-
മൊഴിച്ചുപോയ കാന്തൻ തിരിച്ചു വന്നീടിനാൻ.
ധനിസത്തമനായ ധനദത്തനും കണ്ടു
മനസി താരാവാനായ് ഘനസൽക്കാരം ചെയ്തു.
രാത്രിയും വന്നു വരഗാത്രിയുമതുനേരം
ധാത്രീദേവനെച്ചിന്തിച്ചാർത്തിയും തേടീടിനാൾ.
മന്മഥാഹവം ചെയ്വാൻ വന്മനോരഥം ധരി—
ച്ചമ്മഹാവൈശ്യാത്മജൻ ധർമ്മവല്ലഭാന്തികേ,
വാരുണീപാനവും ചെയ്തേറിനോരഭിലാഷ-
പൂരണത്തോടെ മാല്യധാരണം ചെയ്തു ചെന്നാൻ.
ശയനീയത്തിന്മീതെ ശയനം ചെയ്യോരേണീ-
നയനാം കണ്ടു പാരം നയനാനന്ദത്തോടും
ചാരവേ ചെന്നു പാരം ചേരവേ കിടന്നപ്പോൾ,
[1] ഉരുവേപഥുവോടെ ഭീരുവും സസംഭ്രമം
കൈകളും കാലും കൂച്ചിക്കൈതവസന്താപത്തോടെ,
സൈകതശ്രോണീഭാരാ വൈകൃതം കാട്ടീടിനാൾ.
കായത്തിലൊരേടത്തും ന്യായത്തെച്ചൊല്ലിത്തൊട്ടാൽ
പേയെത്തുംപോലെ മഹാമായത്താൽ സങ്കോചിക്കും.
കപടസുരതത്തിൽ പടുത നിനച്ചുടൻ
നെടുതായ്‌വീർത്തും മനോഘടിതം ദുഃഖമോർത്തും,
കിടക്കുന്നതു കണ്ടിട്ടൊട്ടുക്കമില്ലാത്തൊരു
[2] മടക്കത്തോടുമവൻ കടുക്കക്കണ്ടുചൊന്നാൻ :—

---

[1] ഊരുവേപഥു എന്നു് മം. പ്ര.
[2] മടുക്കം എന്നു് മം. പ്ര.

‘‘എന്തെടോ കൃശോദരീ ! ചന്തമേറീട്ടും മുഖം
മറന്ത ! നീ മറയ്ക്കുന്ന കിന്തു ഞാൻ പിഴച്ചിതോ?
കാലത്തിൻ വിളംബനമല്ലത്താൽ കോപിക്കൊലാ,
[1] ചാലത്തിങ്ങെത്തായ്കയാൽ മാലെത്തുമ്മാറിരുന്നു.
നിന്നുടെ വിപ്രയോഗം തന്നുടെ മഹിമയാൽ
മന്നിടംതന്നിലെങ്ങുമെന്നുടെ മനം ചേരാ !
ഇത്തരം പലതരം വിസ്തരിച്ചുരചെയ്തി-
ട്ടർദ്ധരാത്രിയും വന്നു മുഗ്ദ്ധക്കില്ലേതും രോഷം.
മററൊരു പുരുഷനിൽ മുററുമാഗ്രഹം പൂണ്ട
കററവാർകുഴലിമാരിഷ്ടമാചരിക്കുമോ ?
അക്കണക്കാകുന്ന നാം മൂർഖന്മാർക്കനുരാഗം
മൈക്കണ്ണീജനങ്ങളിൽ മിക്കതുമേററമുണ്ടാം.
ഇച്ഛ പൂണ്ടേവമവനുച്ചരിച്ചീട്ടന്നേരം,
അച്ഛനെ ഭയപ്പെട്ടു കററവാർകുഴലാളും,
വിരുന്നു വന്നു രതിക്കിരന്നീട്ടന്നോരേനം
മരുന്നുപോലെ സേവിച്ചിരുന്നു കൃശോദരി.
ഛലനം പെരുത്തവാം ചിലനാളിതുപോലെ
മലിനാംഗിയായ് ദുഃഖകലനം ചെയ്യുന്ന നാം,
ചോരകാമുകൻതന്നിൽ പാരമാശയാലതി-
മാരമാൽ പൂണ്ടു ചെററും സ്വൈരമെന്നിയെ തദാ,
ഭൂസുരബാലാന്തികേ വാസരാവസാനത്തിൽ
ഭാസുരാകാരയായ ദാസിയെ നിയോഗിച്ചു.
രാത്രിയിലുപവനധാത്രിയിൽ വന്നു മദ-
നാർത്തിയെത്തീർപ്പാൻ വരഗാത്രിയുമുറപ്പിച്ചു.
തരണി മറവതും തരുണീമണി നോക്കി-
ക്കരണീയവും മറന്നരുണാധരി വാണു.
അസ്തമിച്ചനന്തരം സ്വസ്ഥചിത്തയായുടൻ
മത്തകാശിനി തന്റെ മെത്തമേൽ ചെന്നിരുന്നു,
ക്ലാന്തമാനസനായ കാന്തനെ വിളിച്ചു ത-
ന്നാന്തരം മറച്ചവാം ശാന്തയായൊന്നു പുൽകി,
മധുരോത്തരമായ മധുവും സേവിപ്പിച്ചു;
മതിയും മറന്നവനതിനാലുറങ്ങിനാൻ.

---

1. ചലത്തു് (?) ചാലെ എന്നർത്ഥത്തിലായിരിക്കുമോ ?

സദ്യോ മന്മഥാൎത്തി പൂണ്ടുദ്യാനേ പോയീടുവാൻ
ഉദ്യൽകൌതുകത്തോടുമുദ്യോഗിച്ചെഴുന്നേററു,
അൎദ്ധരാത്രിയാം നേരം മുഗ്ദ്ധഗാത്രിയും സ്മര-
മുഗ്ദ്ധയായുറപ്പെട്ടു സത്വരം നടകൊണ്ടാൾ.
അന്നേരം വണിക്കിന്റെ ഭണ്ഡാരം മോഷ്ടിപ്പാനായ്
വന്നാരുമറിയാതെ നിന്നോരൈകാഗാരികൻ.
കലരും മദാവേശാൽ പുലരുവോളമിവൻ
ഉണരുന്നല്ലെന്നോൎത്തു തളിരൊത്തധരിയാം.
[1] മട്ടില്ലാതൊരു മാരമുട്ടെല്ലാം ധരിച്ചുടൻ
ഒട്ടല്ലാതലങ്കാരമിട്ടുള്ള തരുണിയെ
കണ്ടു കൌതുകഭാരം പൂണ്ടവനതുനേരം
കൊണ്ടൽവേണിയെക്കുറിക്കൊണ്ടു പിമ്പെ തുടൎന്നു.
തീരാ മന്മഥാതങ്കമാരാൽ മേളിച്ചു മേവും
ആരോമൽമൊഴിയാളുമാരാമം പുക്കീടിനാൾ.
ഉള്ളിൽ കൌതുകം പാരമുള്ളതു നിമിത്തമായ്,
കള്ളനുമുപവനപ്പള്ളയിൽ ചെന്നുനിന്നു.
കന്നൽനേർമിഴിയാളും ചെന്നുപവനസ്ഥല-
മൊന്നൊഴിയാതെ തിരഞ്ഞങ്ങിനെ ചെല്ലുന്നേരം
കഴുത്തിൽ കയറിട്ടു മരത്തിൻ കൊമ്പിൽ തൂക്കി-
ത്തരത്തിലാടീടുന്ന ധരിത്രീസുരം കണ്ടു.
ഇക്കള്ളൻ തന്നെ മുന്നമക്കള്ളൻ തന്നെക്കൊന്നു,
ദിക്കുള്ളേതാരുണ്ടോ ചോരന്മാൎക്കുള്ള [2] മറികളിൽ ?
പ്രാണനെ പരസ്പരം [3] ക്രീണനംചെയ്യും ജാരൻ
പ്രാണനെ ത്യജിക്കയാലേണനേർമിഴിയാളും
ഇടിവാളുള്ളിൽക്കടന്നുളവായ് നിലത്തുവീ-
ണുടനെ വിലാപവും കഠിനമാരംഭിച്ചു:—
"ജീവനായക ! തവ ജീവനാശാനന്തരം
ജീവധാരണം മമ കേവലം പരിഹാസം
സുധയെ ജയിപ്പോരു മധുരമായ വാക്യം
മധുരാകൃതേ ! ഭവാനെതിരായുരചെയ്ക.

[1] 'മട്ടീടാതൊരു' എന്നു പാഠാന്തരം. (മം. പ്ര.)
[2] 'മറികയിൽ' എന്നു പാഠാന്തരം.
[3] 'ക്രീഡനം' എന്ന പാഠം (മം. പ്ര.) ശരിയല്ല.

നിന്നെയും പിരിഞ്ഞു ഞാൻ പിന്നെയും മഹീതലം
തന്നെയാഗ്രഹിക്കില്ലോ ഖിന്നയായ്‌വരും ദൃഢം.
എന്നെയും കൊണ്ടങ്ങുപോയ് നിന്നെയും കാട്ടീടുവാൻ
പിന്നെയും വണങ്ങുന്നേൻ പിന്നെയും ദൈവത്തെ [ഞാൻ.
ഘോരമാം [1] സംപ്രഹാരം മാരനാരംഭിക്കുമ്പോൾ
ആരെനിക്കാലംബനം മാരസുന്ദരാകാര!"
ഇത്തരം വിലാപം ചെയ്യുത്തരുണിയും പുന-
രത്തരുക്കൊമ്പിലാടും ചിത്തവല്ലഭൻ തന്നെ
ഇറക്കി ക്ഷമാതലേ മുറുക്കപ്പുണർന്നുടൻ,
"ഉരിക്ക ഭവാനേററമുറക്കമെന്തിങ്ങിനെ?"
എന്നുരചെയ്തു പുനരൊന്നു ചുംബിച്ച നേരം
സുന്ദരിതൻെറനാസാ ചെന്നു തദ്വക്ത്രാന്തരേ.
[2] ശവത്തിൽ പിശാചത്തിന്നവശ്യാവേശത്തിനാൽ
വശത്തിൽ ദന്തങ്ങളും മുറുക്കീശ്ശവം തദാ
അറുത്തു മൂക്കുമപ്പോൾ കറുത്ത മുഖത്തോടും
വെറുത്തു ബാലാ ഗൃഹാന്തരത്തിൽ പുക്കീടിനാൾ.
രമണനറിയാതെ ശയനീയൈകദേശേ
രമണീകിടന്നതിക്രമശാലിനീ കഷ്ടം!
അധികം മുറവിളിച്ചതു കേട്ടോടിച്ചെന്നാർ
മതിനേർമുഖിയാളിന്നരികെ സഖികളും.
അച്ഛനമ്മയുമൊരുമിച്ചതുനേരം ചൊന്നാൾ
തച്ചരിത്രങ്ങളെല്ലാം കററവാർകുഴലിയും:—
"ഉദ്ധതനിവനെന്നിൽ ബദ്ധമാം വൈരത്തിനാൽ
അർദ്ധരാത്രിയിൽ പാരം ക്രുദ്ധനായഹോ കഷ്ടം!
അടിച്ചും പലതരമിടിച്ചും ഒടുക്കത്തു
പിടിച്ചു മന്നാസികാം കടിച്ചു നുറുക്കിനാൻ.
പോരുമിങ്ങെനിക്കിനിപ്പാരിലുള്ളൊരു വാസം,
നാരിമാർക്കുണ്ടോ സുഖം ഭർത്തൃവൈരൂപ്യം വന്നാൽ?"
അക്കോലാഹലമെല്ലാം മിക്കതും കേട്ടുണർന്നു
ദുഃഖിക്കും ജാമാതാവെ ധിക്കരിച്ചെല്ലാവരും

---

[1] സംപ്രഗാരം എന്നു മം. പ്ര.

[2] 'ശവത്തിൻ' എന്നു പാഠാന്തരം.

[1] ചൊടിച്ചു പഴിച്ചുടൻ പിടിച്ചു കെട്ടിപ്പാരം
തടിച്ച ശോകം ചേരും തടിത്തുല്യാംഗിയോടും
പലരുമൊരുമിച്ചു പുലരുന്നേരമക-
മലരിലതിമാത്രം കലരും ശോകാവേശാൽ
മന്നവനിരുന്നീടും ധന്യമന്ദിരം പുക്കു
കന്നൽനേർമിഴിയാളെത്തന്നെയും കാട്ടീടിനാർ.
വർത്തമാനവും കേട്ടു പാർത്ഥിവപുരുഷന്മാർ
കൃത്തനാസികയായ സുന്ദരിയേയും കണ്ടു,
തൽപതിയോടു പുനരപ്പരിചുണ്ടായവാ-
റുല്പന്നകോപം ചോദിച്ചപ്പൊഴുതവൻ ചൊന്നാൻ :—
"അയ്യയ്യോ! കഷ്ടം കഷ്ടം! തയ്യലിൻ നാസാച്ഛേദം
പൊയ്യല്ല ചെയ്തില ഞാൻ ചെയ്യാമോ ദുർവ്യാപാരം?
കനത്തോരുറക്കത്തിൽ ജനിച്ചോരവസ്ഥയിൽ
എനിക്കില്ലപരാധം നിനക്കിലല്പംപോലും"
ഗൽഗദാക്ഷരമവൻതൻ ഗിരമേവം കേട്ടു
ഭഗ്ഗിതെന്നോർത്തമാത്യവർഗ്ഗവുമുരചെയ്തു
കഷ്ടമെത്രയും തവ ദുഷ്ടത നിനക്കുമ്പോൾ
കിട്ടുമോ നിനക്കേവം മറെറാരു തരുണിയെ?
കററവാർകുഴലിമാർ കുററമാചരിക്കിലും
മുററുമിവ്വണ്ണമോരോ നിഷ്ഠുരമാരു ചെയ്വൂ?
ഇല്ലിനിപ്പരം തവ തെല്ലുമായുഷ്യകാലം,
വല്ലതും പറഞ്ഞാം നീ നല്ലവനായീടുമോ?"
നരനാഥനും കേട്ടു തരസാ നിഗ്രഹിപ്പാൻ
വിരളപ്രബോധനായരുളിച്ചെയ്തീടിനാൻ.
അക്കഥാപരിണാമമൊക്കെയുമറിവാനായ്
തക്കമോർത്തങ്ങു നില്ക്കും തസ്കരൻ താനും തദാ
മന്നവൻ പുരോഭുവി ചെന്നുടനുരചെയ്താ-
"നെന്നുടെ വചനവുമിന്നു കേട്ടരുളേണം,
പറയാം പരമാർത്ഥമറിവാൻ പണിയില്ല,
[2] അറിവുള്ളതു ഭവാനറിവാൻ പൊറുക്കേണം.

[1] 'നടിച്ചു' എന്നു പാഠാന്തരം.

[2] 'മറിവുള്ളതു' എന്ന പാഠാന്തരം കുറച്ചുകൂടി നല്ലതാണ്.

ഏഷണി ചൊൽകയല്ല, മോഷണം കാമിച്ചട-
[1] നേഷതൻ ഗേഹം തന്നിൽ വേഷവും മാച്ചു നിന്നേൻ.
അർദ്ധരാത്രിയാം നേരം മുഗ്ദ്ധഗാത്രിയാമിവൾ
ബദ്ധരാഗേണ രതിലുബ്ധയായ്പുറപ്പെട്ടു,
ആരുമേ കൂടാതെകണ്ടേറുമാ[2] ശ്ചര്യേണ ഞാൻ
ദൂരതോ മറഞ്ഞുകൊണ്ടിന്നാരി പിമ്പേ ചെന്നു.
അടുത്തുള്ളുദ്യാനത്തിൽ മട്ടത്തേൻവാണി പുക്കു,
കടുത്ത കുതുകത്തോടടുത്തു ഞാനും തദാ.
അതിലുണ്ടൊരു ശവ[3]മതിനെച്ചെന്നു പുൽകീ-
ട്ടതിസംഭ്രമത്തോടും [4] പ്രതിചുംബനം ചെയ്തു
ശവത്തിൻ വായിൽ പുക്കോരിവൾക്കുള്ളൊരു നാസാ
ജവത്തോടറുകയാലബദ്ധം പിണഞ്ഞതും.
സംശയമുണ്ടെന്നാകിൽ അശ്ശവാസ്യത്തിൽ നോക്കി,-
സംശിതമതേ! ഭവാൻ സംശയം തീർത്തീടേണം".
അതു കേട്ടവനീശനധികമകതാരിൽ
കുതുകമുണ്ടാകയാലതികാരുണ്യശാലി
തസ്കരനോടുകൂടെക്കിങ്കരന്മാരെക്കല്പി-
ച്ചങ്കുരിച്ചുയരുന്ന ശങ്കയെത്തീർത്തീടിനാൻ.
"നിർണ്ണയമിവൾക്കുള്ള ശിക്ഷയെച്ചെയ്തു ജവം
കർണ്ണവുമറുക്കിലേ നമുക്കു മതി വരൂ".
എന്നുകല്പിച്ചശേഷം മന്നവൻ ഗൃഹം പുക്കു
വന്നു ഭൃത്യന്മാരവൾകർണ്ണച്ഛേദവും ചെയ്തു.
നാട്ടിൽ നീളവെത്തുടർന്നാട്ടിവിട്ടോരു ശേഷം,
ധാർഷ്ട്യവാൻ ചോരൻതന്നിൽ തുഷ്ടി പൂണ്ടു നരേന്ദ്രൻ
അന്യായമോരോന്നേവം വന്നാകിൽ തിരവാനായ്
തന്നുടെ പുരേ ചോരം ദണ്ഡപാലനാക്കിനാൻ.
ഇങ്ങിനെയുള്ള പാപമങ്ങനേകവും ചെയ്യും
അംഗനാജനത്തെ ഞാനെങ്ങിനെ വിശ്വസിപ്പൂ?

---

[1] ഏഷതൻ = ഇവളുടെ. ഏഷജ്ഞാനേതൽഗൃഹേ എന്നു പാഠാന്തരം.

[2] 'ഏറുമധൈര്യേണ ഞാൻ' എന്നു പാഠാന്തരം.

[3] 'അച്ഛനെ' എന്നു ക. പ്ര.

[4] 'പരി' എന്നായിരിക്കണം.

ശാപവും തീൎന്നു ശുകം ചിത്രസേനനായ്വന്നു
ശാരികതാനും തിലോത്തമയായ്ചമഞ്ഞുതേ ”

*   *   *   *

ഇത്തരമുരചെയ്തു സത്വരം വേതാളവും
അദ്ധ്വരാധിപൻ തന്നോടിദ്ധ്വകൗതുകം ചൊന്നാൻ.
“ പാപത്തിന്നിരിപ്പിടമായതു നാരിമാരോ
ഭൂപതേ! പുമാന്മാരോ? നേരു ചൊല്ലുക ഭവാൻ. ”
അക്കഥ കേട്ടനേരം വിക്രമാദിത്യഭൂപൻ
സൽക്കരിച്ചവൻ തന്നോടിത്തരമുരചെയ്തു.
“ ഒരു സംശയമില്ല, പറയാം പരമാൎത്ഥം,
പുരുഷജനങ്ങളിൽ വിരളമത്രേ പാപം.
പാപത്തെക്കൊണ്ടുതന്നെ ധാതാവും നാരിമാൎക്കു
രൂപത്തെച്ചമച്ചതുമീഷലില്ലതിനേതും. ”
അക്കണെക്കെല്ലാം കേട്ടു വെക്കമപ്പിശാചവും
തൽക്കഴുത്തിന്നു വേറിട്ടത്തരുമുകളേറി

*   *   *   *   *

ദൎപ്പിതാരാതിവ്രാതകല്പപാവകകോപമൻ
ദൎപ്പകാകാരനിട്ടിക്കോമ്പിമന്നവൻ ചൊല്ലാൽ
ഭോഷനെന്നാകിലും ഞാൻ ഭാഷയായ്ച്ചൊന്നേനിതു-
മേഷണി കുറഞ്ഞോൎക്കു തോഷമായ് ഭവിച്ചീടും.

UNIVERSITY LIBRARY
26 APR 1967
MADRAS
192555
42431
032:148
J72
MUL
192555

# നാലാമത്തെ കഥ

പിന്നെയും നരാധിപനത്തരുമുകളേറി-
ച്ചെന്നവനെയും പിടിച്ചാശു കീഴ്പ്പോട്ടിറങ്ങി,
തോളിലാമ്മാറു വെച്ചിട്ടാളുമാമോദത്തോടും
കേളി പൂണ്ടവൻ നടക്കും വിധൌ വേതാളവും
പറഞ്ഞീടിനാനേവ "മറിഞ്ഞീടേണം നൃപ!
കുറഞ്ഞൊന്നല്ല മോഹം നിറഞ്ഞീടുന്നു തവ.
ദുഷ്ടനാം ശ്രമണൻെറ സമ്പർക്കം നിമിത്തമായ്
കഷ്ടമെത്രയും ഭവാനുണ്ടാകുമനർത്ഥവും.
രാത്രികാലത്തു ചിതാധാത്രിയിൽ ചരിപ്പതും
പാർത്ഥിവജനത്തിനു പാർക്കിലിങ്ങുചിതമോ?
ഞാനൊരു കഥ ചൊല്ലാം നീയതും കേട്ടീടേണം
മാനവാരിധേ! മാർഗ്ഗം നീങ്ങുവാനായുംകൊള്ളാം

* * * * *

ഉണ്ടൊരു പുരി ശോഭാവതിയെന്നതിന്നു പേർ
കണ്ടവരാരുമില്ല തത്സമാനമാം പുരം
സീമയില്ലാത്ത രത്നജാലസംബാധ കണ്ടാൽ
ഭൂമീദേവിക്കു ചാർത്തും മാലയെന്നേവം തോന്നും
പണ്ടതിലൊരു നൃപൻ ശൂദ്രകനെന്നു പേരായ്
കണ്ടാലങ്ങവൻ സാക്ഷാൽ തണ്ടലർബാണതുല്യൻ
വൽഗുവാമവൻവീര്യമുൽഗതമാകമൂലം
ഭാർഗ്ഗവാദികൾകഥക്കുണ്ടായി പാരം കാർശ്യം.
അവൻെറ കീർത്തിക്കോർത്താലതലം ചരണവു-
മവനീതലം തന്നെ ജഘനപ്രദേശവും,
ആകാശദേശം തന്നെ മദ്ധ്യദേശമായതും,
നാകലോകം ശിരസ്സെന്നേവരും പറയുന്നു.
ശത്രുമാനിനിമാർക്കു കണ്ണുനീരൊലിപ്പിപ്പാ-
നെത്രയും പണിപ്പെട്ടുമവൻെറ കരവാളം
കണ്ടാൽ തോന്നീടും പ്രതാപാനലൻ തന്നിൽനിന്നു-
ണ്ടായ ധൂമമെന്നു കണ്ടവർക്കെല്ലാവർക്കും
കർപ്പൂരധവളമാമവൻെറ ഭുജം തന്നിൽ

കെല്ലോട്ടു വാണു മഹി ശേഷശങ്കയാ നൂനം.
ഗുണങ്ങാംക്കെല്ലാററിനും കൊട്ടത്തു വപുസ്സിനെ,
വണങ്ങിസ്സത്വത്തിനു വസിപ്പാൻ മനസ്സിനെ.
ത്യാഗത്തിന്നാക്കിടിനാനൈശ്വര്യം ! ഗുണഗണ-
സാഗരം തന്നെ സ്തുതിച്ചിട്ടുവാനാളല്ല ഞാൻ.
സുന്ദരി സോമപ്രഭയെന്നൊരു ദയിതയു-
മന്നരാധിപൻ തനിക്കുണ്ടായി മനോഹരി.
തൽകാന്തി കണ്ടാൽ സോമപ്രഭയും നാണും നൃപ-
ൻാംക്കാമ്പു തന്നെ മണിമന്ദിരമവാംക്കോത്താൽ.
ഭുവനവീരനായോരവനും മഹീതല-
മവനംചെയ്തു സുഖിച്ചരുളീടിനകാലം,
ഒരുനാളസ്ഥാനത്തിൽപ്പെരികെ പ്രമോദം പൂ-
ണ്ടരിനാശനൻ വസിച്ചരുളം ദശാന്തരേ,
[1] ദ്വാരപാലനുംവന്നു സാദരം തൊഴുതുടൻ
ഭൂരിസത്വനാം നരനാഥനോട്ടരചെയ്താൻ
"ധരിക്ക നരേന്ദ്ര! നീ ജയിക്ക പുറത്തൊരു
ധരിത്രീസുതനുണ്ടിങ്ങിരിപ്പു മാളവീയൻ
കണ്ടു സേവിച്ചീടുവാൻ ഉണ്ടവനത്യാഗ്രഹം
കണ്ടകവിനാശന! കൊണ്ടുഞാൻ വരികയോ ?
[2] പ്രതികാരോക്തമേവം പൃഥിവീപതികേട്ടി-
ട്ടതിവേഗേന കൊണ്ടുവരുവാനാജ്ഞാപിച്ചു.
കരവാളവും ധരിച്ചവനീസുരൻ തദാ
നരനാഥൻെറ മുമ്പിൽ ത്വരിതം വന്നീടിനാൻ.
അവിളംബിതം കണ്ടാനവനും നരേന്ദ്രനെ
ധവളാംശുകം പൂണ്ടു കനകാസനസ്ഥനായ്
ദുഗ്ദ്ധവാരിധിതൻെറ വീചികാം പിരണ്ടോരു
മുഗ്ദ്ധമന്ദരാചലം കണക്കെ ഗംഭീരനായ്,
മണ്ഡലജ്ഞയ [3] ശ്രീയാ മന്ദഹാസാഭ ചേരും
പാണ്ഡുരോഷ്ണീഷം ധരിച്ചുത്തമയശോനിധി

---

[1] 'ചാലപാലൻ' എന്നു് ക. പ്ര. (?)

[2] 'പ്രതിഹയ്യക്തം' എന്നായിരിക്കാം. 'പ്രതിഹാരോക്തം' എന്നു പാഠാന്തരം കാണുന്നു.

[3] ശ്രീയിമന്ദഹാസാഭ എന്നു ക. പ്ര. (?)

[1] നാലു ദിക്കിലുമത്ര വേഗമോടുജ്ജ്വലിക്കും
മൌലിയിൽ വിളങ്ങീടും നീലരത്നാഭയാലെ
ദിഗന്തങ്ങളിലുള്ള നൃപതിമുഖങ്ങളിൽ
[2] സമന്തോ നീലിമാനം ധരിപ്പിച്ചിരിപ്പവൻ
അലയും കുണ്ഡലാഭാവലയത്തിനാൽ ലക്ഷ്മീ-
നിലയമായ ഗണ്ഡസ്ഥലവിദ്യോതമാനൻ,
ദിവസകരൻ മേരുശിഖരേ വാഴുംപോലെ
ഭുവനാധിപൻ സിംഹാസനമദ്ധ്യസ്ഥനായി,
നീലരത്നാകാരമാം [3] പാദപീഠാഭയാലെ
നീലമായുജ്ജ്വലിക്കും പാദപങ്കജത്തോടും.
ഹാരമാല്യവും ധരിച്ചേറ്റമാനന്ദമാകും
വാരിധൌ മുങ്ങും നരനാഥനെക്കണ്ടനേരം
വന്ദനപുരസ്സരം ചൊല്ലിനാൻ, "ഞാനുമൊരു
മന്ദനല്ലെന്റെ വൃത്തം കേട്ടാലും നരാധിപ!
മാളവദേശേ വാഴും ഭൂസുരനാകുന്നു ഞാൻ,
നാളീകാനന! നിന്നെക്കണ്ടു സേവിപ്പാൻ വന്നേൻ.
ഖഡ്ഗവുമെടുത്തു ഞാൻ നിത്യവും സേവിച്ചീടാം
വല്ഗുഭാഷണ! ഭവാനൊന്നു ചെയ്യേണം വിഭോ!
രൂപ്യകം ദിനംതോറുമഞ്ഞൂറു തന്നീടേണം
ദീപ്യമാനമാം തവ യശസ്സു മത്തുല്യം."
[4] * * * *
എന്നതു കേട്ടു നരനാഥനും തെളിഞ്ഞു, "നീ-
യിന്നുതൊട്ടിവിടെ വാണീടുകെ" ന്നരുളും ചെയ്തു.
കൊടുത്തു പഞ്ചശതം രൂപ്യകം ദിനന്തോറും
എടുത്തു വാളുമവൻ തൊടുത്തു സേവാക്രമം
അവധി കൂടാതൊരു രൂപ്യകം പരിഗ്രഹിച്ചു-

---

1 'നാലുദിക്കിലുമതിമേളമോടുജ്ജ്വലിക്കും' എന്നു് പാഠാന്തരം-കുറേക്കൂടി നന്നു്.

2 'സമന്താന്നീലിമാനം' എന്നു് മം.പ്ര.

3 പാദപീരാഭ എന്നു ക. പ്ര.; പാദപീഡാഭ എന്നു മം. പ്ര.

4 ഇവിടെ "ബാലികയായിട്ടൊരു പുത്രിയും ഞാനുമൊരു
ബാലനും ദയിതയും നാലുപേരുണ്ടു ഞങ്ങൾ
എനിക്കു നാമം വീരവരനെന്നറിഞ്ഞാലും
ജനിക്കും ശുഭം ഭവാൻ തനിക്കുമസംശയം" എന്നു നാലുവരി കൈയെ-
ഴുത്തു പ്രതിയിൽ വിട്ടുപോയിട്ടുണ്ടു്. മം. പ്രതിയിലുണ്ടു്.

വനാചരിപ്പതുമറിവാൻ നരപതി
ഗൂഢപൂരുഷന്മാരെ കല്പിച്ചോരനന്തരം
ഗൂഢമായവരവഞ്ചാരവേ സഞ്ചരിച്ചു,
അറിഞ്ഞു വർത്തമാനം തെളിഞ്ഞ മനസ്സോററം
പറഞ്ഞു നൃപൻതന്നോടവരും തച്ചേഷ്ടിതം :—
"കേൾക്ക ഭൂപതേ ! വീരവരൻെറ ചരിതം നീ
പാർക്കിലുത്തമനവനെന്നു ഞങ്ങൾക്കു തോന്നി
നിത്യവും സ്നാനം ചെയ്തു നൂറുരൂപ്യകംകൊണ്ടു
സത്യസങ്കല്പൻ മഹാവിഷ്ണുപൂജയെച്ചെയ്യും,
നൂറുരൂപ്യകം ശിവപൂജക്കായ് സമർപ്പിക്കു_
മേറുമാനന്ദാൽ പിന്നെ രൂപ്യകശതദ്വയം
ദിവസന്തോറും ദ്വിജന്മാർക്ക് ദാനവും ചെയ്യും,
[1] ഭവനകൃത്യത്തിന്നു നൂറുരൂപ്യകം ശേഷം.
ഇക്കണെക്കെല്ലാമേ ചെയ്യുപ്പോഴും വിനീതനായ്
തൽകൃപാം കാമിച്ചവൻ നിൽക്കുന്നു [2] പുരദ്വാരേ."
ചാരഭാഷിതം കേട്ടു ഭൂമിപാലകൻതാനും
ഭൂരിമോദത്തോടുമങ്ങേവമൊന്നോർത്തീടിനാൻ.
"സൽപുരുഷനും മഹാവാണിക്കും വിലയില്ല,
ശില്പമെത്രയുമിവൻ ചേഷ്ടിതമോർക്കുന്തോറും.
എന്തു ചെയ്കിലുമിവൻതനിക്കു നിരന്തരം
അന്തരാമോദം വരുത്തീടണമെന്നുറച്ചു".
ഇങ്ങിനെ പലകാലം കഴിഞ്ഞോരനന്തരം
അങ്ങുപാഗതമായി ഘോരമാം വർഷകാലം.
അക്കാലമൊരുദിനമസ്തമിച്ചോരുശേഷം
മിക്കതും മേഘങ്ങളാൽ നിറഞ്ഞു നഭസ്ഥലം,
അന്തകനേറീടുന്ന മഹിഷനിറവും പൂ-
ണ്ടന്ധകാരവും വന്നു നിറഞ്ഞു ദിഗന്തരേ
കടുവാംവണ്ണമുള്ളേളാരിടിയിൻ നിനാദവു-
മിടയിൽ ഭയങ്കരഘന [3] നിഷ്പ്രേഷാഭയും

[1] 'ഭുവനകൃത്യം' എന്നു മം. പ്ര.
[2] 'രാജദ്വാരേ' എന്നു മം. പ്ര.
[3] 'നിർഘോഷാദിയും' എന്നാണ് ക. പ്ര.

മേഘങ്ങളിടയിടെസ്സാകമാരവത്തോടും
[1] ശോകമോഹദം പിശാചാവലി ചരിക്കയും
ഇടതൂർന്നാപതിക്കും ജലധാരയാലുടൻ
ഘടിതവിതാനമായ്‌ ചമഞ്ഞു ദിഗന്തരം
ഊററമേറീടുന്നോരു കാററിനങ്ങിടയിൽ പു-
ക്കേററമോടീടുന്നോരു ഡാകിനീഗണങ്ങളും
അന്നേരം പ്രാസാദത്തിന്നുപരിപ്രദേശാ പു-
ക്കുന്നതാനന്ദമിരുന്നരുളും നരാധിപൻ,
"ആരുള്ളു സിംഹദ്വാരം തന്നിലെ", ന്നുച്ചൈസ്സ്വരം
ഭൂരികാരുണ്യശീലൻ വിളിച്ചു ചോദിച്ചപ്പോൾ,
"ഞാനിരിക്കുന്നേൻ വിഭോ! ജാഗരൂകനായെ" ന്നു
മാനവാരിധി വീരവരനുമുരചെയ്തു.
പിന്നെയും നരാധിപൻ ചോദിച്ചാനദ്ധ്വരാത്രൌ,
"ധന്യനാരുള്ളു സിംഹദ്വാരപാലകനിപ്പോൾ?"
എന്നതു കേട്ടു വീരവരനുമുരചെയ്തു,
"മന്നവ! ഞാനുണ്ടിരിക്കുന്നു ജാഗരൂകനായ്‌,
എന്തൊരു കാര്യം നിരൂപിച്ചതെന്നുരചെയ്കി-
ലന്തരം കൂടാതെ ഞാനതിനായാരംഭിക്കാം"
ഉത്തരമതിന്നേതുമുച്ചരിയാതെ നൃപ-
നീത്തിരിനേരമിരുന്നരുളും ദശാന്തരേ,
കേൾക്കായി ദൂരത്തു [2] നിന്നാക്രന്ദം മഹാഘോരം
[3] തീക്കിക്കായ്‌ദ്ധ്വരാധിപൻ കൊടുത്തു നിജാശയം
"ഹാ ഹാ വല്ലഭ! മഹീലോകശീതാംശോ! മമ
ദേഹാപായത്തിന്നേതുമടുത്തീലല്ലോ കാലം.
ദുഷ്ടന്മാരോരോതരമുപരോധിക്കുന്നേരം
കഷ്ടമാരുള്ളു മമ തുഷ്ടിയെ വരുത്തുവാൻ?
ധന്യശീലനായുള്ള നിന്നെയും പിരിഞ്ഞു ഞാൻ
ഖിന്നയായനാരതമെങ്ങിനെ വസിപ്പതും?
ആരിനിക്കുടയവരാമയജലനിധൌ?

---

1 'ശോകമേഹനം' എന്നു ക. പ്ര.

2 'ആക്രാന്തം മനോഹരം' എന്നു ക. പ്ര.

3 'തീക്കിക്കായ്' എന്നതിന്നു 'തീച്ചയാക്കുവാനായി' എന്നൊ മറെറാ അൎത്ഥമുദ്ദേശിക്കാമോ? തീക്കായിദ്ധ്വരധിപൻ എന്നു മം. പ്ര.

നേരുരചെയ്യീടേണം; കഠിനം ദൈവയോഗം.
ചണ്ഡദോർദ്ദണ്ഡങ്ങളാലഞ്ജസാ രിപുഗള-
ഖണ്ഡനം ചെയ്യീടുവനാരുള്ളു നിന്നേപ്പോലെ?
ദിക്കാന്താകങ്ങളിലവതംസമാക്കീട്ടും
മുഖ്യമാം യശസ്സുള്ളോനാരുള്ളുനിന്നേപ്പോലെ?
കമലാദേവീകരകമലേ മേവും കേളീ-
കമലോപമാനന! ശമലാപഹ! വിഭോ!"
ഇത്തരമാർത്തനാദം പിന്നെയും പിന്നെയും കേ-
ട്ടെത്തുമാവേശത്തോടുമദ്ധ്വരാധിപൻ തദാ-
"ആരുള്ളു വാതില്ക്കലെന്നഞ്ജസാ ചോദിച്ചപ്പോൾ
ധീരനാം വീരവരൻ "ഞാനുണ്ടേ", നുരചെയ്തു.
മേദിനീനാഥൻ തദാ, "വേദനാഭാരംപൂണ്ടു
രോദനം ചെയ്യുന്നതുമാരെന്നന്വേഷിക്കെ", ന്നാൻ
തമസ്സും പ്രവാഹം പൂണ്ടൊലിക്കും പദവിയിൽ
യശസ്സും കാമിച്ചവൻ തനിച്ചമ്മഹീസുരൻ,
വാളെടുത്താനന്ദമാമോളത്തിൽ കളിച്ചതി-
മേളത്തിൽ ഗമിച്ചതുമറിഞ്ഞു മഹീപതി
"കാണേണമിവനുടെ ധൈര്യസാര," മെന്നോർത്തു
കാണാതെ പിമ്പേ തുടർന്നീടിനാനാത്തഖഡ്ഗം.
അന്നേരം കാററിൻ ബലാൽ ചിതറും വർഷധാരാ-
സുന്ദരബിന്ദുക്കളും തന്മുഖം പ്രവേശിച്ചു,
കേവലം മൃഗാങ്കനിക്കാണ്മതെന്നുറക്കയാൽ
സേവ ചെയ്യാനായ് വന്നോരുഡുസഞ്ചയംപോലെ
ഉരസ്സിൽ പതിച്ചൊരു ജലത്തിൻ ബിന്ദുക്കളാൽ
ഉരത്ത ഹാരമാല്യം ധരിച്ചു സകൌതുകം.
ക്രന്ദിതമനുസരിച്ചങ്ങു ചെന്നോരു വിപ്രൻ
മംഗലസ്വരം കേട്ടിട്ടംഗനയെന്നുറച്ചു.
ആഴമുള്ളോരു ഖേദവാരിധൌ വീണുമുങ്ങി-
ക്കേഴുവാനുള്ള മൂലം ചോദിച്ചോരനന്തരം,
കളവാണിയും നിജ തനുവും മറച്ചവൻ
നളിനീമദ്ധ്യത്തിൽ നിന്നവനോടുരചെയ്തു:—
"എങ്കിലോ കേട്ടാലുമെൻ സങ്കടം ചൊല്ലീടാം ഞാൻ
കിങ്കരശ്രേഷ്ഠനല്ലോ മേദിനീപതിക്കു നീ.

ധന്യനാം ഭവാനെന്നെ ഭൂമിയെന്നറിഞ്ഞാലും,
എന്നുടെ ഭർത്താവല്ലോ ശൂദ്രകനെന്ന നൃപൻ.
അവനും നാളെപ്പൂകും ത്രിദിവം മൂന്നാം യാമ-
മുപനീതമായ് വരുമളവിൽ സത്യമിദം.
അവനെപ്പിരിയുന്നോരഴലോർത്തേവം കേഴു-
മവനീദേവി ഞാനെന്നറിക മഹാമതേ !
ശ്രീവരാഹത്തിൻ ദംഷ്ട്രാവാസസൌഖ്യം മറന്നേൻ
കേവലമിവൻ ഭുജപഞ്ജരവാസത്തിനാൽ".
ഭൂദേവിഗിരമേവം കേട്ടു സന്താപത്തോടും
ഭൂദേവോത്തമൻതാനു മവളോടുരചെയ്തു :—
"നരനാഥന്റെ ജീവരക്ഷണം ചെയ്തീടുവാൻ
പരമുപായമുണ്ടെങ്കിലോ ചൊല്ലീടേണം.
കേവലംനരാധിപജീവരക്ഷാർത്ഥമായി
ജീവനെ ത്യജിക്കയുമാവതല്ലെന്നില്ലമേ.
നിനക്കു ഭർത്തൃസൌഖ്യമിനിയും പ്രാപിച്ചീടാ-
മെനിക്കു കുടുംബരക്ഷണവും ചെയ്തുകൊള്ളാം".
അതുകേട്ടതിപ്രിയമവനീദേവിതാനു-
മധികം കുതുകം പൂണ്ടവനോടുരചെയ്തു :—
"ഉണ്ടതിനുപായമൊന്നത്ഭുതമതുകേട്ടാൽ,
ഇണ്ടലുണ്ടാകയില്ലെന്നാകിലോ ചൊല്ലീടാം ഞാൻ.
നിന്നുടെ ശക്തിധരനാകിയ കുമാരനെ
ചണ്ഡികാലയം തന്നിൽ കൊണ്ടുപോയതിദ്രുതം,
നീ തന്നെ കഴുത്തറുത്തവൾക്കു ബലിദാനം
വീതസങ്കടം ചെയ്കിൽ ജീവിക്കും ഭൂപാലകൻ".
അങ്ങിനെ തന്നെ ചെയ്യാമെന്നുരച്ചവൻ തദാ
സംഗതാനന്ദം നിജ മന്ദിരേ പോകുന്നേരം,
മന്നവൻതാനുമതികൌതുകം തഴക്കയാൽ
പിന്നാലെ മഹീസുരൻ കാണാതെ നടകൊണ്ടു.
ഉറങ്ങും ദയിതയെ വിളിച്ചു മഹീസുരൻ,
ഉണർത്തീടിനാൻ പുത്രൻ തന്നെയും മകളേയും.
പറഞ്ഞാനേവമുള്ളിൽ നിറഞ്ഞ മോദത്തോടും :—
"ഉറങ്ങീടരുതിപ്പോളറിഞ്ഞീടേണം കാര്യം.
വസുധാദേവി ചൊന്ന വചനം കേട്ടീടേണം.

അസിതാപാംഗി! നാളെ നൃപതി മരിച്ചീടും.
നമ്മുടെ തനയനെക്കാളിക്കു സമ്മാനിക്കിൽ
ധർമ്മപാലകൻ തനിക്കായുസ്സുണ്ടായിടും പോൽ".
എന്നതു കേട്ടു ശക്തിധരനും ചൊല്ലീടിനാൻ
"നന്നതു ചെയ്യുന്നരപാലനെ രക്ഷിക്കേണം.
ഭർത്തൃപിണ്ഡവുമുപജീവനം ചെയ്യുന്നോർക്ക-
ത്യന്തോത്സവമല്ലോ തന്മൂലം മരണവും.
വിഭവമതിൽ പരമെനിക്കില്ലിനിയൊന്നും
പ്രഭുരക്ഷണംകൊണ്ടു ധന്യനായ് വന്നേനഹം".
ഇത്തരമുരചെയ്തു പുത്രനെയെടുത്തുടൻ
സത്വരം വീരവരൻ ചണ്ഡികാലയം പ്രതി
നടന്ന നേരം പിമ്പെ തുടൻ മഹിഷിയും
നടന്നു തദന്തികെ പിടഞ്ഞ കുമാരിയും.
ആരുമേ കണ്ടീടാതെ ഘോരമാമന്ധകാരേ
ഭൂരികൌതുകത്തോടെ നടന്നു നൃപതിയും.
ചണ്ഡികാലയേ ചെന്നു വിപ്രനും കണ്ടീടിനാൻ
[1] ചണ്ഡഘോഷവുംപൂണ്ട ഭൂതസംഘാതത്തെയും.
യോഗിനികളെക്കണ്ടാൻ ഡാകിനികളെക്കണ്ടാൻ,
വേഗമോടാക്കും പിശാചങ്ങളെക്കണ്ടീടിനാൻ.
വൈകാതെ കുമാരനെക്കൊണ്ടുചെന്നവനൊരു
വൈകൃതം വിനാ വാളുമിളക്കിച്ചൊല്ലീടിനാൻ :—
"സ്വാമിക്കുണ്ടായിടേണം ശ്രേയസ്സുമായുഷ്യവും
സ്വാമിനി! നിനക്കു ഞാൻ ബലിയെ നൽകീടുന്നേൻ".
ഇത്തരംമുരചെയ്തു പുത്രന്റെ ഗളനാളം
സത്വരമറുത്തപ്പോൾ ദേവിയും പ്രസാദിച്ചു,
ഭൂസുരൻതന്നോടേവമരുളിച്ചെയ്തീടിനാൾ :—
"ഭാസുരതരം തവ വീര്യവുമുത്സാഹവും.
ഇന്നുതൊട്ടിനിശ്ശതവത്സരം ജീവിച്ചീടും
മന്നവൻ മത്പ്രസാദാലില്ല സംശയമേതും"
അതുകണ്ടവനീശൻ പുളകപരീതനായ്
കുതുകഭാരം വഹിച്ചിദമൊന്നോർത്തീടിനാൻ
അവനീസുരൻതന്റെ ധൈര്യവും മര്യാദയും

---

[1] 'ചണ്ഡഘോരം' എന്നു ക. ഗ്രം.

"അവൎന്നീതലേ മററാരിവനു സമാനനായ് ?
അത്ഭുതം മനോബലം സ്വാമിഭക്തിയും പുന-
രത്ഭുതം സത്വോദ്രേകമത്ഭുതം ബാലചിത്തം !"
ഇങ്ങിനെ നൃപനോരോന്നോൎത്തു നിന്നീടുന്നേരം,
മംഗലശീല [1] വിരാപതിയാം കുമാരിയും
ഭ്രാതാവിൻതലയററു കിടക്കുന്നതു കണ്ടു,
ധാതാവിൻ സങ്കല്പമെന്നുറച്ചോരനന്തരം,
മാറിടം പൊട്ടിത്തെറിച്ചവനീതലേ ജീവൻ
വേറിട്ടുമാറു വീണാളത്ഭുതമോൎക്കുന്തോറും.
അന്നേരം വീരവരഭാൎയ്യയാം [2] ധൎമ്മപത്നി
വന്നോരാവേഗോദ്രേകം സഹിച്ചുകൂടായ്കയാൽ
ഭൂതസാക്ഷിയായ് മേവും ജീവനെ ത്യജിച്ചുടൻ
ഭൂതലേ വീണിടിനാളന്നേരം വീരവരൻ
"ഇനി ഞാനിരുന്നേതും ഫലമില്ലെ"ന്നോൎത്തവൻ
തലയും കാളിക്കുപഹാരമാക്കീടുവാനായ്
ഉറച്ചു മനതാരിൽ ഭരിച്ചു [3] മഹാമോദം
ചിരിച്ചു, മഹേശ്വരിം സ്തുതിച്ചീടിനാനേവം :—
"ജയിക്ക ജഗജ്ജന്മമരണാപഹേ ! ദേവി !
ജയിക്ക മഹാസുരഹൃദയവിദാരിണീ !
ജയിക്ക പാതാള [4]വിസ്ഫാരിതാനനേ! ദേവി !
ജയിക്ക ഘണ്ടാരവോൽഭ്രാന്തമാനവേ ! ദേവി !
ജയിക്ക ദേവി ! ദോൎദ്ദണ്ഡാഹൃതമഹാചലേ !
ജയിക്ക ഭുജംഗമാധിപകുണ്ഡലേ ! ദേവി !
ജയിക്ക ഭൂതപിശാചാവലിപരിവാരേ !
ജയിക്ക ദൈത്യമേദോമജ്ജാസ്ഥിവിഭൂഷണേ !
ജയിക്ക ഖഡ്ഗപ്രഭാശ്യാമിതാകാശേ ! ദേവി !
ജയിക്ക ദേവി ! മഹിഷാസുരനികൃന്തനേ !"
ഇത്തരം ഭക്തിയോടെ ദേവിയെ സ്തുതിച്ചവൻ,
സത്വരം നിജശിരസ്സറുത്തു സകൌതുകം

---

1 'ശീലാവതി' എന്നു മം. പ്ര. അതായിരിക്കും ശരി.
2 'ധൎമ്മവതി' എന്ന് മം. പ്ര. അതാണ് ശരി
3 'മഹാമോഹം' എന്ന് മം. പ്ര.
4 'വിക്ഷ്പാരിതാനനേ' എന്നു ക. പ്ര. 'വിസ്ഫാരിതാനനേ' എന്നു് മം. പ്ര.

ഭദ്രകാളിക്കു സമൎപ്പിച്ച നേരം ശരീരം
വിദ്രുതം മഹീതലേ പതിച്ചു ; നരേന്ദ്രനും
ചെററുനേരം കഴിഞ്ഞതിൽ ബുദ്ധനായോൎത്തീടിനാൻ :—
" അററമില്ലാത ഗുണഭാജനമിവൻ നൂനം.
എന്നുടെ നിമിത്തമായ് മരിച്ചു മഹീസുരൻ
തന്നെയും കണ്ടുപോയാൽ ധന്യനായ് വരാ ഞാനും.
ഇപ്രകാരത്തിലുള്ള ഭൃത്യനെ വെടികിലി-
അപ്രിയം തന്നെ നൂനം രാജ്യവുമൈശ്വൎയ്യവും ".
എന്നുരച്ചവനീശൻ ദേവിതൻ പുരോഭാഗേ
ചെന്നു ചൊല്ലിനാനേവം, " കേൾക്കണം മഹാദേവി !
എന്നുടെ കഴുത്തറുത്തിങ്ങു ഞാൻ തന്നീടുന്നേൻ,
ധന്യനാം ദ്വിജൻ ജീവിച്ചീടേണം സഗോത്രനായ് ".
എന്നുരചെയ്തു ഖഡ്ഗം തന്നുടെ ഗളാന്തരേ
ചെന്നടുത്തോരു നേരം ദേവിയുമരുൾചെയ്തു :—
" സാഹസം ചെയ്തീടൊല്ല ഭൂപതേ ! നിനക്കു ഞാൻ
സാഹായ്യം ചെയ്തീടുന്നേ 'നതിനെന്നാലും നൂനം.
നിന്നുടെ ഗുണമോൎത്തു സന്തോഷജലനിധി-
തന്നിൽ വീണാണീടിനേനെന്നു നീ ധരിക്കേടോ.
ജീവിക്കും വീരവരൻ പുത്രനും ദയിതയും
ജീവിക്കും കുമാരിയുമിന്നു മദ്വരത്തിനാൽ. "
എന്നരുൾചെയ്തുനേരമേവരുമെഴുന്നീററു
നിന്നിതു ; ദൂരേ മറഞ്ഞന്നേരം ക്ഷിതീശനും.
അത്ഭുതം പൂണ്ടു വീരവരനുമതുനേരം
നിൎഭരം മഹാദേവീവൈഭവം നിനക്കയാൽ.
നടന്നു നികേതനേ കടന്നു ദയിതയെ
പുണൎന്നു, "[1] സജീഷയായിരുന്നീടെ ", നും ചൊല്ലി,
തൽക്ഷണം പോന്നുരാജദ്വാരവും പ്രവേശിച്ചു
ശിക്ഷിതമതിമതാമഗ്രഗണ്യനാം ദ്വിജൻ.
മേദിനിക്കലങ്കാരഭൂതനാം നരാധിപൻ
വേദന തീൎന്നു മഹീദേവനങ്ങറിയാതെ,

---

[1] 'സജീഷയായ്' എന്നതിന്നു് അൎത്ഥം കാണുന്നില്ല. സജീവയായ് (ജീവനോടു കൂടി എന്നൎത്ഥത്തിലോ മറേറാ) ആയിരിക്കുമോ ? സശിശുയായ് എന്നു മം. പ്ര.
സശിശുവായ് = കുട്ടികളോടുകൂടിയവൾ എന്നു് മം. പ്ര.

COMPLEMENTARY COPY

ചെന്നു തന്നന്തഃപുരം പുക്കു വല്ലഭ തന്നോ-
ടൊന്നൊഴിയാതെ വൎത്തമാനവുമുരചെയ്തു.
" അതുളള സിംഹദ്വാരം തന്നി, " ലെന്നുച്ചൈസ്തരം
ഭൂരിവിക്രമാലയൻ ചോദിച്ചോരനന്തരം.
ചൊല്ലിനാൻ വീരവര, " നില്ലല്ലോ നിദ്രാലേശം,
നല്ലതു വരും ഭവാനില്ല സംശയമേതും.
മാനവാർിധേ ! വിഭോ ! രോദനം ചെയ്യുതൊരു
മാനിനിതന്നെ ഞാനും തിരഞ്ഞേൻ ; കണ്ടീലെങ്ങും.
ഘോരരൂപയാം രക്ഷോനാരിയോ മററാരാനോ ?
നാരിമാരുടെ മായമാരാനുമറിയുമോ ? "
എന്നതു കേട്ടു ഭൂമീപാലനും പ്രസാദിച്ചു,
മന്നിലീവണ്ണമാരുമില്ലെന്നു തേറീടിനാൻ.
പിറേറന്നാം പുലർകാലേ വന്നിരുന്നാസ്ഥാനത്തിൽ
പററലർ കുലകാലൻ മന്ത്രിമുഖ്യന്മാരോടും
രാത്രിയിൽ കഴിഞ്ഞോരു വൃത്താന്തമെപ്പേരുമേ
ധാത്രീപാലകനുരചെയ്തു വിസ്മയം പൂണ്ടു.
സാഗരപൎയ്യന്തമാം ലാടരാജ്യവും തഥാ
വേഗതോ [1] മരുകച്ഛപുരവും നൽകിടിനാൻ
[2] ദക്ഷിണാപഥേ ശക്തിധരനാം കുമാരനെ
തൽക്ഷണമഭിഷേകം ചെയ്തു മന്നവനാക്കി.
തൽകൃതമോൎത്തു സഹസ്രാംശകത്തിന്നുപോലും
മിക്കതും പ്രതികാരമെന്നവൻ നിനച്ചീല. "
ഇപ്പരിചെല്ലാം പറഞ്ഞല്പഹാസവും പൂണ്ടു
തൽപരം വേതാളവും നൃപനോടുരചെയ്തു :—
" ശൂദ്രകൻ വീരവരൻ തൽപുത്രനിവരിൽ വെ-
ച്ചാരെടോ ധീരോദാത്തൻ ? നേരുരചെയ്യാലും നീ ".
ഇത്തരം വേതാളോക്തം കേട്ടു വിക്രമാദിത്യൻ
സത്വരമവൻതന്നോടുത്തരം ചൊല്ലീടിനാൻ :
" വീരന്മാരെല്ലാവരും, ഭൂരിവിക്രമാഢ്യന്മാർ,
ധീരന്മാരെന്നാകിലുമൊന്നുണ്ടു ചൊല്ലുന്നു ഞാൻ
വേണമെന്നില്ല വീരവരനിലത്യത്ഭുതം,

[1] മരുകച്ഛാപുരം എന്നു് മം. പ്ര. 'കച്ഛ്' എന്ന സ്ഥലമായിരിക്കുമോ ?
[2] ദക്ഷിണപഥേ എന്ന പാഠം (ക. പ്ര.) ശരിയല്ല.

പ്രാണവിക്രയം രാജസേവയെന്നറിഞ്ഞാലും.
തൽപുത്രൻ നിനക്കിലോ തത്തുല്യൻതന്നെ നൂനം,
അത്ഭുതമെന്താകുന്നു തൽകൃതകർമ്മത്തിലും ?
രോഹണശൈലത്തിൽനിന്നുണ്ടായീടുമോ മനോ-
മോഹനമണിയെന്നീ കേവലമയസ്കീടം ?
തത്തടാഗ്യാകൃതം നിരൂപിക്കിലോ നമുക്കേതു-
മത്ഭുതം തോന്നുന്നതില്ലല്പവും കേട്ടാലും നീ !
ശില്പമായ് തളിർത്തീടും കാഞ്ചനവല്ലിയെന്നീ
കല്പകവൃക്ഷന്തന്നിൽ മറെറാന്നു പടരുമോ ?
വീരന്മാരിവരിൽവെച്ചുത്തമൻ നരാധിപൻ
വീര്യവാനായ ഭൃത്യൻ മരിച്ചോരനന്തരം
പ്രാണനെ പ്രതികാരമെന്നുകല്പിക്കമൂലം.
പ്രാണനോടൊന്നിച്ചതുമേവരുമത്യത്ഭുതം ! "
പാർത്ഥിവനേവമുരചെയ്യുടിടും ദശാന്തരേ
[1] ചിത്തകൌതുകം പൂണ്ടു മറഞ്ഞു വേതാളവും,
ചെന്നു ശിംശപാതരുസ്കന്ധമാമ്മാറു പുക്കു,
പിന്നെയുമധോമുഖനായുടൻ തൂങ്ങീടിനാൻ.
ആരോടും തോലാതോരു പേരോടും വിക്രമത്തിൽ
തേരോടും മാർഗ്ഗമിട്ടിക്കോമ്പിമന്നവൻ ചൊല്ലാൽ
ചാരുത ചേരും നാലാം കഥയും ചൊന്നേനിതു
പാരിടം തന്നിൽ കേട്ടാലാരുടൻ നിന്ദിക്കുന്നോൻ ?

---

[1] 'ചിത്ത' എന്നു മം. പ്ര.

## അഞ്ചാമത്തെ കഥ.

മന്നവൻ സസംഭ്രമം പിന്നെയും നടന്നു പോയ്
ചെന്നു ശിംശപാതരു തന്നിലങ്ങേറീടിനാൻ.
പിടിച്ചു വേതാളത്തെത്തഴച്ചു മോദത്തോടും
തടിച്ചു തോളിൽ വെച്ചു നടിച്ചു നടകൊണ്ടു
ശമലാപഹൻതന്റെ ചുമലിലിരുന്നുട-
നമലൻ വേതാളവും തുമുലാനന്ദശാലീ,
" ആനന്ദം കേൾക്കുന്നോർക്കു നൂനം നൽകീടും കഥ
ഞാനൊന്നു ചൊല്ലാം കേൾക്ക നീ നന്നായയെ ; " ന്നു ചൊ
[ന്നാൻ.

* * * *

അംഗരാജ്യത്തിൽ പുരാ മംഗലനികേതനൻ
തുംഗനായോരു വിപ്ര പുംഗവനുണ്ടായ് വന്നു.
അവന്റെനാമം വിഷ്ണുസ്വാമിയെന്നെല്ലാവരും
ഭുവനേ ചൊല്ലീടുന്നു സവനശീലനവൻ.
എത്രയും സുഖത്തോടും തത്ര വാഴുന്നാൻ മൂന്നു
പുത്രന്മാരുണ്ടായ് വന്നു മിത്രസങ്കാശന്മാരായ്.
ഒരുത്തൻ നാരീശങ്കനൊരുത്തനന്നശങ്കൻ,
പെരുത്ത മതിയുള്ളോനൊരുത്തൻ ശയ്യാശങ്കൻ.
അച്ഛമാനസനായോരച്ഛന്റെ നിയോഗത്താൽ
കച്ഛപഹരണത്തിന്നിച്ഛ പൂണ്ടവരുടൻ,
ആഴിതൻ കരേ ചേരുമൂഴിയിൽ നടന്നുടൻ
പാഴിയലുന്ന കൂർമ്മഭാഷയെക്കണ്ടനേരം,
ഒരുത്തൻ ചൊല്ലീടിനാൻ " പെരുത്തും വൈകിക്കരു-
തുരത്ത കമഠത്തെത്തരത്തിൽ പിടിക്കെടോ.
അറെക്കുമെന്നു കല്പിച്ചൊഴിക്കിൽ പിതാവുതാൻ
കഴിക്കും ക്രതുവിനെപ്പഴിക്കും മഹാജനം.
എന്നല്ല നരകത്തിൽ ച്ചെന്നു വീണീടും താത-
നിന്നിതു വെടിഞ്ഞങ്ങു ചെന്നു നാമെന്നു വന്നാ.
അറെക്കും കൂർമ്മത്തെ ഞാനറക്കെ പിടിക്കയി-
ല്ലി, രിക്കൊല്ലേനം ചെന്നു മറ്റുകെല്പിടിച്ചാലും.

അതു കേട്ടിതരനുമതിബീഭത്സം ചൊന്നാ-
"നിതിനെച്ചെന്നു പിടിപ്പതിനാളല്ല ഞാനും.
നീ തന്നെ പിടിച്ചതിപ്രീതനായ് ഭവിക്കെടോ,
താതനിൽ സ്നേഹം നിനക്കേതാനും കുറയുമോ ?"
"നീ ചെന്നു പിടിക്കെന്നും നീ ചെന്നു പിടിക്കെന്നും"
നീചന്മാരവരേവം പേ ചൊല്ലം ദശാന്തരേ,
ഒരുത്തൻ ചൊല്ലീടിനാൻ, "ധരിക്ക ഞാനുമൊരു
നിരപ്പു ചൊല്ലീടുന്നേനുറക്കാം പിന്നെയെല്ലാം.
ഇന്നു നമ്മുടെ ഭേദം ചെന്നു ചോദിച്ചീടുകിൽ
മന്നവൻ [1] പ്രസന്നജിത്തൊന്നൊഴിയാതെ ചൊല്ലും.
അടുത്തു [2] വിഡംഗമാം പുരവുമവിടെ നി-
ന്നൊട്ടക്കം വരും [3] വിവാദത്തിനും നമുക്കെന്നാൽ."
എന്നവൻ പറഞ്ഞതു സമ്മതിച്ചെല്ലാവരും
ചെന്നുടൻ വിഡംഗഭൂമന്നവൻ തന്നെക്കണ്ടു,
ചൊല്ലിനാർ തങ്ങൾതങ്ങൾക്കുള്ള വൈഭവം പുന-
രെല്ലാമേ കേട്ടു നൃപൻ സോല്ലാസമുരചെയ്തു :
"ഇന്നിഹ പാർത്തിടേണം നന്നായ് ഞാൻ പരീക്ഷ
[ചെയ്-
തൊന്നിഴിയാതെ ധരിച്ചൊന്നുറച്ചുരചെയ്യാം.
ആരിതിൽ ക്ഷേമം പിടിച്ചീടുവാനുചിതനെ-
ന്നാരാഞ്ഞു ചൊല്ലാമെനിക്കാരുമില്ലൊരു ഭേദം."
നിജ ഗൌരവ മറിഞ്ഞീടുവാനാശയോടും
ദ്വിജബാലന്മാരുമന്നവിടെ വാണീടിനാർ.
ഉന്നതഗുണോദയനന്നേരം നരാധിപൻ
അന്നശങ്കനെ വേറെ വിളിച്ചു സകൌതുകം,
അതിസൌരഭം തേടും പുതുതാം ശാല്യന്നവും
അതിസമ്മാനപൂർവ്വം മതിമാൻ നല്കീടിനാൻ.
ഓദനഘ്രാണം കേട്ടു വേദന നടിച്ചവൻ
ചേതനവാനാം നരനാഥനോടുരചെയ്തു :—
"രുചിക്കുന്നീല ചെറുമെനിക്കിച്ചോറു, നൃപ !

[1] 'പ്രസേനജിത്ത്' എന്നു മം. പ്ര.
[2] 'വടകം' എന്നു മം. പ്ര.
[3] 'വിഷാദത്തിനും' എന്നു മം. പ്ര.

വിശക്കുന്നെന്നാകിലും ത്യജിക്കെന്നതേ വത്സ.
ശവം നാറീടുമന്ന [1] മെങ്ങിനെ ഭുജിപ്പതെ-"
ന്നിവണ്ണം കേട്ടു പാരം വിവർണ്ണനായി നൃപൻ.
ദൂരദർശനശീലൻ പാരമാരാഞ്ഞനേരം,
ദൂരിതശ്മശാനത്തിൻ ചാരവേ ചേരും ക്ഷേത്രം
തന്നിൽനിന്നുളവായ ധാന്യജാതോത്ഭൂതമാം
തണ്ഡുലമിദമെന്നു നിർണ്ണയം തേറീടിനാൻ.
"ഭോജനശങ്കനിവനീഷലില്ലതിനെന്നു",
രാജപുംഗവൻ പാരം വിസ്മയിച്ചനന്തരം ;
നാരീശങ്കന്റെ ചിത്തം ചോരണം ചെയ്വാനൊരു
നാരിയെ നിയോഗിച്ചു ഭൂരിപൌരുഷൻ നൃപൻ.
മത്തകാശിനി മദോന്മത്തയായർദ്ധരാത്രൌ
സുസ്തനീ യുവജന ചിത്തഹാരിണി ബാല,
ഉത്തമമാല്യവും പൂണ്ടുത്തമാശിരോമണി
ചിത്തജായോധനാർത്ഥം മെത്തമേൽ കരേറിനാൾ.
[2] ഭാസികാസമീപേ വന്നാസികാം ചെയ്യുന്നേരം
നാസിക പിടിച്ചൂരനാഴിക വൈകിയാതെ,
വെറുത്ത ഭാവം പരം പുളച്ചീടുമാറവൻ
പുറത്തു പോന്നു നിലവിളിച്ചു തുടങ്ങിനാൻ :—
"ഛാഗദുർഗ്ഗന്ധംകൊണ്ടു വേഗതോ മരിക്കും ഞാൻ,
ആഗമിച്ചെന്നെപ്പരിപാലനം ചെയ്ക നൃപ ! "
അതുകേട്ടവനീശൻ കുതുകം പൂണ്ടു പാരം
മതിനേർ മുഖിയോടു മതിമാനരചെയ്തു :—
"എന്തെടോ നിനക്കജഗന്ധമുണ്ടാവാൻ മൂലം ?
അന്തരംഗത്തിലോർത്താൽ കിന്തു തോന്നുന്നതുണ്ടോ ? "
ലജ്ജയാം ജലധിയിൽ മജ്ജനം ചെയ്തു ബാലാ
സജ്ജ്വരം ചൊന്നാൾ, "മഹീനിർജ്ജരാധിപ ! കേൾക്ക.
ധരിക്ക നൃപ ! മുല കുടിക്കും കാലമമ്മ
മരിക്കമൂലമെന്നെ ഭരിപ്പാനുടയവർ
ആട്ടിൻപാൽകൊണ്ടു പരിപുഷ്ടിയെച്ചേർത്താരെന്നു
കേട്ടിട്ടുണ്ടല്ലാതെയില്ലാട്ടിന്റെ സംബന്ധം മേ."

---

[1] "മേവഞാൻ ഭുജിപ്പതോ" എന്നാണ് കയ്യെഴുത്തു പ്രതിയിൽ കാണുന്നതു്.

[2] ഗണികയുടെ അടുക്കൽ വന്ന് ഇരിപ്പായപ്പോൾ എന്നർത്ഥം.

എന്നതു കേട്ട നേരം മന്നവൻ പ്രസാദിച്ചു,
"നന്നിവൻ നാരീശങ്കൻ തന്നെയെ," ന്നുരചെയ്തു
കിടപ്പാൻ ശയ്യാശങ്കൻതനിക്കു നൃപനേഴു
കിടക്കമീതെ മൃദുപടത്തെ വിരിച്ചുടൻ
കൊടുത്ത നേരമതിൽ പട്ടത്വം തേടുമവൻ
കിടന്നു തുനിഞ്ഞപ്പോൾ പൊട്ടക്കെന്നെഴുന്നേററു,
കരഞ്ഞു തുടങ്ങുവതറിഞ്ഞു നരേശ്വരൻ
വിരഞ്ഞു വന്ന നേരം പറഞ്ഞാനവൻതാനും:—
തലനാരൊന്നുണ്ടതിൽ പലനാളായു് ക്കിടപ്പു,
ഖലനാശനഗുണതുല്യ! തിരക നീ,
അതുകൊണ്ടെൻെറ ഗാത്രം മതിമൻ! വ്രണപ്പെട്ടു,
കുതുകം കാൺക, രക്തമധികമൊഴുകുന്നു."
ചുരുണ്ടു കിടക്കുന്നോരിരുണ്ട തലനാരിൽ
പുരണ്ടവടിവുള്ള [1] ചിരണ്ട വ്രണം കണ്ടു,
ഭൂലോകാധിപനതിന്മൂലമാരായുന്നേരം
ആലോലകൌതൂഹലം കോലും പല്യങ്കം തന്നിൽ,
കിടക്കക്കെല്ലാററിനുമൊടുക്കത്തൊരു രോമം
കിടക്കുന്നതും കണ്ടു കുതുകം പൂണ്ടു നൃപൻ,
അവനെ ശയ്യാശങ്കനിവനെന്നുറച്ചുടൻ
അവനീശ്വരൻ പാരമവനിൽ പ്രസാദിച്ചു.
അംവധി കൂടാതൊരു വിവിധ ധനദാന-
പ്രവിധാനവും ചെയ്തു സവിധേ വസിപ്പിച്ചു.
അച്ഛനെപ്പോലും മറന്നിച്ഛയാ സുഖങ്ങളിൽ
ദുശ്ചരിത്രന്മാർ തത്ര വിച്യുതമാക്കിക്കാലം.
നിർമ്മമന്മാർ നിമിത്തം കർമ്മവൈകല്യം വന്നു
ധർമ്മവാൻ തൽപിതാവും ധർമ്മപത്നിയും തദാ.
ത്വരിതമനശനവ്രതമാചരിച്ചുടൻ
ത്രിദിവം പുക്കീടിനാരതിവിസ്മയമിദം."

*　　*　　*　　*

സത്വരം കഥ പറഞ്ഞിത്തരം വേതാളവും
അദ്ധ്വരാധിപൻതന്നോടിത്ഥമൊന്നുരചെയ്തു,
"ഏതൊരു ശങ്കക്കിതിൽ ചാതുര്യം? പറകെടൊ

[1] ചിരണ്ട = പുതിയ. (ചിരണ്ടി = നവയൌവനമുള്ള സ്ത്രീ).

മേദുരയശോനിധേ ! ഭൂതലശീതഭാനോ !
ജനകൻ മരിക്കയാൽ ത്തുനിയും മഹാപാപം
ജനിതമാകുന്നതും പുനരാർക്കെന്നു ചൊൽക. ”
അതു കേട്ടവനീശനവനോടുരചെയ്തു :—
മതിമാനവരിൽവെച്ചധികൻ ശയ്യാശങ്കൻ
തലനാരുണ്ടാകയാൽ തനുവും വ്രണപ്പെട്ടു
തരസാ രുധിരവും പ്രവഹിച്ചതു മൂലം.
യാതന പൂണ്ടു പാരം താതനും മരിച്ചോരു
പാതകമവൻതന്നിൽ [2] പാതുകമാകയില്ല.
മററിരുവരും തന്നെ മുററുമിപ്പെരുംപാപ-
മററമില്ലാതകാലം [3] പററഭുജിപ്പവർ. ”
അറിഞ്ഞു നരാധിപൻ പറഞ്ഞനേരം തന്നെ
നിറഞ്ഞ മോദമൊത്താട്ടം മറഞ്ഞു വേതാളവും,
ചെന്നു ശിംശപാതരുതന്നിലാമ്മാറു പുക്കു
മുന്നമെന്നതുപോലെ പിന്നെയും തൂങ്ങീടിനാൻ.

*　　　*　　　*　　　*

രാജരാജോപമാനൻ വ്യാജഹീനാന്തരംഗ—
നാജിയ ലരികുലപൂജിതപരാക്രമൻ
ശ്രീപതിപ്രിയൻ വിനീതാത്മാവാമിട്ടിക്കോമ്പി-
ക്ഷ്മാപതിപ്രവീരൻതന്നാജ്ഞയാലേവം ചൊന്നേൻ.

---

1 ‘പററലെ’ എന്ന പാഠാന്തരം.

2 പാതുകം = വീഴുന്നതു്.

3 പററുക = മുഴുവനാകുക.

## ആരാമത്തെ കഥ.

ഉന്നതപരാക്രമൻ പിന്നെയും നരാധിപൻ
ഖിന്നതയെന്നി നടന്നന്ധകാരമദ്ധ്യമാർഗ്ഗേ
ശിംശപാതരുതലം പുക്കു ഖഡ്ഗദ്വിതീയൻ
സംശയം വിനാ കരയേറിനാനത്യത്ഭുതം !
വേതാളത്തെയും പിടിച്ചിറങ്ങി ഭൂമണ്ഡല-
[1] പാതാവു പോകുന്നേരം ചൊല്ലിനാൻ വേതാളവും :—
"ഞാനൊരു കഥചൊല്ലാം കേൾക്ക നീ നരാധിപ !
മാനവാരിധേ ! നിനക്കുണ്ടാകും കുതൂഹലം.

*　　　*　　　*　　　*

പാരിലുജ്ജ്വലഭാവം ചേരുമുജ്ജയിനിയിൽ
ഭൂരികീർത്തിമാനൊരു മന്നവൻ പണ്ടുണ്ടായി.
പുണ്യസേനനെന്നതിപ്രസിദ്ധനവനുടെ
പുണ്യവൈഭവമോർത്താൽ ഗണ്യമല്ലാർക്കും നൂനം.
നിശ്ശേഷശാസ്ത്രാർത്ഥവിജ്ഞാനമുള്ളവനതി-
വിശ്രുതൻ ഹരിസ്വാമിയെന്നൊരു മഹീസുരൻ.
അത്യന്തം മഹീപതിക്കിഷ്ടനായും ഭവിച്ചു
നിത്യവുമവൻ നൃപസന്നിധൌ വസിച്ചീടും.
അവനു പുനരൊരു തനയനുണ്ടായവന്നു,
വിനയാന്വിതൻ ദേവസ്വാമിയെന്നവൻ നാമം.
വേദമാം ജലനിധിതന്നുടെ മറുകര
ഖേദമെന്നിയേ കണ്ടു മോദമോടിരിപ്പവൻ.
ഉത്തമാ സോമപ്രഭയെന്നൊരു തനൂജയു-
മുത്തമൻ ഹരിസ്വാമിക്കുണ്ടായി മനോഹരി.
അവളെക്കണ്ടാൽ നാണും ത്രിദിവനാരിമാരും,
അവിളംബിതം കാമദേവനും കാമിച്ചീടും.
യൌവനാഡംബരം പൂണ്ടവളുമൊരു ദിനം
ഭവ്യരൂപിണി തന്റെ താതനോടുരചെയ്തു :—
"വിജ്ഞാനബലം തഴച്ചീടിന പുരുഷനു
വിജ്ഞാനിയായ ഭവാനെന്നെയും കൊടുക്കേണം.
അല്ലായ്കിൽ ജ്ഞാനശീലൻ കാന്തനാകേണം മമ,

---

[1] ഭൂമണ്ഡലപാതാവ് = ഭൂമണ്ഡലപാലകൻ.

ചൊല്ലേറും മഹാശൂരനെങ്കിലും കണക്കെടോ !
ഇച്ചൊന്ന ഗുണമൊന്നുമില്ലാത്ത പുരുഷനു
നിശ്ചയമെന്നെക്കൊടുത്തീടരുതൊരുനാളും. ”
തനയാഗിരംകേട്ടു വിനയശീലൻ താതൻ,
“തനയേ ! നിനക്കു ഞാൻ ജനയേ സുഖ,” മെന്നാൻ.
അങ്ങിനെ വാഴും കാലം ദക്ഷിണദേശാധിപൻ
തുംഗനാം നൃപൻ പുണ്യസേനനെ ജയിപ്പാനായ്,
വാഹിനിപോലെ പരന്നീടിന ചതുരംഗ-
വാഹിനിയോടു മൊരുമിച്ചു വന്നുജ്ജയിന്യാം.
വളഞ്ഞു വസിപ്പതുമറിഞ്ഞു പുണ്യസേനൻ
വളർന്നോരന്തസ്താപജലധൌ മുങ്ങീടിനാൻ.
അന്നേരം മന്ത്രിമാരിലൊരുവനുരചെയ്തു :—
“വന്നോരാവേശം പരിത്യജിക്ക നരപതേ !
യുദ്ധം ചെയ്തിവൻതന്നെ ജയിപ്പാനെളുതല്ല,
ബദ്ധപൌരുഷനിവൻ എത്രയും [1] ശക്താമാത്യൻ.
ശൂരന്മാരിവനോടു നേരൊരുവരുമില്ല
ഭൂരിബാഹുല്യം ധനത്തിന്നുമുണ്ടറിഞ്ഞാലും
എന്നതുമൂലം [2] സാമം സാദ്ധ്യമെന്നെന്റെ മതം ;
മന്നവ ! വിചാരിക്ക, ധന്യനല്ലയോ ഭവാൻ ? ”
സചിവഗിരം കേട്ടു ധരണീപാലൻ പര-
മുചിതമിതമെന്നു മനസി കരുതിനാൻ.
തരസാ ഹരിസ്വാമിതന്നെയും നിയോഗിച്ചാ-
നരിസാന്ത്വനംചെയ്തു വരുവാനെന്നേ വേണ്ടു.
ഭൂസുരൻ താനും തദാ വൈരിഭൂപാലൻതന്റെ
ഭാസുര [3] കടകത്തിന്നകത്തു കടന്നുടൻ,
ബന്ധുരശീലൻ പരിപന്ഥിയെക്കണ്ടു പറ-
ഞ്ഞെന്തൊരത്ഭുതമവൻ സന്ധിയെ വരുത്തിനാൻ.
മറെറാരു മഹീസുരൻ തദ്ദശാന്തരേ വന്നു,
മുററുമാശയാ ഹരിസ്വാമിയെക്കണ്ടു ചൊന്നാൻ :—
“എനിക്കുണ്ടൊരു മോഹം കനക്കെപ്പെരുകുന്നു

---

1 ‘രക്താമാത്യൻ’ = സ്നേഹമുള്ള മന്ത്രിമാരുള്ളവൻ, എന്നു മം. പ്ര.
2 ‘സാമസാദ്ധ്യനെന്നെന്റെമതം’ എന്നു മം. പ്ര.
3 കടകം = പടവീടു ; സൈന്യം.

നിനക്കിലതു ഭവാൻ തനിക്കു ബോധിക്കേണം.
നിന്നുടെ കുമാരികതന്നെയും വിവാഹം ചെ-
യ്യുന്നുടെ ജന്മഫലം പിന്നെ ഞാൻ സാധിച്ചീടാം.
എന്മനോരഥമിതു സമ്മതിക്കെടോ ഭവാൻ,
നിർമ്മലമതേ ! തവ ധർമ്മവുമുജ്ജ്വലിക്കും."
എന്നതു കേട്ടു ഹരിസ്വാമിയും ചൊല്ലീടിനാ-
"നിന്നതിന്നസാരമൊന്നുണ്ടു വൈഷമ്യം സഖേ !
ജ്ഞാനിക്കൊ വിജ്ഞാനിക്കൊ ശൂരനോ കൊടുക്കുവാൻ
ഞാനിച്ഛിച്ചൊരു സമയം ചെയ്തീടിനേൻ പുരാ.
അതിന്നു ഭംഗം വരുത്തീടുക യോഗ്യമല്ല,
മതിമാനല്ലോ ഭവാനതിനാഗ്രഹിക്കേണ്ട."
"എങ്കിലോ കണ്ടാലുമെൻ വിജ്ഞാനബലം,"മെന്നു
സങ്കടം വെടിഞ്ഞു ഭൂദേവനും ചൊന്നനേരം,
പണ്ടു കൃഷ്ണന്റെ വായിൽ സുന്ദരി യശോദയും
കണ്ട ലോകങ്ങളെല്ലാം കണ്ടുടൻ ഹരിസ്വാമി,
വിസ്മയം പൂണ്ടു പാരം [1] കശ്മലം മുഴുക്കയാൽ,
സസ്മിതം മഹീസുരസത്തമനോടു ചൊന്നാൻ :—
"ഇന്നുതൊട്ടേഴാം ദിനം വന്നീടും മുഹൂർത്തേ ഞാൻ
എന്നുടെ തനൂജയെത്തന്നീടാം നിനക്കെടോ !"
ഇങ്ങിനെ സമയവും ചെയ്തുടൻ ഹരിസ്വാമി
തിങ്ങിനോരാനന്ദം പൂണ്ടവിടെ മേവും വിധൌ ;
ദേവസ്വാമിയെക്കണ്ടു മറെറാരുമഹീസുരൻ,
"താവകഭഗിനിയെത്തരികെ," ന്നപേക്ഷിച്ചു
ചൊല്ലിനാനവൻതാനും, "മല്ലനേർമിഴിയാളെ-
ച്ചൊല്ലുള്ള വിജ്ഞാനിക്കൊ ജ്ഞാനിക്കൊ ശൂരനോവാൻ
എന്നിയെ മററാക്കുമേ കൊടുക്കയില്ലേ," ന്നേവം
ചൊന്നതു കേട്ടു ധരാസുരനും ചൊല്ലീടിനാൻ :—
"നിനക്കിൽ ധനുശ്ശാസ്ത്രപടുത്വം ധരണിയിൽ
എനിക്കെന്നതുപോലെ ധരിക്ക മററില്ലാക്കും.
അയുതഭടജനമൊരുമിച്ചെതിർത്തീടും
മഹിതം ധനുസ്സിതെന്നറിക മഹീസുര !"

---

[1] കശ്മലം എന്നതിന്നു മോഹാലസ്യം എന്നർത്ഥമുണ്ട്. 'കൌതുകം' എന്നായാൽ 'സസ്മിതം' എന്ന വിശേഷണത്തിന്നു ചേരും.

ഇത്തരം പറഞ്ഞവൻ സത്വരം ധനുസ്സെട്ടു-
ത്രൂവും തൊടുത്തതു കണ്ടു ദേവസ്വാമിയും,
"തരുന്നേൻ നിനക്കു ഞാനെന്നുടെ ഭഗിനിയെ
വരുന്നോരേഴാനാളെ," ന്നവനുരചെയ്തു.
സാനന്ദം ജനനിയുമന്നൊരു നേരം തന്നെ
ജ്ഞാനത്തിൻ പ്രഭാവമുള്ളൊരു വിപ്രനെക്കണ്ടു,
സകലപരീക്ഷയും ചെയ്തു വിസ്മയം പൂണ്ടു,
"മകളെത്തരാം നിനക്കാറുനാൾ പോയാലെ," ന്നാൾ.
വേളിയുണ്ടേഴാംദിനമെന്നൊഴിഞ്ഞാരും തമ്മിൽ
ആളിതെന്നൊരുമാരാഞ്ഞീല! ത്തും ദൈവയോഗം.
ഉടനെ വന്നുകൂടി സപ്തമിദിവസവും,
ചടുലമിഴിയാളുമധികം പ്രസാദിച്ചു.
മീനലോചനാപാണിഗ്രഹണം ചെയ്തീടുവാൻ
ജ്ഞാനിയും വിജ്ഞാനിയും ശൂരനും വന്നുകൂടി,
ലഗ്നവുമടുത്തപ്പോൾ ദിവ്യഭൂഷണങ്ങളിൽ
മഗ്നയാം കുമാരിയെക്കണ്ടീല കഷ്ടം! കഷ്ടം!
കരഞ്ഞു തത്താതനും തിരഞ്ഞു പലേടവും,
വിരഞ്ഞു സഗദ്ഗദം ജ്ഞാനിയോടുരചെയ്തു :—
"ജ്ഞാനത്തിൻ പരീക്ഷണകാലമിന്നുപഗതം
മാനിനി പോയ മൂലം പറക മഹാമതേ!"
അവനും വിചാരമാം പടവിയൂടെ നട-
ന്നവനീദേവൻതന്നോടവശം ചൊല്ലീടിനാൻ :—
"ധൂമ്രാക്ഷനായ നിശാചരനും ബാലാരൂപ-
സാമ്രാജ്യം കണ്ടു കൊതിച്ചിന്നു മായാപ്രഭാവാൽ,
ആരുമേ കണ്ടീടാതെ നാരിയെത്തസ്കരിച്ചു,
ഘോരമാം വിന്ധ്യാരണ്യം പുക്കിതെന്നറിഞ്ഞാലും."
അന്നേരം വിജ്ഞാനിയും നിർമ്മിച്ചു രഥമേകം,
ചെന്നതിൽക്കരയേറി ശൂരനും സസംഭ്രമം,
വിന്ധ്യപർവ്വതം പുക്കു രാക്ഷസൻതന്നെക്കൊന്നു
ബന്ധുരാംഗിയോടൊരുമിച്ചടനിങ്ങു പോന്നു.
ഹരിസ്വാമിയും കണ്ടു ധരിച്ചു കൌതൂഹലം
പെരുത്ത മോദം പുരസ്കരിച്ചോന്നോർത്തീടിനാൻ :—
"ഉപകാരത്തിൽക്കുറവില്ലിവർക്കാർക്കും പുന-

[1] രപകാരിയായ് വരുമിനി ഞാനിവൾമൂലം.
രൂപസൌന്ദര്യംകൊണ്ടുമാർക്കുമേ കുറവില്ല,
ശോഭതേടും മുഹൂർത്തകാലവും വന്നടുത്തു.
എന്തു ഞാൻ ചെയ്യേണ്ടതെ, ” ന്നന്തരാനിരൂപിച്ചു,
ശാന്തമാനസൻ കുറഞ്ഞോരു നേരം വസിച്ചു. ”

*　　*　　*　　*

ഇത്തരമുരചെയ്തു സത്വരം വേതാളവും
അദ്ധ്വരാധിപൻതന്നോടിങ്ങിനെ ചോദ്യം ചെയ്തു :—
“ വിരന്മാർമുടിപ്പൂവേ ! ചൊല്ലേണമിവരിൽവെ-
ച്ചാരെടോ യോഗ്യൻ നാരീമൌലിതൻ പരിണയേ ? ”
എന്നതു കേട്ട നേരം മന്നവനുരചെയ്തു :—
“ നന്നെടോ ചോദ്യമിദമൊന്നു നീ ധരിച്ചാലും.
ശൂരനു കൊടുക്കേണം ശാരികാവാണിതന്നെ
സാരമായതുമവൻതന്നുടെയത്നമത്രെ.
മററിരുവരുമവൻ തനിക്കു സഹായമായ്
മുററുമീശ്വരൻ കല്പിച്ചവരെന്നെൻെറ മതം. ”
തൽക്ഷണം വേതാളവും മറഞ്ഞു മുന്നെപ്പോലെ
രൂക്ഷമാം [2] മഹീരുഹം മുകളിൽ കരേറിനാൻ.

*　　*　　*　　*

ജ്ഞാനവും വിജ്ഞാനവും ശൌര്യവുമുടയോരു
മാനസങ്കേതനിട്ടിക്കോമ്പിമന്നവൻ ചൊല്ലാൽ
ഏറുമാമോദത്തോടും ഭൂരിബോധവാന്മാക്കു
ചേരുമവ്വണ്ണമാറാം കഥയും ചൊല്ലീടിന്നേൻ.

---

[1] ‘ അപരാധിയായ് ’ എന്ന് മം. പ്ര.

[2] ‘ മഹീരുഹ മുകളിൽ ’ എന്ന് മം. പ്ര.

# ഏഴാമത്തെ കഥ.

ഇരുട്ടിൽ നടന്നുസഞ്ചരിഷ്ഠൻ പിന്നെയും പ്രോ-
യരിഷ്ടവിനാശനൻ ഗരിഷ്ഠയശോധനൻ
ഭൂരികണ്ടകാവൃതഭൂരുഹം കരയേറി
ഘോരവേതാളത്തെയുമാദരാൽ തോളിലേററി,
നടന്നീടുന്ന നേരം പറഞ്ഞു വേതാളവും :—
"തുടൎന്ന മഹാമോഹമടങ്ങീലേത്തും തവ
ഞാനൊരു കഥ ചൊല്ലാം ദീനപാലക ! ഭവാൻ
മാനസം തെളിഞ്ഞു കേൾക്കെടോ നരാധിപ !

*   *   *   *

മന്നിടം തന്നിൽ ശോഭാവതിയാം പുരമതിൽ
മുന്നമുണ്ടായി യശഃകേതുവെന്നൊരു നൃപൻ.
ഗൌരീഭക്തനാമവൻ തന്നുടെ ഗുണം വാചാം
ദൂരീഭൂതമെന്നതു പാരിരേഴും പ്രസിദ്ധം.
ഒരുനാൾ പെരുതായപുണ്യകാലാരംഭണേ
നരനായകൻ ഗൌരീസരസ്സിൽ കുളിപ്പാനായ്
പുരവാസികളോടുമൊരുമിച്ചുടനെ പോയ്
പെരികെ പ്രമോദവാൻ സരസീതടംപുക്കു.
ഓരോരോ ദിഗന്തരം തന്നിൽനിന്നാഗമിച്ചു-
ള്ളോരോരോ ജനങ്ങളാൽ പൂരിതമപ്രദേശം.
ഇറങ്ങി സ്നാനം ചെയ്യും വനിതാമുഖങ്ങളാം
വിരിഞ്ഞ കമലങ്ങൾ നിറഞ്ഞു സരസിയിൽ.
സുന്ദരീജനപദപങ്കജങ്ങളിൽച്ചേരും
മഞ്ജീരനിനാദമാം സാരസാലാപങ്ങളും,
ദോൎല്ലതകളാം മൃണാളങ്ങളും [1] ഭ്രൂമാലയാം
പ്രോല്ലസത്തിരമാലാജാലവും കാണുന്തോറും
സരസ്സിൽ പുനരൊരു സരസ്സുണ്ടായപോലെ
മനസ്സിൽ കുതൂഹലം ജനിച്ചു ജനങ്ങൾക്കും.
നാരിമാരുടെ കുചമണ്ഡലങ്ങളിൽച്ചേരും
ചാരുവാം നഖവ്രണമാരുമേ കണ്ടീടായ്വാൻ
മാനസപ്രണയത്താൽ നൂനമസ്സരോജിനി

[1] 'പൂമാലയാം' എന്ന പാഠാന്തരത്തേക്കാൾ (മം. പ്ര.) ഇതു നന്നു.

ഫേനമാം ദുകൂലംകൊണ്ടാവരണവും ചെയ്തു.
കുളിക്കമൂലം പരിഗളിച്ച മഷികൊണ്ടു
ജ്വലിച്ചംബുജങ്ങളെപ്പഴിക്കും നയനങ്ങൾ
കഴിച്ചു ഹാലാഹലം തഴച്ച സുധാധാരാ
മൊഴിച്ചുനില്ക്കുമാറു ദൃഷിച്ചിട്ടുന്നു ചിത്രം !
കുളിച്ചു കരേറുന്ന മട്ടുത്തേൻവാണീകുച-
തടത്തിൽ ചിതറിന ജലത്തിൻ ബിന്ദുക്കളാൽ
ഉത്തമോത്തമമായ മൌക്തികമാല്യം ധരി-
ച്ചെത്തുമാലോലകാന്തിക്കത്തലുണ്ടാക്കിടുന്നു.
പലരും മനോജ്ഞത കലരും സരസ്സിയിൽ
പുലരേ കുളിച്ചുകമലരിൽ ഭക്തിയോടും
ദേവിതൻ പാദാംബുജസേവയെച്ചെയ്യും വിധൌ,
കേവലം ധവളനെന്നൊരു രജകൻ
കുളിപ്പാനൊരുമ്പെട്ടു കുളത്തിലിറങ്ങുമ്പോൾ,
പുളച്ചു ലാവണ്യത്തിൽ കുളിക്കുമാറു കണ്ടാൻ
മദനസുന്ദരിയാം രജകാംഗനതന്റെ
വദനം ഗുണഗണസദനം മനോഹരം,
സൈകതശ്രോണീഭരാ ബിംബബന്ധുരാധരീ,
കൈകളിൽനിന്നു ചോരും ലാവണ്യാമൃതത്തിനാൽ
ഭൂതലം സംപ്രോക്ഷണം ചെയ്തു പോകുന്നതും ക-
ണ്ടാകുലനായീടിനാൻ കാമബാണങ്ങളാലെ.
അത്ഭുതകടാക്ഷമാം മീനസംഘാതത്തോടും
വിഭ്രമവിശേഷമാം വീചിസഞ്ചയത്തോടും
രജകാലയംതന്നിലനിശം മൂർത്തീകരി-
ച്ചൊഴുകും സൌന്ദര്യമാം തടിനി തന്നെക്കണ്ടു,
ഉടനെ മനോഭവകഠിനബാണമേറ്റു,
ചടുലവിലോചനക്കടിമപ്പെട്ടീടിനാൻ
കുളിയും മറന്നവൻ നിജമന്ദിരം പുക്കു,
കളവാണിയിൽ പരമുളവാമാശാവേശാൽ
തനുവും മെലിഞ്ഞവൻ ദിനവും രാവും മറ-
ന്നനുതാപവും പൂണ്ടതറിഞ്ഞു തൽപിതാവും,
ചെന്നുടൻ ശുദ്ധപടൻതന്നെയും കണ്ടുചൊന്നാൻ.
“ നിന്നു നിൻ തനൂജയെ തന്നാലും മൽപുത്രനായ്”

നിന്നുടെ തനൂജയെക്കണ്ടതുനിമിത്തമായ്
എന്നുടെ സുതൻ മാരൻതന്നുടെ വശനായി.
ബോധിച്ചീലിതു നിനക്കെങ്കിലോ മനോഭവൻ
ബാധിച്ചു കൊല്ലുമെന്റെ പുത്രനെദ്ധരിച്ചാലും."
തൽഗിരമേവം കേട്ടു ശുദ്ധനാം ശുദ്ധപടൻ
വല്ഗുഭാഷിണി തന്നെക്കൊടുത്തു മടിയാതെ.
കല്യാണമഹോത്സവമെല്ലാമേ കഴിച്ചവൻ
മല്ലാക്ഷീമണിയേയും കൊണ്ടുടനിങ്ങു പോന്നു.
ധവളനതുകാലം ചപലമിഴിയോടും
അവിളംബിതം രമിച്ചനിശം വാണീടിനാൻ.
കാലവുമൊട്ടു ചെന്നു കേവലം മനോഭവ-
ലീലയിലവർക്കലംഭാവവുമുണ്ടായീല.
ഭർത്തൃഗേഹത്തിൽ വാഴും പുത്രിയെക്കാണാഞ്ഞതി-
ചിത്തതാപേന ശുദ്ധപടനുമൊരുദിനം
പുത്രനെപ്പറഞ്ഞുടനയച്ചോരനന്തരം
തത്ര ചെന്നവൻ നിജ സോദരിതന്നെക്കണ്ടു,
താതനാജ്ഞാപിച്ചതും സാദരമുരചെയ്തു
വീതസംശയം പുറപ്പെട്ടു ചേതോഹരാംഗി.
താതനെക്കണ്ടു യാത്രപറഞ്ഞു ധവളനും
ചേതസാമോദം വഹിച്ചങ്ങിനെ നടകൊണ്ടു.
മൂവരുമൊരുമിച്ചു സാനന്ദം പോകുന്നേരം,
ആവതെന്നിയേ തളർന്നാതപബലത്തിനാൽ,
മാർഗ്ഗമദ്ധ്യത്തിൽച്ചേരും ദീർഘമാം സരസ്സുടേ
സാഗ്ഗളമൊരു തരുച്ഛായയിൽ മേവീടിനാർ.
അന്നേരം കണ്ടു സമീപത്തൊരു ഗൌര്യാശ്രമം;
ഉന്നിദ്രാനന്ദം തദാ ധവളനെഴുന്നേററു-
"ദേവിയെക്കണ്ടു വന്ദിച്ചേഷ ഞാൻ വരുവോളം
കേവലം വിശ്രമിക്ക നിങ്ങളുമിച്ഛായയിൽ,"
എന്നവനുരചെയ്തു ചണ്ഡികാലയംതന്നിൽ
ചെന്നകംപുക്ക നേരം ദൈവചോദനത്തിനാൽ
തന്നുടെ തലയറുത്തംബികക്കുപഹാരം
തന്നെത്താൻ മറന്നവൻ നല്കിനാനത്യത്ഭുതം!
പോയവൻ വരാഞ്ഞതിന്മൂലമാരാഞ്ഞു കേഴ-
മായതമിഴിയാളെക്കണ്ടു തത്സഹജനും

ചൊല്ലിനാൻ, "ഞാൻ ചെന്നറിഞ്ഞിങ്ങുവന്നീടാമിഹ
മല്ലലോചനേ! തവ തെല്ലുമേ ഭയം വേണ്ട."
ഈവണ്ണം ഭഗിനിയെപ്പറഞ്ഞു ബോധിപ്പിച്ചി-
ട്ടപർണ്ണാശ്രമം പുക്കു ദേവിയെത്തൊഴുതപ്പോൾ
അവനും തലയറുത്തുപഹാരമായ്‌വെച്ചു,
ഭുവിദണ്ഡവൽപ്പതിച്ചീടിനാനെന്നേ വേണ്ടു.
കാണാഞ്ഞു സഹോദരഭർത്താക്കന്മാരെപ്പുന-
രേണാങ്കാനന തിരഞ്ഞംബികാലയേ ചെന്നു,
കണ്ഠവുമറുത്തവർ മരിച്ചു കിടപ്പതു
കണ്ടു തന്വംഗി പാരം കുണ്ഠയായ് വിലപിച്ചു
മരിക്ക തന്നെ ഗുണമെനിക്കെന്നുറച്ചവൾ
തെരിക്കെന്നൊരു പാശം കഴുത്തിലാക്കി ദ്രുതം,
അടുത്തോരശോകത്തിൻ തടിച്ച കൊമ്പിൽ കെട്ടി-
ത്തരത്തിൽ കഴുത്തിലും മുറുക്കിസ്സസംഭ്രമം,
അകത്തങ്ങടങ്ങാതെ തഴച്ച ദുഃഖാനലൻ
പുറത്തു പുറപ്പെട്ടു ജ്വലിക്കുന്നതുപോലെ,
നിറഞ്ഞ പൂത്തോരശോകാന്തികേ ചെന്നു ബാലാ
വിറഞ്ഞു സഗദ്ഗദം കരഞ്ഞു ചിരനേരം,
അഞ്ജനം പുരണ്ടുള്ള കണ്ണുനീർത്തുള്ളി ചേരും
മഞ്ജുളസ്തനങ്ങളും പൂണ്ടവൾ നില്ക്കുന്നേരം,
അളികൾ വിളയാടും കാലികാം ധരിച്ചോരു
ലതികാഭ്രമം പാരമുളവാം കാണും നൃണാം
ജീവനെ ത്യജിക്കയെന്നുറച്ചു കുമാരിക
ദേവിയെച്ചിന്തിച്ചുള്ളിൽ സ്തുതിച്ചു പലതരം :—
"ധൂർജ്ജടിനേത്രങ്ങളാം നീലപങ്കജങ്ങളിൽ
ആർജ്ജിതാനന്ദം മേവും ഭൃംഗമാലികേ ദേവി!
ദുഷ്ടസംഹാരത്തിനു കാരണഭൂതമാം നിൻ
ദൃഷ്ടിയെക്കുറിച്ചു ഞാനൊന്നിതാ വണങ്ങുന്നേൻ.
നീലലോഹിതമനോഹർഷമാം സമുദ്രത്തിൽ
നീളവേ വിളയാടും വീചിമാലികേ! ദേവി!
സുരചിത്തകൈരവവർക്കൗമുദിയാം നിൻ
ഉരുകാന്തിയെച്ചിന്തിച്ചിത ഞാൻ കൈതൊഴുന്നേൻ,

[1] ഗർജ്ജിതനാദംകൊണ്ടു ദൈത്യമർദ്ദനം ചെയ്യും
ഗജദുർജ്ജയപഞ്ചാനനവാഹനേ! ദേവി!
അരുണസരസിജരുചിരമായ നിന്റെ
ചരണാംബുജം നിനച്ചിത ഞാൻ കൈതൊഴുന്നേൻ."
ഭൂരിഭക്തി പൂണ്ടേവം സ്തുതിക്കും ദശാന്തരേ
ഗൌരിയും പ്രസാദിച്ചൊന്നിവണ്ണമരുൾചെയ്തു:—
"സാഹസം പുരസ്കരിച്ചാശു ബാലികേ! നീയും
ദേഹസന്ത്യാഗം ചെയ്തീടൊല്ല പല്ലവാധരി!
നിന്നുടെ ഭക്തിഭാരം കണ്ടതുനിമിത്തമായ്
എന്നുടെ ഹൃദയവുമെത്രയും പ്രസാദിച്ചു.
കഴുത്തിൽ [2]സംഘടനം ചെയ്ക നീ ശിരസ്സെന്നാൽ
ജവത്തോടിരുവരുമുഴറ്റോടെഴുന്നേല്ക്കും."
എന്നരുൾചെയ്തനേരം പാശവുമഴിച്ചവൾ
ഒന്നു കുമ്പിട്ടു മഹാദേവിതൻ പാദാന്തികേ.
ചിത്തതാരിങ്കലേറ്റം സംഭ്രമം മുഴുക്കയാൽ
മത്തകാശിനി തദാ ദൈവസങ്കല്പംകൊണ്ടും
ഭ്രാതാവിൻ തലയെടുത്താതങ്കസമന്വിതം
ഭർത്താവിൻ കഴുത്തിങ്കലഞ്ജസാ ചേർത്തീടിനാൾ.
ഭർത്തൃമസ്തകം തദാ ഭ്രാതാവിൻ കഴുത്തിലും
കർത്തവ്യമോർത്തിട്ടല്ല, വെച്ചുചേർത്തൊരുശേഷം,
ഉടനെ ജീവിച്ചെഴുന്നേറ്റുതങ്ങിരുവരും,
ചടുലാപാംഗി കണ്ടിട്ടധികം ലജ്ജ പൂണ്ടു.
ഏകദേശം കാണുകിൽ കാന്തന്മാരിരുവരും
ഏകദേശം കാണുകിൽ സോദരരിരുവരും."

* * * * *

ഇങ്ങിനെ കഥപറഞ്ഞഞ്ജസാ വേതാളവും
മംഗലൻ നൃപതിയോടൊന്നു ചോദിച്ചീടിനാൻ:—
"ആരെടൊ ഭർത്താവവൾക്കാരു സോദരനെന്നും
നേരുരചെയ്യാലും നീ സാരബുദ്ധിമാനല്ലോ."
എന്നതു കേട്ടു നരനാഥനും ചൊല്ലീടിനാൻ
"ഇന്നിനിക്കൊന്നു തോന്നി കേൾക്ക നീ മഹാമതേ!

[1] 'ഗർജ്ജിതനാദം' തുടങ്ങിയുള്ള നാലു വരി മം. പ്രതിയിലില്ല.
[2] 'സംഘട്ടനം' ശരിയല്ല. എന്ന പാഠാന്തരം (ക.പ്ര.)

ഗാത്രത്തിൽ പ്രധാനമാകുന്നതു ശിരസ്സെന്നു
ശാസ്ത്രത്തിൽ പരിചയമുള്ളവർ ചൊല്ലീടുന്നു.
എന്നതുമൂലം ഭർത്താവിൻ മുഖം ധരിച്ചവൻ
കന്നൽനേർമിഴിയാംകള കാന്തനെന്നെൻെറ മതം."
മന്നവനേവം പറഞ്ഞീടിനോരനന്തരം
പിന്നെയുമന്തർദ്ധാനം ചെയ്തു വേതാളം തദാ
കണ്ടകലതാവൃതശിംശപവൃക്ഷമേറി,
രണ്ടുകൈകളും തൂക്കിക്കൊണ്ടുടൻ തൂങ്ങീടിനാൻ.

* * * * * *

ആഴമേറിനോരംഭോരാശിഗംഭീരാശയൻ
ദ്വേഷിഭീഷണനിട്ടിക്കൊമ്പിമേലിന്ദ്രചന്ദ്രൻ
ആഴിചൂഴുന്നോരൂഴിക്കേകനായകനായി
വാഴുവാൻ കഴിവരുത്തേണമേ മഹാമായേ!

## എട്ടാമത്തെ കഥ

പിന്നെയും വേതാളത്തെപ്പിടിച്ചു സസംഭ്രമം
മന്നവനന്ധകാരേ നടക്കും ദശാന്തരേ,
മന്ദഹാസവും ചെയ്തു പറഞ്ഞു വേതാളവും:—
"സുന്ദരാകൃതേ! നരപാലക! കേട്ടാലും നീ—

*　　*　　*　　*　　*

ചണ്ഡസിംഹനെന്നൊരു മന്നവനുണ്ടായ്‌വന്നു
ചണ്ഡവിക്രമൻ പുരാ താമ്രലിപ്തമാം പുരേ.
നാകനാരിമാരവൻതന്നുടെ ഗുണഗണം
പാകശാസനൻമുമ്പിലാകവെ ഗാനംചെയ്യും.
സത്വശീലനെന്നൊരു സത്വവാൻ ക്ഷപണക-
നദ്ധരാധിപൻതന്നെ സ്സേവചെയ്യുന്നുദിനം
ശീതവാതാതപങ്ങളാകവെ സഹിച്ചുടൻ
ജാതസമ്മതം നരനാഥഗോപുരാന്തികേ,
ദ്വാരപാലനം ചെയ്തു ഭൂരിമാന്ത്രികൻയശോ-
വാരിധി വാഴുന്നനാളേകദാ നരാധിപൻ
കാനനാന്തരേ നടന്നാഖേടംചെയ്തീടുവാൻ
മാനസേ കുതൂഹലം പൂണ്ടവൻ പുറപ്പെട്ടു
പവനജവം പൂണ്ടും [1] ജവനാശ്വത്തിലേറി,
ഭുവനവീരനതിചതുരസൈന്യത്തോടും,
അടവീതലംതന്നിൽ നടകൊണ്ടീടുന്നേര-
മുടനെ സത്വശീലനനുയാനവും ചെയ്തു.
ചലലക്ഷ്യവേധനകുതുകം പൂണ്ടു നൃപൻ
പലസത്വങ്ങളേയും ഹനിച്ചു നടക്കുമ്പോൾ,
അതിവേഗശാലിയാം തുരഗപ്രവരനും
അതികോപവും പൂണ്ടു പാർഷ്ണിസംസ്പർശമൂലം
ഗണിച്ചുകൂടാതൊരു ജവത്തോടൊരുമിച്ചു
ക്ഷണംകൊണ്ടവൻ പത്തുയോജന ദൂരം പാഞ്ഞു.
വലഞ്ഞു നരാധിപൻ കുഴഞ്ഞു ശരീരവും
തിരിഞ്ഞു നോക്കുന്നേരമാരേയും കണ്ടീലഹോ!

---

[1] ജവനം=വേഗം, കുതിര. 'യവനാശ്വം' എന്നു മം. പ്ര.

ധമനീനിയന്ത്രിതതനുവാം ക്ഷപണകൻ
കമനീയാനുഭാവനന്തികെ വന്നു തദാ,
തന്നുടെ മന്ത്രശക്തികൊണ്ടു നിൎമ്മിതമായ
ധന്യമാം ധാത്രീഫലദ്വയവും പാനീയവും
നരനാഥനു കൊടുത്തരമാശ്വസിപ്പിച്ചു,
തുരഗത്തിന്നും പരവശത തീൎത്തീടിനാൻ.
ചെറുതും പിഴയാതെ വഴിയും കാട്ടിപ്പരം,
പുരിയിലകം പുക്കു നൃപനും സകൗതുകം,
തന്നമാത്യന്മാരെയും വരുത്തി ക്ഷപണകൻ
തന്നെയും പ്രശംസചെയ്തുന്നതപരാക്രമൻ
മന്നിടം തന്നിലവൻ തന്നെയുമന്നു തൊട്ടു
തന്നോടു സമമാക്കിക്കല്പിച്ചു മഹാമതി.
അങ്ങിനെ വാഴുന്ന നാളേകദാ നരാധിപൻ
തുംഗപൌരുഷൻ സത്വശീലനോടുരചെയ്തു:—
"എനിക്കുണ്ടൊരു മോഹം ധരിക്കപുനരതു
നിനക്കിൽ നിനക്കൊഴിഞ്ഞാൎക്കുമേ സാദ്ധ്യമല്ല.
അംബുധിജലം ചൂഴും സിംഹളപുരം തന്നിൽ
നിൎമ്മലമതേ! ഭവാൻ ചെന്നുടൻ വൈകീടാതെ,
തൽപുരാധിപൻതന്നെക്കണ്ടു വന്ദനംചെയ്തു,
ഉല്പലനയനയാം തൽക്കുമാരിയെ ദ്രുതം
എനിക്കു തരുവതിനവനുമനോരുചി
ജനിക്കുമാറുരയ്ക്ക; സമൎത്ഥനല്ലോ ഭവാൻ."
അതുകേട്ടവൻതാനുമുടനെ പുറപ്പെട്ടു,
മതിമാൻ നരവരനവനു സഹായമായ്
ശൌൎയ്യമേറീടും ഭടന്മാരേയും നിയോഗിച്ചാ-
നാൎയ്യന്മാരായുള്ളവരിങ്ങനെ ചെയ്യുന്നായം.
നടന്നു സത്വശീലൻ പരന്ന ജലധിയിൽ
പടൎന്നജനം കണ്ടു തുടൎന്നു കുതൂഹലം
കെല്പനല്പമായൊരു കപ്പലിൽക്കരയേറി,
തല്പരം ജലധിയിൽ ശില്പമുമ്പുക്കനേരം,
ദൈവത്തിൻ കഠോരത്വമാൎക്കു മൊന്നറിയരു.
താപത്തിൻ നിമിത്തമായ് ദൂരത്തങ്ങൊരു മേഘം
തടിച്ചംബരമാൎഗ്ഗം മറച്ചു റപ്പെട്ടു,

കടുതാപം പൂണ്ടു മഹാവാതവുമാരംഭിച്ചു.
തിളച്ചു മറിയുന്ന പുളച്ചോരോളം തന്നിൽ
കളിച്ചു മണ്ടിക്കെല്പുമിളച്ചു ജലയാനം,
ഉടഞ്ഞു ജലമുളളിൽ കടന്നു നിമഗ്നമായ്
പിടഞ്ഞു ജനങ്ങളും ജലത്തിലാണു തദാ
വാളുമായ് സത്യശീലൻ ജലധിജലത്തിലും
നീളുമാതങ്കത്തിലും വീണു മുങ്ങീടും വിധൌ,
ഭക്ഷണമായി ജലജന്തുക്കൾക്കെല്ലാവരും.
തൽക്ഷണം സത്യശീലനത്ഭുതം! ദൈവയോഗാൽ,
തോയത്തിൽ മുങ്ങിപ്പുനരാഴത്തിൽച്ചെല്ലുന്നേരം
ദൂരത്തങ്ങേററം ധ്വജസ്തംഭത്തെക്കണ്ടീടിനാൻ.
തൽപാർശ്വേ ചെന്നു പാരമുല്പന്നകൌതൂഹലം
കെല്പേറും ധൈര്യത്തോടുമുടൻപുക്കു പാതാളത്തിൽ,
പണ്ടൊരു നാളുമാരും കണ്ടറിയാതെ പരം
കണ്ടാൽ കൌതുകമുണ്ടാം കാഞ്ചനപുരം കണ്ടു.
കുതുകമകതാരിലധികമുണ്ടാകയാൽ
മതിമാനതിൽ നീളെ നടന്നു നോക്കും വിധൌ,
പണിതീർത്തതിപ്രഭാമണിതോരണഗണ-
ഭൂഷണപൂർണ്ണമാമൊരുമണിമണ്ഡപേ ശുഭേ
കാമദേവനെ ലലാടാക്ഷിയിലെരിച്ചവൻ-
വാമഭാഗത്തു മേവും ദേവിയെക്കണ്ടീടിനാൻ.
[1] ഭുജഗാംഗനമാരും മനുജാംഗനമാരും
ഭുജസങ്കോചത്തോടു മരികെ സേവിപ്പതും
കണ്ടവൻ നമസ്കരിച്ചിണ്ടലും തീർന്നു വേഗാൽ,
തണ്ടലർബാണാരിവല്ലഭയെ വണങ്ങിനാൻ:—
[2] സർവ്വഗീർവ്വാണഗണവന്ദിതേ! മഹാദേവി!
സർവ്വമംഗലേ! ശുഭേ! സർവ്വജീവനായികേ!
ദൈത്യമാനസാംബുജചന്ദ്രികേ! മഹാദേവി!
സത്യസങ്കല്പേ! മഹാഭൃത്യസങ്കടാപഹേ!

---

[1] "ഭുജഗാംഗനമാരും ഭുജസങ്കോചത്തോടും (കൈകൾ കൂപ്പിക്കൊണ്ടു് എന്നർത്ഥം). മശനം പരിത്യജിച്ചരികെസ്സേവിപ്പതു," എന്നു പാഠാന്തരം.

[2] "സർവ്വഗീർവ്വാണാംഗനാവന്ദിതേ" എന്നു മം. പ്ര.

നിജമായാവിലാസസംപ്രോതലോകസംഘാതേ !
വിജയപ്രദേ ! വിദ്യാത്രൂപിണി ! നമോസ്തുതേ ”
ഇങ്ങിനെ മഹേശ്വരീവന്ദനം ചെയ്യും വിധൌ
മംഗലാംഗിയാമൊരു കന്യകയെത്തത്രകണ്ടാൻ.
അവധി,കൂടാതൊരു ദാസികാം ചുഴലവേ
വിവിധോപചാരവും ചെയ്തു സേവിക്കുന്നതും.
ദിവ്യഭൂഷണങ്ങളും ധരിച്ചു മനോഹരി,
[1] ദിവ്യഗാമിനി മതംഗേന്ദ്രഗാമിനി ബാലാ,
വിഭ്രമവിശേഷവും പൂണ്ടു വിദ്യോതമാനാ
നിഭരസ്മരരസോദ്യാനചൂതമഞ്ജരീ,
സൌന്ദര്യമാകും ജലത്തിന്നൊരു മഹാനദീ,
മന്ദരാചലശിഖരോപമസ്തനീശുഭാ.
രുദ്രലോചനാഗ്നിയിൽ പേടിപൂണ്ടോട്ടമതി-
ഭദ്രനാം സ്മരന്റെ രക്ഷാപുരിയെന്നപോലെ,
മന്ദമന്ദം നടന്നു സുന്ദരി ഭവാനിതൻ
മന്ദിരം പ്രദക്ഷിണം ചെയ്വതും കണ്ട നേരം,
പുഷ്പബാണങ്ങളേററു [2] കാപ്പടികനു തദാ
കെല്ലെഴും ധൈര്യസാരമല്പവുമില്ലാതെയായ്,
ചിത്രത്തിലെഴുതിയ പുരുഷൻതന്നെപ്പോലെ
ചിത്രമെത്രയുമതിനിശ്ചലാംഗനായ്‌വന്നു,
ദേവിയെസ്സേവയും ചെയ്തുമധുമൊഴി താനും
കേവലം തദാ നിജ മന്ദിരേ പുറപ്പെട്ടു.
പോകുന്ന നേരമവൻ മന്മഥശരാർത്തിയാൽ
വേകുന്ന മനസ്സോടും പിന്നാലെ നടകൊണ്ടു.
ധാർഷ്ട്യശാലിനി നിജ വീട്ടിലുമ്പുക്ക നേരം,
പാട്ടിലാം കാമനോടും ഗോഷ്ഠികാട്ടുവാനവൻ,
കൂടവെ കടന്നുള്ളിൽ മുഗ്ദ്ധഹാസിനി തന്റെ
പാടവവിശേഷവും ഹാടകപര്യങ്കവും
കണ്ടുകണ്ടതിസ്മയം പൂണ്ടു നിന്നീടുന്നേരം
വണ്ടണികുഴലാളും കണ്ടു കൌതുകം പൂണ്ടു,
ത്വരിതം ദാസിതന്നോ, “ ടിവനെക്കുളിപ്പിച്ചു-

1 “ ഭവ്യകാമിനി ” എന്നു പാഠാന്തരം ശരിയായിരിക്കണം.

2 കാപ്പടികൻ=കാവിവസ്ത്രമുടുത്തവൻ ; ബുദ്ധസന്യാസി ; തീർത്ഥയാത്രക്കാരൻ.

ന്നരികെക്കൊണ്ടുവരികെ," ന്നുരചെയ്യുനേരം,
ദാസിയും ക്ഷപണകൻ തന്നെയും കൊണ്ടുചെന്നു
ഭാസുരമായ സരസ്സുതടത്തിലാക്കീടിനാൾ,
ഒന്നതിലിറങ്ങി മുങ്ങീടിനാനവൻ തദാ
വന്നുപൊങ്ങിനാൻ [1] ചണ്ഡസിംഹകളീസ്സരസ്സിൽ.
തൽക്ഷണമമ്മഹേളവിപ്രയോഗേന വിഷ-
ഭക്ഷണം ചെയ്തപോലെ മൂർച്ഛയും പൂണ്ടു പാരം,
ഉദ്യാനാവനൌ കിടന്നീടിനാനതുനേരം,
ഉദ്യാനപാലൻ നരനാഥനെക്കണ്ടു ചൊന്നാൻ :—
"വീർപ്പുപോലും കുറഞ്ഞു്, ദീർഘവേദന പൂണ്ടു
കാർപ്പടികനുദ്യാനാവനൌ കിടക്കുന്നു."
എന്നതു കേട്ടു നൃപൻ ഖിന്നനായ് സസംഭ്രമം
ചെന്നുടനുപവനം തന്നിലാമ്മാറു കണ്ടു.
ദൃഷ്ടിയുമടച്ചൊരു മുട്ടിപോലെ ശയിക്കും
ഇഷ്ടനാം സചിവനെക്കണ്ടു കേണീടും വിധൌ,
അടച്ച കണ്ണു മെല്ലെ മിഴിച്ചു ചൊന്നാനവൻ :—
"ശമിച്ചു ദുഃഖം ചൊന്നാലൊടുക്കമതിനില്ല."
ജലത്തിൽ [2] പ്രവഹണമുടഞ്ഞാണതും ജല-
ചരത്തിൻ കുലം വന്നു ജനത്തെ ഭക്ഷിച്ചതും,
ചാകാതെ ജലധിയിൽ താനുടൻ താണ ശേഷം,
വൈകാതെ പാതാളത്തിൽ ച്ചെന്നതും സകൌതുകം,
തത്ര കാഞ്ചനപുരം കണ്ടതും അതിൽജ്ജഗ-
ന്മിത്രഭൂതയാം മഹാദേവിയെ സ്തുതിച്ചതും,
തൽപാശ്വേ ! മനോഭവമന്ത്രദ്ദേവതയായൊ-
രുല്പലമിഴിയാളെക്കണ്ടു മാൽ പിണഞ്ഞതും,
സ്ഫാടികസരസിയിൽ സ്നാനമാചരിച്ചതും
നീട്ടടയോരു കേളീസരസ്സിൽ പൊങ്ങിയതും,
നാരിമാർ മുടിപ്പൂവിൻ ചാരുലവണ്യമാകും
ഘോരപന്നഗവിഷമേററുടൻ മൂർച്ഛിച്ചതും,
ഒക്കവേ സവിസ്തരം ചൊന്നതു കേട്ടു നൃപൻ

---

1 ചണ്ഡസിംഹന്റെ ക്രീഡാതടാകത്തിൽ എന്നർത്ഥം. കേളീസരസ്സെന്നാണു് അച്ചടിയിൽ.

2 പ്രവഹണം=കപ്പൽ. (ഭൂമിയിൽ സ്പർശിക്കാതെ പോകുന്നതു്. പല്ലക്കു്, മഞ്ചൽ മുതലായവ.)

തൽക്കരം പിടിച്ചടനിത്ഥമൊന്നുരചെയ്തു :—
"ആശ്വസിച്ചാലും ഭവാനുണ്ടതിനുപായവും
വിശ്വസിക്കേണം മമ ഭാഷിതം മഹാമതേ !
പോക നാം വൈകിയാതെ പാതാളതലം തന്നിൽ,
ശോകനാശനം വരുത്തുന്നത്തുണ്ടേഷ ഞാനും."
ഇത്തരം പറഞ്ഞമാത്യങ്കലാക്കിപ്പുരത്തെ
സത്വരം ക്ഷപണകനോടൊരുമിച്ചു നൃപൻ
സഞ്ചിതകുതൂഹലമംബുധിതടം പുക്കു,
ചഞ്ചലം വെടിഞ്ഞൊരു വഞ്ചിയിൽ കരയേറി,
ഉന്നമപ്രവഹണം ഭിന്നമായൊരുദേശം
തന്നിലാമ്മാറു ചാടിപ്പിന്നെയും മുങ്ങീടിനാർ.
കാഞ്ചനമയധ്വജം കണ്ടു തൽപാർശ്വേ പോയി,
കാഞ്ചനപുരമകം പുക്കിതു ദൈവയോഗാൽ.
ഗൌരീമന്ദിരാന്തികേ ചേരുന്നൊരുദ്യാനത്തിൽ,
ആരൂഢകൌതൂഹലം വിശ്രമിച്ചിട്ടും വിഭോ,
പാർവ്വതീദേവിതന്നെസ്സേവചെയ്തിരിപ്പോരു
ശർവ്വരീനാഥാനന തന്നെയും കണ്ടീടിനാർ.
കന്ദർപ്പനാകും മയൂരം സുഖിച്ചിരുന്നീടും
സുന്ദരകദളിയാം കന്യയെക്കണ്ടു നൃപൻ,
ഘോരനാം വിധുന്തുദൻ തന്നിലെ ഭയംകൊണ്ടു
ദൂരദേശത്തു മണ്ടിപ്പോന്ന ശീതാംശുകാന്തി
ആരുമങ്ങറിയാതെ വാരിധിജലാന്തരേ
ചാരുരൂപേണ വാണീടുന്നവളെന്നുറച്ചു.
"കാമിനീമണിയാകുമിവളെക്കണ്ടാലത്രേ
കാമദേവനുള്ളൊരു മഹത്വമറിയാവൂ.
കുററമല്ലിവനതിമുഗ്ദ്ധനായ്ച്ചമഞ്ഞതും
കററവാർ കുഴലിമാരേവമില്ലൊരും നൂനം.
അത്ഭുതം വിധാതാവിൻ കൌശല" മെന്നുനിന-
ച്ചല്പമെന്നിയെ ശിരശ്ചാലനം ചെയ്തീടിനാൻ.
അന്നേരം കുമാരിയും തന്നുടെ സഖിമാരോ-
ടൊന്നിച്ചു ഗിരിജയെ വന്ദിക്കും ദശാന്തരേ,
കേൾക്കായി വാക്യമേവം, "ദീർഘലോചനേ! തവ
ഭോക്ഷ്കല്ല പരിണയമിന്നു ചെയ്തീടുമേകൻ."

അവളുമതു കേട്ടു പെരികെ പ്രസാദിച്ചി-
ട്ടവിളംബിതം നിജ നിലയേ പോകുന്നേരം,
ധന്വിവിഗ്രഹം പൂണ്ട മന്നവൻ തന്നെക്കണ്ടു
തന്നുടെ തോഴിതന്നോടിങ്ങിനെ ചൊല്ലീടിനാൾ :—
" മാരസുന്ദരാകാരനാരിവനൊരു നരൻ ?
പാരമത്ഭുതമകതാരിലുണ്ടാകുന്നു മേ.
വല്ലതെന്നാലുമിവൻതന്നുടെ സമീപേ പോയ്
ചൊല്ലേണമാതിത്ഥ്യത്തിന്നിങ്ങു പോരുവാനെടോ !
ദൈവസങ്കല്പമാക്കമറിഞ്ഞുകൂടാ നൂനം,
ദേവിയുമെനിക്കിന്നു ഭാവുകം വരം നൽകി. "
തന്മതമേവം കേട്ടു ധരിച്ചു വയസ്യയും
ധർമ്മപാലാന്തികത്തിൽ ച്ചെന്നിതെപ്പേരും ചൊന്നാൾ.
ചണ്ഡസിംഹനുമതു കേട്ടുടനുരചെയ്തു :—
" ഖണ്ഡനമല്ല ഞാനുണ്ടൊന്നു ചൊല്ലുന്നു ബാലേ !
താമസിപ്പതിനേതും കാമമില്ലെനിക്കിഹ,
കാമിനിമണിയുടെ സാമവാക്യമേ പോരും.
സൽക്കാരമെല്ലാം പരിഗ്രഹിച്ചേൻ ഞാനെന്നേവം
മൈക്കണ്ണാളോടു പറഞ്ഞീടുക ഭവതിയും. "
നൃപതി പറഞ്ഞ വാക്കഖിലം പിഴയാതെ
സപദി കന്യകയോടവളും ചൊല്ലീടിനാൾ.
നിർവ്വികാരമായോരു ധൈര്യവൈഭവംകൊണ്ടും
സർവ്വലോകാതീതമാം രൂപസൌന്ദര്യംകൊണ്ടും
തോഷമുൾക്കൊണ്ടു ബാലാ തോഴിമാരോടുമൊന്നി-
ച്ചാഴിമൂഴനോത്രുഴിക്കീശനന്തികേ ചെന്നു,
സുവർണ്ണലതകളും പടർന്നു തളിർത്തുള്ള
സുവർണ്ണതരുക്കളാൽ നിറഞ്ഞോരുദ്യാനത്തിൽ
മന്ദവാതവുമേററാനന്ദിക്കും നൃപനോടു
മന്ദഹാസവും പൂണ്ടു മന്ദമൊന്നുരചെയ്തു :—
" വീരന്മാരണിഞ്ഞീടും ഹീരമേ ! ഭവാനൊരു
നീരസം തോന്നീടരുതൊന്നു ഞാൻ പറയുന്നു.
യോഗ്യനായോരു ഭവാനിങ്ങു വന്നതും മമ
ഭാഗ്യവൈഭവമതുകാരണം മഹാമതേ !
എന്നുടെ നികേതനേ വന്നിരുന്നരക്ഷണം

സുന്ദരാകൃതേ ! ഭവാനിന്നു വിശ്രമിക്കേണം."
എന്നതു കേട്ടു നൃപപുംഗവനരുളചെയ്തു :—
"വന്നിതു ഞാനും ദേവീവന്ദനം ചെയ്തിടുവാൻ.
ഇവനെപ്പിരിഞ്ഞൊരു ഭവനേ വസിക്കയി-
ല്ലിവനാതിത്ഥ്യം പുനരിവിടെ വിഗർഹിതം;
അതുകൊണ്ടത്രേ പരമധികമുഴറുന്നു,
മതിനേർമുഖി ! മമ ഗദിതം സത്യമത്രെ."
തൽപ്പദം കൃശോദരി കണ്ടു കാർപ്പടികനെ
കാർപ്പണ്യഭാവത്തോടും ലജ്ജയാ മുഖം താഴ്ത്തി,
കാൽവിരൽകൊണ്ടു നിലം കീറി നിന്നൊട്ടുനേരം
ഭാവസങ്കല്പം [1] നിജം മന്നവനോടു ചൊന്നാൾ :—
"അസുരജനപരിവൃഢനാം കാലനേമി
വസുമാനവൻടെ തനയ ഞാനാകുന്നു.
ഉത്തമസ്നേഹഭാരമെങ്കലുണ്ടാകലുലം,
സത്തമനവനെനിക്കുത്തമം പുരമിദം,
തന്നുടെ മതിബലംകൊണ്ടു നിർമ്മിച്ചു തന്നു
ധന്യമിപ്പുരം ഭുക്തിമുക്തിദമറിഞ്ഞാലും.
ഹാടകമയമെന്നീ വീടുകളൊന്നുമില്ല,
ഹാടകമയങ്ങളാം കാടകദ്രുമങ്ങളും.
സകലസിദ്ധിപ്രദമിപ്പുരമറികെടോ !
വികലമല്ല ഗുണഗണവുമിതിലാർക്കും.
ജനനം മരണവുമിവിടെ വരികയി-
ല്ലനഘമിതിലില്ലൊരാധിയും വ്യാധിപോലും.
ഭവ്യമാം പദാർത്ഥവുമുണ്ടിതിലനവധി,
[2] ദിവ്യസൌരഭ്യപൂർണ്ണമിപ്പുരം നരപതേ !
ഇന്നുതൊട്ടെനിക്കു നീ കാന്തനായ് ഭവിക്കേണ-
മെന്നുമേ നിനക്കൊരാപത്തുമുണ്ടാകയില്ല.
എന്നതുമാത്രമല്ല നിന്നുടെ ദയിത ഞാൻ
നമ്മുടെ ജന്മാന്തരം തന്നിലെന്നറിഞ്ഞാലും."
നരനാഥനും പുനരവളോടുരചെയ്തു :—
"വരിക കൃശോദരീ ! പറയാം പരമാർത്ഥം.

---

[1] "നിജമന്നവനോടു ചൊന്നാൾ" എന്നു മം. പ്ര.
[2] "ദിവ്യസൌരഭപൂർണ്ണം" എന്നു ക. പ്ര.

എന്നുടെ മതമനുസരിച്ചീടേണം നീയും.
നിന്നുടെ രൂപം കണ്ടാലേവനും കാമിച്ചീടും.
കനത്ത മുലത്തടമണച്ചു പുൽകീടുവാൻ
കൊതിച്ചു മുന്നമിവൻ ചതിച്ചു നീയും വൃഥാ.
എനിക്കു താതൻ ഗുരു സഖിയും ഭ്രാതാ മിത്രം
നിനക്കിലെല്ലാമിവനെന്നതുമറിഞ്ഞാലും.
ഉത്തമൻ ജാതിവിദ്യാവിജ്ഞാനജ്ഞാനങ്ങളാ—
ലെത്രയുമിവനതു കാരണം ഭദ്രേ ! നീയും
ഇവന്റെ ദയിതയായജസ്രം വാണീടേണം
ഭവന്റെ ദയിതയായ് പാർവ്വതിയെന്നപോലെ.
ജനകൻ ഗുണോത്തരൻതനിക്കു തനൂജയെ
ജനിതാനന്ദം കൊടുക്കുന്നതുപോലെ ഞാനും
എന്നുടെ വചോവശേ വർത്തനം ചെയ്തീടുന്ന
നിന്നെയും നൽകീടുന്നേൻ അന്യഥാ കരുതൊലാ.
പ്രണയം നിനക്കെന്നിലണുമാത്രമുണ്ടെന്നാൽ
വനിതാമണേ ! മമ വചനം ലംഘിക്കൊല്ലാ. ”
ഇങ്ങിനെ നരപതി ചൊന്നതു കേട്ട നേരം,
അംഗനാശിരോമണി ലജ്ജയും പൂണ്ടു പാരം,
മെല്ലവെ ചൊല്ലീടിനാ, “ ഉല്ലലില്ലെനിക്കേതും,
നല്ലതും തീയതും നീ ചൊല്ലുകിൽ സമ്മതിക്കാം, ”
എന്നുരചെയ്തു [1] കാലാൽ മന്നിടം കീറി നിൽക്കും
സുന്ദരീമണിയെയും ദൈത്യരാജ്യവും നൃപൻ
കാർപ്പടികനു കൊടുത്തേവമൊന്നുരചെയ്തു :—
“ നിഷ്പ്രതിക്രിയം പുരാ നീ തന്ന ധാത്രീഫലം.
ഒന്നിനു വിലയിതെന്നിന്നു നീ ധരിച്ചാലും,
ഒന്നിനിക്കടമതു സംഗ്രഹിച്ചാലുമെന്നിൽ. ”
ഇത്തരമുരചെയ്തു തത്ര യാത്രയും ചൊല്ലി-
സ്സത്വരം നരാധിപൻ സ്ഫാടികസരസിയിൽ
ചെന്നു മുങ്ങിയനേരമത്ഭുതം ! ക്ഷണാന്തരേ,
വന്നു പൊങ്ങിനാൻ നിജോദ്യാനപുഷ്കരണീയിൽ. ”

* * * * * *

1 “ കണ്ണാൽ ” എന്നു മം. പ്ര. ഇതു സ്വീകാര്യമല്ല.

ഇങ്ങിനെ കഥ പറഞ്ഞൂത്തമൻ വേതാളവും
സംഗതാനന്ദം നൃപനോടു ചോദിച്ചീടിനാൻ :—
" ആർക്കെടോ സത്വാധിക്യം കാപ്പടികനോ നൃപ-
ന്മാർക്കലങ്കാരമായ ചണ്ഡസിംഹനോ ചൊൽക. "
വേതാളഗിരമേവം കേട്ടു വിക്രമാദിത്യൻ
ചേതോമോഹനമാമ്മാറുത്തരമുരചെയ്താൻ :—
" പ്രത്യുപകാരം ചെയ്വാനിച്ഛയാ ചണ്ഡസിംഹൻ
സത്യഭാഷണൻ ജലരാശിയിൽ കടന്നുടൻ,
പണ്ടവൻ കണ്ട മാർഗ്ഗമറിഞ്ഞു മുങ്ങിയതു-
കൊണ്ടു കൌതുകമെനിക്കേറെയും തോന്നുന്നീല.
അത്ഭുതമല്ലോ മുന്നമബ്ധിയിൽ കാപ്പടികൻ
[1] തൽപരിവാരജനമൊക്കെ വീണലറുമ്പോൾ,
ധൈര്യത്തോടൊരുമിച്ചു മജ്ജനം ചെയ്തതോർത്താൽ
ധൈര്യസാഗരൻ പുനരവനെന്നെന്റെ മതം. "
അന്നേരം വേതാളവും മറഞ്ഞു സസംഭ്രമം
ചെന്നു ശിംശപാതരു തന്നിലുമ്പുക്കീടിനാൻ.

* * * * * * *

സത്വശീലനായ് ചണ്ഡസിംഹവിക്രമം പൂണ്ണം
തത്വവിത്തമനിട്ടിക്കോമ്പി ഭൂപാലന്നഹോ !
ചിത്തജോപമന്നലം [2] ചിത്തവിഭ്രമം പര-
മെത്തുവാനുപായമോർത്തിക്കഥ ചൊല്ലീടിനേൻ.

---

[1] ' പരിചാരജനം ' എന്നു് ക. പ്ര.

[2] ചിത്തവിക്രമം എന്നു് മം. പ്ര.

## ഒമ്പതാമത്തെ കഥ

പിന്നെയും നരാധിപൻ ശിംശിപാ മുകളേറി-
ച്ചെന്നുവേതാളത്തെയും പിടിച്ചു ചുമലേററി,
പടർന്നോരന്ധകാരേ തുടർന്നീടുന്ന മോഹാൽ
നടന്നീടുന്ന നേരം പറഞ്ഞു വേതാളവും :—
„ കഷ്ടമെത്രയും തവ ദുർമ്മോഹം നരാധിപ !
നിഷ്ഠൂരതരം തവ ചേഷ്ടിത മെന്നേ വേണ്ടു-
അമരാവതിയോടു സമയാം പുരി മറ-
ന്നമരാധിപോപമ ! തിമിരാകുലേ വനേ,
മദനരസത്തിന്നു സദനമായോരിന്ദു-
വദനാജനം നിജകരതാർപുടങ്ങളാൽ
മൃദുസംവാഹനംകൊണ്ടു [1] ദിതാരുണ്യമാക്കും
പദപങ്കജം കൊണ്ടെന്തിഹ സഞ്ചരിക്കുന്നു ?
നിന്നിലാനന്ദിച്ചീടും സാർവ്വഭൌമത്വത്തിനു-
മെന്നുടെ പിശാചത്വംതനിക്കുമെത്ര ദൂരം ?
രാത്രിയിൽ പ്രേതസംഘമാർത്തു കൂത്താടും ചിതാ-
ധാത്രിയിൽ നടപ്പതും യോഗ്യമോ ധാത്രീപതേ ?
നിഷ്ഠൂരതരനാകും ക്ഷാന്തിശീലന്റെ മനോ-
ദുഷ്ടനിമിത്തമായ്. കഷ്ടമെത്രയും ഭവാൻ,
മന്നിടത്തിന്നു ഭൂഷാരത്നമാം ശരീരത്തെ
ഖിന്നമായ് ചമയ്ക്കുന്നു ധന്യമല്ലിദം തവ.
ഞാനൊരു കഥചൊല്ലാം ദീനപാലക ! ഭവാൻ
മാനസം തെളിഞ്ഞവധാനമായ് കേട്ടീടേണം.”

*       *       *       *       *       *       *

പാരിതിൽ പ്രധാനത തേടുന്നോരുജ്ജയിന്യാം
വീരദേവനെന്നൊരു മന്നവനുണ്ടായ്‌വന്നു
അവനു [2] ധർമ്മവതിയെന്നൊരു ദയിതയാ-

---

[1] ‘ ഉദിതാരുണ്യമാകും ’ എന്നു കാണുന്ന പാഠം (മ.പ്ര., ക. പ്ര.) സ്വീകരിച്ചാൽ ഇന്ദുവദനാജനം കൈകളെക്കൊണ്ടു എന്തു ചെയ്യുവെന്നാണ്. ‘ ആകും ’ എന്നതിന്നു പകരം ആക്കും എന്നു തന്നെയാക്കിയാലേ വാക്യം ശരിയാവൂ.

[2] ‘ ധർമ്മാവതി ’ എന്നു മം. പ്ര.

ഉവനീതലത്തിനു [1] തിലകമെന്നപോലെ,
ചിത്തചന്ദ്രികയായൊരുത്തമാമണിയോടും
ചിത്തജോപമനൊരുമിച്ചിരുന്നീടും കാലം,
സന്തതിയില്ലായ്കയാലന്തരാ നരാധിപൻ
സന്തപിച്ചനാരതം ബന്ധുരാധരിയോടും,
ഇന്ദ്രാദിസുരഗണവന്ദിതപദനായ
ചന്ദ്രശേഖരൻ തന്നെത്തപസാ സേവിച്ചുടൻ,
തൽപ്രസാദത്താലൊരു പുത്രനുമുണ്ടായ്‌വന്നു
നൽപുരികുഴലാളാം കന്യയുമനന്തരം.
ശൂരദേവനെന്നൊരു നാമധേയവും പൂണ്ടു
ശൂരനാം കുമാരനും ശൈശവമുപേക്ഷിച്ചു.
അനംഗരതിയെന്നു ലോകവിശ്രുതയായി-
ട്ടനംഗരസം തേടും കാലം ബാലയ്ക്കും വന്നു.
അവളുമൊരുദിനം ജനകമുഖാംബുജം
അവലോകനംചെയ്തു സമയം ചെയ്തീടിനാൾ.
സകല ശാസ്ത്രങ്ങളുമറിഞ്ഞു കൃതാർത്ഥനായ്
അഖിലജനങ്ങളാലതിപൂജിതനായി,
ശൂരനായ് വദാന്യനായിംഗിതവിജ്ഞാനിയായ്
മാരസുന്ദരനായ നരനെയൊഴിഞ്ഞു ഞാൻ
ആരെയും ദയിതനായ് സ്വീകരിക്കുന്നേനല്ല
മാരവൈരിതൻ ചരണാംബുജത്താണെ സത്യം.
അങ്ങിനെ വാഴും കാലമങ്ങോരോ ഭൂപാലന്മാ-
രംഗനാതിലകത്തെക്കാമിച്ചു സസംഭ്രമം,
വന്നു യാചിക്കും വിധൌ വീരദേവനും ഗുണ-
മൊന്നൊഴിയാതവന്മാരിലും കാണായ്കയാൽ,
ഓരോരോ മൂലം പറഞ്ഞാരോപിച്ചവരിലു-
മാരൂഢമാക്കി മനോഭംഗവും വിരോധവും.
ചേരുന്ന കാന്തൻ നാരിക്കാരുമാഗമിച്ചതി-
ല്ലാരുള്ളൂ ഗുണം തികഞ്ഞവനീതലേ പുമാൻ?
അങ്ങിനെ കുറഞ്ഞൊരു കാലവും ചെന്നനേരം
അങ്ങനുകൂലമായ കാലമാഗമിക്കയാൽ,
തരുണന്മാരായ് നാലു പുരുഷരൊരുമിച്ചു-

[1] ' തിലമുകണ്ടോഴ്ക്കുന്ന എന്നു് മം. പ്ര.

അതരുണീഗുണം കേട്ടപ്പുരിയിൽ വന്നീടിനാര.
കണ്ടാൽ കാന്തിയുമവക്കേവക്കുമൊരുപോലെ,
കണ്ടാൽ കൌതുകമുള്ളിലേവക്കുമുണ്ടായ് വരും.
വിക്രമംകൊണ്ടും വിദ്യാവൈഭവം കൊണ്ടും പുന-
രിക്ഷിതീതലേ തുല്യന്മാരവക്കാരുമില്ല.
വീരദേവനെക്കണ്ടു കന്യയെ യാചിച്ചപ്പോൾ
ആത്ത്രദ്ധാനന്ദം നൃപനവരോടുരചെയ്തു :—
" നിങ്ങളാരെന്നും ഗുണവൈഭവമെന്തെന്നതും
ഇങ്ങറിയുമാറുരചെയ്യേണം വഴിപോലെ."
എന്നതു കേട്ടിട്ടതിലൊരുത്തൻ ചൊല്ലീടിനാൻ :—
" ഒന്നറിയേണം ഭവാൻ ധനികോത്തമനഹം.
വിചിത്രപരാക്രമശാലിഞാനതുമല്ല,
വിചിത്രവസ്തുക്കളിൽ നിർമ്മാണവിചക്ഷണൻ.
എന്നെയും ജാത്യാഭവാൻ ശൂദ്രനെന്നറിയേണം,
എന്നുടെ സൌന്ദര്യവും കണ്ടു ബോധിച്ചീടുക."
അന്നേരമിതരനും മന്നവനോടു ചൊന്നാൻ :—
" എന്നുടെ പരമാർത്ഥമാകവെ ചൊല്ലീടാം ഞാൻ.
വൈശ്യനാകുന്ന ഞാനും വിശപജന്തുക്കളെല്ലാം
വിശപസിച്ചോതും ഭാഷ നിശ്ചയിച്ചറിയും ഞാൻ.
വിദ്യയും വിത്തം പരാക്രമവും രൂപമിവ
സദ്യഃ സംശയം വിനാ നീ പരീക്ഷിച്ചുകൊൾക."
അതു കേട്ടവനീശൻ കുതുകം തേടും വിധൌ
മതിമാനിതരനും നൃപനോടുരചെയ്തു :—
" രാജന്യജനമടിപണിയും മഹീപതേ !
രാജന്യനത്രേ ജാത്യാ ഞാനുമെന്നറിയേണം.
സകലഗുണങ്ങളും മയി പൂർണ്ണങ്ങളത്രെ,
വികലഭാവം പുനരൊരു വിദ്യക്കുമില്ല.
ആയുധവിദ്യക്കെനിക്കേറവും പ്രാധാന്യമു-
ണ്ടായതത്രെ മമ വിക്രമബഹുല്യവും."
വിസ്തരിച്ചേവം നിജ ഗുണങ്ങൾ ചൊല്ലും വിധൌ
സതപരമന്യൻ നരസത്തമനോടു ചൊന്നാൻ :—
" ഭാസുരയശോനിധേ ! ഭൂപതിശിഖാമണേ !
ഭൂസുരോത്തമനഹം ഭൂതലശീതദ്യുതേ !

ഇവർക്കുള്ളൊരുഗുണമെനിക്കു സമസ്തവു-
ണ്ടിവർക്കില്ലാത്ത ഗുണമെനിക്കൊന്നുണ്ടു പിന്നെ.
മരിച്ച ജനങ്ങളും സ്മരിച്ച മനോരഥം
തെരിക്കെന്നെഴുന്നേല്ക്കും മൃതജീവനിവിദ്യാ
എനിക്കു വശ, മതു നിനച്ച ജനങ്ങളും
ജനിക്കും കുതൂഹലാൽ സ്തുതിക്കുമെന്നെസ്സദാ.
എനിക്കു തന്നീടേണം കന്യകതന്നെ ഭവാൻ
നിനക്കു മൃതിവരാ നിനക്കിൽ ഞാനുള്ളന്നും ”
ഇത്തരമവൻ ഗുണവിസ്തരം കേട്ട നൃപൻ
സത്വരം മന്ത്രിമാരും വിസ്മയം പൂണ്ടീടിനാർ.
ഏകനാം മനോഭവൻ നാലുവിഗ്രഹം ധരി-
ച്ചാഗമിച്ചതുപോലെ കണ്ടു വിസ്മയം പൂണ്ടു. ”
കഥയും പറഞ്ഞേവം മതിമാൻ വേതാളവും
പ്രഥിതനായ നരനാഥനോടുരചെയ്തു :—

* * * * * * *

“ ആർക്കെടോ കൊടുക്കേണ്ടു [1] നക്കുഴലാളെച്ചൊൽക.
ദീർഘദർശനം ഭവാനോളമില്ലാർക്കും നൂനം. ”
അതുകേട്ടുരചെയ്തു മതിമാൻ നരവരൻ :—
“ ഇതിലും ശങ്കാങ്കുരമെന്തെടോ തോന്നീടുവാൻ ?
ശൂദ്രനും വൈശ്യൻതാനും യോഗ്യന്മാരാകയില്ല;
ഭദ്രനന്യജാതിജൻ ദ്വിജനും യോഗ്യനല്ല-
ക്ഷത്രിയോത്തമൻ തന്നെ ഭർത്താവെന്നറിയേണം
[2] ക്ഷത്രിയാമണിയിവൾക്കെന്നു മാമകമതം. ”
ഇങ്ങിനെ നരാധിപൻ പറഞ്ഞോരനന്തരം
മംഗലൻ വേതാളവും മറഞ്ഞു പോയീടിനാൻ.

* * * * *

[3] അമ്പെഴും വമ്പിന്നനുകമ്പാങ്കമനുപമ-
സമ്പൽക്കോടിക്കും പദമിട്ടിക്കൊമ്പക്ഷിതീശൻ
ജംഭാരിപ്രതാപവാൻ താൻ നിയോഗിക്ക മൂലം
ഒമ്പതാം കഥയിതും ഭാഷയായ് ചൊല്ലീടിനേൻ.

---

1 ‘ നൽക്കുഴലാളെ ’ എന്നു മ. പ്ര.
2 ‘ ക്ഷത്രിയാണിയാമിവൾ ” (ക്ഷത്രിയജാതിയിൽ പിറന്നവൾ) എന്നു പാഠാന്തരം.
3 ‘ അംബേരം ’ എന്നു പാഠാന്തരം.

# പത്താമത്തെ കഥ

പിന്നെയും ചെന്നു തരുക്കളിൽ കരേറിയ-
ദ്ധന്യനാം നരാധിപൻ പിടിച്ചുവേതാളത്തെ,
തോളിൽവെച്ചുപക്രമം ഘോരമാമന്ധകാരേ
പ്രൗഢമായ് നടപ്പതു കണ്ടു വേതാളം ചൊന്നാൻ :—

* * * * * * *

"അനംഗസമാകാരൻ വീരബാഹുവാം നൃപൻ
അനംഗപുരം പരിപാലനം ചെയ്യും കാലം,
അപ്പുരം തന്നിലർത്ഥദത്തനെന്നൊരു വൈശ്യൻ
കെല്പെഴും ധനാധിപതുല്യനായുണ്ടായ് വന്നു.
അവനുണ്ടായി ധനദത്തനെന്നൊരു സുത-
നവനും ധനാർജ്ജനകുശലനായീടിനാൻ.
അക്കാലമവനൊരു പുത്രിയുമുണ്ടായ്‌വന്നു,
സൽക്കാരം ചെയ്യും കാമനവളെക്കണ്ടാൽ നൂനം.
മദനസേനയെന്നങ്ങവൾക്കു നാമധേയം
മദനൻ തനിക്കൊരു ദേവതയെന്നു തോന്നും.
ധർമ്മദത്തനെന്നൊരു വൈശ്യനുമതുകാലം,
ധർമ്മശാലിയാമർത്ഥദത്തനെക്കണ്ടിടുവാൻ
തൽഗൃഹേ ചെന്ന നേരം, വിസ്മയം ദൈവയോഗാൽ,
വല്ഗുഭാഷിണിതന്നെക്കണ്ടു കൌതുകം പൂണ്ടു.
നയഗർവ്വാഡംബരതരംഗാടോപം ചേരും
നയനാമൃതമായ തൽക്കാന്തിജലംതന്നിൽ
മുഴുകും നയനത്തെ സമുദ്ധാരണം ചെയ്‌വാൻ
പഴുതിൽ പ്രയാസമാർജ്ജിക്കുന്നു യുവാക്കന്മാർ.
ഭ്രൂലാസ്യതരംഗവും [1] ഹാസഹംസാടോപവു-
മാലോലസുഷമയും പൂണ്ടലാവണ്യസിന്ധൌ,
വനിതാമണികടാക്ഷങ്ങൾ ചെന്നിടയിടെ
ജനിതാനന്ദം ശഫരങ്ങളായ് [2] ചരിക്കുന്നു.
ഇങ്ങിനെ ലോകോത്തരരൂപഭംഗിയും പൂണ്ടോ-
രംഗനാതിലകത്തെക്കണ്ടുടൻ ധർമ്മദത്തൻ,

---

1 'ഹാരഹാസടോപമ' എന്ന പാഠത്തിന്നു (ക. പ്ര.) അർത്ഥമില്ല.

2 'ഇരിക്കുന്നു' എന്ന് മാ. പ്ര.

മാരബാണങ്ങളേററു ഭൂരിസന്താപവും പൂ-
ണ്ടാരുമങ്ങറിയാതെ തന്നുടെ ഗൃഹം പുക്കു,
മാനിനീമണിതൻെറ മാനനീയമാം മുഖം
മാനസേ നിനച്ചുടൻ ദീനനായതിതരാം
കൂട്ടത്തിൽനിന്നു പിരിഞ്ഞോരു പാന്ഥനെപ്പോലെ
വാട്ടവും പൂണ്ടു, ധൈര്യം ചെററുമേ ലഭിച്ചീല.
കഠിനമായ കാമപാവകപ്രതാപമോ-
ത്തുടനെ തെരുതെരെ നെടുതായ് വീർക്കും വിധൌ,
ദിനനാഥനും സന്ധ്യാരാഗരൂക്ഷിതാംഗനായ്
ദിനസന്താപം സഹിക്കരുതാഞ്ഞെന്നപോലെ
ജലധിജലംതന്നിൽത്തരസാ മുങ്ങിടിനാൻ,
കലിതാനന്ദം തദാ ഹരിദംഗനമാരും
തിമിരങ്ങളാം നീലവസനങ്ങളും ധരി-
ച്ചഭിസാരിണീജനോചിതമാം വേഷം പൂണ്ടു.
അങ്ങിനെ ചെററുനേരം കഴിഞ്ഞോരനന്തരം,
അങ്ങു പൂർവ്വാശയാകും മത്തകാശിനിതൻെറ
സീമന്തമണിപോലെ ശോഭിക്കും ശശാങ്കനാം
കാമൻെറ ജീവാതുവും വന്നുദിച്ചാശു പൊങ്ങി,
ചന്ദ്രികോല്ലാസംകൊണ്ടു ശുഭ്രമായ് നഭസ്ഥലം,
ചന്ദ്രബിംബവും തദാ നിഷ്കളങ്കം വിളങ്ങി.
ധർമ്മദത്തനും പുനരമ്മഹിളയെച്ചിന്തി-
ച്ചമ്മനസ്സായിസ്സർവ്വ കൃത്യവും മറന്നുടൻ,
കേഴുന്ന നേരമൊരു തോഴൻെറ മൊഴികളാ-
ല്ക്ഷദാശപന്നനായശേഷമൊട്ടുറങ്ങിനാൻ.
നിദ്രയിൽ കണ്ടാനവൻ ഭദ്രമാം തദാനനം,
വിദ്രുതമുണർന്നഹോ പിന്നെയും കേണീടിനാൻ.
ഒട്ടുനേരം കഴിഞ്ഞു രാത്രിയും പുലർന്നിതു
മുററുമാശാതിരേകാൽ പിറേറന്നാൾ ധർമ്മദത്തൻ,
ബാലികാമന്ദിരത്തിന്നന്തികേ നടക്കുമ്പോൾ,
[1] നീലജീമൂതമാലാവേണിയും തദന്തരേ,
പൂവറുപ്പതിന്നൊരുമ്പെട്ടുപവനംതന്നിൽ

---

[1] 'നീലജീമൂതമാല' എന്നുതുടങ്ങി 'വന്നീടിനാ' എന്നുവരെയുള്ള മൂന്നു വരി മം. പ്രതിയിലില്ല, പകരം 'മാൽപിണഞ്ഞുവൻകണ്ടു മാരസുന്ദരിതന്നെ' എന്ന ഒററ വരി യാണുള്ളു.

കേവലമൊരുത്തുണയെന്നിയെ വന്നീടിനാം.
അതു കണ്ടതിതാപഭരിതൻ ധർമ്മദത്തൻ
മതിനേർമുഖിതന്റെ സവിധേ ചെന്നു ചൊന്നാൻ :—
"ഈശ്വരാനുഗ്രഹംകൊണ്ടത്ര നീ വന്നു പുന-
രീശ്വരൻ വലഞ്ഞവൎക്കൊട്ടു ചെന്നാൽ തുണക്കും.
നിന്നുടെ നിമിത്തമായ് സുന്ദരി! ഞാനും യമൻ-
തന്നുടെ പുരേ ഗമിച്ചീടുവാൻ തുടങ്ങുന്നു.
എന്നുടെ മനോരഥമൊന്നൊഴിയാതെപര-
[1]മിന്നനുവദിക്ക നീ, നല്ലതു വരും തവ.
കാമപീഡിതനായ കാമുകൻ വിജനത്തിൽ
കാമിനീജനങ്ങളെ കാൺകിൽ വല്ലതും ചെയ്യും."
ഇത്തരമവനുടെ ചിത്തജഭ്രാന്തി കണ്ടി-
ട്ടുത്തരമവനോടു മത്തകാശിനി ചൊന്നാൾ,
വല്ലതും ചെയ്യുമിവനെന്നു സംഭ്രമം പൂണ്ടു,
പല്ലവാധരി നിജമാനനം താഴ്ത്തി മെല്ലെ :-
"സമുദ്രദത്തനെന്നെക്കൊട്ടപ്പാനായിത്താതൻ
സമസ്തബന്ധുക്കളോടൊരുമിച്ചിന്നുതന്നെ,
സമയം കഴിച്ചിതെന്നറിക മഹാമതേ!
സമയം കുറഞ്ഞൊന്നു മറിഞ്ഞ ഭവാനിപ്പോൾ.
ധന്യനാം നിനക്കെന്നിലാഗ്രഹമുണ്ടെന്നാകിൽ
മുന്നമേ പിതാവിനോടെന്തെടോ യാചിക്കാഞ്ഞു?
നിന്മതമീഷന്മാത്രമറിഞ്ഞാലെന്റെ താതൻ
സമ്മതിക്കുമോ പുനരന്യനെ, ച്ചിന്തിക്ക നീ
പരസ്ത്രീയായോരെന്നെ സ്പർശനംചെയ്കപോലും
പരമോത്തമനായ നിനക്കു യോഗ്യമല്ല."
ചഞ്ചലമിഴിയാൾ തൻ മഞ്ജുളാലാപം കേട്ടു
പഞ്ചസായകപരവശനായ് ധർമ്മദത്തൻ,
അണഞ്ഞു പുൽകീടുവാൻ തുനിഞ്ഞോനനന്തരം
പിണഞ്ഞോരഴലോടുമൊഴിഞ്ഞു കൃശോദരി,
നടന്നീടുന്ന നേരം തുടൎന്നു ചൊല്ലീടിനാൻ :—
"തടഞ്ഞീടുന്നോരെന്നെ വെടിഞ്ഞു പോകല്ല നീ,
ആണയിട്ടുരചെയ്യാം നിന്നുടെ സമാഗമം

[1] അനുസരിക്ക എന്നു് മം. പ്ര.

ഏണലോചനേ! പുനരിന്നു ചെയ്യേണം മമ.
ജീവരക്ഷണംമൂലം അകൃത്യം പോലും ചെയ്യാം
കേവലമതിനില്ല ദോഷമെന്നെന്റെ മതം.
പ്രാപ്തമാമമൃതത്തെ ത്വരിതം സേവിയായ്കിൽ
പ്രാപ്തമായ്വരും നൂനം ബുദ്ധിലാഘവദോഷം.
പരലോകത്തു ചെന്നാലാക്കെന്തു ഭവിപ്പതെ-
ന്നൊരുവനറിഞ്ഞവനാരെടോ ചൊൽക ബാലേ!
സമ്മതിച്ചെന്റെ മതമെന്നെ നീ ഭജിക്കിലോ
സമ്മതമെനിക്കതുമല്ലായ്കിൽ കേട്ടാലും നീ.
പിടിച്ചു നിന്നെപ്പരമിരുത്തീട്ടുൽസാഗേ ഞാൻ
തടിച്ചുമുലത്തടമണച്ചു പുല്കി ദൃഢം,
അധരീകൃതമധുരാമൃതമായീടുന്നോ-
രധരാമൃതം സേവിച്ചെനിക്കു വേണ്ടും വണ്ണം
സുരതരസമനുഭവിച്ചെന്നിയെ നാരീ-
വിരുതാം നിന്നെപ്പോവാനയക്കയില്ല നൂനം."
എന്നതു കേട്ടനേരമവളുമുരചെയ്തു :—
"നന്നല്ല നിന്റെമതമൊന്നു നീ ധരിക്കേണം.
നീയെന്നെബ്ബലാൽക്കരിച്ചിന്നനുഭവിച്ചാകിൽ
പൊയ്യല്ല ഞാനും കുലഭ്രഷ്ടയായ്വരുമല്ലോ.
കന്യകാഫലമെന്നെക്കൊണ്ടു താതനും നഷ്ടം,
ധന്യമാം ജന്മഫലമെനിക്കും നശിച്ചിടും.
മൽകുലത്തിന്നുമധഃപതനം വരുമിതി-
നൊക്കെയും നിമിത്തമായീടൊലാ ഭവാൻ വൃഥാ.
ഒഴിച്ചുകൂടാത്തൊരു നിർബ്ബന്ധമുണ്ടെന്നാകിൽ
ഒഴിച്ചുകൂടാ, പറഞ്ഞീടാം ഞാനുപായവും.
ഒരുവനെന്നെക്കൊടുത്തീടിനാൽ താതനുള്ള
പരമഫലം പരിപൂർണ്ണമായ്വരും നൂനം.
പിന്നെ ഞാനൊരുദിനം നിന്നെയും പുണർന്നീടാ-
മിന്നയക്കേണം പുനരെന്നെയും മഹാമതേ!"
മന്ദഭാഷിണിതന്റെ മഞ്ജുഭാഷിതം കേട്ടു,
മന്ദഹാസവും പൂണ്ടു ചൊല്ലിനാൻ ധർമ്മദത്തൻ :—
"പുതുതായുള്ള കുസുമങ്ങളെക്കൊണ്ടു നിർമ്മി-
ച്ചതിസുന്ദരമാല്യം വെടിഞ്ഞു, ദൂരത്തുള്ള

പഴകിക്കിടപ്പോരു നിൎമ്മാല്യം ധരിക്കുമോ
പഴുതെ മതിബലമുടയ പുരുഷന്മാർ ?
ആരുമേ പരം തൊടാതോരു ചാരുവാം രൂപം
മാരഖിന്നനായ ഞാനെങ്ങിനെ വെടിയുന്നു ?
കരത്തിലിരിപ്പോരു മാണിക്യം ദൂരത്തെറി-
ഞ്ഞൊരുത്തനന്വേഷിപ്പോൻ ആരെടോ മഹീതലേ ?"
പിന്നെയുമവനേവം തന്നുടെ ദുരാഗ്രഹം
മുൻനടത്തി സ്മരാൎത്തൻ ചൊന്നതു കേട്ട ബാലാ
പാതിവ്രത്യം വന്നീടുന്നതോൎത്തു പീഡിച്ചു പാരം
പേടിച്ചു സഗദ്ഗദമേവമൊന്നുരചെയ്തു :—
"അടുത്തു വിവാഹവും കഴിഞ്ഞാലനന്തരം
ജഡത്വം വെടിഞ്ഞു ഞാനാരെയും സ്പൎശിയാതെ,
ഒരു യാമിനികാലം മുഴുവൻ ഭവാനോടു
പിരിയാതിരുന്നീടാമതിനില്ലിഷ്ഷലേതും.
ഇച്ചൊന്ന വാക്കിന്നസത്യം ഭവിച്ചാകിൽ ഞാനും
നിശ്ചയം മഹാരൌദ്രം നരകം ഭുജിക്കുന്നേൻ."
അതു കേട്ടവനൊട്ടു സംശയിച്ചീഷന്മാത്രം
മതിയിൽ വിവേകമുണ്ടാകയാൽ സമ്മതിച്ചു.
കാമലീലാഭിലാഷം ചേരും കാമുകജനം
കാമിനീജനാനുവാദേന സന്തോഷിച്ചീടും.
സുരതത്തിനേക്കാളും സരസമല്ലോ പാൎത്താൽ
സുരതം കുറിപ്പതും ചിരസന്തപ്തന്മാൎക്കോ.
മദനസേനാ പുനരിങ്ങു പോന്നതിദ്രുതം
സദനമകംപുക്കു വന്നടുത്തു മുഹൂൎത്തം
സമുദ്രദത്തൻ പുനരുടനെ ബന്ധുക്കളോ-
ടമിതാനന്ദമൊരുമിച്ചു വന്നനാകുലം,
ശുഭലഗ്നത്തിൽ പാണിഗ്രഹണം ചെയ്തീടിനാൻ,
ശുഭമാനസനൎത്ഥദത്തനും പ്രസാദിച്ചു.
അവധി കൂടാതൊരു കന്യകാധനങ്ങളും
വിവിധാംശുകങ്ങളും തരസാ നല്കീടിനാൻ.
ഒക്കെയും പരിഗ്രഹിച്ചപ്പൂരികുഴലാളോ-
ടൊക്കുമാറവൻ നിജമന്ദിരം പ്രവേശിച്ചു.
ശേഷകൃത്യങ്ങളെല്ലാം കഴിപ്പാൻ നിശാകാലേ

ശേഷപൎയ്യങ്കാഭമാം മഞ്ചത്തിൽ കരേറിനാൻ.
ലജ്ജയാ മുഖം താഴ്ത്തിത്തൽക്ഷണം തൽസന്നിധൌ
നിൎജ്ജരാംഗനോപമാ സുഭ്രൂവും ചെന്നു നിന്നു.
ഇരുത്തിപ്പൎയ്യങ്കത്തിൽത്തരസാ വണിഗ്വരൻ,
തരത്തിലോരോതരം പുകഴ്ത്തി സസംഭ്രമം,
ആശ്ലേഷാദികളെല്ലാം ചെയ്യുവൻ മെല്ലെ നീവീ-
വിശ്ലേഷേ തുനിഞ്ഞപ്പോളിടഞ്ഞു കൃശോദരി,
തൻകരംകൊണ്ടു കാന്തൻ കൈ പിടിച്ചുരചെയ്തു,
സങ്കടം പൂണ്ടവൎക്കു ലജ്ജയുണ്ടാകയില്ല :—
[1] "പ്രൌഢമാക്കട്ടത്തൊരു വാക്കു ഞാൻ ചൊല്ലീടുന്നേൻ,
ഊഢസമ്മതം ഭവാൻ കേട്ടതു ബോധിക്കേണം.
വിടൎന്ന മലരെന്നീ ഭ്രമരപടലിക്കു
തുടൎന്നീടുവാനൊരു കോരകം മതിയാമോ ?
എനിക്കു പിണഞ്ഞൊരു തരക്കേടെല്ലാമിനി
നിനക്കുമറിയിപ്പാൻ തുനിഞ്ഞീടുന്നു ഞാനും.
വിജനം തന്നിലൊരു ദിനം ഞാനകപ്പെട്ടു
നിജസാഹസത്തോടുമണഞ്ഞ ധൎമ്മദത്തൻ,
എന്നെയും ബലാൽക്കാരം ചെയ്വതിന്നാരംഭിച്ചു,
സന്ന്യധൈൎയ്യയായ് ഞാനുമെത്രയും ഭയപ്പെട്ടു.
ഒരുത്തനെന്നെ പാണിഗ്രഹണം ചെയ്യാൽ പിന്നെ-
[2] നിരസ്താശങ്കം നിന്നെ പ്പുണൎന്നെന്നിയെ ഞാനും
അവനെത്തൊടുകയില്ലെന്നു സത്യവും ചെയ്തു-
നവനുമതു ബോധിച്ചയച്ചു മുന്നമെന്നെ.
സത്യഭംഗത്തെ വരുത്തീടുവാനാളല്ല ഞാൻ,
ഉത്തുംഗാത്മാവാം ഭവാൻ സമ്മതിച്ചയക്കേണം."
അവനുമതു കേട്ടു പലതും നിരൂപിച്ചി-
ട്ടവളോ, "ടാശു നീ പോയ്‌വരികെ," നുരചെയ്തു.
മത്തകാശിനി താനേ സത്വരം പുറപ്പെട്ടു,
മററാരുമറിയാതെ നടന്നു സസംഭ്രമം.
ധൎമ്മദത്തൻ വസിക്കും ഭാണ്ഡശാലക്കുനേരേ
നിൎമ്മലഹാരാദ്യലങ്കാരസമ്മോഹനാംഗി,

---

[1] പ്രൌഢന്മാ എന്ന പാഠം (മം. പ്ര.) ശരിയില്ല.
[2] നിരസ്തശങ്കം എന്നു് മം. പ്ര.

പോകുമ്പോൾ മദ്ധ്യേമാർഗ്ഗം മറഞ്ഞു നില്ക്കുന്നോരു
ലോകകണ്ടകൻ സർവ്വസ്വാപഹാരിയാം ചോരൻ,
കണ്ടു കൌതുകം പൂണ്ടു ശകുനത്തെയും വാഴ്ത്തി-
പ്പുണ്ടു താൻ ചെയ്ത പുണ്യവൈഭവമെന്നുറച്ചു.
വിഗ്രഹം പരിഗ്രഹിച്ചന്ധതാമിസ്രംപോലെ
നിഗ്രഹിച്ചും പരസ്വം തസ്കരിക്കുന്നോനവൻ.
തടിച്ച ശരീരവു മുരത്ത ഭുജംതന്നി-
ലെടുത്ത കരവാളപ്രഗത്ഭപ്രകാശവും,
മുഷിഞ്ഞ തലമുടി കിഴിഞ്ഞു കഴുത്തോളം
ഇഴഞ്ഞു [1] ധൂളിച്ചോളം മറിഞ്ഞു കിടപ്പതും,
ഇരുട്ടിൽ സദാകാലം ചരിക്കനിമിത്തമായ്
വരിക്കുന്നിവനെന്നോർത്തവററിൻ കദംബകം
ചുഴന്നു പിരിയാതെ നടന്നീടുകയെന്ന-
ങ്ങെഴുന്ന മനോഭ്രമമെവനുമുണ്ടായ്വരും.
ഇടതൂർന്നിടയിടെ ചിടയും കെട്ടിപ്പരം
കഠിനതരമായ കുടിലശ്മശ്രുവോടും,
താരമുക്താപഹാരം ചെയ്വതിന്നാശയാലെ
ദൂരമംബരമാർഗ്ഗേ സഞ്ചരിച്ചീടുവാനായ്
[2] രജ്ജുപ്രാലംബമുപപാദിച്ചോനെന്നു തോന്നും
അഞ്ജനഭാസിവല്ഗുകാന്തി കണ്ടാൽ ജനാനാം.
അവനും ഘോരമായോരന്ധകാരാന്തരാളേ
നവഭൂഷണങ്ങളും ഘനമൌക്തികങ്ങളും
അണിഞ്ഞു സചന്ദ്ര നക്ഷത്രയാം നഭസ്ഥലാ-
ങ്കണലക്ഷ്മിയെപ്പോലെ മധുവാണിയെക്കണ്ടു.
തമസ്സമത്തുനേരമവൾക്കഞ്ജനക്രിയാം
ശ്രമിച്ചു, നേത്രം പരിഷ്കരിച്ചു കുതൂഹലം-
കണ്ണസീമാന്തേ നീലോല്പലകാന്തിയെപ്പൂണ്ടു,
നിർണ്ണയം നീലാംശുകപ്രതിമം കളേബരേ;
സുന്ദരാകാരത്തിനു വല്ലതെന്നിരിക്കിലും
സുന്ദരതരമാകുമങ്ങിനെയല്ലോ ന്യായം.
അടുത്തു ചെന്നു സർവ്വസ്വാപഹാരിയാം ചോരൻ

---

[1] ധൂളിച്ചോളം=അയവായിട്ടുള്ള കുപ്പായം (അങ്കിറക്കുകുപ്പായം) എന്നു മം, പ്രതിയിൽ അർത്ഥം കൊടുത്തുകാണുന്നു.

[2] രജ്ജുപ്രാലംബം=തൂക്കുകയർ; കയററുകോണി.

മട്ടത്തേൻവാണിതന്നോടിങ്ങിനെ ചൊല്ലീടിനാൻ :—
" ആരെ നീ തിരയുന്നു മാരദേവതേ ! പര-
മാരെടോ മഹീതലേ ഭൂരിപുണ്യവാൻ ബാലേ ?
ചോരന്മാർ ചരിച്ചീടും ഘോരമാം രാത്രികാലേ,
ധീരതയോടും തുണയാരുമേ കൂടാതെ നീ,
മണ്ഡലീകൃതമായ വില്ലെടുത്തമ്പും തൊട്ടു-
ത്തംഗജൻ തുണയുണ്ടെന്നാകിലും കഷ്ടമിദം. "
മുഷ്കരതരനായ തസ്കരൻ പറഞ്ഞതി-
നുത്തരം ചൊല്ലീടിനാളുത്തരളാപാംഗിയും :—
" ദാരുണൻ ഭവാനെന്നോർത്തേറെയും പേടിച്ചു ഞാൻ,
കാരുണ്യശീലനായ കാരണം പ്രസാദിച്ചു.
കനകമാല്യങ്ങളും ഘനമൌക്തികങ്ങളും
ജനിതാനന്ദം നിനക്കനഘം തന്നീടാം ഞാൻ.
ത്വരിതം പോയീടേണമതിനുണ്ടൊരു മൂലം
പെരികെത്താമസിച്ചാലതിനും വരും ദോഷം. "
മഞ്ജുഭാഷിണിതന്റെ മഞ്ജുളാലാപം കേട്ടു,
മന്ദഹാസവും പൂണ്ടു തസ്കരനുരചെയ്തു :—
" പേടമാൻമിഴികുലം വഞ്ചനപ്രവീണത
തേടുവോർ പാരമെന്നു കേളിയുണ്ടെനിക്കെടോ !
കൂട്ടുകയില്ല തവ പാടവമൊന്നുമെന്നിൽ,
തേടുക മയാ കേളിയാടുവാനുള്ള മാർഗ്ഗം,
സ്മരഭൂഷണം സചേതനമാം നിന്നെ വെടി-
ഞ്ഞൊരു ഭൂഷണമചേതനമിന്നാർക്കു വേണ്ടു ?
വിട്ടുപോകുവാൻ നിനക്കൊട്ടുമേ കഴിവരാ,
മട്ടലർശരമതിനിഷ്ഠുരം തറക്കുന്നു. "
എന്നതു കേട്ടനേരം സുന്ദരീമണിതാനും
വന്ന സങ്കടത്തിനാലൊന്നു ദീർഘമായ്വീർത്തു.
" എന്തു ഞാൻ ചെയ്യേണ്ടതെ, " ന്നന്തരാ നിരൂപിച്ചു
ബന്ധുരാംഗിയുമവനോടു മെല്ലൊന്നുചൊന്നാൾ :—
" എങ്കിലോ കേട്ടാലും നീ ശങ്കിച്ചീടരുതേതും
നിങ്കലെ ഗുണം കണ്ടു സങ്കടം ചൊല്ലുന്നു ഞാൻ,
മുന്നമുണ്ടൊരു സത്യം ചെയ്തിരിക്കുന്നു ഞാനും
ചെന്നതു സാധിച്ചു നിന്നന്തികേ വരാമെടോ !

UNIVERSITY LIBRARY
26 APR 1967

അത്ര നേരവും ഭവാനത്ര താമസിക്കേണ്ട-
മിത്രനാളും ഞാനസത്യം പറഞ്ഞറിവീല. ”
അതുകേട്ടാശു ചോരനവളോടുരചെയ്തു :—
“ കുതുകം തോന്നുന്നു നിന്നതിമോഹം നിനച്ചാൽ.
കരത്തിലിരിപ്പോരു മണിമാലയെപ്പര-
1 മൊരുത്തനുണ്ടോ പൊട്ടിച്ചെറിവൂ ദിഗന്തരേ ?
ഒരു മാർഗ്ഗേണ പോകും തടിനീജലത്തിനും
വരകാമിനിമാർക്കും വരവെന്തെടോ പിന്നെ ?
ഒരു മാണിക്യം നിജകരസംപുടസ്ഥിത-
മൊരുവൻ ത്യജിക്കിലോ പരമമൂഢനവൻ.
ഫലനാശം പിന്നെത്തുനിഞ്ഞതിനെത്തിരകിലും
ഫലമുണ്ടാകയില്ല പരിതാപമെന്നിയെ. ”
ഇങ്ങിനെ ചൊല്ലും ചോരൻതന്നുടെ ബോധാർത്ഥമാ-
യംഗന നിജവൃത്തമൊക്കവെ സത്യം ചൊന്നാൾ.
നാരിമാർമനിമായമാരാനുമറിയുമോ ?
ചോരനുമതു കേട്ടു ബോധിച്ചാനെന്നേ വേണ്ടു.
“ ധർമ്മദത്തന്റെ സത്യം മുഖ്യമെന്നോർത്തീടൊല്ല,
ധർമ്മശാസ്ത്രത്തിൽ നിനക്കുണ്ടല്ലോ പരിചയം.
വൈകാതെ വന്നാലു ”, മെന്നയച്ചോരനന്തരം,
രാകാചന്ദ്രബിംബത്തോടൊത്ത മഞ്ജുളാനനാ
കണ്ണുനീർചിക്കതെല്ലും സമ്മതമില്ലാതെയു-
ള്ളുമ്മഹാതമിസ്രയിൽ 2 സമ്മദം വെടിഞ്ഞവൾ,
സത്വരം നടന്നു പോയുത്തമൻ ധർമ്മദത്തൻ
ചിത്തമോദേന വാഴും ഭാണ്ഡശാലയിൽച്ചെന്നു.
മന്ദഹാസവും ചെയ്തു സുന്ദരി ചൊല്ലീടിനാൾ :—
“ വന്നിതു ഞാനും മുന്നം ചെയ്ത സത്യത്തിൻ ബലാൽ.
നിന്നുടെ മനോരഥമൊന്നൊഴിയാതെ സാധി_
ച്ചെന്നെയുമയക്കെടോ വൈകരുതേതുമിനി. ”
അക്കുമാരികാവാക്യം കേട്ടു വിസ്മയം പൂണ്ടു,
നൽക്കുലാചാരയോഗ്യം ചൊല്ലിനാൻ ധർമ്മദത്തൻ :—
“ അധുനാ പരസ്ത്രീയാം നിന്നെ ഞാനാശ്ലേഷിച്ചാൽ

---

1 ‘ ഈ രണ്ടു വരികൾ ക. പ്രതിയിലല്ല, മം. പ്രതിയിലുണ്ടു്.
2 ‘ സന്താപം വെടിഞ്ഞവൾ ’ എന്നു് ക. പ്ര.
3 . പൊള്ളരാം വൈകാതെയെന്നംഗനാജനം ചൊല്ലും
പൊളിനെ വിശ്വസിച്ചീടുന്നവൻ മഹാമൂഢൻ.

വിധിനാ വിനിർമ്മിതം നരകം ഭുജിച്ചീടും.
ധൂമാതിമലിനനായുജ്വലിച്ചയന്നോരു
കാമദേവാനലൻതാൻ തൽക്ഷണേ നിർവ്വാണനായ്.
പോകെടോ! വൈകാതെ നീ കാന്തനോടൊരുമിച്ചു
ഭോഗഭോഗ്യങ്ങളനുഭവിച്ചു വാണീടുക."
"എങ്കലെസ്സത്യം പരിപൂരിത," മെന്നുരച്ചു
മങ്കമാർകുലമണിമാലിക താനും തദാ,
ത്വരിതം പുറപ്പെട്ടു ചോരസന്നിധൌ വന്നു,
ഭരിതാതങ്കമവനോടുരചെയ്തീടിനാൾ :—
"ധർമ്മദത്താന്തികേ ഞാൻ ചെന്നോരു നേരമവൻ
ധർമ്മവൈകല്യം വരുമെന്നോർത്തു മഹാമതി,
എന്നെയും പരിഗ്രഹിച്ചീല; ഞാനതിദ്രുതം
നിന്നെയും കണ്ടീടുവാനിങ്ങുപാഗതയായി.
സുരതാഗ്രഹം നിനക്കധികമുണ്ടെന്നാകിൽ
[1] സരസമാകുംവണ്ണമിനി നാം രമിക്കെടോ!"
അതു കേട്ടവനതികുതുകം പൂണ്ടു ചൊന്നാൻ :—
"മതിനേർമുഖിയാളേ! മതി നിന്നുപചാരം.
നിന്നെ ഞാനംഗീകരിച്ചീടുകിൽ മഹീതലേ
പിന്നെ ഞാൻ വിഗർഹിതനെന്നതും വന്നുകൂടും.
നിർമ്മര്യാദകൾക്കെല്ലാമഗ്രജൻ ചോരനെന്നും
ധർമ്മിഷ്ഠൻ ധർമ്മദത്തനെന്നതും ചൊല്ലും ജനം
പരലോകത്തിൽ ഭയമവനെന്നതുപോലെ
പരമോജ്വലേ! പാരമെനിക്കുമുണ്ടോർക്കെടോ!
നിന്നുടെ സത്വോദ്രേകം കണ്ടു ഞാൻ പ്രസാദിച്ചു;
ചെന്നുടൻ രമണനോടൊന്നിച്ചു വസിക്കെടോ!"
ഭൂഷണത്തിലുമഭിലാഷമെന്നിയെ ജന—
ഭൂഷണകരനവനയച്ചോരനന്തരം
തരസാ തലോദരി ദയിതാന്തികം പുക്കു
"വിരസഭാവം കളഞ്ഞീടുകെ", ന്നുരചെയ്തു.
മാർഗ്ഗമദ്ധ്യത്തിലൊരു ചോരനെക്കണ്ടതും കാ-
മാർഗ്ഗളം പൂണ്ടോരവനോടു സത്യം ചെയ്തതും,
ധർമ്മദത്താന്തികേ പോയ്പോന്നതുമവൻ കണ്ടു

[1] 'ചരതം എന്നു് പാഠാന്തരം.

ധമ്മഭീരുവായ് പോകെന്നഞ്ജസാ പറഞ്ഞതും,
അക്കഥ കേട്ട ചോരൻ ഭ്രഷ്ടണാശയെപ്പോലും
മിക്കതും പരിത്യജിച്ചത് ഭുതമയച്ചതും,
ഒക്കവെ കേട്ട നേരം സമുദ്രദത്തൻ തെളി-
ഞ്ഞതക്കുമാരികയോടുമൊന്നിച്ചു വാണീടിനാൻ ''

*        *        *        *        *        *

ഇത്തരം കഥപറഞ്ഞു ത്തമൻ വേതാളവും
അദ്ധ്വരാധിപൻ തന്നോടിതഥമൊന്നുരചെയ്തു :—
" ആരെടോ ! മഹാസത്വനിവർ മൂവരിലെന്നു
നേരുടനറിഞ്ഞു രചെയ്യേണം മഹാമതേ ! ''
എന്നതു കേട്ട നൃപൻ മന്ദഹാസവും ചെയ്തു
സുന്ദരകളേബരനവനോടുരചെയ്തു :—
" ശമിച്ചു ധർമ്മദത്തനൊഴിച്ചതാശ്ചര്യമ-
ല്ലതുച്ചമവനുടെ ധനധാന്യാഭിജാത്യം
ഭൂമിപഭയംകൊണ്ടു കോമളസുഖങ്ങളും
താമസിച്ചൊഴിച്ചീടും നിർണ്ണയം ധനികന്മാർ.
സമുദ്രദത്തൻതാനുമവാംക്കുളളഭിലാഷം
സമത്ഥിച്ചതു കേട്ടിട്ടനുജ്ഞ ചെയ്യീലായ്കിൽ,
അന്യനിൽ ചിത്തം ചേർന്ന കന്നൽനേർമിഴിയെക്കൊ-
1 ണ്ടൊന്നിനെങ്കിലും അവനെതിലാഗ്രഹിക്കേണ്ടു ?
വിരക്തഹൃദയയാം നാരിയെച്ചേരുവോക്കു
തരക്കേടകപ്പെട്ടുമതുമൂലമായവൻ,
വല്ലഭതന്റെ മനോരഥത്തെ സമ്മതിച്ചു,
വല്ലതുമതിലുമത്യത്ഭുതമെനിക്കില്ല.
സത്യപാലനവ്രതം കണ്ടു മോഷിക്കമൂലം
സത്വവാനിവരിൽവെച്ചുത്തമൻ ചോരനത്രെ.
പ്രാണനെപ്പോലും ധനമൂലമായ് ത്യജിപ്പവ-
നേണനേർമിഴിയെക്കണ്ടയച്ചതത്യത്ഭുതം ! ''

1. 'ഒന്നിതെങ്കിലുമവനതിനാഗ്രഹിക്കേണ്ടു' എന്ന് മം. പ്ര. (?)

എന്നു രാജാവുമുരചെയ്യിട്ടും മശാന്തരേ
ചെന്നു വേതാളം തരുമുകളിൽ തൂങ്ങീടിനാൻ.

*　　*　　*　　*　　*

ചഞ്ചലമിഴിമാൎക്കു വാഞ്ഛയെ നൽകും നയ-
നാഞ്ചലവിലാസംകൊണ്ടഞ്ചിതമഹിതലൻ,
പഞ്ചബാണോപമാനാകാരനായിട്ടിക്ഷോമ്പി-
ക്ഷ്മാപതിവീരൻ നമുക്കെപ്പോഴും തുണക്കേണം.

# പതിനൊന്നാമത്തെ കഥ

പിന്നെയും വീരാഗ്രണി മന്നവൻ വേതാളത്തെ-
ച്ചെന്നുടൻ പിടിച്ചു തന്നുന്നതാംസത്തിലാക്കി,
മാരുതരംഹസ്സോടും പോകുമ്പോൾ വേതാളവും
ചാരുവാം നൃപൻതോളിലിരുന്നു ചൊല്ലീടിനാൻ:—
" ഒട്ടു ചെന്നാലോ മോഹം വിട്ടുപോമെല്ലാവർക്കും,
കഷ്ടമെന്തെടോ! ഭവാനിങ്ങിനെ ഖേദിക്കുന്നു?

* * * * * *

ഉജ്ജയിനിയിൽ പുരാ മന്നവൻ ധർമ്മദ്ധ്വജൻ
ഉജ്ജ്വലയശസ്സിനാലംബമായുണ്ടായ്‌വന്നു.
സുന്ദരാംഗിമാരായി മൂന്നു വല്ലഭമാരു-
മന്നരാധിപൻ തനിക്കന്നുളവായീടിനാർ.
ഇന്ദുലേഖയെന്നൊരു മാനിനിക്കഭിധാന-
മിന്ദു ലജ്ജിക്കുമവളാനനം കാൺകിൽ നൂനം.
മറ്റൊരുത്തിക്കു താരാവലിയെന്നാകുന്നു പേർ;
മുറ്റുമപ്സരസ്ത്രീയും തത്സമാനയായില്ല.
മറ്റൊരുത്തി മൃഗാംകദത്തയെന്നാഖ്യയോടെ
പറ്റലർകുലകാലന്നിഷ്ടയായ്‌വന്നു സദാ.
ഭാര്യമാരിവരോടുമൊന്നിച്ചു നരാധിപൻ
ആര്യപൂജിതൻ സുഖിച്ചിരിക്കും ദശാന്തരേ,
വന്നിതു വസന്തമാം കാലവുമതു നേരം
മന്ദമാരുതനതിമന്ദമായ് വീയീടിനാൻ.
കുന്ദകേതകങ്ങളും ചൂതചമ്പകങ്ങളും
സുന്ദരതരങ്ങളാമ്മാറു പൂത്തിതു തദാ.
സിന്ദുവാരങ്ങളിടചേർന്നു കേസരതരു-
വൃന്ദവും പ്രസൂനസമ്പത്തിനോടൊരുമിച്ചു.
മാനിനീജനമനോമാനദാരണം ചെയ്‌വാൻ
മാനനീയനാം വിധി മാനസാനന്ദത്തോടും
ചമച്ച നഖങ്ങളെന്നേവർക്കും കണ്ടാൽ തോന്നും
തഴച്ച പലാശത്തിൽ ഭവിച്ച കോരകങ്ങൾ.
ശബരീജനത്തിന്റെ കബരീഭാരംപോലെ

ഭ്രമരകദംബവും ഭ്രമണമാരംഭിച്ചു.
പാടലമധുപാനമാരംഭിച്ചനാരതം,
പാടലാധരിമാരൊടൊന്നിച്ചു രമിക്കുവാൻ
യോഗ്യമാം കാലമിതെന്നിങ്ങിനെ കോകിലങ്ങൾ
ഭാഗ്യവാനറിയുമാറുച്ചരിക്കും ദശായാം,
മന്നവൻ മനോഭവവന്ദനം ചെയ്യീടുവാൻ
ഇന്ദുലേഖയാം നിജസുന്ദരാപാംഗിയോടും
ആരാമമകംപുക്കു ധീരൻ താനെന്നാകിലും
വീരന്മാരടിതൊഴും മാരന്റെ വശനായി.
ജീവനായികയുടെ നീവിയിൽ തൊട്ട നേരം.
കേവലം പരവശഭാവവും പൂണ്ടു ബാലാ
നാലുദിക്കിലും മദലോലദൃഷ്ടികൾകൊണ്ടു
നീലപങ്കജമയമാലയെച്ചാർത്തീടിനാൾ.
കാന്തനും താനുമായി മാരനോടേറ്റു പാരം
താന്തയായതുനേരം അത്ഭുതം യദൃച്ഛയാ,
കർണ്ണത്തിന്നലങ്കാരമായണിഞ്ഞൊരു പുഷ്പം
കന്നൽനേർ മിഴിയാളിന്നൂരുവിൽ സംപതിച്ചു.
തുടയും തകർന്നവളുടനെ മഹീതലേ
കഠിനമായീട്ടുമാറലറി വീണീടിനാൾ.
നൃപനും സസംഭ്രമമെടുപ്പിച്ചവളെയും
കപടംവിനാ നിജ നിലയം തന്നിലാക്കി.
വാടിയ തനുവോടുമാടിയ പാദത്തോടും
സ്ഫാടികപര്യങ്കത്തിൽക്കിടന്നു സുതനുവും
തദനന്തരം നരനാഥനുമന്തരംഗേ
കദനത്തോടുമുപവനസീമനി ക്ഷണം
ഇരിക്കുന്നേരം മധുമൊഴിക്കുള്ളുഴൽ കണ്ടു
ദരിക്കാ മനസ്താപം പൊറുക്കാഞ്ഞെന്നപോലെ.
സൂര്യനും പശ്ചിമാംഭോരാശിയിൽ വീണീടിനാൻ,
ആര്യനാം നരേന്ദ്രനും മന്ദിരമകംപുക്കു-
തരുണീജനങ്ങൾക്കു സൽക്കാരം പഠിപ്പിപ്പാൻ
ഗുരുവാം നിശീഥവും വന്നിടചേർന്നു കൂടി.
മധുപാനാസക്തിയാൽ മറന്നു ദീനാപായം
മധുപങ്ങളും സരോജങ്ങളിലകപ്പെട്ടു,

പുറത്തു പോയീടുവാൻ തരത്തിൽ മാർഗ്ഗം കാണാ-
ഞ്ഞുരത്ത ഖേദം പൂണ്ടു വിരണ്ടു മുരളുമ്പോൾ,
ആകാശസരോജിനീഹംസമാം നിശാകരൻ
ഏകാന്തപൂർവ്വാചലശിഖരേ കരേറിനാൻ,
[1] രജനിയാകും രാജതനയക്കാടീടുവാൻ
നിജ കന്ദുകംപോലെ മരുവും നിശാകരൻ
പ്രസഭമുദിക്കയാൽ ദിഗ്വധൂമന്ദഹാസം
പ്രസരിച്ചതുപോലെ തെളിഞ്ഞു മഹീതലം,
യാമിനീകാമിനിതൻ ഹാരമാലയെപ്പോലെ
കോമളം ശശികരമംബരേ കാണായ്വന്നു.
മദശ്രീതരുണിതൻ വിഭ്രമവിശേഷമാ-
യുദിക്കും വിലാസത്തിന്നുത്സവാതിരേകമായ്,
കാമദേവൻെറ ജീവനാകിയ നിശാകരൻ
താമസം വിനാ നഭോഭൂഷണമായ്വിളങ്ങി,
അഭ്രമാതംഗാധിപൻ കൊമ്പിലുജ്ജ്വലിച്ചീടും
ശുഭ്രമാം തേജസ്സിനെ ധിക്കരിച്ചീടും ജ്യോത്സ്നാ
ഭൂതലം തന്നിലുള്ളോരാകുലഭാവം തീർത്തു,
ചേതസി പ്രമോദവുമേവനുമുണ്ടായ്വന്നു.
മദനോപമാകാരൻ തടവു ധർമ്മധ്വജൻ
മദനാഹവം ചെയ്വാനൊരുമ്പെട്ടതു നേരം,
കാന്തയാം താരാവലീതന്നോടുമൊരുമിച്ചു
കാന്തമാം മണിമയസൌധാഗ്രം കരേറിനാൻ.
ചരതമാകുംവണ്ണം സുരതമനുഭവി-
ച്ചുരിതാപനമേററം തളർന്നു ശരീരവും.
ധവളാസ്തരണമാമമലപര്യ്യങ്കത്തി-
ലവിളംബിതം കിടന്നുറങ്ങി [2] സസമ്മദം.
നഭസ്സാം പർയ്യങ്കത്തിൽ കിരണപടം വിരി-
ച്ചുദസ്യൻ നിശാകരൻ ശയിക്കുന്നതുപോലെ,
ദേവിയും മധുമദമത്തയായ് തളർന്നുടൻ
കേവലം വിയർത്തൊലിച്ചംഗരാഗങ്ങളോടും,
വസ്ത്രസംവേഷ്ടനത്തിൽപ്പോലുമാദരം വിനാ

1 'രജനിയാകും രാജതനയെക്കാട്ടീടുവാൻ നിജകഴകംപോലേ' എന്നാണു് ഭം. പ്രതിയിൽ.

2 'സസംഭ്രമം' എന്നു് മം. പ്രം.

നിസ്തൂപം കാന്തന്മാറിൽ കിടന്നങ്ങുറങ്ങുമ്പോൾ,
കിളിവാതിലിലൂടെ കടന്നു ചന്ദ്രാതപം
കളവാണിതന്മെയ്യിൽ പതിച്ചോരനന്തരം,
അപ്പുരികുഴലാളിൻ ദേഹമെപ്പേരും ദഹി-
ച്ചത്ഭുതം സ്ഫോടകങ്ങളേറ്റവുമുളവായി.
ഉണന്നു ദയിതയും കരഞ്ഞീടുന്ന നേരം
ഉണർന്നു ഭൂപാലനും കണ്ടു വിസ്മയം പൂണ്ടു.
ദാസിമാർ കയ്യിലാക്കിക്കേളീശയനത്തിൽ
ഭാസുരാംഗിയെക്കിടത്തിച്ചികിത്സയും ചെയ്തു.
ധന്യനാം നരാധിപൻ പിന്നെയും മനോഭവൻ-
തന്നുടെ വിജൃംഭണം സഹിച്ചുകൂടായ്കയാൽ,
വരുത്തി മൃഗാങ്കദത്താഖ്യയാം ദയിതയെ-
ക്കരുത്തേറീടും കാമശരത്തിൻ [1] പ്രതാപത്താൽ-
ഉന്മനോഭാവാ തികഞ്ഞമ്മധുമൊഴിയാളും
ധർമ്മപാലകനായ മന്നവൻ ചാരേ വന്നു,
തളയും വളകളുമഴിച്ചു കാമൻതന്നെ-
ത്തളയിലാക്കിടുവാൻ തുനിയും ദശാന്തരേ,
വിലസന്മുഖി പുനരതിദൂരത്തു നിന്നി
ട്ടുലസാപാംഗി തദാ മുസലധ്വാനംകേട്ടു.
അപ്പുരികുഴലാളിൻ മോഹനകരങ്ങളിൽ
അത്ഭുതമത്തുനേരം സ്ഫോടകമുത്ഭവിച്ചു.
കൈകളും കുടഞ്ഞെഴുന്നേറ്റു പേശലാപാംഗി
വൈകൃതങ്ങളും തുനിഞ്ഞാശു കേണീടും വിധൌ,
എന്തിവളഹേതുവായ് സന്തപിക്കുന്നതെന്നോ-
ർത്തന്തരാ നരാധിപൻ ചിന്ത പൂണ്ടെഴുന്നേറ്റു.
"താമരപ്പൂവെന്നോർത്തു വണ്ടുകൾ കടിക്കയോ?
താമസം വിനാ സ്മരപന്നഗം കടിക്കയോ?"
ഇത്തരം നിരൂപിച്ചു സത്വരം നോക്കുമ്പോ-
ളുത്തമൻ നരാധിപനറിഞ്ഞു തൽകാരണം.
ചന്ദനരസംകൊണ്ടു സന്തതമൊഴുക്കുവാൻ
സുന്ദരാകാരൻ ദാസിമാരെയും നിയോഗിച്ചു.

---

[1] 'പ്രയോഗത്താൽ' എന്നു് മം. പ്ര.

മോദിച്ചു വേതാളവു മിങ്ങിനെ കഥപറ-
ഞ്ഞൂഴിക്കീശനാം നൃപനോടു ചോദിച്ചീടിനാൻ :—
" ഇച്ചൊന്നനാരിമാരിലാരെടോ സുകുമാരി ?
നിശ്ചയിച്ചുരചെയ്ക ബുദ്ധിമാനല്ലോ ഭവാൻ."
എന്നതു കേട്ടു നൃപനുത്തരം ചൊല്ലീടിനാൻ :—
" ഇന്നിവരെല്ലാവരും മൃദുഗാത്രിമാരത്രെ.
എങ്കിലും ചൊല്ലീടാം ഞാനെത്രയുമതിശയം
പൈങ്കിളിമൊഴിമാരിലൊരുത്തിക്കുണ്ടോക്കെടോ !
പൊളിചൊല്ലുകയല്ല മുസലനാദം കേട്ടു
1 പൊളുകം കരങ്ങളിലുളവായതു മൂലം
അവൾക്കു സമമല്ല മൃദുതാധിക്യം മററു-
ളളവർക്കു സംസ്പർശനമാത്രമെങ്കിലും സിദ്ധം."
ഇങ്ങിനെ നരാധിപൻ പറഞ്ഞോരനന്തരം
മംഗലൻ വേതാളവും മറഞ്ഞു സസംഭ്രമം.

* * * * * * *

കണ്ണിനാനന്ദമേകും പുണ്യപൂർണ്ണസ്വരൂപൻ,
ഖണ്ഡിതവിപക്ഷനാഖണ്ഡലപ്രതാപവാൻ,
മണ്ഡനവ്രതൻ, പൃഥ്വീമണ്ഡലത്തിന്നുദാരൻ,
ചണ്ഡമാർത്തണ്ഡ, നിട്ടിക്കോമ്പിമന്നവൻ ചൊല്ലാൽ,
മതിയില്ലാതവൻ ഞാനെങ്കിലും ചൊന്നേനിതു;
മതിശാലികൾ മതിയെന്നനുഗ്രഹിക്കേണം.

---

1 'പുളകം' എന്നു കം. പ്ര.

## പന്ത്രണ്ടാമത്തെ കഥ

വേതാളമാം പിശാചത്തെപ്പിടിച്ചുടൻ
പാതാളഗംഭീരമാനസൻ മന്നവൻ
തോളിൽച്ചുമന്നു നടക്കും ദശാന്തരേ
ലാളിച്ചു വേതാളവും പറഞ്ഞീടിനാൻ :—
"ഊഴിക്കധീശനാം നിന്നുടെ വൈഭവ-
മാഴിക്കുമാരീമണാളനും ദുർല്ലഭം"

* * * * * *

പണ്ടംഗരാജ്യേ യശഃകേതുവെന്നൊരു
കണ്ടകനാശനനുണ്ടായി മന്നവൻ.
തദ്യശസ്സാകുന്ന പുണ്ഡരീകം തന്നി-
ക്കുദ്യന്മൃണാളമത്രെ ഫണിനായകൻ.
സുന്ദരിമാരായ കിന്നരനാരിമാർ,
മന്ദാരപാദപപ്പൂവുറുക്കും വിധൌ,
ഉച്ചത്തിലാമ്മാറതിമോഹനാംഗിമാർ
തച്ചരിത്രങ്ങൾ പാടീടുമനുദിനം.
തദ്വിക്രമങ്ങളോരോന്നു കേട്ടന്വഹം
സന്ദ്രാഭയപ്പെട്ടു ലങ്കാനിവാസികൾ
ലോകാഭിരാമനാം ശ്രീരാമചന്ദ്ര നെ-
ശ്ശോകം മറന്നതുമോർത്തു നിനക്കുന്നു.
സത്വശീലൻ ദീർഘദർശിയെന്നിങ്ങനെ
സത്ത്യാഭിധാനനാം മന്ത്രിയോടൊന്നിച്ചു
മേദിനിയെപ്പരിപാലനം ചെയ്യുനാൾ
മോദേന വാണു ജനങ്ങളെല്ലാവരും.
അക്കാലമുത്തമനായ നരാധിപൻ
തൽക്കരേ ഭൂഭാരമെല്ലാം സമർപ്പിച്ചു,
മൈക്കണ്ണിമാരോടൊരുമിച്ചനാരതം
ഉൾക്കാമ്പഴിഞ്ഞു രമിച്ചു വാണീടിനാൻ
താരാഗണങ്ങളോടൊന്നിച്ചനുദിനം
താരാധിപൻ വിളയാടുന്നതുപോലെ.
മന്നവൻ കാമവശനായതു കാല-
മുന്നതകീർത്തിമാനായൊരു മന്ത്രിയും,

കോട്ടയും സൈന്യം ധനാഗാരമെന്നിവ
കോട്ടം വരാതെ രക്ഷിച്ചു ദിനംപ്രതി
[1] ഭോഗഭോഗ്യങ്ങളനുഭവിച്ചെത്രയും
ഭാഗധേയത്തോടിരിക്കും ദശാന്തരേ,
ഓരോ ജനങ്ങളോരോരോ തരം പുന-
രോരോ ദിഗന്തരം തോറുമിരുന്നുടൻ,
മന്ത്രിപ്രഭാവം സഹിക്കരുതായ്കയാൽ
അന്തസ്സരോഷമേവം പറഞ്ഞീടിനാർ :—
"ദീർഘദർശിക്കു സിദ്ധം രാജവൈഭവം,
കേൾക്കുവാനില്ല ഭൂപാലൻെറ നാമവും.
പൂർവ്വജന്മാർജ്ജിതപുണ്യം നിമിത്തമായ്
സർവ്വസാമ്രാജ്യമവൻ ഭരിച്ചീടുന്നു.
കഷ്ടം! നൃപനിൽ ബഹുമാനവുമില്ല,
ദുഷ്ടഭാവം പലവസ്തുവിൽക്കാണുന്നു."
ഇങ്ങിനെയുള്ളൊരപവാദഭാഷിത-
മങ്ങുദീർഘശ്രവസ്സാം ദീർഘദർശിയും,
കേട്ടു പാരം മനസ്താപവും കൈക്കൊണ്ടു,
നാട്ടിലൈശ്വര്യത്തിലും വാഞ്ഛയെന്നിയെ,
മേധാവതിയായ ഭാര്യയോടൊന്നിച്ചു
മേധാവതാം വരനേററവും ദുഃഖിച്ചു :—
"ഹന്ത! ഞാനെന്തൊന്നു ചെയ്തൂപവാദമാം
സിന്ധുവിനന്തം ഭവിക്കുന്നിതീശ്വര!
ഒട്ടുപോലും ഞാനകാര്യം തുനിഞ്ഞീല,
നഷ്ടമായി മമ പുണ്യമെപ്പേരുമേ.
ഞാനിനിത്തീർത്ഥയാത്രാം ചെയ്കയെന്നിയെ
മാനിനീമൌലേ! വസിക്കയി[2]ല്ലെങ്ങുമേ.
കാലം കുറഞ്ഞൊന്നിരിക്ക നീയും ശുഭ-
കാലം നമുക്കു ദൈവം വരുത്തും ദൃഢം."
കാന്തയോടേവം പറഞ്ഞു നിശാമുഖേ
ശാന്താശയൻ പുറപ്പെട്ടു നടകൊണ്ടു.
കാട്ടകം തോട്ടം പുഴകളുമോരോരൊ

---

[1] 'ഭോഗഭോജ്യങ്ങൾ' എന്നു ക. പ്ര.
[2] 'എന്നുമെ' എന്നു മം. പ്ര.

മാട്ടകം ശൈലം വനങ്ങളുമെന്നിവ
പിന്നിട്ടു പിന്നിട്ടു പോകും ദശാന്തരേ,
മുന്നിട്ടു കണ്ടാനവൻ ജലരാശിയെ.
തത്തീരദേശേ നടന്നുനടന്നവ-
നെത്തി രമണീയമായൊരു മന്ദിരേ.
തത്ര വാഴും നിധിദത്തനാം വൈശ്യനാൽ
മിത്രവാനായ് വസിച്ചു കുറഞ്ഞൊരുനാൾ.
ദ്വീപാന്തരത്തിന്നു പോവാനൊരുമ്പെട്ടു
രൂപാന്തരം പൂണ്ടു വൈശ്യാവതംസനും
ബന്ധുജനത്തോടു യാത്രയും കേൾപ്പിച്ചു
ബന്ധുരശീലൻ പുറപ്പെട്ടതു നേരം,
പിമ്പെ നടന്നു ചൊന്നാൻ ദീർഘദർശിയും :—
"വമ്പാർന്ന നിൻ വിയോഗം സഹിക്കാവതോ?
ദ്വീപാന്തരത്തിങ്കലെന്നല്ല കേൾക്കെടോ!
ലോകാന്തരത്തിങ്കലും ഞാനനുയായി.
എന്നെപ്പിരിഞ്ഞൊരേടത്തു പോകെന്നതും
ധന്യൻ ഭവാനൊരുനാളും നിനയ്ക്കൊലാ."
നിർബ്ബന്ധമിങ്ങിനെ കേട്ടു വണിഗ്വരൻ,
"നിർബ്ബാധമെങ്കിലോ പോരികെ" ന്നോതിനാൻ.
മുഖ്യം പ്രവഹണമൊന്നിൽക്കരയേറി
വെക്കം പയോരാശിമദ്ധ്യം പ്രവേശിച്ചു.
നാലുപാടെങ്ങും പരന്ന ജലംതന്നിൽ
ശീലപാഥേയവാൻ കണ്ടാനൊരത്ഭുതം.
സ്ഫാടികശൈലശൃംഗത്തെ നിന്ദിച്ചൊരു
മോടി പൂണ്ടത്യുന്നതം സ്തംഭമുത്തമം
വെള്ളത്തിൽനിന്നു പൊങ്ങുന്നതു കണ്ടവ-
നുള്ളത്തിലേററം കുതൂഹലം തേടിനാൻ.
തന്മദ്ധ്യദേശേ തെളിഞ്ഞു നിൽക്കുന്നൊരു
സമ്മുഗ്ദ്ധമാം കല്പവൃക്ഷവും കാണായി.
ഉള്ളിൽക്കിടന്നാലിനിയും മഥനത്തി-
നെല്ലാവരും വരുമെന്നോർത്തു വാരിധി
ദൂരത്തൊരേടത്തുപേക്ഷിച്ചതുപോലെ
ചാരത്തു കണ്ടാശു കൗതുകം തേടിനാൻ.

കണ്ടാനതിലൊരു മാണിക്യമഞ്ചവും
വണ്ടാർകുഴലാളൊരുത്തി വാഴുന്നതും.
പത്മരാഗപ്രഭമായോരധരവും
പത്മപലാശസമാനമാം നേത്രവും
നീലരത്നാഭാം വഹിക്കുമളകവും
[1] മാലേയപങ്കിലമാം തനുവല്ലിയും
കണ്ട നേരം ദീർഘദർശിക്കു മാനസേ
തണ്ടാരിൽമാതെന്നു ശങ്കയുണ്ടായ്വന്നു.
പൂന്തേൻമൊഴിയുടെ ഗാനവും കാതിനു
പൂന്തേൻ കുഴമ്പുപോലെ കേട്ടനന്തരം,
വേണുവീണാദിനാദങ്ങളെയും [2] വഹി-
ച്ചാണു കുതൂഹലമെന്ന പാഥോനിധൌ.
വൃക്ഷമഞ്ചങ്ങളോടൊന്നിച്ചു മാനിനി
തൽക്ഷണേ പാഥോധിയിൽ മറഞ്ഞിടിനാൾ.
ദീർഘദർശിക്കുതുനേരമുണ്ടായോരു
ദീർഘമാം സങ്കടമെന്തു ചൊല്ലുന്നു ഞാൻ !
[3] കശ്മലഭാവം കലൎന്നതറിഞ്ഞോരു
ബംബ്ബരനാം കണ്ണ്ധാരനരചെയ്തു :—
"എന്തെടോ ! വിസ്മയഭാവം കലൎന്നതും ?
എന്തെടൊ ! പിന്നെ വിഷണ്ണനായ് വന്നതും ?
ഉത്തമരൂപം ധരിച്ചോരു നാരിയെ
നിത്യവുമിപ്രദേശത്തു കാണാം ക്ഷണം.
പിന്നെജ്ജലത്തിൽ തിരോധാനവും ചെയ്തു-
മിന്നവളെന്നതറിഞ്ഞവരില്ലാരും."
ഇങ്ങിനെ കണ്ണ്ധാരൻ ചൊന്നതു നേരം-
മംഗനാരൂപവും ധ്യാനിച്ചവൻ സദാ,
നൂനം നിധിദത്തനിച്ഛിച്ച ദേശത്തു
മാനസതാപേന സഞ്ചരിച്ചഞ്ജസാ,
കാലം കുറഞ്ഞൊന്നിവണ്ണം കഴിഞ്ഞോരു
കാലം പ്രവഹണമേറിപ്പുറപ്പെട്ടു,

---

[1] 'മാലേയ പങ്കിലയാം' എന്നു മം. പ്ര.
[2] 'ചഴിച്ചാണു്' എന്നു മം. പ്ര.
[3] കശ്മലം = മോഹം.

തന്നുടെ മന്ദിരം പുക്കു നിധിമത്തൻ.
ഉന്നതതാപം സഹിക്കാഞ്ഞു മന്ത്രിയും
മേദിനീപാലനോടിക്കണ്ട കൌതുകം
മോദേന ചൊല്ലുവാനാശയാ സത്വരം,
സാർത്ഥവാഹാന്തികേ ചെന്നു യാത്രാം പറ-
ഞ്ഞാർത്തിയാകുന്നോരു ഭാരമെടുത്തുടൻ,
അംഗരാജ്യത്തിങ്കലമ്മാറു ചെന്നുടൻ
അംഗജാകാരനാം രാജാവിനെക്കണ്ടു.
പാദാഭിവന്ദനം ചെയ്യോരു നേരത്തു
മോദാകുലനായ ഭൂലോകനാഥനും,
മൂന്നുലോകം തൻ വശത്തായൊരാനന്ദ-
മാന്നു സന്തോഷാശ്രുപൂർണ്ണനായ് സത്വരം,
ആശ്ലേഷവും ചെയ്തു മോദാൽ സഗദ്ഗദം
വിശ്ലേഷദുഃഖമോർത്തേവമുരചെയ്തു :—
"എന്തെടോ? മിണ്ടാതെ പോയതെന്നോടുനി-
ന്നന്തർഗ്ഗതം ഞാനനുസരിച്ചീലയൊ?
ബന്ധുക്കളേയുമൈശ്വര്യം ഗൃഹത്തെയും
ബന്ധുരഗാത്രിയാം നാരീമണിയേയും
എന്നെയുമേവം മറന്നു പോയീടുവാൻ
നിന്നുള്ളിലെന്തൊന്നു നീ നിരൂപിച്ചതും?
നിന്നെപ്പിരികയാലെന്നുടെ സങ്കടം
മന്നിടംതന്നിലറിഞ്ഞവരില്ലാരും".
ഇങ്ങിനെ രാജാവു ചോദിച്ചനന്തരം
മംഗലാത്മാ ദീർഘദർശിയും ചൊല്ലിനാൻ :—
"പാർത്ഥിവമൌലേ! ഭവാൻ പ്രസാദിക്കണം
തീർത്ഥയാത്രക്കൊരുമ്പെട്ടു പോയേനഹം.
ഓരോ ദിഗന്തരംതോറും നടന്നു ഞാൻ
വാരാന്നിധിക്കു ചേരുന്ന തീരേ ചെന്നു,
സഞ്ചരിക്കുന്ന നേരത്തൊരു വൈശ്യനെ-
സ്സഞ്ചിതാനന്ദമടുത്തു കണ്ടേനഹം.
ഒട്ടുകാലമവനോടുമൊരുമിച്ചു
പുഷ്ടമോദേന വാണേൻ തന്നികേതനേ.
വൈശ്യനോടൊന്നിച്ചു ഞാനന്നൊരു ദിനം

വിശ്വാസമോടെ സമുദ്രമദ്ധ്യേ ചെന്നു,
കണ്ടേനൊരത്ഭുതാകാരയാം നാരിയെ,
തണ്ടാരിൽമാതുമവൾക്കെതിരല്ലഹോ !
സർവ്വലോകാധിപത്യം ലഭിച്ചീടിലും,
സർവ്വഗീർവ്വാണാംഗനാകാന്തനാകിലും,
അന്നാരിയോടു രമിക്കുന്നവനോടു
കിന്നാമനൂനം സമാനനായീടുമോ ? "
ഇത്ഥം മന്ത്രി പറഞ്ഞോരനന്തരം
സത്വരം കാമശരമേറ്റു മന്നവൻ,
ജന്മാന്തരത്തിങ്കലാർജ്ജിച്ചിരിപ്പോരു
കർമ്മബന്ധം തമ്മിലുണ്ടാകകാരണം,
എത്രയും പാരം വിയോഗാർത്തി കൈക്കൊണ്ടു
തത്രഭൂപാലനും രാജ്യമഖിലവും
മന്ത്രിയിൽ തൽക്ഷണേ നിക്ഷേപവും ചെയ്തു,
ബന്ധുരം സന്ന്യാസിവേഷമാലംബിച്ചു
വെക്കം പുറപ്പെട്ടു മൈക്കണ്ണിയിൽ ചേർന്നു
നിൽക്കുന്ന മാനസമുഖ്യാഭിലാഷയാ,
ഗ്രാമസരിൽപുരാരണ്യശൈലങ്ങളു-
മാമയഹീനം കടന്നു കടന്നുടൻ,
ഏലാവനാളി പരന്ന പയോധിതൻ
വേലയിൽ ശ്രീപർവ്വതം കണ്ടു കൂപ്പിനാൻ.
തത്രപോയ്ച്ചെന്നു ഭവാനിയെസ്സേവിച്ചു
ചിത്രം ! പലദിനം പോയോരനന്തരം,
തൽപ്രസാദേന കുശനാഭനാം മുനി-
യപ്പോളവിടേക്കു വന്നു യദൃച്ഛയാ.
തൽപാദപങ്കജേ വീണു വന്ദിച്ചു ത-
ന്നുൾപ്പരിതാപമെപ്പേരുമുരചെയ്തു.
അപ്പോൾ ദയാപയോരാശിയാം താപസൻ
കെല്പോടനുഗ്രഹിച്ചോന്നരുളിച്ചെയ്തു :—
" വല്ലതെന്നാലും നിനക്കിനി വൈകാതെ
വല്ലഭാപ്രാപ്തിയുണ്ടായ്‌വരും നിർണ്ണയം. "
ഇങ്ങിനെ താപസനോടു വരം വാങ്ങി,
മംഗലാചാരശാലി യശഃകേതുവും

മന്ത്രിക്കു മുന്നം സഹായങ്ങൾ ചെയ്യോരു
തന്ത്രവാനാം സാൎത്ഥവാഹനെക്കണ്ടുടൻ,
" അംബുധിമദ്ധ്യേ കടന്നതിലുള്ളൊരാ-
ഡംബരവും മററുമോരോ വിചിത്രവും
കാണ്മതിനാശ പൂണ്ടത്ര ഞാൻ വന്നതും,
നീ മഹാത്മാവതിന്നാശു തുണയ്ക്കണം. "
ഇത്തരം ഭിക്ഷുവിന്നാഗ്രഹം കേട്ടവൻ
സത്വരം നല്ലൊരു യാനം വരുത്തിനാൻ.
വൈദഗ്ദ്ധ്യമുള്ളൊരു നാവികൻതന്നോടു,
"വൈകാതെ ഭിക്ഷുവെക്കൊണ്ടുപോയംബുധൌ
വേണ്ടുന്ന ദിക്കിലെല്ലാം സഞ്ചരിച്ചുടൻ,
[1] താണുപോകാതെ പോന്നിടുകെ, " ന്നോതിനാൻ.
വെക്കം പ്രവഹണമേറി നരാധിപൻ
ചിക്കെന്നു പാഥോധിമദ്ധ്യം പ്രവേശിച്ചു,
വൈഡൂൎയ്യശൃംഗസമാനകല്ലോലങ്ങൾ
നീടാൎന്നു പായും പയോനിധിക്കന്തരാ
കണ്ടാൻ മഹോന്നതസ്തംഭം തദന്തരേ
കണ്ടീടിനാൻ പാരിജാതമാം വൃക്ഷവും,
തന്മദ്ധ്യഭാഗേ മരതകമഞ്ചത്തി-
ലാമ്മാറു കണ്ടു വനിതാമണിയെയും.
" അത്ഭുതവസ്തുക്കളുണ്ടാക്കുവാനതി-
ശില്പം തികഞ്ഞോരുപകരണങ്ങളെ
ഒന്നിച്ചൊരേടത്തു സൂക്ഷിക്കുവാൻ വിധി
മുന്നം പയോധികയ്യിൽ കൊടുത്തു ദൃഢം !
ആതപവാതങ്ങളേല്പതിന്നായതും
നീതമായി ബഹിൎഭാഗത്തസംശയം. "
എന്നുകല്പിച്ചിരിക്കും നരപാലനു
[2] സുന്ദരാപാംഗിതൻ ഗാനവും കേൾക്കായി.
" തണ്ടാരിൽ മാതുമിവൾക്കെതിരല്ലെ " ന്നു
കൊണ്ടാടിനിന്നതികൌതുകം തേടിനാൻ.

---

[1] ആണുപോകാതെ എന്നു പാഠാന്തരം (മം. പ്ര.)
[2] ' സുന്ദരമാം ഗീതനാദവും ' എന്നു് മം. പ്ര.

"അത്ഭുതം [1] രൂപസൌന്ദൎയ്യമഹിമയു-
മത്ഭുതം ലാവണ്യസാര", മെന്നിങ്ങിനെ
ലാളിച്ചു മന്നവൻ നില്ക്കും ദശാന്തരേ,
മേളിച്ചു ഗാനവും ചെയ്തു മധുമൊഴി,
സ്തംഭപൎയ്യങ്കവൃക്ഷങ്ങളോടും പുന-
രംഭോധിതോയേ മറഞ്ഞു പോയീടിനാൾ.
കഷ്ടം ! മഹീതലശീതാംശുവാം നൃപ-
നൊട്ടേറെയും മനസ്താപവും പൂണ്ടുടൻ,
ജീവിച്ചിരിപ്പതു നിഷ്ഫലമെന്നോൎത്തു
കേവലമംഭോധിയോടു ചൊല്ലീടിനാൻ :—
"തണ്ടാരിൽമാതിൻ പിതാവാം ഭവാനെന്നി-
ലുണ്ടാകവേണം കൃപാങ്കുരം വാരിധേ!
ദിവ്യരത്നങ്ങളമൃതവുമിന്ദുവും
ഭവ്യങ്ങളായുറ്റനേകവസ്തുക്കളും,
ധന്യതമേറെയുമുള്ള പദാൎത്ഥങ്ങൾ
നിന്നുള്ളിൽനിന്നല്ലയോ ജനിച്ചീടുന്നു ?
ഇക്കണ്ട നാരീശിരോമണിയെക്കാണ്മാൻ
വെക്കമെനിക്കൊരനുഗ്രഹം നൽകണം.
എന്നതുമൂലമായ് നിന്നെയും വിശ്വസി-
ച്ചെന്നുടെ ദേഹസമൎപ്പണം ചെയ്യുന്നേൻ."
എന്നുരചെയ്തു ജലനിധിമദ്ധ്യത്തി-
ലൊന്നു കുതിച്ചു ചാടീടിനാനത്ഭുതം!
വെള്ളത്തിൽ വീണു മുങ്ങി നരനാഥനു-
മുള്ളത്തിലാധി [2] പൂണ്ടു കൎണ്ണധാരനും.
"നൂനമെനിക്കും മരിക്കണമെ",ന്നു
മാനസേ ചിന്തിച്ചുറച്ചു കേഴും വിധൌ,
ആകാശവാണിയുമൊന്നങ്ങുരചെയ്തു :—
"വൈകാതെ പോക നീ സുന്ദരേ മന്ദിരേ.
ജന്മാന്തരപ്രിയാന്വേഷണാൎത്ഥം നിജ-
കൎമ്മപരതന്ത്രനായ് മഹീപാലകൻ
അംഭോധി പുക്കാനവളെയും കൊണ്ടുടൻ

---

1 'രൂപധേയത്തിൻ മഹിമയും' എന്നു് മം. പ്ര.
2 'പൊങ്ങി' എന്നു പാഠാന്തരം (മം. പ്ര.)

അമ്പോടു വന്നീടുമില്ലൊരു സംശയം. ”
എന്നതു കേട്ടു വണിഗ്വരനും തദാ
ചെന്നു തന്മന്ദിരം പുക്കു വാണീടിനാൻ.
വാരിധിവാരിയിലാണ്ടു നരാധിപൻ
ദൂരദേശത്തങ്ങു ചെന്നോരനന്തരം,
കണ്ടാൻ മണിമയമായൊരു ഗോപുരം
പണ്ടു കാണാത മതിലുമത്യത്ഭുതം !
കാഞ്ചനോദാരങ്ങളാം മന്ദിരങ്ങളും,
വാഞ്ഛയ്ക്കു ചേരും [1] സരോനിവഹങ്ങളും,
കണ്ടു കൌതൂഹലം പൂണ്ടതിലുൾപ്പുക്കു,
തണ്ടാർശരനെന്നപോലെ നടന്നുടൻ,
നീളെത്തിരഞ്ഞൊരുത്തരെക്കാണാഞ്ഞു,
കാളുന്ന കാമാഗ്നിയോടും നരപതി
മന്ദിരങ്ങൾക്കകംപുക്കു നോക്കും വിധൌ,
സുന്ദരമായൊരു കാഞ്ചനമന്ദിരേ
മാണിക്യമഞ്ചത്തിലമ്പോടുറങ്ങുന്നൊ-
രേണീവിലോചനാം കണ്ടു മോദം പൂണ്ടു.
ചാരത്തു ചെന്നവളംഗങ്ങളൊക്കവെ
പൂരിച്ചൊരാശയാ നോക്കി നിന്നീടിനാൻ.
അപ്പോൾ കുമാരിയും ചിക്കെന്നു കൺമിഴി-
ച്ചുൽപന്നകൌതുകം കണ്ടു നരേന്ദ്രനെ.
വെക്കമെഴുന്നീററിരുന്നു പര്യങ്കത്തി-
ലുൾക്കാമ്പിലോരോന്നിവണ്ണമോർത്തീടിനാൾ :—
“ ആരായ്വരുമിവൻ ? വീരനത്രെ, പരം
മാരനും നേരല്ലിവനോടു നിർണ്ണയം.
സന്ന്യാസിവേഷം ധരിച്ചിരിക്കുന്നതു,
ചിഹ്നവും ചക്രവർത്തിക്കുള്ളതുണ്ടഹോ !
ആകവേ കണ്ടാലെനിക്കൊന്നു തോന്നുന്നു,
ലോകാധിനാഥൻ പ്രസാദിക്ക കാരണം
എന്നുടെ വല്ലഭനംഗദേശാധിപൻ
ധന്യൻ യശഃകേതുവാം ക്ഷിതിനായകൻ
സുന്ദരനെന്നെത്തിരഞ്ഞു വന്നീടിനാ-

[1] ‘സരോനികരങ്ങളും’ എന്നു പാഠാന്തരം (മം. പ്ര.)

നെന്നിയെ മറെറാന്നു ചേരുന്നതല്ലിഹ.”
ഇത്തരമോരോന്നു ചിന്തിച്ചിരിക്കവെ,
സുസ്തനിതന്നിലുണ്ടായി പുളകവും,
കോപനാമൌലി കദംബതരുവിന്റെ
ശോഭനമഞ്ജരിപോലെ ചമഞ്ഞവൾ,
ലജ്ജയാ വക്ത്രവും താഴ്ത്തി കൃശോദരി
സജ്ജനപാലനെസ്സൽക്കരിച്ചീടിനാൾ.
നാമാഭിജാത്യാദി ചോദിച്ചനന്തര-
മാമയഹീനം മഹീതലനാഥനും
തന്നുടെ വൃത്താന്തമെപ്പേരുമേ വര-
വർണ്ണിനിയോടറിയിച്ചു സമസ്തവും.
കേട്ടു കൌതൂഹലം പൂണ്ടു സുമുഖിയും,
വിഷ്ടപനാഥനും പര്യങ്കമേറിനാൻ.
ഓരോ കഥകൾ പറഞ്ഞു പറഞ്ഞുടൻ
ആരോമലാൾക്കു ഹർഷം വളർത്തു നൃപൻ.
അക്കണക്കായതറിഞ്ഞ മനോഭവൻ,
നൽക്കുസുമാസ്ത്രങ്ങൾ കോരിച്ചൊരികയാൽ
ലജ്ജയ്ക്കു പോലുമവസരമെന്നിയെ,
സജ്ജിച്ചു മാനസം സംഭോഗതൃഷ്ണയിൽ.
മന്ദഹാസം പൂണ്ടു സുന്ദരീമൌലിയും
മന്ദം നരേന്ദ്രനോടപ്പോളുരചെയ്തു: —
“സുന്ദരാകാര! നിനക്കു ഞാനിന്നുതൊ-
ട്ടെന്നുമധീനയായ്‌വാഴുന്നതുണ്ടഹോ!
കൃഷ്ണചതുർദ്ദശിനാളുമതുപോലെ
കൃഷ്ണാഷ്ടമിവരും നാളും നരാധിപ!
എന്നോടൊരുമിച്ചിരിപ്പാൻ കൊതിക്കരു-
തെന്നാണെ നീയതു ബോധിക്ക മന്നവ!”
അങ്ങിനെ ചെയ്യാമതെന്നു നരാധിപ-
നംഗനാമൌലിക്കു ബോധം വരുത്തിനാൻ.
പിന്നെക്കഠോരകാമാസ്ത്രം തറക്കയാൽ
തന്വംഗി ഭൂപാലനെപ്പുണർന്നീടിനാൾ.
[1] പൊന്നരഞ്ഞാളഴിച്ചു നൃപനന്നേരം

---

[1] പൊന്നരഞ്ഞാൺ എന്നർത്ഥം.

കന്നൽമിഴിയാൾക്കഴിഞ്ഞു വസനവും.
കാമപാരവശനായൊരു വല്ലഭൻ
കാണും ജഘനമെന്നോർത്തു മധുമൊഴി,
തൻമുലക്കുന്നണച്ചാശു പുൽകീട്ടവൻ
കൺമിഴിക്കുള്ള മാർഗ്ഗം മറച്ചീടിനാൾ.
പിന്നെ ക്രമത്തിലുണ്ടായോരവസ്ഥകൾ
എന്നാലുരചെയ്‌വതിന്നെളുതായ്‌വരാ.
ഉണ്ടായവാറില്ലവർക്കു വിചാരവു-
മുണ്ടായവാറില്ല മര്യാദയും തഥാ.
ചെറ്റും വിനയമുണ്ടായീലൊരുത്തർക്കു,
മുറ്റും സുരതമീവണ്ണമാരംഭിച്ചു.
കെട്ടഴിഞ്ഞു കേശപാശമതിങ്കൽനി-
ന്നൊട്ടേറെയും കൊഴിഞ്ഞു കുസുമങ്ങളും.
ദേവാംഗനമാരിതു കണ്ടു വിസ്മയി-
ച്ചേവരും പുഷ്പവർഷം ചെയ്യുന്നതുപോലെ,
ചന്ദ്രനിൽ പീയൂഷമൂറുന്നതുപോലെ,
സുന്ദരിതൻെറ മുഖം വിയർത്തു തദാ.
കസ്തൂരികൊണ്ടുള്ള പൊട്ടുമൊലിച്ചുടൻ
വിസ്താരമാണ്ടുള്ള കണ്ണിലകപ്പെട്ടു.
എന്നതുകൊണ്ടോ മദനരസംകൊണ്ടോ
സുന്ദരി കണ്ണിണ പാതി ചിമ്മീടിനാൾ.
എന്തിനേറെപ്പറയുന്നു ദിനംപ്രതി
കാന്തനോടേവം രമിച്ചു സുമദ്ധ്യമാ
ചിത്തം തെളിഞ്ഞു വാണിട്ടും ദശാ[illegible]
ചിത്രം സമാഗതമായി ചതുർദ്ദശി.
കാന്തനെ ഗാഢമായാലിംഗനം ചെയ്തു,
താന്തഭാവം പൂണ്ടവളുമുരചെയ്തു :—
" ഇക്കണ്ട പൊയ്കയിൽ കാണുന്ന മണ്ഡപേ
ചിക്കെന്നു ഞാൻ പോയ്‌വരുന്നുണ്ടു [1] മന്നവ !
തത്സമീപത്തിങ്കലെങ്ങും ഭവാനതി-
വത്സലഭാവം കലർന്നു വന്നീടൊലാ. "
ഇത്ഥം പറഞ്ഞവൾ പോയോരനന്തരം

[1] ' വല്ലഭ !' എന്നു പാഠാന്തരം (മം. മു.)

സത്വരം വാളുമെടുത്തു നരേശ്വരൻ.
ഏണവിലോചന കാണാതെ ചെന്നവൻ
വാണീടിനാനൊരു തൂണും മറഞ്ഞഹോ!
അപ്പോൾ കൃതാന്തസന്ത്രാസനാം രാക്ഷസൻ
കല്പാന്തമേഘം കണക്കെ വളൎന്നവൻ
മണ്ഡപമദ്ധ്യത്തിൽ നില്ക്കും സുമുഖിയെ-
[1] ത്തിണ്ണമവനും പിടിച്ചു വിഴുങ്ങിനാൻ.
ചണ്ഡപരാക്രമനായ വിധുന്തുദൻ
ചന്ദ്രക്കലയെ വിഴുങ്ങുന്നതുപോലെ.
കാതരനേത്രയെക്കാണാഞ്ഞതിതരാം
ആതുരഭാവവും പൂണ്ടു നരേശ്വരൻ,
കോപേന വാളുമിളക്കി വന്നഞ്ജസാ
താപേന രാത്രിഞ്ചരനെ വെട്ടീടിനാൻ.
വെട്ടുകൊണ്ടററു കഴുത്തും, മഹീതലേ
പെട്ടെന്നു വീണു നിശാചരദേഹവും.
മേഘത്തിനുള്ളിൽനിന്നിന്ദുപ്രഭപോലെ
ശോകമകന്നു പുറപ്പെട്ടു ബാലിക.
ശാപമോക്ഷം വന്നു തന്റെ കഥകളും
താപവുമോൎത്തവളേവമുരചെയ്തു:—
"ഞാനും മൃഗാങ്കസേനാഭിധനായൊരു
മാനിയാം വിദ്യാധരൻ തന്നുടെ സുതാ.
[2] പേരും മൃഗാങ്കവതിയെന്നെനിക്കിനു
സോദരന്മാരുമുണ്ടായിരം, മന്നവ!
തന്നോടുതുല്യരാം പുത്രരനാരതം
തന്നുടെ പാൎശ്വേ വസിക്കിലും, മൽപിതാ.
എന്നെപ്പിരിഞ്ഞതിമിഷ്ടമാം ഭോജന-
മൊന്നും ഭുജിക്കയില്ലുത്തമമാനസൻ.
ഞാനതുകാലം ചതുൎദ്ദശിനാളതി-
മാനേന ഗൌരീവ്രതത്തിനാരംഭിച്ചു.
ദേവിയെസ്സേവിച്ചുപവാസവും ചെയ്തു
കേവലം താതനുമന്നു ഭക്ഷിച്ചീല.

---

1 'തിന്നുന്നു വന്നു' എന്നു പാഠാന്തരം. (മം. പ്ര.)

2 'ചേരും മൃഗാങ്കവതി' എന്നുള്ള പാഠാന്തരം ശരിയാണെന്നു തോന്നുന്നില്ല.

ക്ഷുത്തുകൊണ്ടേത്രയുമത്തൽ പിണഞ്ഞതി—
ക്രുദ്ധനായെന്നെ ശപിച്ച ജനകനും :—
"ദുഷ്ടസ്വഭാവയാം നിന്നുടെ മൂലമായ്
പട്ടിണിപ്പെട്ടിവണ്ണം ഞാൻ വലകയാൽ,
പാതാളലോകത്തു വിഭ്രഷ്ടവിദ്യയായ്
ആധാരമെന്നിയെ നീയനേകം കാലം
വാഴുന്നനാളിൽ ചതുർദ്ദശിയാം തിഥൌ
കേഴുന്നവാറൊരു രാക്ഷസപുംഗവൻ
അഷ്ടമിനാളും പിടിച്ചു നിന്നെ ത്തിന്നും,
പെട്ടെന്നു ജീവനത്തോടെ വിമോചിക്കും.
അംഗരാജാവായ നിന്നുടെ വല്ലഭൻ
അങ്ങു വന്നക്ഷപാചാരിയെക്കൊല്ലുകിൽ,
അന്നു വരും തവ ശാപവിമോക്ഷവും,
എന്നിവണ്ണം ശപിച്ചു മജ്ജനകനും.
നിന്നുടെ കാരുണ്യവൈഭവംകൊണ്ടു ഞാ-
നിന്നു വിശുദ്ധയായ്‌വന്നു മഹീപതേ!
നല്ലതു വന്നുകൂടും ഭവാനെന്നുമേ,
സ്വർല്ലോകമെങ്ങും പുകഴ്ത്തുവൻ നിന്നെ ഞാൻ.
എന്നുടെലോകം ഗമിക്കുന്നു ഞാനിനി,
നിന്നുടെ കാരുണ്യമുണ്ടാകവേണമേ."
അംഗനാഭാഷിതമിങ്ങിനെ കേട്ടുടൻ
അംഗരാജാവുമവളോടുരചെയ്തു :—
"എന്നെപ്പിരിഞ്ഞു നീ പോയാകിലോമലേ!
പിന്നെ ഞാൻ ജീവിച്ചിരിക്കയില്ലോർക്ക നീ,
ദേഹിയെ വേറിട്ടു ദേഹം വസിക്കുമോ?
മോഹം നിനക്കേവമെന്തു തോന്നീടുവാൻ?
ചാകുന്നതിലെനിക്കില്ല ഖേദം പ്രിയേ!
ശോകം വെടിഞ്ഞു നീയൊന്നു ചെയ്തീടണം.
ഏഴു ദിവസമെന്നെപ്പിരിയാതെ നീ
വാഴുക കേഴമാൻകണ്ണീ! മനോഹരേ!
പിന്നെപ്പിതാവിനെക്കാൺക നീയും പ്രിയേ!
ചെന്നു കാണാമെനിക്കും കാലമന്ദിരം."
ഭർത്താവിനാലേവമർത്ഥിതയാകയാൽ

ചിത്തമോദത്തോടു മത്തേഭഗാമിനി,
പൊന്മയമായോരുപവനസന്നിധൌ
സമ്മോഹനമാം കദളീവനാന്തരേ,
ലീലാവിശേഷങ്ങളാചരിച്ചമ്പോടു
ലീലാവതിയും നൃപനെസ്സുഖിപ്പിച്ചു.
അന്നൊരു നാളൊരു നേരം നരാധിപൻ
സുന്ദരി തന്നോടൊരുമിച്ചനാകുലം
നിർമ്മായമായ് ജലക്രീഡ ചെയ്തീടുവാൻ
പൊന്മയമായ സരസ്സിലിറങ്ങിനാൻ.
കയ്യും പിടിച്ചവരന്യോന്യമേകദാ
ഭാര്യാപതികളിരുവരും മുങ്ങിനാർ.
എങ്ങിനെയെന്നറിഞ്ഞീലവരന്നേരം
അംഗരാജ്യേ നൃപകേളീസരസ്സുടേ,
വന്നു പൊങ്ങീടിനാരുന്നിദ്രമോദേന
ചെന്നു തൻമന്ദിരം പുക്കു നരാധിപൻ.
ദീർഘദർശിക്കുമതുമൂലമെത്രയും
ദീർഘമാമാനന്ദഭാരമുണ്ടായ്വന്നു.
ഏഴുദിവസം കഴിഞ്ഞോരനന്തരം
കേഴമാൻകണ്ണിയും പോവാൻ പുറപ്പെട്ടു.
ദിവ്യമന്ത്രത്തെ സ്മരിച്ചോരു നേരത്തു
ദിവ്യാംഗനയ്ക്കതു തോന്നീല, വിസ്മയം !
മാനുഷസംഗമതിൻ മൂലമെന്നോർത്തു
വാനവർനാരിയും തത്ര വാണീടിനാൾ.
വിദ്യാവിഹീനയിവളെന്നറികയാൽ
ഉദ്യൽപ്രമോദം യശഃകേതുവും തദാ,
കല്യാണമാകും മഹോത്സവത്തെത്തുനി—
ഞ്ഞുല്ലാസപൂർവ്വകം മേവും ദശാന്തരേ,
അന്നു രാത്രൌ ദീർഘദർശിതൻ മാറിട-
മൊന്നു പിളൎന്നു മരിച്ചു വിധിബലാൽ
എന്തതിൻ മൂലമെന്നാരുമറിഞ്ഞീല,
സന്താപമേററം നൃപനുമുണ്ടായ്വന്നു. ”

* * * * * *

ഇത്ഥം കഥ പറഞ്ഞാശു വേതാളവും

പൃത്ഥ്വീപതിയോടു പിന്നെയും ചോദിച്ചു:—
"മന്ത്രി മരിച്ചതിൻ കാരണം ചൊല്ലെടോ!
മന്ത്രവിശാരദനല്ലയോ നീ വിഭോ!
താൻ കണ്ടുപാരം കൊതിച്ചോരു നാരിയെ
ശങ്കാവിഹീനം യശഃകേതുമന്നവൻ
തന്നുടെ കാന്തയായ്ക്കൊണ്ടിങ്ങു പോന്നതു
തന്നെ നിരൂപിച്ചു ദുഃഖിക്കല്ലലമോ?
'പൂജ്യനാം ഭൂപൻ പയോനിധൌ മഗ്നനായ്
രാജ്യമെല്ലാമെനിക്കായത്തമായ്‌വന്നു,'
എന്നു നിനച്ചങ്ങിരിക്കെ, നരാധിപൻ
വന്നതുകാരണം ദുഃഖിക്കല്ലലമോ?"
ഇത്തരം വേതാളവാക്യം സമാകർണ്ണ്യ
സത്വരം ഭൂപാലനുത്തരം ചൊല്ലിനാൻ:—
"കഷ്ടം! സ്വഭാവേന രാഗിയാം മന്നവൻ
മട്ടോലുമോമനവാണിയോടൊന്നിച്ചു,
കാര്യത്തിനൊന്നിനുമാളാകയില്ലിനി-
ദ്ധാര്യം മയ്യെവ രാജ്യമപവാദവും',
എന്നു നിരൂപിച്ചു ദുഃഖം സഹിയാഞ്ഞു
മന്നവനന്തകലോകം പ്രവേശിച്ചു."
ഇത്ഥം നരാധിപൻ ചൊന്നോരനന്തരം
സത്വരം വേതാളവും മറഞ്ഞീടിനാൻ.

* * * * * *

ആഴമേറും വിപൽക്കൂപേ പതിച്ചോർക്കു
തോഷം സമുദ്ധാരണേന നൽകുന്നവൻ,
ദോഷാകരോപമാനാനനപങ്കജൻ,
ദോഷാകരോക്കേതക്കു രോഷപ്രവർത്തകൻ
രാജാധിരാജനിട്ടിക്കോമ്പിമന്നവൻ
രാജീവനേത്രൻ നിയോഗിച്ചതുമൂലം
ചിത്രം യശഃകേതു തൻെറ കഥാമൃതം
അത്ര മാത്രം ചുരുക്കിപ്പറഞ്ഞീടിനേൻ.

## പതിമൂന്നാമത്തെ കഥ

ഉന്നതകീർത്തിമാനായ നരാധിപൻ
പിന്നെയും ചെന്നു പിടിച്ചു വേതാളത്തെ,
തോളിൽ ചുമന്നു നടക്കും ദശാന്തരേ
ലാളിച്ചു വേതാളവും പറഞ്ഞീടിനാൻ :—
“ ചിത്രം! നരാധിപ ! നിന്നുടെ വൈഭവം
ഇത്രിലോകത്തിങ്കലേവമില്ലാരുമേ. :—

*    *    *    *    *    *

പണ്ടു ദേവസ്വാമിയെന്നൊരു ഭൂസുര-
നുണ്ടായി വാരാണസീപുരേ ശോഭനേ.
തത്സുതനായുത്ഭവിച്ചു ഹരിസ്വാമി
തത്സമൻ വേഷത്തിനാരുമില്ലൂഴിയിൽ.
തജ്ജീവനാഥ ലാവണ്യവതിയുമായ്
സജ്ജീഭവിച്ചാനവൻ കാമലീലയിൽ
താതാർജ്ജിതം ധനമേറെയുണ്ടാകയാൽ
ചേതോഹരാംഗിയോടൊന്നിച്ചു സർവ്വദാ
മേളിച്ചിരിക്കയെന്നല്ലാതെ മറ്റൊന്നു
ലാളിച്ചവൻ ചെയ്കയില്ല കാമാതുരൻ.
അന്നൊരു നാളവനുന്നിദ്രകൌതുകം
സുന്ദരീമൌലിയോടൊന്നിച്ചു രാത്രിയിൽ
മാളികമീതെക്കരേറിക്കുസുമാസ്ത്ര-
കേളികളാടിത്തളർന്നുറങ്ങീടിനാൻ.
ഇഷ്ടനാം കാന്തന്റെ തുഷ്ടി ചേരും പരി-
ചൊട്ടേറെയും കാമസംഗരം ചെയ്കയാൽ,
ശ്രാന്തയായ്ത്തന്വംഗിയും കാന്തസന്നിധൌ
ശാന്തകാമാനലയായുറങ്ങും വിധൌ,
ആകാശമാർഗ്ഗേണ സഞ്ചരിക്കുന്നോരു
[1] പാകാരിഗായകൻ കണ്ടു സവിസ്മയം;
ചാരത്തുവന്നു സൂക്ഷിച്ചു നോക്കീടിനാൻ
മാറത്തടങ്ങാത്ത ചാരുസ്തനിയാളെ.

---

[1] ഇന്ദ്രന്റെ പാട്ടുകാരൻ = ഗന്ധർവ്വൻ എന്നർത്ഥം. പാകാരി നായകൻ എന്നാണ് കയ്യെഴുത്തുപ്രതിയിൽ (?)

വസ്ത്രം ധരിപ്പാനുമാളല്ലയാഞ്ഞവളം
നിസ്ത്രപയായുറങ്ങുന്നതറിഞ്ഞുടൻ,
കണ്ടു മുഖാംബുജം, കണ്ടു കുചങ്ങളും,
കണ്ടു ജഘനവും, കണ്ടു തുടകളും,
തണ്ടലർബാണന്റെ കിങ്കരനായവൻ
വണ്ടാർകുഴലിയെച്ചെന്നെടുത്തഞ്ജസാ,
ആരുമറിഞ്ഞീലാ കൊണ്ടുപോയീടിനാൻ,
ദൂരത്തു പോയുമുണർന്നീല ഭീരുവും.
നേരം പുലർന്നുണർന്നു ഹരിസ്വാമിയും
ചാരേ കിടന്ന ദയിതയെക്കാണാഞ്ഞു
മുറ്റും വിയോഗവിഷമേറ്റു മൂർച്ഛിച്ചു,
കഷ്ടം ! കരഞ്ഞു തിരഞ്ഞു തുടങ്ങിനാൻ :—
“ കണ്ണിനു പീയൂഷധാരയെ നല്കുന്ന
പൂർണ്ണേന്ദുതുല്യമാം നിന്റെ മുഖാംബുജം
കാണാതെഞാനെങ്ങിനെ വസിച്ചീടുന്ന-
തേണാക്ഷി ! പോരും കലഹം ശുചിസ്മിതേ !
ചെയ്തീല ഞാനപരാധമൊന്നും നിന-
ക്കേതാനുമുണ്ടു വൈരാഗ്യമെന്നാകിലോ,
എന്നുടെ ജീവനെക്കൊണ്ടും പ്രതികാര-
മിന്നു ചെയ്തീടുവാനില്ല മേ സംശയം. ”
ഇങ്ങിനെ കേണവൻ ബന്ധുജനത്തോടു-
മംഗനാമൌലിയെ നീളെത്തിരഞ്ഞുടൻ,
കാണാഞ്ഞു നാനാദിഗന്തരംതോറുമ-
ന്നൂണുമുറക്കവുമെന്നിയെ സർവ്വദാ
മണ്ടുന്ന നാൾ കൃഷ്ണപക്ഷേന്ദുവിനുട-
നുണ്ടായിവന്നു [1] തരത്തിലുപമാനം.
ദേഹമുപേക്ഷിച്ചു ദേഹി പോകുംപോലെ
മോഹേന തൻ നാടു വിട്ടു പോയാനവൻ
ഭോഗങ്ങളെല്ലാമവന്നുതൽകാലത്തു
രോഗങ്ങളായ്ച്ചമഞ്ഞു, ചിത്രമെത്രയും !
ബന്ധുജനത്തോടു സംഗമം പന്നഗ-
ബന്ധസമാനമായ്‌വന്നു കുതൂഹലം !

[1] തരത്തിലവമാനം എന്നു പാഠാന്തരം. (മം. പ്ര.)

സുന്ദരി തന്നെപ്പിരിഞ്ഞതു കാരണം
മന്ദിരവാസം ദവാഗ്നിവാസോപമം.
കാട്ടിൽക്കിടന്നുറങ്ങീടും തരുതലേ
വീട്ടിലുള്ളോരെയുംകൂടെ മറന്നവൻ.
ആഴിക്കരച്ചെന്നു നീളെത്തിരകയും,
ഘോഷിച്ചു പർവ്വതമീതിൽക്കരേറിയും,
തീർത്ഥസ്ഥലങ്ങളിലൊട്ടേറെയും ഭ്രമി-
ച്ചാർത്തനായങ്ങുമിങ്ങും നടക്കുന്ന നാൾ,
മദ്ധ്യാഹ്നസൂർയ്യകിരണവിപ്ലുഷ്ടനാ-
യത്യന്തദാഹവും ക്ഷുത്തും പൊറാഞ്ഞവൻ,
പാംസുക്കളെക്കൊണ്ടു ധൂസരാകാരനാ-
യാശുപോയ്ച്ചെന്നാനൊരഗ്രഹാരേ ശുഭേ,
ഭൂസുരോത്തംസനാം പത്മനാഭൻ തന്റെ
ഭാസുരമായ ഭവനം പ്രവേശിച്ചു,
അന്നം തരേണമെന്നർത്ഥിച്ചതുമൂല-
മുന്നിദ്രകൌതുകം പൂണ്ടങ്ങു ഗേഹിനി
പാരം [1]മധുരോത്തരമാം പരമാന്ന-
മാരൂഢമോദം കൊടുത്തോരനന്തരം,
ആരാൽ വിളങ്ങും സരസ്സുടേ ചെന്നൊരു
പേരാൽച്ചുവട്ടിലിരുന്നവനഞ്ജസാ,
മേല്പ്പോട്ടുമെന്നല്ല കിഴ്പ്പോട്ടുമെങ്ങുമേ
പേപ്പെട്ടൊരാർത്ത്യാ [2]വിലങ്ങയും നോക്കാതെ,
ഭക്ഷിപ്പതിന്നൊരുമ്പെട്ടോരു നേരത്തു
തൽക്ഷണം ദൈവവിപര്യയം മൂലമായ്,
[3]ശ്യേനാഹൃതമായ പന്നഗം മൂർച്ഛിച്ചു,
നൂനം വിഷോത്സർജ്ജനം ചെയ്തുതഞ്ജസാ
ഏതും പിഴയാതെ വന്നവനന്നത്തി-
ലങ്ങു പതിച്ചതവനുമറിഞ്ഞീല.
ക്ഷുൽപീഡിതനായ് ഭുജിച്ചോരനന്തരം
അല്പം വിളംബം വിനാ മരിച്ചാനവൻ.

---

[1] മധുരോത്തമമാം എന്നു പാഠാന്തരം. (മം. പ്രം.)
[2] വിലങ്ങളും എന്നു് ക. പ്ര.
[3] ശ്യേനം=പരുന്തു്.

അക്കഥയെല്ലാം വിചാരിച്ചറിഞ്ഞതി-
ദ്ദുഃഖം പിണഞ്ഞാശു പത്മനാഭൻ ദ്വിജൻ
തന്നുടെ ഭാൎയ്യക്കു ദൌഷ്ട്യമുണ്ടെന്നോൎത്തു,
ധന്യനാട്ടിക്കളഞ്ഞീടിനാൻ വൈകാതെ. ”—

* * * * * * *

ഇത്ഥം കഥ പറഞ്ഞാശു വേതാളവും
പൃത്ഥ്വീശനോടു ചോദിച്ചു സസംഭ്രമം :—
“ മന്നവന്മാരടി കൂപ്പും നരാധിപ !
നന്നായു് വിചാരിച്ചു നീ പറഞ്ഞീടണം.
അത്യുൽക്കടം ബ്രഹ്മഹത്യയാം പാതക-
മെത്തുന്നതാൎക്കെടോ ! സന്ദേഹമത്ര മേ ”.
ഇങ്ങിനെ വേതാളഭാഷിതം കേട്ടാശു
തിങ്ങും മുദാ ഭൂമിപാലനും ചൊല്ലിനാൻ :—
“ ശ്യേനം പിടിച്ചു പരവശനാകയാൽ
താനറിയാതെ പതിച്ച വിഷംപ്രതി
സൎപ്പത്തിനെന്തപരാധമാകുന്നതു-
മല്ലേതരം തദാ തൽപ്രാണസങ്കടം.
ഇല്ല പരുന്തിനും പാപം നിനയ്ക്കിലോ ;
ചൊല്ലാമവനുള്ള ഭോജ്യം ഭുജിക്കുവാൻ
പാരം ബുഭുക്ഷയാ [1] നിശ്ചിതനായേവ-
മാരംഭണം ചെയ്തതിന്നെന്തപരാധം ?
ധൎമ്മശീലൻ പത്മനാഭനാം ഭൂസുരൻ
നിൎമ്മലനേതുമവനില്ല കില്ബിഷം.
തൽഭാൎയ്യയുമഹോ ! ധൎമ്മിഷ്ഠ നിൎണ്ണയം,
അല്പവുമില്ലവൾക്കും പാപമോൎക്കെടോ !
എങ്കിലുമിപ്പാപമാൎക്കെന്നു ചൊല്ലുവാ-
നെങ്കലുണ്ടൊന്നു തോന്നുന്നു മഹാമതേ !
ആരിതിൻ [2] വസ്തുവൃത്തം തിരഞ്ഞീടാതെ
പാരമവിവേകമായു് പറയുന്നവൻ
ഇപ്പാപവൈഭവമെല്ലാം ഭുജിപ്പതി-
നപ്പാപി വേണമെന്നിങ്ങു തോന്നിടുന്നു. ”

---

[1] “ നിശ്ചിന്തനായു് ” ന്നു് ക. പ്ര.

[2] “ വസ്തുവൃത്താന്തം തിരിയാതെ ” എന്നു പാഠാന്തരം. (മം. പ്ര.)

മന്നവനേവം പറഞ്ഞോരനന്തരം
ചെന്നു വേതാളം തരുമൂലകളേറിനാൻ.

* * * * * *

ഭാഷയാക്കിച്ചമക്കേണമെന്നിങ്ങിനെ
തോഷമാൎന്നിലിട്ടിക്കോമ്പി ഭൂപതി
സാദരം കല്പിച്ചതാലംബനം ചെയ്തു
മോദേന ഞാനിവണ്ണം ചമച്ചീടിന്നേൻ.

# പതിനാലാമത്തെ കഥ

പിന്നെയുംചെന്നു വേതാളത്തെയും പിടി-
ച്ചുന്നതപൌരുഷൻ പോകും ദശാന്തരേ,
പാരം കുതൂഹലം പൂണ്ടു വേതാളവും
ധീരനാം മന്നവനോടു ചൊല്ലീടിനാൻ:—
"കേട്ടാലുമുർവ്വീശശാങ്ക! മഹീപതേ!
വാട്ടം വെടിഞ്ഞു ഞാൻ ചൊല്ലും കഥാമൃതം."

* * * * * *

ഉണ്ടായി പണ്ടയോദ്ധ്യായാമൊരു നൃപൻ,
തണ്ടാർശരനെപ്പഴിക്കുന്ന രൂപവാൻ.
നാമധേയം വീരകേതുവെന്നാകുന്നു
ഭീമപരാക്രമത്തിന്നൊരാലംബനം.
തൽപ്രതാപാനലൻ വൈരിഭൂപാശയേ
കെല്പോടു സർവ്വദാ കത്തിജ്ജ്വലിച്ചിട്ടും.
അക്കാലമപ്പുരം തന്നിലൊരു വൈശ്യ-
നുൽക്കർഷമേറും മനീഷി ധനാർജ്ജനേ
കീർത്തിശാലി രത്നദത്തനെന്നിങ്ങിനെ
വാർത്താവിശാരദൻ തത്ര വാഴും വിധൌ;
[1] രത്നവതിയെന്നവന്നൊരു പുത്രിയും
പ്രജ്ഞാവിശിഷ്ടയായക്കാലമുണ്ടായി.
രൂപലാവണ്യമവൾക്കു സമാനമായ്
കോപനമാരിലാർക്കുള്ളു മഹീതലേ?
സമ്പൂർണ്ണയൌവനയായുമവൾക്കുട-
നിമ്പമൊരുത്തനിൽപ്പോലുമുണ്ടായില.
പാണിഗ്രഹാർത്ഥം വരുന്ന ജനങ്ങളിൽ
കാണിക്കുമാശയില്ലായ്കയാൽ കാമിനീ
എല്ലാവരെയും നിരാകരിച്ചിങ്ങിനെ
കല്യാണരൂപിണി വാഴും ദശാന്തരേ,
തസ്കരന്മാരാൽ കൃതമാമുപദ്രവം
തൽക്കാലമെങ്ങുമുണ്ടാകയാൽ ഭൂമിപൻ

---

1 "രത്നാവതി" എന്നു പാഠാന്തരം. (ക. പ്ര.)

അർദ്ധരാത്രൗ കരവാളമെടുത്തുകൊ-
ണ്ടുദ്ധതവിക്രമനാരുമേ കൂടാതെ,
ചോരവൃത്താന്തവും രാജ്യസ്ഥിതികളു-
മാരാഞ്ഞറിയേണമെന്നു പുറപ്പെട്ടു,
നീലാംശുകം ധരിച്ചാലോലകുണ്ഡലൻ
നീളെത്തിരഞ്ഞു മെല്ലെ നടക്കും വിധൌ,
കണ്ടാനിരുട്ടത്തു നീണ്ടുരുണ്ടെത്രയും
കണ്ടകനായൊരു തസ്കരൻ തന്നെയും,
നിശ്ശബ്ദപാദനായ് സഞ്ചരിക്കുന്നതും,
നിശ്വാസവും മാച്ചു [1] വീണ്ടു നോക്കുന്നതും,
ഒട്ടു നേരം വക്രിതാംഗനായ് പോവതും,
നിഷ്ഠുരകർമ്മം നിനച്ചു രസിപ്പതും,
ദുർഭിക്ഷകാലം കണക്കെസ്സദുസ്സഹന
ഗർഭിതോച്ഛ്വാസൻ [2] ദയിതാവിയോഗവാൻ,
കല്പകാലം മൂർത്തിമത്തായതുപോലെ
കെല്പെഴും ചോരനെക്കണ്ടു നരാധിപൻ
ചാരത്തു ചെന്നവനോടു ചൊല്ലീടിനാൻ :—
"ആരെത്തിരഞ്ഞെടോ നീ നടക്കുന്നതും ?
കഷ്ടമൊരു തുണ കൂടാതെ രാത്രിയിൽ
പെട്ടെന്നു സഞ്ചരിപ്പാനെന്തു കാരണം ?
ആരെടോ ! നീ നിനക്കെന്തെടോ ! വാഞ്ഛിതം ?
[3] പേരും പരമാർത്ഥമെന്നോടു ചൊല്ലുക."
ഇങ്ങിനെ രാജാവു ചോദിച്ചതുനേര-
മിംഗിതമേതുമൊളിയാതെ തസ്കരൻ
ഭദ്രനാകും നൃപനോടു പരമാർത്ഥ-
മുഗ്രപരാക്രമനാശു ചൊല്ലീടിനാൻ :—
"കേട്ടാലുമൊക്കവേ ചൊല്ലുന്നതുണ്ടു ഞാൻ.
നാട്ടിന്നധിപതി നീയെന്നു നിർണ്ണയം.

---

[1] വീണ്ടും നടപ്പതും എന്നു പാഠാന്തരം. (മ. പ്ര.) സഞ്ചരിക്കുന്നതും എന്നു മേൽ വരിയിൽ ഉള്ള സ്ഥിതിക്കു വീണ്ടും നടക്കുന്നതിനേക്കാൾ തിരിഞ്ഞുനോക്കിയെന്നാവുന്നതു നന്നു.

[2]. ദയിതാവിയോഗവാൻ എന്നു പാഠാന്തരം (മ. പ്ര.); രണ്ടിന്നും വിശേഷിച്ചർത്ഥമൊന്നുമില്ല.

[3] 'ദേശവും പരമാർത്ഥം' എന്നു പാഠാന്തരം (മ. പ്ര.)

വിശ്വാസഘാതകനെന്നെനിക്കാഖ്യയും
വിശ്വത്തിലെന്നെയാരുള്ളതറിയാതെ ?
ദാരിദ്ര്യവൈഭവംകൊണ്ടു ഞാനിങ്ങിനെ
[1] പാരിച്ചൊരന്ധകാരേ നടന്നീടുന്നു.
ഇല്ല സഹായത്തിനാഗ്രഹം തെല്ലുമേ,
സ്വർല്ലോകനാഥനിലും ഭയമില്ലമേ.
നിന്നുടെ വിക്രമമോർത്തു കാണുംവിധൌ
മന്നവമൌലേ ! ഭയം ജനിക്കുന്നു മേ.
വല്ലേടവും ചെന്നു വല്ലതും തസ്കരി-
ച്ചുല്ലാസമോടു പോകേണമെന്നിച്ഛയാ,
ഞാനർദ്ധരാത്രൌ നടക്കുന്നിതിങ്ങിനെ
മാനവാരാന്നിധേ ! സത്യം മയോദിതം. ”
എന്നതെപ്പേരുമേ കേട്ടു നരാധിപൻ
മന്ദസ്മിതം പൂണ്ടവനോടുരചെയ്തു :—
“ എങ്കിലോ പോന്നാലുമെന്നോടുകൂടെ നീ
ശങ്കേതരം ഞാൻ നിനക്കു വേണ്ടും ധനം
എല്ലാം തരുന്നുണ്ടു പൌരജനങ്ങളിൽ
വല്ലായ്മ ചെയ്യൊലെനിക്കു ഖേദം പരം. ”
എന്നതു കേട്ടാശു വിശ്വാസഘാതകൻ
മന്നവൻ തന്നുടെ പിമ്പെ നടകൊണ്ടു
“ വല്ലതും ചെയ്തുമിവനെ വധിക്കേണ-
മില്ല സന്ദേഹമെ ”, ന്നോർത്തു നരേശ്വരൻ.
“ കൊല്ലേണമിക്ഷിതിപാലനെ പിന്നെനാ-
ടെല്ലാം വശത്താകു,” മെന്നോർത്തു ചോരനും
രന്ധ്രം തിരഞ്ഞു തിരഞ്ഞവരങ്ങിനെ
സന്ധിച്ചു രാജാലയാന്തികേ ചെന്നുടൻ,
തസ്കരൻ തന്നെപ്പുറത്തു നിർത്തിപ്പുരം
തക്കം നിരൂപിച്ചുടൻ വീരകേതുവും
ഉള്ളിൽക്കടന്ന നേരം ഗൃഹചേടിയും
ഉള്ളിൽ കൃപാവേശമേറ്റമുണ്ടാകയാൽ
[2] വേദനാഭാരം സഹിക്കരുതാഞ്ഞഹൊ !

---

1. ‘ പൂരിച്ച ’ എന്നു പാഠാന്തരം (മം. പ്രം)
2. ‘ വേദനപാരം ’ എന്നു മം. പ്രം.

മേദിനീപാലനോടേവമുരചെയ്തു :—
" എന്തു ഭൂപാല ! ഭവാൻ തുനിഞ്ഞീടുന്ന-
തന്തർഗ്ഗതം പറയേണമെന്നോടെടോ !
നിന്നെച്ചതിപ്പാനൊരുമ്പെട്ടവനിവ-
നെന്നുള്ളിലുണ്ടതിനിർണ്ണയം മന്നവ !
വിശ്വാസപാതകം ചെയ്വാൻ മടിയില്ല
വിശ്വാസപാതകനാകയാലേററവും.
കഷ്ടമോർത്താലിവൻ തന്നോടൊരുമിച്ചു
പൊട്ടനെപ്പോലെ ഭവാനർദ്ധരാത്രിയിൽ
ഓരോ മനോരഥമൊത്തു ചരിപ്പതു
നേരല്ല സാഹസം പോരും, മഹീപതേ !
ചോരനാരെന്നതറിഞ്ഞാലിനിപ്പരം
ചേരുമുപായം നിരൂപിച്ചു ചെയ്യണം.
വിശ്വാസപാതകൻ തന്നുടെ വിക്രമം
വിശ്വാതിശായിയെന്നല്ലയൊ കേൾപ്പതും ? "
ഇത്തരം ധാത്രീഗിരം കേട്ടുമന്നവൻ
ചിത്തേ വിചാരിച്ചു കല്പിച്ചുപായവും.
അന്തഃപുരം പുക്കിരുന്നോരനന്തരം
അന്തർമ്മുദാ ചോരനൊട്ടു നേരം നിന്നു.
" ആരെന്നറിഞ്ഞീലൊരുത്തനെന്നെപ്പരം
ധീരതയോടു പ്രതാരണവും ചെയ്തു;
ഞാനിങ്ങു നില്ക്കയില്ലെ ", ന്നോർത്തവൻ തദാ
മനസ്താപേന പോയോരനന്തരം;
നേരം പുലർന്നു നൃപനുമെഴുന്നേററു
ഭൂരിസൈന്യത്തോടൊരുമിച്ചതിദ്രുതം,
യുദ്ധത്തിലാർക്കും ജയിച്ചുകൂടാതൊരു
ബദ്ധാനുഭാവനാം ചോരനെ പ്രാപിച്ചു,
യുദ്ധം തുനിഞ്ഞൊരു നേരം മഹാബല-
നെത്തിപ്പിടിച്ചു നൃപൻ തസ്കരനേയും,
ബന്ധിച്ചു കൊണ്ടിങ്ങു പോന്നോരനന്തരം
അന്തമില്ലാതൊരു കോപേന മന്നവൻ,
" കള്ളനെശ്ശീഘ്രം കഴുവിലിടുകെ, " ന്നു
ഫുല്ലാബ്ജനേത്രൻ നിയോഗിച്ചനന്തരം,

കിങ്കരന്മാരുമവനെപ്പിടിച്ചുടൻ
ശങ്കാവിഹീനം നടന്നു തുടങ്ങിനാർ.
രക്തസംസിക്തശരീരനാം ചോരനെ-
ത്തൽക്ഷണം കണ്ടു വണിഗ്വരനന്ദിനി,
അത്യന്തസക്തയായ്ക്കാമാതുരാംഗങ്ങൾക്കു
നൃത്തം തുനിവാനരങ്ങായ്ച്ചമഞ്ഞുതേ.
കന്നൽമിഴിമാർക്കഭിലക്ഷിച്ചീടുവാൻ
ഇന്നവനെന്നില്ല, ത്തും ദൈവകൌശലം!
താതപാർശ്വേ ചെന്നു ലജ്ജാം വെടിഞ്ഞതി-
കാതരഭാവവും പൂണ്ടു ചൊല്ലീടിനാൾ :—
"രാജാവു കൊല്ലുവാൻ കല്പിച്ചകാരണം
വ്യാജം വെടിഞ്ഞു പോകുന്നൊരു തസ്കരൻ
എന്നുടെ കാന്തനെന്നാശു ഞാൻ കല്പിച്ചു
നിന്നകതാരിലും താത! ബോധിക്കണം.
വീരജനോത്തമന്മാർക്കുള്ള ലക്ഷണം.
പാരമിവനിൽ പ്രകാശിച്ചു കാണുന്നു.
വല്ലതും ചെയ്തുമിവനെ മോചിപ്പിച്ചു,
വല്ലഭനാക്കുവാൻ വേല ചെയ്കാശു നീ
അല്ലായ്കിൽ ഞാനും മരിക്കുമതിന്നൊരു
കില്ലില്ല പിന്നെ ഭവാനെന്തൊരു സുഖം ?"
ഇങ്ങിനെ പിന്നെയും പിന്നെയും ഭാമിനി
സംഗതാതങ്കം വദിക്കുന്നതു കേട്ടു,
രാജാവിനെക്കണ്ടു വൈശ്യനും ചൊല്ലിനാൻ :—
"വ്യാജമല്ലൊന്നു ഞാൻ ചൊല്ലുന്നു മന്നവ!
ഇച്ചോരനെ ഭവാൻ കൊല്ലാതിരിക്കേണ-
മിച്ഛിച്ചവിത്തമതിന്നു ഞാനും തരാം".
വൈശ്യോക്തമേവം സമാകർണ്ണ്യ ഭൂമിപൻ
വിശ്വാസപൂർവ്വകം ധിക്കരിച്ചോതിനാൻ :—
"ചോരജനത്തെയും തദ്രക്ഷികളെയു-
മാരൂഢമോദമെനിക്കു വധിക്കണം.
ഹാ! പരം നിന്നെയും കൊല്ലുകെന്നേ വരൂ,
പാപാശ്രയംകൊണ്ടു് പാപിയാമേവനും."
ഇങ്ങിനെ രാജാവു ചൊന്നോരനന്തരം
ഇങ്ങു പോന്നങ്ങസാ വൈശ്യപ്രവരനും

പോയ വൃത്താന്തം പറഞ്ഞതെപ്പേരുമേ
മായം വിനാ കേട്ടു ബോധിച്ചു സുന്ദരി,
"എന്നുടെ കാന്തൻ മരിച്ചോരു ദേശത്തു
ചെന്നു ഞാനനുമൃത്യു ചെയ്തീടുവാൻ
പോകുന്നു; [1] നിങ്ങളുമിന്നുതൊട്ടിന്നിമേൽ
ശോകം വിനാ വസിക്കെ," ന്നുരചെയ്തവൾ,
ക്ഷിപ്രം ശ്മശാനദേശത്തിലകം പുക്കു,
[2] വിഭ്രാന്തമാനസാ നോക്കും ദിശാന്തരേ,
കണ്ടാൾ മഹോന്നതമായൊരു ശൂലത്തി-
ലിണ്ടലും പൂണ്ടു മേല്പോട്ടു നോക്കിപ്പരം,
വിസ്രസ്തബാഹുവാം ചോരനെത്തൽക്ഷണേ
വിത്രസ്തയായതിൻ കീഴ്ച്ചെന്നു മാനിനി,
തന്നുടെ വൃത്താന്തമെപ്പേരുമേ പറ-
ഞ്ഞത്യന്തതാപേന തത്ര നില്ക്കും വിധൌ,
ജീവനശേഷം കുറഞ്ഞൊന്നിരിക്കയാൽ
കേവലം രോദനം ചെയ്താശു തസ്കരൻ,
ഒട്ടു നേരം മന്ദഹാസവും ചെയ്തവൻ
പെട്ടെന്നു മൃത്യുലോകം ചെന്നകം പുക്കു.
കാന്തൻ മരിച്ചതറിഞ്ഞു കൃശോദരി
[3] ശാന്താശയാ ചിത കൂട്ടിസ്സസംഭ്രമം
ബാലത്തരുണിമാർമൌലിക കാന്തനെ-
ശ്ശൂലത്തിൽനിന്നു കീഴ്പ്പോട്ടിറക്കി ദ്രുതം,
കത്തിജ്ജ്വലിക്കും ചിതാഗ്നിയിൽ പ്രക്ഷിപ്യ
സുസ്നിതാനമഗ്നിപ്രവേശം ചെയ്തു.
ചിത്രം ശ്മശാനാധിവാസിയാമീശ്വരൻ,
ചിത്തം തെളിഞ്ഞുതന്നേരം കൃപാകരൻ,
കേളീകുതൂഹലം തേടും പരബ്രഹ്മ-
നാളീകനേത്ര തൻ മുന്നിലെഴുന്നള്ളി,
പാവകശാന്തി വരുത്തി ക്ഷണാന്തരേ
ദേവദേവനവളോടരുളിച്ചെയ്തു :—

1. 'നിങ്ങളുമിന്നുതൊട്ടേവരും' എന്നു പാഠാന്തരം (മം. പ്ര.)
2. ബിഭ്രാന്തമാനസാ എന്നു് ക. പ്ര.
3. 'ശാന്താശയായ്ച്ചിതാംകൂട്ടി' എന്നു് ക. പ്ര.

"വേണ്ടും വരം വരിച്ചാലും സുമദ്ധ്യമേ!
വേണ്ടാ നിനക്കിനി സ്സന്താപമൊട്ടുമേ."
തൽപാദപങ്കജം കുപ്പിത്തൊഴുതവൾ
അല്ലേതരാനന്ദമോടുമുരചെയ്തു :—
"എന്നുടെ കാന്തനനേകസംവത്സരം
എന്നോടുകൂടെ രമിച്ചിരുന്നീടുവാൻ
ആയുസ്സമർത്ഥവും രൂപലാവണ്യവും
മായാനിധേ! വരം മുമ്പിനാലേകുക.
ധർമ്മിഷ്ഠനായും വരേണമിവൻ, ദുഷ്ട-
കർമ്മങ്ങളൊന്നിനുമിച്ഛിക്കരുതിനി.
താതനൊരു സുതനില്ലായ്കകാരണം
ആധിയും പൂണ്ടിരിക്കുന്നു ദയാനിധേ!
നൂറു പുത്രന്മാരെനിക്കനുജന്മാരായ്
ആറേഴു വർഷത്തിനുള്ളിലുണ്ടാകണം."
ഇത്തരം ബാലാഭിലാഷം ചെവിക്കൊണ്ടു
ചിത്തകാരുണ്യേന ബാലേന്ദുശേഖരൻ,
"എല്ലാം നിനക്കതുപോലെ വരികെ,"ന്നു
ചൊല്ലി വിധൌ മറഞ്ഞു മഹാദേവനും"
വിശ്വാസപാതകൻ താനുമെഴുന്നേററു,
വിശ്വസിച്ചു വീരകേതുവും തൽക്ഷണേ,
തന്നുടെ സേനാപതികളിൽ മുഖ്യനായ്
മന്നവൻ മോദിച്ചവനെയും വാഴിച്ചു.
* * * * * *
ഇത്ഥം കഥപറഞ്ഞാശു വേതാളവും
സത്വരം ഭൂപാലകനോടു ചോദിച്ചു :—
"ചോരൻ കരഞ്ഞതിൻ കാരണം ചൊല്ലെടൊ!
പാരം ചിരിച്ചതുമെന്തുമൂലം വിഭോ?"
സുന്ദരാകാരൻ നരേന്ദ്രനതുകേട്ടു,
മന്ദഹാസം ചെയ്തു മന്ദമുരചെയ്തു :—
"തന്നുടെ ജീവനത്രാണം നിമിത്തമായ്
ധന്യനാം രത്നദത്തൻ വേല ചെയ്യുന്നും
സ്നേഹമകാരണമായുളവായതും
മോഹം വിനാ വീരകേതുവാം മന്നവൻ
സമ്മതിയാതെ നിരാകൃതി ചെയ്യുന്നും

കർമ്മമോക്ഷത്തിൻ മഹത്വമോർത്തവൻ,
ധാതാവു മുന്നം വരച്ചതു മായ്ക്കുവാൻ
മാതാവുമാളാവുകില്ലെന്നുറയ്ക്കയാൽ,
പാരം പെരുത്തൊരു ദ്ദുഖാതിരേകേണ
ധീരൻ കരഞ്ഞതതെന്നോർക്ക നീ മാനസേ.
പിന്നെച്ചിരിച്ചതിൻ കാരണം കേൾക്ക നീ,
എന്നെക്കൊതിച്ചടനിക്കണ്ട ഭാമിനി
പാരം പ്രയാസമനുഭവിച്ചീടിനാ-
ളാരിനിച്ചെയ്യുമിവൾക്കിതിൻ നിഷ്കൃതി ?
ഇത്ഥം നിരൂപിച്ചു മന്ദഹാസം ചെയ്തു,
സത്വരം ചെന്നു പൂക്കു യമലോകവും. ”
ഇങ്ങിനെ രാജാവു ചൊന്നോരനന്തരം
അങ്ങു വേതാളവും പോയ് മറഞ്ഞീടിനാൻ.

* * * *

പുണ്യമുള്ളോരെപ്പരിപാലനം ചെയ്തു
പുണ്യം വളർക്കുമിട്ടിക്കോമ്പി മന്നവൻ
ആജ്ഞാപനം ചെയ്കയാലിക്കഥാമൃതം
പ്രാജ്ഞജനങ്ങൾക്കു സമ്മതമായ് വരും.

# പതിനഞ്ചാമത്തെ കഥ

പിന്നെയും ചെന്നു വേതാളത്തെയും പിടി-
ച്ചുന്നതകീൎത്തിമാൻ പോകും ദശാന്തരേ,
തോളിലിരുന്നു ചിരിച്ചു വേതാളവും
ലാളിച്ചുമന്നവനോടു ചൊല്ലീടിനാൻ:—
“ നിന്നോടു തുല്യനായാരുള്ളു മന്നവ !
മന്നിടന്തന്നിൽ പരമാൎത്ഥവിജ്ഞാനി ?

*   *   *   *

[1] നേപാളരാജ്യേ പുരാ യശഃകേതുവെ-
ന്നാപന്നപാലനൊരു നൃപനുണ്ടായി.
സുന്ദരീമൌലി ശശിപ്രഭയെന്നൊരു
നന്ദിനിതാനു മവനുളവായ്‌വന്നു.
യൌവനാഡംബരം പൂണ്ടു മധുമൊഴി
ദിവ്യാംഗനോപമാ കല്യാണരൂപിണീ,
ബാലാ വസന്തോത്സവത്തെയും ലാളിച്ചു
ബാലപ്രവാളാധരി താനൊരുദിനം,
[2] ഉദ്യന്മനോവിലാസം സകൌതുക-
മുദ്യാനഭൂമൌ നടക്കും ദശാന്തരേ,
പൂവറുപ്പാനായൊരുമ്പെട്ടൊരു ധരാ-
ദേവകുമാരനവിടെ വന്നു തദാ.
പേരും മനസ്സ്വാമിയെന്നവനാകുന്നു ;
പാരിച്ച രൂപലാവണ്യമുള്ളോനവൻ.
[3] കാമഗുണങ്ങൾക്കു ദേവതയായൊരു
കാമിനീമൌലിയെക്കണ്ടാനവൻ തദാ.
ലാവണ്യമാകും ജലപ്രവാഹം തന്നിൽ
ആവതെല്ലാമൊലിച്ചാശു മനോഭവൻ
പാരം വലഞ്ഞുടനാലംബനം ചെയ്യോ-
രാരോമലാളിന്റെ രോമാളിയെക്കണ്ടു.

---

[1] ‘വേതാളരാജ്യം’ എന്ന പാഠം (ക. പ്ര.) ശരിയാണെന്നു തോന്നുന്നില്ല.
[2] ‘ഉന്മനോഭൂവിലാസാ സകൌതുകാലുദ്യാന’ എന്നു് ക. പ്ര. (?)
[3] കാമാശുഗങ്ങൾക്കു് എന്നു് ക. പ്ര.

കന്ദർപ്പനാകും മഹീപതി തന്നുടെ
കാന്തിസർവ്വസ്വ ഭണ്ഡാരമമ്മാനനി.
എന്നതു മൂലമത്രെ [1]വിദ്രുമാധരി
സിന്ദൂരമുദ്രിതയായ് വിളങ്ങീടുന്നു.
കൊങ്കത്തടം കണ്ടു സംഭ്രാന്തമോഹമാം
പങ്കത്തിൽ വീണു ശങ്കിച്ചു പലതരം.

* * * *

പാരം മദനവിവശനായ് ഭൂസുര-
ദാരകൻ കണ്ടാശു വിസ്മയിക്കും വിധൌ,
ചങ്ങല പൊട്ടിച്ചൊരാനത്തലവനും
മംഗലഗണ്ഡനിർഭിണ്ഡമദോദകൻ
മംഗലാത്മാവാം [3]നിഷാദിയെക്കൊന്നുടൻ-
അംഗലഗ്നങ്ങളാം പാംസുക്കളും പൂണ്ടു,
ആരാമഭൂമൌ കടന്നു വന്നെത്രയും
പാരമുയർന്ന തരുവും പറിച്ചുടൻ,
ചണ്ഡവാതംകൊണ്ടു മണ്ടും ഘനംപോലെ
ചണ്ഡമാമ്മാറു ഗർജ്ജിച്ചടുത്തീടിനാൻ
നാരീമണിയുമതു കണ്ടു പേടിച്ചു
ഭൂരിവൈവശ്യം പിണഞ്ഞു മണ്ടും വിധൌ
ഭൂസുരബാലനും ചെന്നു ചൊല്ലീടിനാൻ :—
" ഭാസുരാകാരേ ! ഭയം തേടരുതു നീ.
നിന്റെ മുലത്തടം കണ്ടീമഹാഗജം
കുണ്ഠനായ് [4]മാററാന മസ്തകമെന്നോർത്തു,
കോപിച്ചു താഡനം ചെയ്‌വാനടുക്കുന്നു,
കോപനാമൌലേ ! മറഞ്ഞാശു പോക നാം. "
ഏവം മനസ്വാമി ചൊല്ലും ദശാന്തരേ
ഭാവവൈവശ്യം പിണഞ്ഞാശു സുന്ദരി
ദൂരത്തൊരേടത്തവനോടുമൊന്നിച്ചു

---

[1] വിദ്രുമാധരി സിന്ദൂരമുദ്രിതയായ് എന്നു് ക. പ്ര.
മുദ്രിതമായ് എന്നതു (മം. പ്ര.) ശരിയല്ല.

[2] ഇവിടെ എന്തോ വിട്ടുപോയതായി മം. പ്രതിയിൽ അടയാളപ്പെടുത്തിക്കാണുന്നു.
ക. പ്രതിയിലില്ല.

[3] നിഷാദി = ആനക്കാരൻ. വിഷാദി എന്ന പാഠം (ക. പ്ര.) ശരിയല്ല.

[4] 'മാററാന' എന്നു് മം. പ്ര.

ചാരുതന്വാസക്ത വാണു ചിരനേരം,
ആനത്തലവനും മറ്റൊരു ദിക്കിനു
ന്നൂനം മദഭ്രാന്തനായ് നടന്നീടിനാൻ.
പിന്നെസ്സ്വമന്ദിരം പുക്കു വരോരുവും
ധന്യൻ മനസ്വാമിയും വിയോഗാന്ധനായ്.
പുഷ്പം നിറച്ചുള്ള പേടികാം കൈവെടി-
ഞ്ഞല്പേതരസ്മരാതങ്കവും പൂണ്ടവൻ
ഊണുമുറക്കവും കൈവെടിഞ്ഞന്വഹം
ക്ഷീണനായ്വന്നു മലർശരമേൽക്കയാൽ.
മന്ദപവനനും മാലതീമാലയും
ചന്ദനം ചന്ദ്രൻ പനിനീരുമെന്നിവ,
കാണേണമെന്നില്ല കേൾക്കിലുമത്ഭുതം !
പ്രാണവിയോഗതുല്യം തദാ സങ്കടം.
അസ്തമിക്കേണമെന്നിച്ഛിക്കുമേകദാ,
സ്വസ്തിദാനം നിശയ്ക്കു നൽകുമേകദാ.
നൃത്തം സമാജവും ഗോഷ്ഠിനികേതവും
ആതങ്കകാരണമായ്ച്ചമഞ്ഞു തദാ.
ഏവം ചില ദിനം പോയോരനന്തരം
ജീവനാശം വരുമെന്നോർത്തു ഭൂസുരൻ,
ചിത്തജതാപശാന്തിക്കുപായങ്ങളോ-
ർത്തത്യന്ത സൌഹാർദ്ദനാം മൂലദേവനെ
കാണ്മാനൊരുമ്പെട്ടു തന്മന്ദിരം പുക്കു,
ധാമ്നാം നിധിയെ നമസ്കരിച്ചീടിനാൻ.
മായാവിശാരദൻ മാന്ത്രികസത്തമൻ,
മായാവി ജാലപരിവൃതനാമവൻ,
ധൂർത്തജനാഗ്രണിയായ [1] ശശിയോടു-
മാത്തസന്തോഷം രമിച്ചിരിക്കുന്നവൻ,
ക്ഷിപ്രം മനസ്വാമിയെത്തന്നരികവേ
ശില്പമാമ്മാറിരുത്തിപ്പറഞ്ഞീടിനാൻ :—
" കന്ദർപ്പസർപ്പം കടിച്ചിതോ ചൊൽകെടോ,
മന്ദത്വമാകവേ നീക്കുന്നതുണ്ടു ഞാൻ.
ഇങ്ങിനെ മൂലദേവോദിതം കേട്ടാശു

---

1

സംഗതാനന്ദം മനസ്സ്വാമിയും തദാ,
ഉണ്ടായ വൃത്താന്തമെപ്പേരുമേ പറ-
ഞ്ഞിണ്ടൽ പൂണ്ടൊരു നേരം മൂലദേവനും,
സ്ത്രീരൂപകാരിണിയായ ഗുളികയെ-
പ്പാരാതെ നൽകി മനസ്സ്വാമിതൻ കരേ,
താനൊരു വൃദ്ധവേഷം ധരിച്ചഞ്ജസാ
പീനസ്തനിയോടുകൂടെപ്പുറപ്പെട്ടു,
നൂനം യശഃകേതുഭൂപാലനെക്കണ്ടു,
മാനസാനന്ദം കലൎന്നു ചൊല്ലീടിനാൻ:—
"രാജശിഖാമണേ! കേൾക്ക മഹാമതേ!
വ്യാജമല്ലൊന്നുണ്ടു ചൊല്ലുന്നു ഞാൻ വിഭോ!
എന്നുടെ പുത്രിയാമിക്കണ്ട മാനിനി
മന്നിടത്തിങ്കലസമാനരൂപിണി.
യൌവനകാലമിവൾക്കു സമാഗതം,
സൎവ്വദാ രക്ഷിയാഞ്ഞാലബദ്ധം വരും.
നന്ദനനേകനെനിക്കുണ്ടവൻ പുന-
രൊന്നുമേ കാരണമെന്നിയെ സാമ്പ്രതം
തീൎത്ഥയാത്രാപദേശേന പോയീടിനാൻ,
ആൎത്തനായേനതു കാരണമേഷ ഞാൻ.
വല്ലേടവും പോയ്ത്തിരഞ്ഞവനെക്കണ്ടു
നല്ലവണ്ണം വരുവോളം മഹീപതേ!
ഗോപനം ചെയ്ക ഭവൽപുത്രിയെപ്പോലെ
ശോഭനശ്രീനിധേ! പാലിച്ചുകൊള്ളണം."
പിന്നെ ക്ഷണം കണ്ണടച്ചിരുന്നമ്പോടു
ധന്യത്വമേററം നടിക്കും ദശാന്തരേ,
മേദിനീനാഥൻ ശശിപ്രഭ തന്നോടു
മോദേന ലാളനം ചെയ്തു ചൊല്ലീടിനാൻ:—
"കണ്ടിതോ ഭൂദേവബാലയെത്തന്വംഗി!
തണ്ടാരിൽമാതിന്നുപമാനഭൂതയായ്.
കാലം കുറഞ്ഞൊന്നിവളെ നീ ലാളിച്ചു
ലീലാനികേതനം തന്നിലിരുത്തണം.
ഇക്കണ്ട ഭൂമീസുരൻ വരുവോളവും
മൈക്കണ്ണിയെപ്പരിപാലനം ചെയ്കെടോ!"

ഇത്തരം കേട്ടു ഭൂപാലതരുണിയും
സത്വരം വിപ്രാംഗനയോടുമൊന്നിച്ചു,
തന്റെ മണിയറ തന്നിലകം പുക്കു,
വണ്ടാർകുഴലിയും വാണു സസമ്മദം.
മൂലദേവൻ പരമാനന്ദമോടു തൻ
മൂലനികേതനം പ്രാപിച്ചു മേവിനാൻ.
അംഗനാരൂപവും പൂണ്ടു മനസ്വാമി
തിങ്ങിന മോദമോടന്തഃപുരേ ശുഭേ
വാഴുന്ന കാലമാനന്ദജലധിയി-
ലാഴുന്നവണ്ണമീവണ്ണം നിരൂപിച്ചു :—
"[1] പൂർത്തശിരോമണി മൂലദേവൻ പുന-
രാർത്തിനാശം വരുത്തി മമ സാമ്പ്രതം.
മല്ലനയനയെക്കണ്ടിരുന്നീടുവാ-
നല്ലായ്കിലുണ്ടോ കഴിവരുന്നു മമ ?
പണ്ടു ഞാൻ കണ്ടോരു നേത്രങ്ങളെക്കൊണ്ടു
വണ്ടാർകുഴലിയെക്കണ്ടു സുഖിക്കുന്നേൻ."
ഏവം നിരൂപിച്ചവളോടുമൊന്നിച്ചു
ഭാവം തെളിഞ്ഞിരുന്നീടും ദശാന്തരേ,
വിശ്വാസമുണ്ടിവൾക്കെന്നോർത്തൊരു ദിനം
നിശ്വാസവും പൂണ്ടു ഭൂദേവബാലകൻ
വിശ്വംഭരാധിപനന്ദിനി തന്നോടു
നിശ്ശങ്കനായവനേവമുരചെയ്തു :—
"എന്തുമൂലം നീ പരിതപിച്ചീടുന്ന-
തന്തർഗ്ഗതം പറയേണം മനോഹരേ !
ഇല്ല നിനക്കൊരുത്സാഹമൊരു നേര-
മുല്ലാസമില്ല ലീലാവിശേഷങ്ങളിൽ.
ദീർഗ്ഘനിശ്വാസമുടനുടൻ കാണുന്നു,
ദീർഗ്ഘനയനേ ! തരമല്ല ഭാവവും.
സത്യമെന്നോടു ചൊല്ലേണം സുമദ്ധ്യമേ !

[1] ധൂർത്തശിഖാമണി എന്ന പാഠം (മം. പ്ര.) സന്ദർഭത്തിന്നു യോജിച്ചതല്ല. പൂർത്തശിരോമണി എന്ന് ക. പ്ര.

പൂർത്ത = നിറഞ്ഞ എന്നായിരിക്കുമോ ? സംരക്ഷസാമർത്ഥ്യത്തെ സൂചിപ്പിക്കുന്നതായിരിക്കുമോ ?

നിത്യപ്രണയമുണ്ടല്ലോ നിനക്കെന്നിൽ. ”
ഇത്തരം കേട്ടു ശശിപ്രഭ ചൊല്ലിനാൾ :—
“ അത്തലെന്നുള്ളിലുണ്ടതു ഞാൻ ചൊല്ലുന്നു ?
പണ്ടൊരു നാൾ ഞാനുപവനസീമനി
കണ്ട കുസുമമറുത്തു നിൽക്കുംവിധൌ,
മണ്ടി നേരെ വന്നണഞ്ഞാനൊരുഗജ-
മിണ്ടലും പൂണ്ടു ഞാൻ തത്ര മണ്ടീടിനേൻ.
കണ്ടാശു വന്നാനൊരു ധരിത്രീസുരൻ
തണ്ടാർശരനെന്നപോലെ മനോഹരൻ.
അന്യായമെങ്കിലുമൊന്നുമുണർന്നവ-
നെന്നെയും ദൂരത്തു കൊണ്ടുപോയഞ്ജസാ,
പേടിയും തീർത്തു കുറഞ്ഞൊന്നിരുന്നുടൻ
ഊഢസന്താപം പിരിഞ്ഞു പോന്നീടിനേൻ.
അക്കണ്ട വിപ്രകുമാരകൻ തന്നുടെ
ചൊൽക്കൊണ്ട രൂപലാവണ്യം പുകഴ്ത്തുവാൻ
എങ്കലില്ലേതുമേ നൈപുണ്യമെന്നല്ല,
സങ്കല്പവും മതിയാകയില്ലോർക്കെടോ !
തന്നയനാഞ്ചലാലോകനമാകുന്ന
പന്നഗമെന്നെക്കടിച്ചതുകാരണം,
സന്താപമേറ്റം വളർന്നു ചമകയാൽ
സന്തോഷലേശമൊരിക്കലുമില്ല മേ.
സ്വപ്നത്തിലുള്ള രതോത്സവം ചൊല്ലുവാൻ
യത്നം തുനിയുന്നിതംഗേ പുളകങ്ങൾ.
നാലഞ്ചു നാളിങ്ങിനെ കഴിഞ്ഞീടുകിൽ
ശീലം [1] ചലിച്ചു ഞാൻ പൂകും യമാലയം. ”
തദ്ഭാഷിതം കേട്ടു ധൂർത്തൻ മനസ്വാമി
സദ്ഭാവമാലംബ്യ പാരം കൃതാർത്ഥനായ്,
ചിക്കെന്നുപേക്ഷിച്ചു യോഗഗുളികയെ-
ത്തക്കം നിനച്ചു പുരുഷാകൃതി പൂണ്ടു.
അന്നേരമിന്ദീവരാക്ഷിയും കണ്ടാശു
വന്നൊരു സമ്മോദമുന്നിദ്രമാകയാൽ,
ലജ്ജയും പൂണ്ടു സുധാസമുദ്രം തന്നിൽ

[1] ‘മലിച്ചു’ എന്നു് ക. പ്ര. (വർദ്ധിച്ചു ; വ്യാപിച്ചു ?)

മജ്ജനവും ചെയ്തു വിജ്വരചിത്തയായ്
ആലിംഗനം ചെയ്യുന്നംഗൻ നിയോഗിച്ച
ലീലാവിശേഷങ്ങളാചരിച്ചീടിനാൾ.
മുന്നം മനോരഥംകൊണ്ടഭ്യസിച്ചതും
തന്നകതാരിലുറച്ചു കൊതിച്ചതും
എല്ലാം സുകുമാരദംപതിമാരവ-
രുല്ലാസപൂർവ്വമനുഭവിച്ചു തദാ.
ഗാഢമായോരു സുരതാന്തകാലത്തു
ബാഢം ജനങ്ങൾക്കു [2] ക്ലാന്തിയുണ്ടായ്വരും.
ഉണ്ടായതില്ലവർക്കേതും പരിശ്രമ-
മുണ്ടാകുമോ പരമാനന്ദമുള്ള നാൾ ?
വിസ്തരിച്ചെന്തിനേറെപ്പറഞ്ഞീടുന്നു,—
സുസ്തനിയാകുമവൻ പുലർന്നാൽപ്പരം.
കാലമിവണ്ണം കുറഞ്ഞൊന്നു ചെന്ന നാൾ
ബാലാശിരോമണിക്കുണ്ടായി ഗർഭവും.
അത്രാന്തരേ ചിത്രമക്കാമിനി തന്റെ
ചിത്രാംഗിയാം മാതുലേയഭഗിനിയെ
മന്ത്രിപുത്രന്നു കൊടുപ്പാനൊരുമ്പെട്ടു
സന്തതം കല്യാണഘോഷമാരംഭിച്ചു.
മാതുലൻ വന്നു ശശിപ്രഭയെക്കണ്ടു
ചേതോഹരമായ വാക്യമുരചെയ്തു :—
“ കല്യാണകാലം നമുക്കിന്നുപഗതം,
കല്യാണരൂപിണീ ! പോരേണമാശു നീ.
അച്ഛനും പോവാനനുവദിക്കും ദൃഢം,
സച്ഛശീലേ ! നിൻ ജനനിയും പോന്നിടും. ”
എന്നതു കേട്ടു ശശിപ്രഭയും തദാ
ചെന്നു ജനകനോടും പറഞ്ഞഞ്ജസാ,
കൂടെ സഖിയോടുകൂടെപ്പുറപ്പെട്ടു,
ചേടീജനപരിപാടീസമേതയായ്,
മാതുലമന്ദിരം തന്നിലകം പുക്കൊ-
രാകുലമെന്നിയേ വാഴും ദശാന്തരേ,

---

[1] ‘ വിജ്വരചിത്തനായ് ’ എന്നു് ക. പ്ര. അർത്ഥമില്ല.

[2] ‘ തന്തിയുണ്ടായ്വരും ’ എന്നു് ക. പ്ര. അർത്ഥമില്ല.

മന്ത്രികുമാരൻ കപടാംഗനാം കണ്ടു
ചിന്താകുലനായ്ച്ചമഞ്ഞു ദിനംപ്രതി.
തൽഭാൎയ്യയെക്കണ്ടഹോ മനസ്വാമിയു-
മത്ഭുതം! കാമപരവശനായവൻ.
കല്യാണവും കഴിഞ്ഞങ്ങു വീണ്ടും പുന-
രെല്ലാവരും പോയിരുന്നോരനന്തരം,
മന്ത്രികുമാരകൻ തന്നുള്ളിലുള്ളൊരു
സന്താപമെല്ലാമറിഞ്ഞു നരാധിപൻ:—
"ഖേദിക്കരുതെടോ! ഞാനിന്നു നിന്നുടെ
ബാധയ്ക്കുപായമുണ്ടാക്കുവൻ നിൎണ്ണയം.
നീലക്കുഴലാളിവളെയും വേട്ടു നീ
ലീലയ്ക്കൊരുമ്പെട്ടുകൊൾക മഹാമതേ!
സത്യമൊഴിഞ്ഞു പറയുമാറില്ല ഞാൻ,
നിത്യപരിചയമില്ലയോ ചൊല്ലെടോ!"
ഇങ്ങിനെ ഭൂപാലഭാഷിതം കേട്ടട-
നംഗനാരൂപിയുമൊന്നു ചൊല്ലീടിനാൻ:—
"താതൻ വരുവോളമെന്നെയും സൂക്ഷിച്ചു
ചേതോഹരാകൃതേ! രക്ഷ ചെയ്തീടുവാൻ
ത്വൽക്കരം തന്നിൽ സമൎപ്പിച്ചിരിക്കവേ,
മിക്കതും യോഗ്യമല്ലെന്നെക്കൊടുപ്പതും.
നന്നല്ലിതോൎത്തോളമേതുമെന്നാകിലും,
മന്നവ! നിന്നധീനാ ഞാനസംശയം.
എന്നെക്കൊടുപ്പാനുറച്ചിതെന്നാകിലോ
ധന്യനിവൻ തീൎത്ഥയാത്ര ചെയ്തുഞ്ജസാ,
പാപവിധൂനനം ചെയ്തു വന്നെന്നിയെ
ഭൂപാല! ഞാനിവനെത്തൊടാ നിൎണ്ണയം.
മന്ത്രിസുതനതു കേട്ടു ചൊല്ലീടിനാൻ:—
"അന്തൎമ്മുദാ വിവാഹം കഴിഞ്ഞാലഹം
തീൎത്ഥങ്ങളാടി വന്നെന്നിയെ നിൎണ്ണയം
താൎത്തേന്മൊഴിയെത്തൊടുന്നീല മന്നവ!"
തമ്മിൽപ്പറഞ്ഞു ചേൎന്നോരുശേഷം നൃപൻ
നിൎമ്മലലഗ്നേ വിവാഹവും ചെയ്യിച്ചു.
മന്ത്രിപുത്രനവളെക്കൊണ്ടുപോയുട-

നന്തർഗൃഹത്തിങ്കലാക്കിസ്സസംഭ്രമം,
ഭാൎയ്യമാരെപ്പറഞ്ഞാശ്വസിപ്പിച്ചുടൻ
കാൎയ്യം മയാ തീൎത്ഥമജ്ജനമെന്നോർത്തു,
പോയോരുശേഷം മനസ്സ്വാമിയും തെളി-
ഞ്ഞായാസമെന്നിയെ തൽഭാൎയ്യയാ സമം,
ഒന്നിച്ചനാരതം മേളിച്ചിരിക്കവേ,
കന്ദൎപ്പബാധ സഹിയാഞ്ഞൊരു ദിനം
സുന്ദരിക്കാശു നേത്രാമൃതമാക്കിനാൻ
മന്ദമെന്നീ നിജരൂപത്തെയന്നേരം.
കണ്ടു കൌതൂഹലം പൂണ്ടവളും തദാ
തണ്ടലർബാണകേളിക്കായൊരുമ്പെട്ടു.
അത്യന്തമോദമനുഭവിച്ചങ്ങിനെ
നിത്യവും ക്രീഡിച്ചിരിക്കും ദശാന്തരേ,
"തീൎത്ഥങ്ങളിൽച്ചെന്നു മന്ത്രികുമാരകൻ
താൎത്തേൻമൊഴിയെ നിനച്ചു കുളിച്ചുടൻ
നാളേക്കിവിടെ വരുമെ," ന്നു കേൾക്കയാൽ
നീളെന്നൊരാധിയുംപൂണ്ടു മനസ്സ്വാമി,
ആരുമറിയരുതെന്നോൎത്തു രാത്രിയിൽ
കീരമൊഴിയോടുകൂടെപ്പുറപ്പെട്ടു,
തന്റെ നികേതനം തന്നിലകം പുക്കു,
വണ്ടാർകുഴലിയോടൊന്നിച്ചിരുന്നു നാൾ;
മൂലദേവൻ മുനിവേഷവും കൈക്കൊണ്ടു
[1]ബാലമുനിയാം ശശിയോടുമൊന്നിച്ചു,
വിശ്വംഭരാപതിപാലകനെക്കണ്ടു
നിശ്ശേഷവൃത്താന്തവും പറഞ്ഞഞ്ജസാ,
കന്യകയെത്തരികെന്നു ചോദിച്ചതു
മന്നവൻകേട്ടു വിഷണ്ണനായെത്രയും.
"ശാപം വരും നമുക്കെ," ന്നോൎത്തു പേടിച്ചു
ഭൂപാലകൻ മന്ത്രിമാരുമായ്ച്ചിന്തിച്ചു,
തന്റെ സുതയാം ശശിപ്രഭയെ മുനി-
തന്റെ കുമാരകനായ്ക്കൊടുത്തീടിനാൻ,

[1] 'കാലമുനി' എന്നു ക. പ്ര. (?)

പാരം പ്രസാദിച്ചു മൂലദേവൻ തദാ.
നാരീശിരോമണിയോടുമൊരുമിച്ചു
ചെന്നു തന്മന്ദിരം പുക്കു മനസ്വാമി
വന്നു ശശിപ്രഭയെക്കണ്ടുരചെയ്തു :—
" ത്വൽകൃപാവൈഭവമത്ഭുതമത്ഭുതം.
മൈക്കണ്ണിയും താനുമൊന്നിച്ചനാരതം
ആരെയും പേടികൂടാതെ ദിനംപ്രതി
മാരോത്സവങ്ങളനുഭവിച്ചങ്ങിനെ
വാണ കാലം ദൈവസങ്കല്പിതം മൂല-
മേണാക്ഷിയെപ്പിരിഞ്ഞിങ്ങു പോന്നേനഹം.
നിന്നുടെ കാന്തയെത്തന്നീടുക ഭവാൻ
കന്നൽമിഴിയാൾക്കു മെന്നിലത്രെ രുചി.
ഗാന്ധർവ്വമാർഗ്ഗേണ പാണിഗ്രഹം ചെയ്തു
ബന്ധുരഗാത്രിയെ ഞാനെന്നറിഞ്ഞാലും.
എന്നോടുകൂടി രമിച്ചിരുന്നു ചിര-
[1]മെന്നുടെ ബീജം ധരിച്ചിരിക്കുന്നതും."
ഇത്ഥം മനസ്വാമി ഭാഷിതം കേട്ടാശു
ചിത്തകോപേന ശശിയുമുരചെയ്തു :—
" രാജാവെനിക്കു വിധിക്കു ചേരുംവണ്ണം
വ്യാജമൊഴിഞ്ഞു ദാനം ചെയ്തു നാരിയെ
കിട്ടുകയില്ല നിനക്കെന്തു ദുർമ്മോഹ-
[2]മററത്തു കന്യാ ജനകവശംവദാ."
ഏവമവരും [3]വിവാദിപ്പതുകേട്ടു
കേവലം സന്ദിഗ്ദ്ധനായ് മൂലദേവനും.
ധർമ്മത്തെ നിശ്ചയമില്ലായ്ക കാരണം
മമ്മഹാബുദ്ധിമാനൊന്നും പറഞ്ഞീല."—

* * * *

---

[1] 'എന്നുടെ ബീജം' എന്നു തുടങ്ങി 'ജനകവശംവദാ' എന്നുവരെ ഏഴുവരി മം. പ്രതിയിലില്ല.

[2] മററത്തു കന്യാജനകവശംവദാ എന്നതിൻെറ അർത്ഥം അവ്യക്തം. ദുർമ്മോഹം അങ്ങേ അററത്തതാണ്; കന്യക ജനകവശംവദയാണ് എന്നായിരിക്കുമോ?

[3] വിക്ഷാദിപ്പതു എന്നു് മം. പ്ര.

ഇത്ഥം പറഞ്ഞു വേതാളം നൃപതിയോ-
ട്ടുത്തരം കേൾപ്പതിന്നാശയാ ചൊല്ലിനാൻ :—
" ധർമ്മം പിഴയാതെ ചൊല്ക മഹാമതേ !
ധർമ്മിഷ്ഠചൂഡാമണിയല്ലയോ ഭവാൻ ?
താരാർമകൾക്കു നേരായ ശശിപ്രഭ-
യാരെടോ വല്ലഭഭാവേ സമുചിതൻ ? "
വിക്രമശാലികളേവരും കൈതൊഴും
വിക്രമാദിത്യനതു കേട്ടരുൾചെയ്തു :—
" ധർമ്മേണ തദ്വല്ലഭൻ ശശി നിർണ്ണയം,
ധർമ്മം പിഴച്ചാചരിച്ചു മനസ്വാമി.
അച്ഛൻ ശശിക്കായവളെക്കൊടുത്തതും,
പ്രച്ഛന്നഗാമിയത്രേ മനസ്വാമിയും.
അമ്മാനിനിയിലുണ്ടാകും കുമാരകൻ
[1] ചെമ്മേ സഹോദരജനാകും ശശിക്കെടോ. "
ഇങ്ങിനെ രാജാവു ചെന്നോരനന്തര-
മങ്ങു വേതാളം തരുമുകളേറിനാൻ.

* * * *

രാജനിയോഗം പുരസ്കരിച്ചേഷ ഞാൻ
വ്യാജംവിനാ ചമച്ചോരു കഥാമൃതം
കേട്ടു മൂഢന്മാരവജ്ഞതയെച്ചെയ്കിലും
പാട്ടിതു നന്നെന്നു ചൊല്ലും ബുധജനം.

---

[1] ചെമ്മേ സ * * ശശിക്കെന്നറിഞ്ഞാലും എന്നു് മം. പ്ര.

# പതിനാറാമത്തെ കഥ

പിന്നെയും ചെന്നു പിടിച്ചു വേതാളത്തെ
മന്നവൻ തോളിൽവെച്ചാശു പോകും വിധൌ,
മന്ദഹാസം ചെയ്തു വേതാളവും തദാ
മന്ദം നരാധിപനോടു ചൊല്ലീടിനാൻ :—

* * * *

" ശ്രീകാഞ്ചനപുരമെന്നൊരു പട്ടണം
ശ്രീകണ്ഠകാന്താഗുരുഗിരിമൂർദ്ധനി
രത്നസാലപ്രഭകൊണ്ടപ്പുരം സദാ
യത്നംവിനാ ഭാനുമാനെജ്ജയിക്കുന്നു.
വിദ്യാധരേശ്വരൻ ജീമൂതകേതുവും
വിദ്യാവിശാരദൻ തത്ര വാണീടിനാൻ
തദ്യശഃശേഷസ്യ ലോകത്രയത്തിലും
സദ്യഃസമുച്ചരിച്ചീടുമനന്തതാ
തൽക്കാന്തയായി [1] കനകവതിയെന്നു
ചൊല്ക്കൊണ്ട വിദ്യാധരേന്ദ്രന്റെ നന്ദിനി.
ജീമൂതകേതുവിന്നക്കാലമുണ്ടായി
ജീമൂതവാഹനനെന്നൊരു നന്ദനൻ,
ദിവ്യഗുണങ്ങൾക്കു മന്ദിരം പോലവൻ,
ഭവ്യപരായണൻ, ദിവ്യജനപ്രിയൻ.
ദേവാംഗനമാർക്കു കാമിച്ചുകൊള്ളുവാൻ
ദേവൻവിധാതാവവനെ നിർമ്മിച്ചതും
മേരുദരികളിൽ മേവുന്ന ഗീർവ്വാണ-
ചാരുനയനമാരേവരുമൊന്നിച്ചു
തൽക്കീർത്തിയെപ്പുരിലാളിച്ചു വാണീടും,
ഉൽകൃഷ്ടശീലൻ മഹാനവനെത്രയും.
ജീമൂതകേതുവും പുത്രനെത്തൽക്ഷണ-
മാമോദപൂർവ്വമഭിഷേകവും ചെയ്തു ;
സുന്ദരമായൊരു കല്പകവൃക്ഷവും
നന്ദനനായ്ക്കൊണ്ടവൻ കൊടുത്തീടിനാൻ.

---

[1] ' കനകാവതി ' എന്നു ക. പ്ര.

നാരീകടാക്ഷവിക്ഷേപചപലമാം
ഭൂരിധനത്തിലനാദരം പൂണ്ടവൻ,
അർത്ഥികൾക്കനവാഹം ദാനങ്ങളും ചെയ്തു,
പൃത്ഥ്വിയെപ്പാലനംചെയ്തു വാഴും വിധൌ,
യാചകന്മാർ പലരൊന്നിച്ചു ചിന്തിച്ചു,
[1]രോചമാനം പാരിജാതമർത്ഥിക്കയാൽ,
ആതങ്കമെന്നിയെ മന്ദാര ദാനവു-
മാത്തുംഗപൌരുഷൻ ചെയ്തുതുല്യമായ്,
ത്രൈലോക്യവാസികളായ ജനങ്ങളും
ആലോലവിസ്മയം പൂണ്ടു പുകഴ്ത്തിനാർ.
തൽക്കുലത്തിങ്കൽ ജനിച്ചവരേവരു-
മുൾക്കൊണ്ടനുഭവിച്ചീടുന്ന മന്ദാരം
അർത്ഥികൾക്കായ്ക്കൊടുത്തതു കേൾക്കയാ-
ലർത്ഥഹീനനിവനെന്നോർത്തു വൈരികൾ,
രാജ്യം ലഭിക്കും നമുക്കെന്നുറച്ചതി-
പ്രാജ്യപരാക്രമന്മാരണഞ്ഞീടിനാർ.
ശക്തിയില്ലാഞ്ഞല്ല, ജീമൂതവാഹനൻ
സക്തി രാജ്യത്തിൽക്കുറകയാലക്കാലം,
ഹിംസാകൃതമാം മഹാപാതകത്തെയും
സംസാരനിസ്സാരതയും നിനച്ചവൻ,
യുദ്ധം തുനിഞ്ഞീല രാജ്യവും കൈവെടി-
[2]ഞ്ഞദ്ധാ ജനകജനനീസമേതനായ്,
പാപഹരമാം തപസ്സു ചെയ്തീടുവാൻ
താപംവിനാ മലയാചലം പ്രാപിച്ചു.
അപ്പർവ്വതത്തിന്റെ മഞ്ജിമയോർത്തോള-
മല്പമല്ലെന്നിയേ ചൊല്ലാവതല്ലഹോ !
സിദ്ധജനങ്ങളനുവേലവും തപ-
സ്സിദ്ധിയെക്കാമിച്ചു സഞ്ചരിക്കുന്നതും,
[3]ഫുല്ലാംബുജങ്ങളാകും തടാകങ്ങളിൽ

---

[1] 'രോചനീയം' എന്നു മം. പ്ര.

[2] അദ്ധാ = നേരെ; യഥോചിതം; സത്യമായിട്ടു്.
അർത്ഥജനകജനനീസമേതൻ എന്ന പാഠം (ക. പ്ര.) ശരിയല്ല.

[3] 'വെല്ലൽഭുജഗങ്ങളാം കടകങ്ങളിൽ ചൊല്ലാന്ന ദേവാംഗനമാർ കളിപ്പതും' എന്നു ക. പ്ര. (അർത്ഥം ?)

ചൊല്ലാർന്ന ദേവാംഗനമാർ കുളിപ്പതും,
നീലകണ്ഠാലയമായതു കാരണം
കൈലാസപർവ്വതമെന്നു ചൊല്ലായ്വരും.
നിർഝരമാകുന്ന ഹാരങ്ങളുമണി-
ഞ്ഞിച്ഛയാ ചുററും വനാളീവസനവും,
ഛന്ദധംകൊണ്ടു സർവ്വാംഗം മറച്ചതി-
സുന്ദരമായോരചലമകം പുക്കു.
മാതാവിനെയും പിതാവിനെയും സദാ
ചേതോഹരാംഗൻ പരിചരിച്ചന്വഹം
വാഴുന്ന കാലമൊരുദിനം തന്നുടെ
ഋതാഴനായോരു മധുകരന്തന്നോടും
പർവ്വതശോഭയും കാനനഭംഗിയും
സർവ്വദാ പുഷ്പിച്ചു നില്ക്കും ദ്രുമങ്ങളും,
കണ്ടുകണ്ടാനന്ദപീയൂഷമജ്ജനം-
കൊണ്ടു കൃതാർത്ഥനായ് സഞ്ചരിക്കും വിധൌ,
കണ്ടാൻ [1] കുരണ്ഡമാകുന്നോരു കാനനം
തണ്ടാർശരന്റെ ശരമാലയെപ്പോലെ.
പൊന്നും തളകളും പൂണ്ടു സുരജന-
തന്വംഗിമാർ ചരണാപാതമേല്ക്കയാൽ
ആപാദചൂഡം നിറഞ്ഞു പുഷ്പിച്ചുള്ള
ശോഭനാശോകവൃക്ഷങ്ങളുമുണ്ടതിൽ.
ദേവാംഗനാജനം കാമാഹവത്തിന്നു
കേവലം നല്ല മധുപാനവും ചെയ്യും.
ഗണ്ഡൂഷണം ചെയ്തു വാരുണീസൌരഭ്യ-
മണ്ഡിതമപ്രദേശം മനോമോഹനം.
ഗീർവ്വാണസുന്ദരീതുംഗസ്തനങ്ങളിൽ
സർവ്വദാ പുഷ്പാസവാസാരവും ചെയ്തു,
മന്ദപവനനതിലനവേലവും
സുന്ദരമാമ്മാറു മന്ദം ചരിച്ചിടും.
വണ്ടിൻ പരിപാടി മണ്ടി നടപ്പതു
കണ്ടു മേഘഭ്രമം പൂണ്ടു ശിഖികുലം

[1] 'കരണ്ഡം' എന്ന പാഠം (ക. പ്ര.) ശരിയല്ല.
കുരണ്ഡം = കരണ്ട (ക)ം = പൊൻകുറുഞ്ഞി.

പൊന്നിൻ കദളീനികുഞ്ജങ്ങളിൽനിന്നു
സന്നസന്താപമാടീട്ടു മക്കാനനേ,
കിന്നരമാനിനിമാരുടെ സംഗീത-
മുന്നതാനന്ദേന കേട്ടു ഹരിണികൾ,
കണ്ണുമടച്ചിളകാതെ ശരീരവും
പൂർണ്ണസമ്മോദഭാരേണ നിന്നീടുന്നു,
വിദ്യാധരന്മാർ പലരുമൊരുമിച്ചു
വിദ്യോതിതമായ്ച്ചമച്ചോരു മന്ദിരം,
ഗൌരീഭഗവതി മേളിച്ചിരിപ്പിടം
ചാരുകൈലാസശിഖരസമപ്രഭം.
ഗംഗാജലപ്രവാഹത്തോടു തുല്യമായ്
ഭംഗിയിൽച്ചേർത്ത [1] പതാകാവിരാജിതം,
തത്ര കണ്ടെത്രയുമാനന്ദമുൾക്കൊണ്ടു,
ചിത്രമവിടേക്കടുത്തു ചെല്ലുംവിധൌ,
പുത്രിയിലുള്ളോരു വാത്സല്യമൂലമായ്
തത്ര ഹിമാലയം വാഴുന്നതുപോലെ,
ശ്വേതഭാസാ ദിഗന്തം പ്രകാശിപ്പിച്ചൊ-
രാത്തുംഗസൌധവും കാണായിതന്തികേ.
ചാരത്തു ചെന്നു നടക്കും ദശാന്തരേ,
ചാരുതചാളുന്ന ദേവീഗൃഹാന്തികേ,
വീണാനിനാദസമ്മിശ്രമായിട്ടുടൻ
കർണ്ണാമൃതമായ സംഗീതവും കേട്ടു.
ഉള്ളിൽക്കടന്നു ചെന്നോരു നേരത്തൊരു
കല്യാണഗാത്രിയാം നാരിയെയും കണ്ടു.
ചിത്രമവളുടെ സൌന്ദൎയ്യവൈഭവ-
മിത്രിലോകത്തിങ്കലവ്വർണ്ണ്യമില്ലാരും.
രാഗമാകും സമുദ്രത്തിൽ നടക്കയാ-
ലാഗതമാം വിദ്രുമപ്രഭാ [2] സഞ്ചയം
തൽപാദപല്ലവമാശ്രയിച്ചെപ്പോഴു-
മുൽപന്നകൌതുകം വാഴുന്നു നിർണ്ണയം.
ലോലലാവണ്യസരസിയിലുണ്ടായ

---

[1] പതാകാവിലസിതം എന്നു് മം. പ്ര.

[2] സംശയം എന്ന പാഠം (ക. പ്ര.) ശരിയല്ല.

ബാലമൃണാളമെന്നോർത്തു തജ്ജംഘയെ
കാന്തിയാകുന്നോരു ഹംസി വന്നന്വഹം
അന്തർമ്മുദാ തത്ര വാഴുന്നു സന്തതം.
പുഷ്പായുധൻ നികേതത്തിന്നു കല്പിച്ച
ശില്പമാർന്നുള്ള ദന്തസ്തംഭശോഭയാ
വിഭ്രമബർഹി വസിക്കും കദളിക-
ളത്ഭുതമത്രേ തദൂരുക്കളെത്രയും !
ശ്രോണിഭാരം കണ്ടു സൈകതാഡംബരം
നാണിടുകയാൽ ജലത്തിൽ മുഴുകുന്നു.
കാമപത്നിക്കു കിടന്നുറങ്ങീടുവാൻ
കോമളമായുള്ള പര്യങ്കമല്ലിവൾ ?
തന്മേഖലയാം [1] പരിഖയെക്കാണുകിൽ
മന്മഥൻ തന്റെ പുരമെന്നു തോന്നിടും.
ഫാലാഗ്നി കത്തിപ്പിടിപെട്ടു മന്മഥൻ
ബാലികാനാഭീഹ്രദത്തിൽ വാണീടിനാൻ ;
എന്നതറിയാഞ്ഞഹോ ധൂമലേഖയെ-
ത്തന്വംഗി തന്റെ രോമാളിയെന്നോതുന്നു.
വട്ടം തികഞ്ഞുന്നതമായ പോർമുല-
ക്കിട്ടോരു ഹാരമാല്യത്തെയും കണ്ടവൻ,
ചക്രവാകമുഖസക്തവിസമെന്നു
മിക്കതുമുൾക്കാമ്പിൽ നിശ്ചയം [2] തേറിനാൻ.
തോൾവളകങ്കണജാലങ്ങളിലുള്ള
ദിവ്യരത്നപ്രഭ മെയ്യിൽ പരക്കയാൽ,
താരുണ്യചന്ദനവല്ലി പടർന്നൊരു
ലാവണ്യപാദപമെന്നോർച്ചാനവൻ.
ബാലിക തന്നുടെ യൌവനോദ്യാനത്തിൽ
ബാലവസന്താകൃതി പൂണ്ടു മന്മഥൻ,
ബിംബാധരത്തിൻ പ്രഭാവിശേഷംകൊണ്ടു
സംബാധഹീനം ചമച്ചു തളിരുകൾ
പേടമാൻകണ്ണികടാക്ഷപരമ്പര-
ക്കിട്ടു നീലാംബുജമാലിക നിർണ്ണയം.

---

[1] പരിഖ = കിടങ്ങ്. 'പരിച' എന്ന പാഠം (ക. പ്ര.) ശരിയല്ല.

[2] 'തേടിനാൻ' എന്നു് ക. പ്ര.

ആനനമാകുന്നൊരംഭോരുഹത്തിനെ
മാനിച്ചു വന്ന ഭൃംഗങ്ങളളകങ്ങൾ.
സൌഭാഗ്യഭൂപാലകന്റെ ജയസ്തംഭ-
മംഭോരുഹാക്ഷിയിവളെന്നുറച്ചവൻ,
വിസ്മയോൽഫുല്ലനയനനായഞ്ജസാ
വിസ്മയം തന്മയനായ് ഭവിച്ചാനവൻ.
ദിവ്യലാവണ്യനളിനിയാം ബാലയും
ദിവ്യപൂരുഷനെസ്സന്നിധൌ കാൺകയാൽ,
ലജ്ജയാകുന്നോരു വാരിധിതോയത്തിൽ
മജ്ജനം ചെയ്തു ജനമനോഹാരിണി.
സ്വേദബിന്ദുക്കൾ നിറഞ്ഞു ശരീരത്തിൽ,
മോദാൽ പുളകവുമാവിർഭവിച്ചതേ.
ജീമൂതവാഹനൻ താനുമതു നേര-
മാമോദപൂർവ്വമവളോടുരചെയ്തു :—
“ മന്ദാംശുവാകുന്ന കർപ്പൂരധൂളിയെ-
ച്ചിന്താവിഹീനമുപഹാരമായ്‌വെച്ചു,
സ്വാഗതപ്രശ്നം ഭവതി ചെയ്യായ്കിലു-
മാഗതമായി പരമഹർഷം മമ.
നിന്നുടെ രൂപാവലോകനം മൂലമാ-
യെന്നുടെ ജന്മം സഫലമായി ശുഭേ ! ”
തന്മുഖാബ്ജേ നേത്രഭൃംഗത്തെ വെച്ചവ-
[1] നമ്മഹിളാസഖി തന്നൊടു ചോദിച്ചു :—
“ വേധാവു തന്റെ കരകൌശലത്തിനു
സാധാരണാവധിയാകുമിബ്ബാലിക,
ത്രൈലോക്യലോചനങ്ങൾക്കു മഹോത്സവം
സാലോകസൌഖ്യം നിരാകരിക്കുന്നവൾ.
ഏതു കുലത്തിന്നലങ്കാരമായിട്ടു
ശാതോദരി താൻ ജനിച്ചതു ചൊൽകെടോ ! ”
ഇത്തരം കേട്ടു സഖിയുമുരചെയ്തു :—
“ സത്തമനത്രെ ഭവാനെന്നു നിർണ്ണയം.
ഉന്നതസത്വാ തികഞ്ഞോരു നിന്മുന്നിൽ
എന്നുടെ വാക്കിന്നവസരമില്ലെടോ !

---

[1] ‘ അമ്മഹേളാസഖി ’ എന്നു മം. പ്ര.

ലജ്ജാവതിയാമിവളുടെ ജിഹ്വയും
സജ്ജിക്കുമോ ഭവാനോടു സംഭാഷണേ ?
സിദ്ധാധിനാഥനാം വിശ്വവസുവിന്റെ
[1] ശുദ്ധാന്തരത്നമായോരു കുമാരിക,
നാമം മലയവതിയെന്നു ലോകത്തി-
ലാമ്നായവേദികൾപോലും പറയുന്നു.
നിത്യവും ഗൌരീസമാരാധനം ചെയ്തു
സത്യസങ്കല്പസുഖേന വാണീടുന്നു."
ഇത്ഥം സഖീവൃത്തമെല്ലാം പറഞ്ഞവൾ,
ചിത്തമോദേന മധുകരൻതന്നോടു
ചോദിച്ചു ജീമൂതവാഹനോദന്തവും
മോദിക്കുമാറകതാരിലാക്കീടിനാൾ.
നൂതനമന്മഥോന്മേഷോർമ്മിയിൽ കളി-
ച്ചേതും കുറയാതെ, നാരീലലാമത്തെ
ദൃഷ്ടികൾകൊണ്ടു പാനം ചെയ്തു മോദിച്ചു,
ശിഷ്ടവരിഷ്ഠനാം ജീമൂതവാഹനൻ
[2] സുന്ദരിമാർമണി ബാലിക തന്നോടു
മന്ദഹാസം ചെയ്തു മന്ദമുരചെയ്തു :-
"ആനന്ദമന്ഥരമായ നേത്രത്തെയും
പീനസന്തോഷമാമന്തരംഗത്തെയും
ആവിഷ്കരിപ്പതത്രേ സജ്ജനോചിതം,
ഭാവധാർഷ്ട്യം മുററുമാചാരഡംബരം.
ഏവം വിധമാം വചസ്സിനെക്കാൺകയും
ഭാവവിലാസവിശേഷമറികയും
കാൽക്ഷണംപോലും [3] കടാക്ഷത്തിലാകയും
സാക്ഷാൽ സ്മരനുമത്യാവശ്യമല്ലയോ ?"
ഇങ്ങിനെ വിദ്യാധരാധിനാഥൻ വചോ-
ഭംഗികളോരോന്നു കേട്ടു നില്ക്കും വിധൌ
ക്ഷിപ്രം പ്രതിഹാരി വന്നു വിളിക്കയാ-

---

[1] 'സിദ്ധാന്തരത്നം' എന്ന പാഠം (ക. പ്ര.) ശരിയല്ല.
ശുദ്ധാന്തം = അന്തഃപുരം.
[2] 'സുന്ദരിമാർ മുടിമാലിക' എന്നു പാഠാന്തരം (മം. പ്ര.)
[3] 'കടാക്ഷവിലോകവും' എന്നു മം. പ്ര.

ലപ്രദേശം വെടിഞ്ഞംഗനാമൌലിയും
മാതാവു തന്റെ സമീപേ ഗമിപ്പതി-
നാതങ്കമുള്ളിൽ നിറച്ചു പുറപ്പെട്ടു.
" ഏററം സുകുമാരമാകുമെന്മാനസം
ഇഷ്ടനാം നിങ്കൽവെച്ചാശു പോകുന്നു ഞാൻ,
ഭംഗം വരാതെ രക്ഷിക്കേണമെ ", ന്നാശു
ഭംഗിയിൽച്ചൊല്ലി ചിലമ്പിൻ നിനാദവും.
വണ്ടാർകുഴലിയും ധമ്മില്ലഭാരേഷു
വണ്ടുകൾ സഞ്ചരിക്കുന്നതാട്ടീട്ടുവാൻ
എന്നു നടിച്ചു തിരിഞ്ഞു നോക്കിപ്പുന-
രൊന്നു കടാക്ഷിച്ചു വിദ്യാധരേന്ദ്രനെ.
ദൂതി വിളിക്കയുമാധി തടുക്കയും,
ചേതോഹരാംഗനെക്കണ്ടു കൊതിക്കയും,
സ്തംഭിച്ചു വേപഥുഗാത്രിയായ് മെല്ലവേ,
കുംഭസ്തനി നിജ മന്ദിരം പ്രാപിച്ചു,
കന്ദർപ്പസർപ്പവിഷമേററു മൂർച്ഛിച്ചു,
മന്ദേതരം ശയ്യയിൽപ്പതിച്ചീടിനാൾ.
വസ്ത്രമുടുത്തതുപോലും കനത്തതി-
നിസ്ത്രപയായ് ദീർഘനിശ്വാസവും പൂണ്ടു
ബാഷ്പാംബുപൂരേണ സേചനം ചെയ്കിലും
ശില്പം വളരുന്ന കാമാനലത്തിയാൽ
കെല്പു കുറഞ്ഞു തളർന്നു ശരീരവു-
മല്പേതരാമയാംബോധൌ മുഴുകിനാൾ.
അസ്തമിച്ചു ദിനനാഥനുമന്നേര-
മുൾത്തുന്ന രാഗേണ സന്ധ്യയും ഭേദിച്ചു.
[1] പത്മിനീതല്പേ ശയിപ്പാനൊരുമ്പെട്ടു,
പത്മങ്ങളും സനിദ്രങ്ങളായീതദാ.
[2] കുണ്ഠതപൂണ്ടു ദിഗന്തങ്ങളിൽ തദാ
വണ്ടുകൾ പാഞ്ഞു നടക്കുന്നതു കണ്ടാൽ
സന്ധ്യ വിതയ്ക്കുമിരുട്ടിന്റെ വിത്തെന്ന-

---

[1] 'പദ്മീനീപത്രേ' എന്നു പാഠാന്തരം (മ. പ്ര.). പദ്മിനി = താമരക്കൂട്ടം; താമരവളയം (പൊയ്ക എന്നല്ല.)

[2] ഈ വരി ക. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

തന്മർമ്മൃദൈവ ജനങ്ങളൂഹിച്ചു.
തൽക്ഷണേ വന്നു നിറഞ്ഞു തിമിരവൃ-
മീക്ഷണങ്ങൾക്കുള്ള രന്ധ്രവും നഷ്ടമായ്.
ആകാശമഞ്ജനംകൊണ്ടാശു തേക്കയൊ?
കോകശോകാഗ്നി ധൂമം താൻ നിറകയൊ?
രാത്രിയാം നാരിതലമുടിഭാരമൊ?
പേർത്തേവമൂഹിച്ചു കണ്ടു ജനം തദാ.
നീലാംബുജങ്ങളോ? ഭൃംഗപടലിയൊ?
നീലകണ്ഠങ്ങളൊ? ലോകം മുഴുകുവാൻ
ഉദ്യമം പൂണ്ടു തുനിയുന്നിതെന്നാശു
വിദഗ്ദ്ധജനങ്ങളോരോ തരം കല്പിച്ചു.
തദ്ദശായാം ശംഭുകോടീരമണ്ഡനൻ,
വിദ്യോതിതാശേഷലോകൻ നിശാകരൻ,
ദോഷാവരോരുകർപ്പൂരവിശേഷകൻ,
ഘോഷിച്ചുദിച്ചുയർന്നു പൂർവ്വദിങ്മുഖേ.
ദിക്കാന്തമാർ കേളിദർപ്പണമായ് നിശാ-
മുഖതാലതാലങ്കരണമായനഘം
കന്ദർപ്പമന്നവന്റെ സിതഛത്രമാ-
മിന്ദുഘോഷിച്ചുയർന്നു പൂർവ്വദിങ്മുഖേ.
നന്നായ് വിടർന്നുള്ള ദിവ്യപുഷ്പങ്ങളിൽ
ചെന്നുകളിച്ചൊട്ടിരുന്നു നളിനിയിൽ,
സുന്ദരമാമ്മാറു മന്ദപവനനും
മന്ദമന്ദം നടമാടി തദന്തരേ.
ഭർത്താവിനോടു പിരിഞ്ഞുള്ള നാരിമാർ
ചിത്തസന്തോഷണത്തിന്നു യന്ത്രോപലം
പഞ്ചേഷുപാവകകുണ്ഡമഹാനലൻ
തഞ്ചത്തിലിന്ദുവന്നുച്ചനാകും വിധൌ,
ചന്ദനലേപനം ചെയ്യുതിസ്നിഗ്ദ്ധയായ്
സുന്ദരമായ [1] കദളീദലം തന്നിൽ
[2] ശാന്തോദരിശയിച്ചാകിലും സന്താപ-

---

[1] കദളീദളം തന്നെ മെയ്യിലിട്ടും മൃദുശീലയ്ക്കു മന്മഥൻ ചെയ്യും ദുരന്ത സന്താപം ശമിച്ചീല

[2] 'ശാതോദരി ശയിച്ചാകിലും' എന്നു തുടങ്ങി 'മന്മഥ താപം സഹിച്ചീല' എന്നുവരെ ആറു വരി മം. പ്രതിയിലില്ല.

മേത്തും സഹിച്ചീല പേശലാംഗിക്കഹോ!
താലവൃന്തങ്ങളെക്കൊണ്ടു വീയിദ്രുതം
ചേല നനച്ചു മെയ്യിൽ പൊതിഞ്ഞും തഥാ,
ബാലമൃണാളങ്ങൾ മെയ്യിലിട്ടും മൃദു-
ശീലയ്ക്കു മന്മഥതാപം സഹിച്ചീല.
ശീതോപചാരങ്ങളേവമോരോന്നു ചെയ്-
താധി കലൎന്നൊരു തോഴിയെക്കണ്ടവൾ
വ്രീളാതരളയായ്ക്കണ്ണുമടച്ചുടൻ
നാളീകലോചനയാളുര ചെയ്തു :—
"നീയല്ലയോ കാന്തദൎശനേ സാക്ഷിണി?
പോയെന്നു വന്നു മദീയശീലം ശുഭേ!
എന്തൊന്നു ഞാനിനിച്ചെയ്വതുമെന്നുടെ
സന്താപമാരോടു ഞാൻ പറയേണ്ടതും?
കന്യാജനത്തിന്നനുചിത [1]മക്രമ-
മെന്നിൽപ്പരം വരുത്തിക്കുസുമായുധൻ.
പ്രാഗത്ഭ്യമുള്ള വരോരുക്കളാപദി
വേഗത്തിലാളയക്കും പ്രിയന്മാൎക്കഹോ!
ലജ്ജ വെടിഞ്ഞു ചിലരസുനാഥനെ
നിൎജ്ജനദേശേ [2]കൊതിച്ചങ്ങു ചെന്നിടും.
[3]ലീലയെക്കൊണ്ടെൻ മനസ്സിനെച്ചോരിച്ച
ബാലത്തരുണനോടാശു ചൊല്ലീടുവാൻ
എന്തൊന്നു ഞാൻ പറയേണ്ടതുമശ്ശം-
നെന്തുതോന്നീടുമെന്നുമറിഞ്ഞീല ഞാൻ.
സന്ദേശപത്രമെഴുതുകെന്നാലതിൽ
സന്ദേഹമുണ്ടഹോ! വാചകത്തിന്നെടോ!
[4]'വിജ്ഞാപ്തമാകേണ' മെന്നെഴുതീടുകിൽ
വിജ്ഞാനികൾക്കു സാമൎത്ഥ്യമെന്നും തോന്നും.
'കണ്ടറിയേണ്ടതെ' ന്നേവമെഴുതുകിൽ
കണ്ടകന്മാൎക്കു ധിക്കാരമെന്നും തോന്നും.

---

[1] 'അനുചിതമാം ക്രമം' എന്നു മം. പ്ര.
[2] 'കുറിച്ചങ്ങു' എന്നു ക. പ്ര.
[3] ഈ രണ്ടു വരി ക. പ്രതിയിലില്ല.
[4] 'വിജ്ഞാപ്യനാകേണം' എന്നു മം. പ്ര.

'വല്ലഭ' നെന്നെഴുതാൻ വ്രീളയുണ്ടു മേ,
വല്ലതും നാമമൊന്നാവശ്യമല്ലയോ?
'വെക്കം വരേണ' മെന്നേററമെഴുതുകിൽ
ഒട്ടും ബഹുമാനമില്ലെന്നതും വരും.
'മൃത്യുവശഗ ഞാ' നെന്നെഴുതീടുന്ന-
തോർത്താലനുചിതമെന്നു ചൊല്ലും ജനം.
'തൽപ്രിയ ഞാ' നെന്നെഴുതീടുവാൻ പുന-
രല്പം മടിയുണ്ടവണ്ണമല്ലായ്കയാൽ.
'ഞാനപ്രദേശേ വരാ' മെന്നെഴുതുകിൽ
മാനമില്ലേതുമെനിക്കെന്നതും വരും.
'കാമാർത്തയായ് വലയുന്നു ഞാ'നെന്നാകിൽ
കാമോപമനു ചാപല്യമെന്നും തോന്നും.
കർത്തവ്യമൊന്നുമെനിക്കു തോന്നുന്നീല;
ഭർത്താവെനിക്കവനാകുമോ ദൈവമേ?
ദൈവസഹായമൊഴിഞ്ഞു മററൊന്നിനാൽ
[1] സർവ്വഥാ സാദ്ധ്യമല്ലിക്കാര്യമോർക്കിലോ.
ഇന്നവനെ കാൺക കാരണമഞ്ജസാ
ചെന്നു യമാലയം പൂകെന്നു വന്നു ഞാൻ."
തോഴിയോടേവം പറഞ്ഞാശു പീയൂഷ-
ഭാഷിണി ബാഷ്പജലപ്രവാഹത്തിനാൽ
പോർമുലക്കുന്നിലുണങ്ങി വരണ്ടൊരു
കോമളമായ മലയജധൂളിയെ
പങ്കിലമാക്കിക്കരയുന്നതു കണ്ടു,
സങ്കടം പൂണ്ടു കരഞ്ഞു വയസ്യയും.
ജീമൂതവാഹനൻ താനും തദന്തരേ
ജീമൂതവേണിയെച്ചിന്തിച്ചു സന്തതം
കാമാശുഗങ്ങടെ തറച്ചതിദീനനായ്
കാമാരി വല്ലഭോദ്യാനേ ചിരതരം
ചന്ദ്രാതപമേററു മെയ്യും വിയർത്തതി-
സാന്ദ്രമായ് ദീർഘനിശ്വാസവും പൂണ്ടഹോ,
മന്ദപവനനടുക്കം ദശാന്തരേ
മന്ദേതരം ഭയപ്പെട്ടൊളിച്ചും ദൃഢം,
കാമിനി തന്റെ മുഖാംഭോരുഹത്തിനും

കോമളമായൊരു ചന്ദ്രബിംബത്തിനും
ഭേദമെന്താകുന്നതെന്നോർത്തു നോക്കിയും
ഖേദിച്ചിടയിടെ മൂർച്ഛിച്ചു വീഴുകയും
ഇങ്ങിനെ കേഴും വയസ്യനെക്കണ്ടാശു
സംഗതാതങ്കം മധുകരൻ ചൊല്ലിനാൻ :—
"എന്തെടൊ ! വൈധുര്യഭാവം തടവുന്നു ?
ചിന്തിക്ക, നീ മഹാബുദ്ധിമാനല്ലയോ ?
വിദ്യാർജ്ജനത്തിൽ പരിശ്രമിച്ചിടുവാ-
നുദ്യോഗമേററമുണ്ടാകും മഹാത്മനാം.
തദ്വൈഭവംകൊണ്ടു ദുഃഖമെപ്പേരുമേ
സദ്യഃ ശമിപ്പിക്കുമെന്നറിഞ്ഞിട്ടു നീ.
വിദ്വജ്ജനങ്ങൾ ഭവാനെപ്പുകഴ്ത്തുന്നു
വിക്ഷേപമെന്തെടൊ [1] മാന്മഥന്തേ വിഭോ ! "
ഇത്ഥം മധുകരഭാഷിതം കേട്ടാശു
ചിത്തം തെളിഞ്ഞൊരു ജീമൂതവാഹനൻ
പ്രത്യഗ്രചന്ദനപല്ലവത്തെക്കൊണ്ടു്
മെത്തിച്ചമച്ചൊരു മെത്തയെപ്രാപിച്ചു,
തത്ര ശയിച്ചു മധുകരനോടുടൻ
"സ്വസ്ഥനായേനഹ," മെന്നു ചൊല്ലീടിനാൻ.
ചിത്രം ! മലയവതിയുമതുനേരം
അത്തൽ സഹിക്കരുതാഞ്ഞു പുറപ്പെട്ടു,
ഗൌര്യാശ്രമം പുക്കു ഭൂരുഹശാഖയിൽ
ധൈര്യാനുചിതമൊരു പാശവും ബന്ധിച്ചു,
ദേവിയെ വീണു നമസ്കാരവും ചെയ്തു,
കേവലമൊട്ടു നേരം കരഞ്ഞങ്ങിനെ :—
'അന്യജന്മത്തിങ്കലെന്നാകിലും മമ
ധന്യോത്തമനായ ജീമൂതവാഹനൻ
കാന്തനാകേണമതിന്നു ഭയാങ്കുരം
ശാന്തേ ! നമുക്കരുതേണം ഭഗവതി ! "
എന്നിത്ഥം പറഞ്ഞാശു പാശാന്തവും
ചെന്നു പിടിച്ചു തനാംഗി നില്ക്കും വിധൌ,
ആർത്തനാദം കേട്ടു വിദ്യാധരാധിപൻ

[1] 'മന്മഥന്തേ' എന്ന പാഠം (ക. പ്ര.) ശരിയല്ല.

പേർത്തു വയസ്യനോടൊന്നിച്ചു തത്ര പോയ്,
ചെററു ദൂരത്തു മറഞ്ഞു നിന്നമ്പോട്ടു
മുററും വിലോകനം ചെയ്തു കാർവേണിയെ.
തന്നെക്കുറിച്ചുള്ള മാരമാൽമൂലമായ്
തന്നുടെ ജീവഹാനിക്കൊരുമ്പെട്ടതും,
കണ്ടു സന്തോഷവും ദുഃഖാതിരേകവും
പൂണ്ടു നില്ക്കും ദശായാം മഹാദേവിയും,
ചിത്രം! മലയവതിയോടരുൾ ചെയ്തു:—
" ചിത്തസന്താപമെല്ലാരും വെടിക നീ
വത്സേ! തുടങ്ങൊലാ [1] കർമ്മങ്ങളീവിധം
മത്സേവയാൾക്കും പഴുതാകയില്ലെടോ!
ആമോദഭാരേണ ഭൂചക്രവർത്തിയാം
ജീമൂതവാഹനൻ നിന്റെ പതിയാകും."
ഗൌരീവരം ലഭിച്ചോരു നേരം പുന-
രാരാൽ ദയിതനെക്കണ്ടു സുതനുവും
ലജ്ജാഭരേണ മുഖം താഴ്ത്തി നിന്നുടൻ.
മജ്ജനവും ചെയ്തു സന്തോഷവാരിധൌ.
അപ്പോളൊരു ചേടി വന്നു ചൊല്ലീടിനാ,
" ഉൽപന്നമായി ഭവതിക്കു ഭാഗ്യവും.
ദൈവാനുകൂല്യം വരുന്ന കാലം പുന-
രേവർക്കുമേവം ഭവിച്ചു ഞായം ദൃഢം.
ഉത്സവകാലം നമുക്കു സമാഗതം,
ത്വത്സമയായില്ല നാരിമാരാരുമേ.
മിത്രവസുവാം ഭവതിതൻ സോദര-
നെത്രയും മോദിച്ചു താതനിയോഗേന,
കോമളരൂപവതിയായ നിന്നെയും
ജീമൂതവാഹനന്നായ്ക്കൊണ്ടു നൽകുവാൻ,
ആർജ്ജിച്ചുപകരണങ്ങളെല്ലാരുമ-
ങ്ങൂർജ്ജിതലഗ്നവും പാർത്തിരുന്നിടുന്നു."
എന്നിവണ്ണം കേട്ടു സുന്ദരീമൌലിയും
മന്ദഹാസം പൂണ്ടവളോടുകൂടവെ,
ചെന്നു തന്നന്തഃപുരത്തിലകം പുക്കു.

---

[1] 'സാഹസ കർമ്മങ്ങൾ' എന്നു മം. പ്ര.

മന്ദേതരം തദാ ജീമൂതവാഹനൻ
താതാന്തികം പുക്ക ചേതോവിമോഹനൻ
പാദാഭിവന്ദനം ചെയ്തോരനന്തരം,
പ്രത്യക്ഷസ്യത്ഥായ ജീമൂതകേതുവും
പ്രീത്യാ തനയനാശീൎവ്വാദവും ചെയ്തു,
സാമോദഭാരം വിവാഹോചിതങ്ങളാം
ശ്രീമയാലങ്കാരമെല്ലാമണിയിച്ചു,
അററമില്ലാതവിദ്യാധരന്മാരുമായ്
മുററും വിവാഹാൎത്ഥമായയച്ചീടിനാൻ.
ചൊല്ലാം ചുരുക്കി ഞാൻ ജീമൂതവാഹനൻ
മല്ലാക്ഷിയെച്ചെന്നു പാണിഗ്രഹം ചെയ്തു,
തന്റെ നികേതനം പുക്ക മനോഭവൻ
തന്റെ വിലാസങ്ങളാസ്വദിച്ചീടിനാൻ.
അന്നു തുടങ്ങീട്ടു മിത്രവസുവിനോ-
ടെന്നും പിരിയാതെ നാനാദിഗന്തരേ,
ലീലാവിശേഷങ്ങളാദരിച്ചനഹ-
മാലോലകുണ്ഡലോദ്ദ്യോതഗണ്ഡസ്ഥലൻ
സഞ്ചരിക്കുംവിധൌ പഞ്ചബാണോപമ-
നഞ്ചാതെ ചെന്നു ജലനിധിവേലയിൽ;
അൽഭുതമോരോന്നു കണ്ടു കണ്ടങ്ങിനെ
കെല്പിയന്നാനന്ദമോടു നടക്കുമ്പോൾ,
കണ്ടാനെരെടത്തൊരദ്രികൂടംപോലെ
കണ്ടാൽ ഭയങ്കരമാകും[1]മസ്ഥിവ്രജം,
സംഹാരരുദ്രൻ പ്രളയകാലേ ഭൂത-
സംഹാരവും ചെയ്തുകൂട്ടിയപോലെ.
കഷ്ടമെന്നോൎത്തു വിദ്യാധരാധീശ്വര-
നിഷ്ടനാം സ്യാലനോടാശു ചോദിക്കയാൽ,
മിത്രവസുവുമവനോടു ചൊല്ലിനാൻ :—
"മിത്രമിതിൻ മൂലമാകവേ കേൾക്കെടോ !
പണ്ടു ഗരുഡൻ ഭുജഗോത്തമന്മാരെ-
ക്കൊണ്ടിങ്ങു വന്നതിമാത്രം ഭുജിക്കയാൽ,

---

1 'അസ്ഥിപുഞ്ജം' എന്നു മം. പ്ര. ആ പാഠം ഇത്ര നന്നല്ല.

വംശക്ഷയം വരുമെന്നോൎത്തു വാസുകി
[1]സംശിതചേതനനേവമുരചെയ്തു :—
'പന്നഗാരാതേ! ജയിക്ക ഭവാൻ പുന-
രെന്നുടെ വാക്യം ചെവി തന്നു കേൾക്കണം.
സംശയം കൈവെടിഞ്ഞേവം തുനികിൽ നീ,
വംശക്ഷയം വരും ഞങ്ങൾക്കറികെടോ!
വിക്രമംകൊണ്ടു ഭവാനെ ജയിപ്പതി—
നിക്കണ്ടവരാരുമാളല്ല നിൎണ്ണയം.
വാസരംതോറുമേകൈകഭുജംഗമം
ഭാസുരകാര! നിനക്കു ഭുജിക്കുവാൻ,
ഇന്നു തൊട്ടേഷ ഞാൻ തന്നുകൊള്ളാം വിഭോ!
നിന്നുടെ സമ്മതി വേണമതിന്നഹോ!'
ഇത്തരം നാഗാധിരാജനാം വാസുകി
ചിത്താഭിലാഷമൎത്ഥിക്ക നിമിത്തമായ്,
വൈനതേയൻ കേട്ടനുവദിച്ചാനതു.
ദിനത പൂണ്ടന്നു തൊട്ടു നാഗങ്ങളും
നിത്യമൊരുവനിവിടെ വന്നെത്തിടും,
ക്ഷുത്തും പൊറാഞ്ഞു ഭുജിക്കും ഗരുഡനും.
കാലമീവണ്ണമനേകം കഴികയാൽ
തോലും ഞരമ്പുമെല്ലാം നിറഞ്ഞിസ്ഥലം
പൎവ്വതകൂടം കണക്കെസ്സുദുൎഗ്ഗമം,
സൎവ്വജന്തുക്കൾക്കുമേററം ഭയപ്രദം."
ഇത്ഥം പറഞ്ഞു കാൎയ്യാന്തരവ്യഗ്രനായ്
മിത്രവസുവും ഗമിച്ചോരനന്തരം,
ഏകാകിയായത്ര ജീമൂതവാഹനൻ
ശോകാതിഭാരം വഹിച്ചു വിഷണ്ണനായ്,
സംസാരമെല്ലാമസാരമെന്നോൎത്തതി-
നിശ്വാസവും പൂണ്ടു സഞ്ചരിക്കുംവിധൌ;
കണ്ടാനെരേടത്തൊരു വൃദ്ധാനാരിയെ-
പ്പണ്ടാക്കമില്ലാത്ത ദുഃഖനിമഗ്നയായ്.
പൂൎണ്ണേന്ദുബിംബസമാനവദനയായ്,
സ്വൎണ്ണപ്രഭാഞ്ചിതചാരുശരീരനായ്,
മാണിക്യരത്നോല്ലസൽഫണശൃംഗനായ്,

[1] സംശിതം=നിശ്ചയമുള്ള ; മൂൎച്ചയുള്ള

പ്രാണിസംഘത്തിലത്യന്തം ദയാലുവായ്,
ആനന്ദരൂപനായോരു കുമാരനെ
മാനിച്ചു മൂർദ്ധ്നി മുകൎന്നുമുകൎന്നുടൻ,
കണ്ണുനീരാറായൊലിക്കും പരിചഹോ !
ധന്യയാം നാരീ കരഞ്ഞു തുടങ്ങിനാൾ :—
" കണ്ണിനാനന്ദമേകുന്ന കുമാരക !
പൂർണ്ണേന്ദുബിംബാനന ! സത്വവാരിധേ !
ശംഖപാലമഹാവംശമുക്താമണേ !
ശംഖചൂഡ ! കാന്തിസാരനികേതമേ !
പേശലമായൊരു നിന്റെ കളേബര-
മേശുന്നതെങ്ങിനെ താർക്ഷ്യചഞ്ചുക്കളിൽ ?
ഭീതനായോരു നാഗാധി രാജൻ പുന-
രേതുമറിയാതെ ബാലനാം നിന്നെയും
വൈനതേയന്നു ഭുജിപ്പതിന്നേകുവാൻ
നൂനമുണ്ടായീലവന്നു ശങ്കാങ്കുരം.
ഇക്ഷണം നിന്റെ കളേബരത്തിന്നഹോ !
രക്ഷിതാവായി ഞാനാരെയും കണ്ടീല."
ഇത്തരമോരോ തരം വിലപിച്ചവൾ
പുത്രനെസ്സത്വരമാശ്ലേഷവും ചെയ്തു,
കേഴുന്നതു കണ്ടു ജീമൂതവാഹനൻ
ആഴമുള്ളോരു ദുഃഖാംബുധൌ മുങ്ങിനാൻ.
പിന്നെപ്പതുക്കവേ വൃദ്ധാംഗനാന്തികേ
ചെന്നൊന്നു മന്ദമവളോടുരചെയ്തു :—
" ദുഃഖിക്കരുതു മാതാവേ ! ഭവതിക്കു
സൽക്കാരവാക്കുരചെയ്കയല്ലേഷ ഞാൻ.
എന്റെ ശരീരം ത്യജിച്ചുമിതുകാലം
നിന്റെ തനൂജനെ രക്ഷിച്ചുകൊള്ളുവൻ.
ഓൎക്കെടോ ! നിസ്സാരമായസംസാരത്തി-
ലാൎക്കു ലഭിക്കും പരോപകാരാമൃതം ?
നശ്വരമായുള്ള ദേഹം ധരിപ്പോൎക്കു
നിശ്ശേഷസാരസമുച്ചയമോൎക്കിലോ !
ലോകേ പരോപകാരത്തോടു തുല്യമായ്
ശോകം വിനാ കേൾക്ക മറ്റൊന്നുമില്ലഹോ,

പാരം സുകൃതികളെന്നിയേ ലോകത്തി—
ലാരെടോ ! തൽപുണ്യമാചരിക്കുന്നവൻ ?
വിദ്യാധരേന്ദ്രനെക്കണ്ടു വൃദ്ധാംഗനാ
സദ്യോ നിരൂപിച്ചു താർക്ഷ്യനെന്നിങ്ങിനെ.
പുത്രനെശ്ശീഘ്രമൊളിച്ചു തൽപാദത്തി-
ലെത്രയും ഭീത്യാ നമസ്കരിച്ചീടിനാൾ.
വേപഥുഗാത്രിയായ് നില്ക്കുന്നതു കണ്ടു,
താപേന വിദ്യാധരേന്ദ്രനുരചെയ്തു :—
" നൂനം വിഹംഗമനായകനല്ല ഞാ-
നാനന്ദഭാരം വഹിക്ക നീ മാനസേ.
എന്റെ ശരീരവ്യയേന നിൻ നന്ദനൻ
തന്റെ പരിത്രാണമിച്ഛിച്ചനാകുലം,
വന്നോരു വിദ്യാധരനെന്നറിക മാം,
ഒന്നുകൊണ്ടും വിഷാദിക്കൊലാ നീ വൃഥാ "
നാഗമാതാവുമതു കേട്ടു ചൊല്ലിനാൾ :—
" സ്വാഗതമല്ലയോ ഭദ്രമൂർത്തേ ! തവ ?
നന്ദനീയാകര ! പുണ്യപയോനിധേ !
നന്ദനൻ നീ മമ ശംഖചൂഡാധികൻ,
കല്പകാലങ്ങളനേകം കഴിവോള-
മുൽപന്നമേദേന ജീവിച്ചിരിക്ക നീ.
കാന്തിക്കിരിപ്പിടമാമിക്കളേബരം
ശാന്തമതേ ! കൈവെടിയരുതെന്നുമേ. "
മാതാവിവണ്ണം പറഞ്ഞോരനന്തര-
മാതങ്കമെന്നിയേ ശംഖചൂഡൻ തദാ
അഞ്ജലിബന്ധവും ചെയ്തു വിനീതനായ്,
മന്ദസ്മിതം പൂണ്ടവനോടുരചെയ്തു :—
" പൂർണ്ണേന്ദുദർശനംകൊണ്ടുള്ള സമ്മോദം
പൂർണ്ണമായ്‌വന്നു ഭവദ്ദർശനേന മേ.
കഷ്ടം ! മദീയരക്ഷാർത്ഥം ഭവാനിഹ
പെട്ടെന്നു ജീവനത്യാഗം നിനച്ചതും.
കാണുന്നതുണ്ടോ തൃണത്തിനെ വേണ്ടീട്ടു
മാണിക്യരത്നവിക്രീണനം ചെയ്വതും ?
മാദൃശന്മാരിബ്ഭവജലരാശിയി-

ലീദൃശമൊന്നല്ലസംഖ്യമുളവായി.
ഒട്ടല്ല മല്പിധന്മാരിമ്മരിച്ചവർ,
തൊട്ടെണ്ണിയാലുമൊടുക്കമുണ്ടായ്‌വരാ.
കൌസ്തുഭരത്നത്തിലെന്നപോലെ പുന—
രുല്ഭവമുണ്ടോ ഭവാദൃശന്മാർക്കഹോ ?
സത്വോജ്ജ്വലമിത്തനുവിനൊഴിഞ്ഞു ഞാ-
നിത്തരം വാക്യവും കേൾക്കുമാറില്ലഹോ !
ഒന്നുണ്ടു വേണ്ടൂ, ഭവാനതു കേൾക്കണെ—
മെന്നുടെ മാതാവു സന്താപവിഹ്വലാ.
ഏനാം സമാശ്വസിപ്പിക്ക മഹാമതേ !
നൂനമതുകൊണ്ടു ഞാനും കൃതാർത്ഥനാം."
ശംഖചൂഡോദിതം കേട്ടു വിദ്യാധരൻ,
[1] ശങ്കാം വെടിഞ്ഞവനോടു ചൊല്ലീടിനാൻ :—
"പുത്രനായുള്ളൊരു നിന്നെയും കൈവിട്ടു
വൃദ്ധയാം നാരി ജീവിക്കുമോ, ചൊല്ലെടോ !
പുത്രദുഃഖത്തിൽപ്പെരുതായ സങ്കട-
മിത്രിലോകത്തിങ്കൽ മററുമെന്താകുന്നു ?
മാതാവിനെപ്പരിപാലനം ചെയ്‌വതി—
നേതാനുമുണ്ടഭിലാഷമെന്നാകിലോ,
എന്നെഗ്ഗരുഡനു തിന്മാൻ കൊടുത്തു ഞാൻ
നിന്നെ വിടുന്നതുണ്ടെന്നേ ശുഭം വരൂ.
നീ മരിച്ചാകിലിവളും മരിച്ചിടും,
ധീമൻ ! ഭവാൻ ഗുണമേതെന്നു ചിന്തിക്ക.
മൽക്കാര്യമൊന്നുപേക്ഷിക്കിലതു മൂല—
മിക്കാലമിക്കണ്ട നിങ്ങളിരുവരും
ജീവിച്ചിരിക്കുമതുകൊണ്ടെനിക്കുമി—
ങ്ങാവിർഭവിക്കും പരലോകസൌഖ്യവും."
എന്നുപറഞ്ഞതു സമ്മതിച്ചീടുവാൻ
ചെന്നു ഫണിവരൻ കാൽക്കൽ വീണീടിനാൻ.
സംബന്ധമേതുമില്ലാത വിദ്യാധര—
നിർബ്ബന്ധമിങ്ങിനെ കേട്ടു ഫണിവരൻ,
സമ്മതിക്കേണ്ടതൊഴിഞ്ഞു മറെറതുമേ
സമ്മതിപ്പാനെളുതല്ലെന്നുറച്ചവൻ

1 'ശങ്ക വെടിഞ്ഞു' എന്നു മം. പ്ര.

ചൊല്ലിനാൻ ജീമൂതവാഹനൻ തന്നോടു :—
" നല്ലതല്ലേതുമെനിക്കിതു മന്നവ !
ശംഖധവളയശസ്സിൻ നികേതമാം
ശംഖപാലൻെറ മഹാകുലമിന്നു ഞാൻ
സത്വമില്ലാഞ്ഞു കളങ്കിതമാക്കുവാൻ
സത്വരാശേ ! പുനരാളാകയില്ലെടോ !
കാലമടുത്തുകൂടി, പന്നഗാശന-
നാലോലപക്ഷനായാശു വന്നെത്തിടും.
ഗോകർണ്ണനാഥനെസ്സേവിച്ചതിൽ പരം
ശോകംവിനാ വിന്ധ്യശൈലം ഗമിക്കണം.
പോകുന്നു ഞാൻ താമസിക്കരുതേതുമേ,
ലോകവിഖ്യാതനായ് വാഴ്ക നീയനഘം."
ഇത്ഥം പറഞ്ഞവൻ പോയോരനന്തരം
ചിത്രം ! ജനനിയും പിമ്പേ നടകൊണ്ടു.
ജീമൂതവാഹനൻ താനുമതു നേരം
ആമോദഹീനനായ് നില്ക്കും ദശാന്തരേ,
കല്പാന്തകാലേ [1]ജഗൽപ്രണാശാർത്ഥമാ-
യുൽപന്നകോപം ചരിക്കും പ്രഭഞ്ജനൻ
അംബരമാർഗ്ഗേ തുടൎന്നിതു താണ്ഡവ-
മംബുധിജാലമിളകി മറിഞ്ഞുതേ-
പിന്നെക്ഷണേന നഭസ്ഥലമെങ്ങുമേ
സ്വർണ്ണപ്രഭാപരിപൂരിതമായ്വന്നു.
" മേരുഗിരിപ്രഭാജാലം പരക്കയോ ?
ദൂരം ബഡവാനലാഭ വരികയോ ? "
ഇത്ഥം നിരൂപിച്ചു വിദ്യാധരേശ്വരൻ
ചിത്തേ ഗരുഡാഗമമെന്നറിഞ്ഞുടൻ,
വെക്കം നടന്നു വിന്ധ്യാചലം പ്രാപിച്ചു,
രക്താംശുകംകൊണ്ടു മൂടി ശരീരവും.
" ജന്മങ്ങളെല്ലാം പരോപകാരാർത്ഥമായ്
സമ്മോദമാൎന്നരുളേണമേ ദൈവമേ ! "
ഇത്ഥം നിരൂപിച്ചു മത്തേഭവിക്രമൻ

---

[1] 'ജഗൽപ്രണോദാർത്ഥമായ്' എന്നു മം. പ്ര.
പ്രണോദം = പ്രേരണം ; നടത്തൽ.

ചിത്തപ്രസാദേന തത്ര വാഴും വിധൌ,
ആകാശമാൎഗ്ഗേ വിനതാതനയനും
[1] ലോകക്ഷയോദ്ധൃതപാവകനെപ്പോലെ.
പക്ഷവിക്ഷേപാരവംകൊണ്ടു സന്ത്രാസ-
മീക്ഷിതിവാസികൾക്കാവിൎഭവിപ്പിച്ചു.
വിദ്ധ്യാധരേന്ദ്രനെക്കൊത്തിയെടുത്തുടൻ,
ഉദ്യോഗമോടു നഭസ്ഥലം പ്രാപിച്ചു,
മേല്പോട്ടുമങ്ങു കീഴ്പ്പോട്ടും പറന്നുടൻ,
കെല്പോടു [2] ചക്രഭ്രമിക്കായൊരുമ്പെട്ടു.
തൽക്ഷണേ ജീമൂതവാഹനമസ്തകേ
തീക്ഷ്ണങ്ങളായ നഖങ്ങൾ പതിക്കയാൽ,
വിദ്യോതമാനമായോരു ചൂഡാരത്ന-
മുദ്യദ്രുധിരപ്രവാഹസമന്വിതം,
മാംസഖണ്ഡത്തോടനുസക്തമായ് രൂപ-
ഭാസുരയായ മലയവതി തന്റെ
അങ്കേ പതിച്ചതു നേരമവളുമാ-
തങ്കേന മൂൎച്ഛിച്ചു വീണു മഹീതലേ.
ചെററുനേരംകൊണ്ടു സംജ്ഞയേയും ലഭി-
ച്ചുററമില്ലാതൊരു ദുഃഖേന ബാലിക,
ജീമൂതകേതുതൻ സന്നിധൌ ചെന്നാശു
കോമളാംഗീ വൃത്തമെല്ലാമറിയിച്ചു.
തന്നുടെ വിദ്യയാ വിദ്യാധരാധിപൻ
ധന്യനാം പുത്രനു വന്നോരനൎത്ഥങ്ങൾ
ഊഹിച്ചറിഞ്ഞു ജായാസ്നുഷാപേതനായ്
മോഹിച്ചു മാനസത്തോടും പുറപ്പെട്ടു.
സൌപൎണ്ണചേഷ്ടിതമെല്ലാമറിഞ്ഞുടൻ
[3] സൌപൎണ്ണിയാം ശിലാമുദ്വീക്ഷ്യ പോകുമ്പോൾ
[4] തൃക്ഷതനൂജനമാകാശദേശതോ

---

[1] 'ലോകക്ഷയോദ്യോതപാവകനെ' എന്നു ക. പ്ര.

[2] ചക്രഭ്രമിക്കായ് = വട്ടത്തിൽ ചുററുവാനായിട്ട്.
'ചക്രഭ്രമിക്കായ്' എന്നു ക. പ്ര.

[3] 'സൌവൎണ്ണയാം' എന്നു മം. പ്ര.

[4] 'തൎക്ഷ്യതനൂജൻ' എന്നു മം. പ്ര.

വെക്കം ധരാധരശൃംഗം പ്രവേശിച്ചു,
തീക്ഷ്ണനഖങ്ങളെക്കൊണ്ടൊട്ടു ഖണ്ഡിച്ചും,
രൂക്ഷചഞ്ച്വാഗ്രവജ്രംകൊണ്ടു ഖണ്ഡിച്ചും,
രക്തത്തിലേററവും സക്തിയുണ്ടാകയാ-
ലത്യന്തപാനവും ചെയ്തു മത്താശയൻ,
മാംസം ഭുജിച്ചും ഞരമ്പുകൾ ഭക്ഷിച്ചും
മാംസളൻ മാധുര്യമോർത്തിട്ടിരിക്കയും,
മേദസ്സെടുത്തു ഭുജിച്ചുമതുകൊണ്ടു
ചേതസ്സിലാമോദഭാരം വഹിച്ചവൻ,
വിദ്യാധരൻെറ മുഖാലോകനം ചെയ്തു,
വിദ്യോതിതാശയനേവമോർത്തിടിനാൻ :—
“ ചിത്രമിവനുടെ ധൈര്യവിജൃംഭണം.
[1] ഇത്രനാളീവണ്ണമാരേയും കണ്ടീല !
കൊത്തിപ്പൊളിച്ചു തിന്നുന്ന ശരീരത്തി-
ലെത്തുന്നതുമഹോ ! രോമാഞ്ചകഞ്ചുകം.
എല്ലൊന്നൊടിച്ചുതിന്നുമ്പോൾ മുഖാംബുജേ
മെല്ലെന്നു മന്ദഹാസം പ്രകാശിക്കുന്നു.
ഗംഭീരസത്വവാനിക്കണ്ട പൂരുഷൻ
അംഭോജതുല്യവദനൻ മനോഹരൻ.
ആരെന്നു ചോദിച്ചറിയേണം, ” മെന്നോർത്തു,
വീരൻ വിനതാതനൂജനുരചെയ്തു :—
“ ധീരജനങ്ങളണിയും മകുടമേ !
വീര ! ഭവാൻ പുനരാരെന്നു ചൊല്ലുക.
അല്പമായ് ശേഷിച്ച ജീവനത്തോടു നീ
ശില്പം പരമാർത്ഥമെന്നോടു ചൊല്ലണം. ”
ഏവം പതംഗേന്ദ്ര ഭാഷിതം കേട്ടാശു,
ജീവശേഷം പൂണ്ട ജീമൂതവാഹനൻ
മന്ദഹാസം പൂണ്ടു മന്ദമുരചെയ്തു :—
“ മന്ദിച്ചുപോകായ്ക ഭക്ഷണത്തിൽ ഭവാൻ.
ആവശ്യമില്ലാത്തതോരോന്നു ചിന്തിച്ചു,
ഭാവക്ഷയം പൂണ്ടിരുന്നീടരുതെടോ !
രക്തം പഴുതിലൊലിച്ചിതാ പോകുന്നു,

[1] ‘ഇത്രനാളീവണ്ണം’ എന്നു തുടങ്ങി അഞ്ചു വരികൾ മം. പ്രതിയിലില്ല.

മിക്കതും ദാഹം നിനക്കു ശമിച്ചീല.
ഒട്ടൊട്ടു മാംസമിനിയുമുണ്ടോക്കെടോ !
കഷ്ടം ! ഭവാനു വിശപ്പൊട്ടടങ്ങീല,
ധൃഷ്ട്യോദ്യമോരോന്നു ചോദിച്ചിരിയാതെ,
[1]പിച്ഛിലമാംസം ഭുജിക്ക നീ വൈകാതെ.
തട്ടശായാം ശംഖചൂഡൻ മഹാമതി,
സദ്യഃ പ്രണമ്യ ഗോകർണ്ണനാഥം ശിവം,
കാലാരിപാദം നിനച്ചുടൻ വിന്ധ്യമാം
ശൈലാധിരാജസവിധേ വരും വിധൌ,
വിദ്യാധരേന്ദ്രനെക്കൊണ്ടങ്ങു താർക്ഷ്യനും
സദ്യോ നഭസ്ഥലം പ്രാപിച്ചതു കണ്ടു,
വജ്രരുഗ്ണാചലം പോലെ പതിച്ചവൻ
ഉഗ്രമാമ്മാറു മുറവിളിച്ചേററവും,
തന്നുടെ ജീവനത്യാഗത്തെ നിശ്ചയി—
ച്ചന്യായമോർത്തു കരഞ്ഞു തുടങ്ങിനാൻ :—
"ഹാ : സത്യശൌര്യധൈര്യൌദാര്യവാരിധേ !
ഹാ ! ഹാ ! കരുണാനിധേ ! മനോമോഹന !
ഹാ ! ഹാ ! മഹാമതേ ! നിർമ്മലവത്സല !
ഹാ ! ദീനരക്ഷാപരായണ ! ശ്രീനിധേ !"
ഏവം വിലപിച്ചു തൂർണ്ണം ശിലോച്ചയ-
മാവിശ്യ താർക്ഷ്യനോടേവമുരചെയ്തു :—
"ഹാ ! ഹാ ! മഹാമതേ ! വൈനതേയ ! ഭവാൻ
സാഹസകർമ്മം തുനിഞ്ഞതെന്തിങ്ങിനെ ?
വിദ്യാധരേന്ദ്രനെക്കൊന്നുതിന്നീടുവാൻ
ഉദ്യമം പൂണ്ടതനുചിതമെത്രയും.
നാഗഭ്രമമുളവായിടുവാനൊരു
[2]സംഗതിയില്ല, സൂക്ഷിക്കതദ്വിഗ്രഹം.
[3]സ്വസ്തികം വക്ഷസ്സിലുണ്ടു സർപ്പങ്ങൾക്കു,
മസ്തകം തന്നിൽ ഫണരത്നവും തഥാ.
ഇന്നു നിനക്കു ഭുജിപ്പാൻ നിയോഗിച്ചു

---

1 പിച്ഛിലമാംസം = പശയുള്ള (വഴുതുന്ന) മാംസം.

2 'മോഹത്തിനില്ല സൂക്ഷിക്ക തദ്വിഗ്രഹം' എന്നു മം. പ്ര. (?)

3 'സ്വസ്തികം' എന്നു തുടങ്ങി 'പന്നഗം' എന്നു വരെ മം. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

പന്നഗം ഞാനെന്നറിക മഹാമതേ!
കണ്ടറിയേണമെന്നുണ്ടാകിലെന്നുടെ
രണ്ടു ജിഹ്വാതലം കണ്ടു ബോധിക്കടോ!"
ഇത്ഥം പറഞ്ഞവൻ ജിഹ്വയും വക്ഷസ്സു-
മുടം തുറന്ന് ധൈര്യ്യേണ കാട്ടിക്കൊടുത്തുടൻ,
"എന്നെബ്ഭുജിച്ചു വിശപ്പടക്കീടുക,
ധന്യനിവനെ ബ്ഭുജിപ്പതു യോഗ്യമോ?
ജീമൂതവാഹനതുല്യനായുള്ളൊരു
ജീമൂതവാഹനനേഷ വിദ്യാധരൻ."
ശംഖചൂഡൻ വചസ്സിങ്ങനെ കേൾക്കയാൽ
ശങ്കയും പൂണ്ടു പതംഗാധിരാജനും,
അസ്ഥിമാത്രേണ ശേഷിച്ച വിദ്യാധരം
തത്ര വിക്ഷിപ്യ ദൂരത്തു വാങ്ങി ദ്രുതം.
"കഷ്ടമെനിക്കുള്ള ദൌഷ്ട്യം," മെന്നോർത്തവൻ
പെട്ടെന്നു ഖേദിച്ചിരിക്കും ദശാന്തരേ.
ജീമൂതകേതുവും ഭാര്യയോടൊന്നിച്ചു
കോമളവാണി മലയവതിയുമായ്,
തൽപ്രദേശം പുക്കു ഭർത്താവിനെ ക്ഷിതി
തല്പേ കിടപ്പതും കണ്ടു മനോഹരി,
കത്തിജ്ജ്വലിക്കുന്ന താപമഹാനല-
നെത്തിപ്പിടിപെട്ടു വീണു മഹീതലേ.
ജീമൂതകേതുവും പുത്രനെക്കണ്ടാശു
ഭൂമൌ മരാമരം വീഴുന്നതുപോലെ
മൂർച്ഛിച്ചു വീണതു കണ്ടു ജനനിയും
[1]തൻചിത്തതാപം സഹിയാഞ്ഞതു നേരം,
പുത്രശരീരം തലോടിപ്പതുക്കവേ,
ചിത്തതാപേന കരയുന്നതു നേരം,
അസ്ഥിമാത്രേണ ശേഷിച്ചു ഭൂമൌ വീണു
മൃത്യുവശനായ ജീമൂതവാഹനൻ

[1] ചിത്ത താപം സഹിയാഞ്ഞങ്ങതു നേരം എന്ന പാഠം (മ. പ്ര.) കുറച്ചുകൂടി നന്ന്.
[1] 'സാല്പമായ്' എന്നു തുടങ്ങി രണ്ടു വരികൾ മം. പ്രതിയിലില്ല.

[1]സ്വല്പമായ് ശേഷിച്ച ജീവനുണ്ടാകയാൽ
അപ്പോഠം ജനനിയോടൊന്നു ചൊല്ലീടിനാൻ :—
" നിശ്ചിതാപായമാം പുത്രശരീരത്തി-
ലിച്ഛയുണ്ടെന്തിനമ്മേ! കരഞ്ഞീടുന്നു ?
ജാതനായാലവനെത്തും മരണവും,
ചേതസി സന്ദേഹമുണ്ടോ തവാധുനാ ?
യാതൊരു മൎത്ത്യൻ പരോപകാരാൎത്ഥമായ്
സാദരം തന്റെ ശരീരസമൎപ്പണം
ചെയ്യുന്നതോൎത്താലവനു സമാനനായ്,
പൊയ്യല്ല, പുണ്യവാനില്ലെന്നറിയേണം. "
ഇത്ഥം പറഞ്ഞു വിദ്ദ്യാധരധരനാഥനും
ചിത്രം പരേതരാജാലയം പ്രാപിച്ചു.
[1]ശോകാതിരേകേണ ജീമൂതകേതുവും
ലോകാന്തരത്തെ പ്രവേശിച്ചതുപോലെ
ഹാ! ഹാ! നിനാദവും പൂണ്ടു കേഴുംവിധൌ,
മോഹബലേന മലയവതി തദാ,
ഭൎത്താവിനോടുകൂടെപ്പരലോകേഷു
ചിത്താനുകൂലമാമ്മാറു രമിക്കുവാൻ
ചിത്തതാരിങ്കലുറച്ചതു കാരണം
സുസ്തനി ചെററും വിഷാദം നടിച്ചീല
പുത്രസംസ്കാരത്തിനായ്ച്ചിത കൂട്ടുവാൻ
അത്ര സന്നദ്ധനായ് ജീമൂതകേതുവും,
തന്നുടെ ഭാൎയ്യയോടൊന്നു ചൊല്ലീടിനാൻ :—
" ധന്യേ! വിഷാദിക്കരുതു നീ തെല്ലുമേ.
പുത്രനോടൊന്നിച്ചു ഞാനും ചിതാഗ്നയിൽ
തത്ര വീണാൽപ്പിന്നെ നീയും പതിക്കെടോ! "
ശംഖചൂഡൻ താനതു കേട്ടു ചൊല്ലിനാൻ :—
" ശങ്കിക്കരുതെനിക്കുമതു സമ്മതം.
വല്ല കണക്കിലും ഞാൻ ചിത കൂട്ടിടാം,
നല്ലതിനി മരണം നമുക്കേവൎക്കും. "
എന്നുരചെയ്തവനിന്ധനമാൎജ്ജിച്ചു,
നന്നായൊരു ചിതയെപ്പടുക്കുംവിധൌ,

[1] 'ശോകാതിഭാരേണ' എന്നു മം. പു.

ദുഃഖവും പൂണ്ടു വിനതാതനൂജനും
"ഒക്കയുമെന്നുടെ ദോഷം," മെന്നോൎത്തവൻ,
"ദേവലൊകം പുക്കമൃതമെടുത്തു ഞാൻ
കേവലമിക്ഷിതൌ വക്ഷിച്ചതിദ്രുതം,
മൃത്യുലോകം പ്രവേശിച്ചോരിവരെയും
സ്വസ്ഥരാക്കീടുന്നതിനില്ല സംശയം.
ഞാൻ ചെന്നു പീയൂഷമാഹരിക്കുംവിധൌ,
താൻ ചെററു കോപിച്ചു വൃത്രനിഷൂദനൻ
ദേവസൈന്യങ്ങളോടൊന്നിച്ചു വന്നുടൻ,
കേവലമെന്നെത്തടുപ്പാൻ തുനികിലോ,
മച്ചഞ്ചുപക്ഷനഖങ്ങൾക്കു തങ്ങളിൽ
മെച്ചമാക്കെന്നറിവാൻ സംഗതി വരും.
അന്തകൻ വന്നു തടുത്തു വെന്നാകിൽ ഞാൻ
അന്തകനന്തകനായ്‌വരും നിൎണ്ണയം.
മൂൎത്തികൾ മൂവ്വരെപ്പോലും ജയിപ്പതി-
നോൎത്താലെനിക്കില്ല സന്ദേഹമേതുമേ.
താമസിക്കില്ലേ," നുരച്ചു ഗരുഡനും
പോയുമറഞ്ഞീടിനാനാകാശവീഥിയിൽ.
തീൎത്തു ചിതയെത്തദാ ശംഖചൂഡനും,
ചേൎത്തു ഹുതാശനെത്തത്ര സസംഭ്രമം.
"ഞാൻ മുമ്പിൽ ഞാൻ മുമ്പി" ലെന്നവർ തങ്ങളിൽ
അമ്പുററു ചെററു വാദിക്കും ദശാന്തരേ,
ബാലേന്ദുശേഖരൻ തന്നുടെ വല്ലഭാ,
നീലാംബുജോപമലോചനാ പാൎവ്വതി,
ഭക്തവാത്സല്യം നിമിത്തമായ് തൽക്ഷണേ
ഭുക്തിമുക്തിപ്രദാ കാരുണ്യമന്ദിരാ,
അംഭോജചാരുകാരാന്തരേ പീയൂഷ-
കുംഭം ധരിച്ചവിടേക്കെഴുന്നെള്ളിനാൾ.
എല്ലാവരെയുമവരാലോകനം ചെയ്തു
മെല്ലെ മലയവതിയോടരുൾ ചെയ്തു :—
"എന്തു ബാലേ! സാഹസം നീ തുനിയുന്നു
കിന്തു ഞാൻ നിന്നെപ്പരിത്യജിച്ചീടുമോ?

ഭക്തജനത്തിന സങ്കടം കാണുകിൽ . . . .

ധിക്കൃതമാമെന്നെ ഞാനും തദാ നിന്ദിക്കും.”
എന്നരുളിച്ചെയ്തമൃതമെട്ടുരുത്തുടൻ,
ചെന്നു വിദ്യാധരൻ മെയ്യിൽത്തളിച്ചഹോ!
പൊൽത്തളിരൊത്ത തൃക്കൈകൾ രണ്ടുംകൊണ്ടു
ചന്തമോടാപാദചൂഡം തലോടിനാൾ.
“ചക്രവർത്തിത്വവും പൂണ്ടനേകം കാലം
വിക്രമിയായ് വാഴ്ക നീയെ,” ന്നരുൾചെയ്തു,
വെക്കമന്തർദ്ധാനവുംചെയ്തു ദേവിയും.
തൽക്ഷണേ വിദ്യാധരാധിനാഥൻ താനും,
ജീവിച്ചെഴുന്നേറ്റു താതപാദാംബുജേ
കേവലം വീണു നമസ്കാരവും ചെയ്തു.
മുമ്പിലേക്കാളും ശരീരത്തിനെത്രയും
വമ്പിയലുന്നൊരു കാന്തിയും പൂണ്ടവൻ,
ശംഖചൂഡന്റെ മുഖം നോക്കി മന്ദഹാ-
സാങ്കുരം പൂണ്ടു നിന്നീടും ദശാന്തരേ.
താർക്ഷ്യനുമാകാശദേശത്തിൽനിന്നതി-
ത്രുക്ഷമമൃതവർഷം തുടങ്ങീടിനാൻ.
അസ്ഥിമാത്രങ്ങളായുള്ളോരു സർപ്പങ്ങൾ
ചിത്ര! മത്തുനേരമാകവേ ജീവിച്ചു.
കായത്തിലേതാനുമൊന്നു കിടന്നുള്ളോ-
രായത്തസത്വസംഘാതങ്ങളൊക്കെയും
തൽക്ഷണേ ജീവിച്ചുദഗ്രബലം പൂണ്ടു,
ഭക്ഷണവും തിരഞ്ഞാത്തു നടകൊണ്ടു.
വിദ്യാധരേന്ദ്രൻ ഗരുഡകാരുണ്യമോ-
ത്തുദ്യൽപ്രമോദം പുകഴ്ത്തിനിന്നു തദാ.
ആസാരവും കഴിച്ചാസാദ്യ താർക്ഷ്യനും
ഭാസാം നിധി പുനരേവമുരചെയ്തു :—
“ഞാനറിയാതെ ചെയ്തോരപരാധങ്ങൾ
മാനസേ വീര! കരുതീടരുതു നീ.
വേണ്ടും വരം [1] ലഭിച്ചാലും മഹാമതേ,!
വേണ്ടാ വിഷാദം നിനക്കതിന്നേതുമേ.”
ഇങ്ങിനെ താർക്ഷ്യനുരചെയ്തതു കേട്ടു
മംഗളൻ ജീമൂതവാഹനൻ ചൊല്ലിനാൻ :—
“വേണം വരമെനിക്കൊന്നതു നൽകുവാൻ

---

‘[1] വരിച്ചാലും’ എന്നു മ. പു.

വേണം കൃപാങ്കുരം വൈനതേയ! പ്രഭോ!
ഇന്നു തൊട്ടാശീവിഷങ്ങളെക്കൊല്ലുവാൻ
നിന്നുള്ളിലിച്ഛയുണ്ടാകൊല്ല തെല്ലുമേ.”
താർക്ഷ്യനതു കേട്ടു ബോധിച്ചുരചെയ്തു :—
“സാക്ഷാൽ മദീയതുണ്ഡേ പന്നഗകുലം
വന്നനുവേലം കളിക്കിലും ഞാൻ പുന-
രിന്നു തൊട്ടാരെയും കൊല്ലുന്നതില്ലെടോ!
ശോഭിച്ചിരിക്ക നിൻ കീർത്തി ലോകത്രയേ,
ശോഭമാനാകൃതേ! പോകുന്നു ഞാനിനി.”
എന്നരുൾചെയ്തു വിഹംഗമനാഥനും
ചെന്നു വൈകുണ്ഠമാം ലോകം പ്രവേശിച്ചു.
ചക്രവർത്തിത്വം ലഭിച്ചു വിദ്യാധര-
ചക്രാധിനാഥനും ശ്രീകാഞ്ചനപുരേ,
തന്നുടെ ബന്ധുജനങ്ങളോടൊന്നിച്ചു
ധന്യൻ ഗുരുജനശുശ്രൂഷയും ചെയ്തു
രാജ്യമെപ്പേരും പരിപാലനം ചെയ്തു,
പ്രാജ്യപ്രതാപവാനായ്‌ മരുവീടിനാൻ.”

* * * * * *

ഇത്ഥം കഥപറഞ്ഞാശു വേതാളവും
ധാത്രീശനോടു ചോദിച്ചു സകൌതുകം :—
“സത്യം പറക നീ വിദ്യാധരേന്ദ്രനോ,
സത്വാധികൻ ശംഖചൂഡനോ മന്നവ?”
വിക്രമാദിത്യനതു കേട്ടു ചൊല്ലിനാൻ :—
“ഇക്രമം കേട്ടാലെനിക്കില്ല സംശയം.
സത്വാധികൻ ശംഖചൂഡനെന്നെൻ മതം
സത്വരം ബാലകനെന്നാകിലുമവൻ,
ഔചിത്യമാർഗ്ഗത്തിൽനിന്നിളകായ്കയാൽ
നീചത്വമെത്തുകയില്ലതു നിർണ്ണയം.
ജീമൂതവാഹനൻ ആത്മദാനം ചെയ്തു-
താമോദകാരണമെങ്കിലും കേൾക്കെടോ!
ബോധിസത്വാഖ്യനവൻ [1] പൂർവ്വജന്മനി,
ശോധിച്ചു പാപം ശരീരദാനത്തിനാൽ.

---

[1] ‘പൂർവ്വജന്മനാ ബാധിച്ച പാപം’ എന്നു മം. പ്ര.

പ്രാജ്യമൈശ്വൎയ്യമത്യുന്നതസത്വവും
പൂജ്യം തപസ്സും വിശുദ്ധയാം കീൎത്തിയും
നിൎവ്യാജദാനവും മാനുഷന്മാൎക്കഹോ !
[1] പൂൎവ്വജന്മാൎജ്ജിതമാകിൽ വൎദ്ധിച്ചിടും. ”
മന്നവനിത്ഥം പറഞ്ഞോരനന്തരം
ചെന്നു വേതാളം തരുമുകളേറിനാൻ.

* * * * * * * * *

ആടുന്ന പാമ്പണി മെത്തമേൽ പള്ളികൊ-
ണ്ടീടുന്ന ദേവനോടീടാൎന്ന മന്നവൻ,
കൂടുന്ന ദിവ്യാംഗനമാരൊരുമിച്ചു
പാടുന്ന കീൎത്തിസാരത്തിന്നുടയവൻ,
വീരനിട്ടിക്കോമ്പിഭൂപാലകൻ തന്നി-
ക്കാരോമലാമിക്കഥാമൃതം ചൊല്ലിനേൻ.

---

[1] പൂൎവ്വജന്മാഭ്യസ്തമാകിൽ.’ എന്നു മം. പു.

# പതിനേഴാമത്തെ കഥ

പിന്നെയും ചെന്നു വേതാളത്തെയും പിടി-
ച്ചുന്നതകീൎത്തിമാൻ പോകും ദശാന്തരേ,
തോളിലിരുന്നു വേതാളവും ചൊല്ലിനാൻ :—
"കേളെടോ മന്നവ ! നല്ല കഥാമൃതം.

* * * * * * * * *

പണ്ടു കനകപുരമാം മഹീതലേ
കണ്ടകവൈരി യശോധനനാം നൃപൻ
വിക്രമംകൊണ്ടരിവ്രാതം ജയിച്ചു ഭൂ-
ചക്രമെല്ലാം വശത്താക്കി വാഴും വിധൌ,
രാമൻ, നഹുഷനും, മാന്ധാതൃഭൂപതി,
ശ്രീമാൻ ഭരതനിത്യാദി ഭൂപന്മാരെ
തദ്വിക്രമത്തിൻ വിജൃംഭണം മൂലമായ്
സദ്യോ മറന്നു ജനങ്ങളെന്നേ വേണ്ടു.
അന്നൊരു നാളൊരു വൈശ്യൻ നൃപതിയെ
വന്നു കണ്ടാമോദമോടുമുരചെയ്തു :—
"ഉണ്ടൊരു കന്യകാരത്നമെനിക്കഹോ !
തണ്ടാരിൽമാതോടു തുല്യയായ് മന്നവ !
ദേവ ! ഭവാനൊഴിഞ്ഞിമ്മഹീമണ്ഡലേ
കേവലം യോഗ്യനായില്ലവൾക്കാരുമേ."
എന്നതു കേട്ടു ഭൂപാലൻ കുതൂഹലാൽ
ചെന്നറിഞ്ഞിങ്ങു പോന്നീടുവാനഞ്ജസാ,
ഭൂസുരന്മാരെ നിയോഗിച്ചനന്തരം
ഭാസുരഗാത്രിയെച്ചെന്നു കണ്ടായവർ,
[1] ഉന്മാദിനിയെന്നവൾക്കു പേരാകയാ-
ലുന്മാദവും പൂണ്ടിവണ്ണം നിരൂപിച്ചു.
"ത്രൈലോക്യസുന്ദരിയാമിവളെപ്പര-
മാലോകനം ചെയ്തുവെന്നാകിലോ നൃപൻ
രാജ്യകാൎയ്യങ്ങളുപേക്ഷിച്ചനാരതം,
രാജീവലോചനയോടുമൊരുമിച്ചു

[1] 'ചന്മാദിനി' എന്ന പാഠം (ക. പ്ര.) ശരിയല്ല.

അക്ഷീണരാഗാന്ധനായ്ച്ചമഞ്ഞനന്വഹം
രക്ഷിക്കുമാറില്ല നമ്മെയെന്നും വരും.
വല്ലതുമൊന്നു പറഞ്ഞു, ഭൂപാലനു-
ള്ളല്ലാസമില്ലാതെ ചെയ്ക,'' നുറച്ചവർ,
മന്നവനെക്കണ്ടനേരമക്കന്യക-
യൊന്നല്ല ദുർല്ലക്ഷണമെന്നുരചെയ്തു.
ഭൂപാലനുമതു കേട്ടു വണിക്കിനെ-
ക്കോപാലസനായ് നിരാകരിച്ചീടിനാൻ.
രാജാവിനാഗ്രഹമില്ലായ്ക കാരണം,
വ്യാജംവിനാ വൈശ്യനും തൻ തനൂജയെ
സേനാപതിക്കനുരാഗപുരസ്സരം
മീനദ്ധ്വജാഹവത്തിന്നു നൽകീടിനാൻ.
കാലം കുറഞ്ഞൊന്നിവണ്ണം കഴിഞ്ഞൊരു
കാലം മധുമാസമാസന്നമാകയാൽ,
വണ്ടിൻ പടലി മുരണ്ടു നടകൊണ്ടു
കുണ്ഠത, നൽകീ വിയോഗികൾക്കേററവും.
ഉൽഫുല്ലപുഷ്പങ്ങളെക്കൊണ്ടു ദിക്തട-
മൊപ്പില്ലയാമ്മാറു ശില്പം പ്രകാശിച്ചു.
ചൂതങ്ങളുള്ളിലിരുന്ന പികങ്ങളും
ആതങ്കമെന്നിയേ ഗാനമാരംഭിച്ചു.
കാമുകന്മാർ കുങ്കുമംകൊണ്ടു കാമിനീ-
കോമളാംഗാനുലേപം ചെയ്വതുപോലെ
ദക്ഷിണമാരുതൻ പുഷ്പാസവംകൊണ്ടു
തൽക്ഷണേ ദിഗ്വധൂമണ്ഡനവും ചെയ്തു.
പൊന്നണിഞ്ഞാനക്കഴുത്തിൽക്കരയേറി
മന്നവൻ ചെമ്പകപുഷ്പാവതംസനായ്
മാധവീമാലാപരിമളിതാംഗനായ്
മാധവമാസം കണക്കെ മനോഹരൻ
ചിത്രം ! വസന്തോത്സവാലോകനാർത്ഥമായ്
മിത്രങ്ങളോടുമൊന്നിച്ചു പുറപ്പെട്ടു;
വീഥികൾതോറും നടക്കും ദശാന്തരേ,
ചൂതാസ്ത്രശങ്കയാ ചേതോഹരിജനം
ലോചനാംഭോജദളസംപുടംകൊണ്ടു

രോചനീയാംഗപാനം തുടങ്ങുംവിധൌ,
"ദുർല്ലക്ഷണയെന്നപവദിച്ചെന്നെയും
എല്ലാംബുജാക്ഷൻ ത്യജിച്ചതു കാരണം,
കാട്ടേണമെന്നുടെ രൂപം നരേന്ദ്രനെ," -
ന്നൊട്ടേറെയും നടിച്ചമ്മാലിനി തദാ,
മാളികമീതെ കിളിവാതിലും തുറ-
ന്നാളീജനങ്ങളോടൊന്നിച്ചു മേളിച്ചു,
ഹാവഭാവാദികളാവോളവും തിക-
ച്ചാവിഷ്ടകൌതുകം വന്നിരുന്നീടിനാൾ.
നേത്രമരീചിയെക്കൊണ്ടു നീലാംബുജ-
മെത്രയും പാരം പരിഹസിച്ചങ്ങിനെ,
പാണിയെക്കൊണ്ടു മൃണാളലതികയ്ക്കു
നാണം വരുത്തീട്ടുമാറമ്മനോഹരി
മന്ദസ്മിതംകൊണ്ടു ചന്ദ്രന്റെ രശ്മിയ്ക്കു
ഖിന്നാനുഭാവവിതരണവും ചെയ്തു.
ഹാരങ്ങളാകുന്ന ഫേനങ്ങളും പൂണ്ടു
പാരം തഴച്ചൊരു ലാവണ്യസാഗരേ,
നൂനം കടാക്ഷവിലാസങ്ങളാകുന്ന
മീനങ്ങളാലുടനോളം കളിപ്പിച്ചു,
ഭ്രൂപാഗമം കണ്ടു മോദിച്ചിരിക്കുന്ന
കോപനാമൌലിയെക്കണ്ടു യശോധനൻ
പിന്നെയും പിന്നെയും തദ്വക്ത്രചന്ദ്രനെ
മന്നവൻ സൂക്ഷിച്ചിവണ്ണമോർത്തീടിനാൻ :—
"ദൂരത്തുയർന്നൊരംഭോരുഹം കാണുന്നു,
ചാരുസ്തനീമുഖമെന്നു തോന്നും കണ്ടാൽ.
നീണ്ടു ചുവന്ന ദളങ്ങളുമുണ്ടതു
കണ്ടാലധരബിംബങ്ങളെന്നും തോന്നും.
വണ്ടുകൾ മണ്ടിച്ചുഴന്നു നടപ്പതു
കണ്ടോക്ക നേത്രങ്ങളെന്നു തോന്നും ദൃഢം.
ചഞ്ചലമില്ലാതിന്നല്ലിയെക്കാണുകിൽ
പുഞ്ചിരിക്കൊഞ്ചലെന്നിങ്ങിനെ തോന്നുന്നു."
ഒട്ടുനേരം കണ്ടു വിഷ്ടപാധീശ്വര-
നൊട്ടേറെയും മുഖമെന്നറിഞ്ഞതഞ്ജസാ,

" സേനാനി വേട്ടോരു ദുർല്ലക്ഷണമാണു
തേനോലുമോമനവാണിയാകുന്നിവൾ.
വിപ്രജനങ്ങൾ പൊളിപറഞ്ഞെന്നെയു-
മിപ്രകാരം ചതിച്ചു പുനരത്ഭുതം!
പോരും വസന്തോത്സവം കണ്ടതെ, " നര-
ച്ചാരോടുമൊന്നുരിയാടാതെ മന്നവൻ
തന്റെ നികേതനം പുക്കു മനോഭവൻ
തന്റെ വിശിഖങ്ങളേറ്റു വീണീടിനാൻ.
ഉദ്യാനലീലയിലുദ്യോഗമെന്നിയേ,
സദ്യഃ സരോജിനീതീരേ വിരക്തനായ്,
സൌധങ്ങളിൽച്ചെന്നു ചന്ദ്രാതപം കൊണ്ടു
ബോധംവിനാ പതിച്ചു മഹീമണ്ഡലേ.
ഉന്മാദിനിയെ നിരൂപിച്ചു മന്നവ-
നുന്മാദഭാവം കലൎന്നു നിരന്തരം,
" ദുർല്ലക്ഷണയെന്നു മുന്നം പറഞ്ഞോരു
ദുർല്ലളിതാശയന്മാരാം ദ്വിജജനം
എന്നുടെ നാട്ടിലിരിക്കിലവൎക്കു ഞാൻ
സന്നമാക്കീടുമഹോവൃത്തിവൈഭവം."
പുഷ്ടകോപേന ഭൂപാലനവരെയും
നാട്ടിൽനിന്നാട്ടിക്കളവാൻ നിയോഗിച്ചു.
കാമസന്താപം സഹിക്കരുതാഞ്ഞവൻ
കോമളമായ നളിനീദളാന്തരേ,
ചന്ദനപങ്കം തളിച്ചതിലന്വഹം
ചന്ദ്രനെക്കാണാതുരുണ്ടു പിരണ്ടഹോ!
ശീതോപചാരചികിത്സകൾ ചെയ്കിലു-
മാതുരഭാവം കലൎന്നു ദിനംപ്രതി
മാഴ്കുന്നതു കണ്ടൊരു വയസ്യൻ തനി-
ക്കാകുന്നതും പണിപ്പെട്ടു ചോദിക്കയാൽ,
ആമയജാലം തനിക്കു പിണഞ്ഞതും
ഭൂമിപാലൻ പരമാൎത്ഥമുരചെയ്തു:—
" ചെണ്ട കൊട്ടിപ്പാൻ ധരണീസുരൎക്കൊത്ത
കണ്ടകന്മാരു മററില്ല ഭൂമണ്ഡലേ.
സേനാപതി തന്റെ ഭാഗ്യം നിരൂപിച്ചും,
മാനേൽമിഴിയാം മുഖാംഭോരുഹമോൎത്തും,

ഊണുമുറക്കവുമില്ലാതെ ഞാനിനി
പ്രാണൻ ത്യജിപ്പാൻ തുനിയുന്നിതു സഖേ!
നാണമമരാംഗനമാരവൾ മിഴി-
ക്കോണിൻ വിലാസങ്ങൾ കാണുന്നിതാകിലോ.
[1] ധന്യലാവണ്യനിധാനമാം തന്മുഖം
പുണ്യഹീനന്മാക്കു കാണ്മാൻ കഴിവരാ-
നന്നല്ലഹോ പരദാരസമാഗമം
മന്നവന്മാക്കു വിശേഷിച്ചുമോക്കെടൊ!
കഷ്ടമായുള്ളതു ചെയ്കയേക്കാൾ ഗുണം
പെട്ടെന്നു മൃത്യുലോകം പ്രവേശിപ്പതും."
[2] ഇത്ഥം പറഞ്ഞു ദീർഘശ്വാസവും പൂണ്ടു,
സത്വരം മൂർച്ഛിച്ചു വീണു യശോധനൻ.
ശീതോപചാരങ്ങൾ ചെയ്തു വയസ്യനു-
മാതുരഭാവമൊട്ടാശു തീർത്തിടിനാൻ.
[3] അന്യദിനാളൌ ബലധരനാകുന്ന
സൈന്യാധിപൻ വൃത്തമെല്ലാമറിഞ്ഞുടൻ
മന്നവനെ പ്രണാമം ചെയ്തു ചൊല്ലിനാൻ:—
"എന്നുടെ വാക്കു കേൾക്കേണം വിഭോ! ഭവാൻ.
ശ്രേഷ്ഠങ്ങളായുള്ള വസ്തുക്കളൊക്കവേ
നാട്ടിന്നധിപതിമാക്കുയോഗ്യം വിഭോ!
എന്നതുകൊണ്ടു നാരീരത്നമാമെന്റെ
സുന്ദരിതന്നെപ്പരിഗ്രഹിക്ക ഭവാൻ"
ഏവം ബലധരൻ ചൊന്നതെല്ലാം കേട്ടു
മേഘോപമനാം നൃപനുമുരചെയ്തു:—
"ബുദ്ധിമാനാകും ഭവാനിതു ചൊല്ലുവാൻ
ബുദ്ധിഹീനൻ ഞാനിതെന്നു നിനച്ചിതോ?
കഷ്ടം കലികാലദൂഷിതമായതി-
നിഷ്ഠുരപാപനിരാലോകമാം ലോകം,
സാധുശീലംകൊണ്ടു ഭൂലോകപാലന്മാ-
രേതുചെയ്യും പ്രകാശിപ്പിച്ചിരിക്കേണം.
ഭൂമിയെപ്പാലനം ചെയ്യുിരിക്കുന്ന ഞാൻ

---

[1] 'ധന്യലാവണ്യനിധാനമാർ തന്മുഖം' എന്നു മം. പ്ര.
[2] 'ഇത്ഥം പറഞ്ഞു' എന്നു തുടങ്ങി നാലു വരികൾ മം. പ്രതിയിലില്ല.
[3] 'ധന്യാശയനാം' എന്നു മം. പ്ര.

കാമാന്ധനായ് മഹാപാപങ്ങളും ചെയ്കിലോ,
ദുഷ്കീർത്തിയാകും ജലധിയിൽ വീണിട്ടു-
മുക്കണ്ടവരാരുമില്ല കരേറുവാൻ.
നല്ല കുലത്തിൽ ജനിച്ചു ഞാനിത്രനാളും
നല്ല യശസ്സമാർജ്ജിച്ചു നിരാകുലം ;
അററത്തഹോ ! പരദാരികനാകിലോ
കുററത്തിനായ്വരും ജന്മം മദീയവും ".
ഇത്ഥം നരാധിപവാക്യം സമാകർണ്ണ്യ,
ചിത്തതാപേന ബലധരൻ ചൊല്ലിനാൻ :—
" എങ്കിലൊ മന്നവ ! ചൊല്ലാമുപായം ഞാൻ,
ശങ്കിക്കവേണ്ടതു ബോധിച്ചു കേട്ടാലും.
നർത്തകീഭാവം ധരിപ്പിച്ചു സത്വരം
ചിത്തപ്രസാദം ഭവാനു നൽകീടുന്നേൻ.
ദാസീസമാഗമം ചെയ്യാലതിന്നൊരു
ദോഷം ഭവിക്കയില്ലെന്നു വിദ്വന്മതം."
സൈന്യാധിനാഥപ്രണയോദിതം കേട്ടു,
ധന്യൻ യശോധനൻ പിന്നെയും ചൊല്ലിനാൻ :—
" കാമുകന്മാർക്കുളെളാരാചാരമിങ്ങിനെ,
ധീമൻ ! നമുക്കതും യോഗ്യമല്ലോക്കിലോ.
ഞാനനാചാരമോരോന്നു തുനികിലും
നൂനമതുതെന്നു നീ വിരോധിക്കണം.
എന്നിരിക്കെ ദുർന്നയോപദേശം ചെയ്വ-
തന്യായമേററം നിനക്കില്ല സംശയം.
മൽപുരം തന്നിലുണ്ടന്യായവാനെന്നു
കേൾപ്പതുകൊണ്ടുമെനിക്കുണ്ടു സങ്കടം.
ദുർഘടകാര്യമോരോന്നു ചൊല്ലീടാതെ,
നില്ക്കെടോ ബുദ്ധിമാനല്ലയോ നീ പരം ? "
ഒന്നും ഫലിക്കയില്ലെന്നോർത്തു സേനാനി
ചെന്നു നിജാലയം പുക്കോരനന്തരം,
ഉന്മാദിനീമുഖാംഭോരുഹം ധ്യാനിച്ചു
നിർമ്മായവീര്യവാനായ യശോധനൻ,
ഇശ്ശരീരത്തിന്നപായമുണ്ടെന്നോർത്തു,

[1] വിശ്വപ്രതീതമാകും യശോവിഗ്രഹം
കൈക്കൊണ്ടു നാകാധിപൻെറ പുരോഭുവി
വെക്കം ഗമിച്ചതറിഞ്ഞു ബലധരൻ,
ആമയഭാരം [2] ധരിച്ചതികോമളൻ,
നാമമാത്രാവശേഷം നല്ലതെന്നോർത്തു,
മന്നവദേഹം ദഹിച്ചുജ്ജ്വലിക്കുന്ന
വഹ്നിയിൽ ചാടി മരിച്ചു സകൌതുകം."

* * * * * * * * * * *

ഇത്ഥം കഥ പറഞ്ഞാശു വേതാളവും
സത്വരം ഭൂപാലനോടു ചോദ്യം ചെയ്തു :—
"ആരെടോ! ധീരൻ മഹീലോകനാഥനോ?
ചാരുമതിയായ സേനാനിയോ? ചൊല്ക."
ഇക്രമം വേതാളഭാഷിതം കേട്ടാശു
വിക്രമാദിത്യനവനോടുരചെയ്തു :—
"അത്യന്തനീതി പരിചയമുള്ളൊരു
ഭൃത്യനിൽ സ്വാമിവിശ്വാസം കിമത്ഭുതം?
മര്യാദയിങ്കൽ നിന്നേതും ചലിയാതെ
ധൈര്യേണ ജീവനെപ്പോലും ത്യജിച്ചൊരു
മന്നവനത്രേ മഹാജനശ്ലാഘിത—
ന്നുന്നതകീർത്തിമാനായതു നിർണ്ണയം.
[1] ഉദ്ദാമഭൂരിമദാനുവിദ്ധന്മാരായ്,
ഉദ്യദാനന്ദനിമീലിതാക്ഷന്മാരായ്,
ഉദ്യോഗികളായ കാമിജനങ്ങളു-
മുദ്യന്മദം പൂണ്ട മത്തഗജങ്ങളും,
നല്ലതും തീയതും ചൊന്നാൽ ഗ്രഹിക്കുമോ?
വല്ലതും തങ്ങളായൊട്ടറിഞ്ഞിടുമോ?
നാരീജനങ്ങളിൽ സാധുസ്വഭാവവും
ഭൂരിസൌജന്യം മഹാപുമാന്മാരിലും
ഭൂമീപതികളിൽ ചാരുവിവേകവും
കാണ്മാനൊരേടത്തുമുണ്ടോ മഹീതലേ?"

---

[1] 'വിശ്വപ്രഥിതം' എന്നു പാഠാന്തരം (മം. പ്ര.)
[2] 'വഹിച്ചതി' എന്നു പാഠാന്തരം (മം. പ്ര.)
[1] 'ഉദ്ദാനഭൂരി മഹാവിദഗ്ദ്ധന്മാരായി' എന്ന പാഠം (മം. പ്ര.) ശരിയല്ല.

ഇത്ഥം നൃപൻ വാക്കു കേട്ടു വേതാളവും
സത്വരം ചെന്നു തരുമുകളേറിനാൻ.

* * * * * * * * *

നീളെപ്പരന്നോരു കീർത്തിഭാരം വഹി-
ച്ചാളുമാനന്ദപരീതനായന്വഹം,
കേളിപരായണനൻ മിത്രാഭിവർദ്ധനൻ
നാളീകനേത്രനിട്ടിക്കൊമ്പി മന്നവൻ
ചേതോഹരാംഗൻ നിയോഗിക്ക മൂലമായ്
കൌതുകാലേന ഞാനിക്കഥ ചൊല്ലിനേൻ.

# പതിനെട്ടാമത്തെ കഥ

പിന്നെയും ചെന്നു വേതാളത്തെയും പിടി-
ച്ചുന്നതപൌരുഷശാലി നരാധിപൻ
പോകുന്നതു കണ്ടു വേതാളവും ചിരി-
ച്ചാകുന്നതെല്ലാം പ്രസാദിച്ചു ചൊല്ലിനാൻ :—
ചൊല്ലാമൊരു കഥ ഞാനിന്നു മന്നവ !
ചൊല്ലുള്ള നീയതു കേട്ടു ബോധിക്കണം.
ബന്ധുരാംഗ ! ഭവാനെന്നിയേ സംശയ-
കൃന്തനം ചെയ്വതിന്നാരുള്ളു ഭൂതലേ ?

* * * * * * *

പണ്ടു ദേവസ്വാമിയെന്നൊരു ഭൂസുര-
നുണ്ടായി വിത്തവാനുജ്ജയിനീപുരേ.
അന്നു ചന്ദ്ര സ്വാമിയെന്നൊരു പുത്രനും
വന്നുത്ഭവിച്ചു, രസിച്ചു ജനകനും.
വേദങ്ങൾ ശാസ്ത്രങ്ങളുമിതിഹാസങ്ങൾ
മോദമോടെല്ലാം പഠിച്ചു കുമാരനും,
വാഴുന്ന കാലം മരിച്ചു ജനകനും,
ശേഷക്രിയകൾ കഴിച്ചു തനൂജനും,
അത്യന്തധൂർത്തജനങ്ങളോടൊന്നിച്ചു
വിത്തം തനിക്കൊത്തവണ്ണം ഭുജിച്ചവൻ,
ദ്യൂതാദിദേവനം ചെയ്തു ദിനംപ്രതി
ചേതോഹരാംഗിമാരോടുമൊരുമിച്ചു,
ഒക്കവേ വിത്തം കഴിഞ്ഞോരനന്തരം
[1] തസ്കരിച്ചും കഴിച്ചു ചെറുനാളവൻ.
ധൂർത്തജനത്തിനും ദാസീജനത്തിനും
ധൂർത്തൻ കൊടുത്തു രമിച്ചിരിക്കുന്ന നാൾ,
ചിത്രമൊരു ദിനം ദ്യൂതപ്രസംഗേഷു
നിസ്ത്രപൻ വ്യാജം തുനിഞ്ഞു ജയിക്കയാൽ,
ഏററം പരിഹസിച്ചീടുന്നതു നേരം,
മുററും കലഹിച്ചു മററുള്ള ധൂർത്തരും
രജ്ജുക്കളെക്കൊണ്ടു കെട്ടിയിട്ടെത്രയും
തർജ്ജനം ചെയ്തു താഡിക്കും ദശാന്തരേ,

---

[1] ‘തസ്കരിച്ചും വിത്തമാർജ്ജിച്ചു ചെറുനാൾ’ എന്നു മം. പ്ര.

ചത്തതുപോലെ കിടന്നിതു തസ്കരൻ,
തത്ര ദൂരത്തു വലിച്ചിട്ടു ധൂർത്തരും
തങ്ങൾതങ്ങൾക്കുള്ള മന്ദിരം പ്രാപിച്ചു;
സംഗതമായി തദാ രാത്രികാലവും.
മൂർച്ഛയും ചെററു തെളിഞ്ഞു ചന്ദ്രസ്വാമി
ചേച്ഛയില്ലാരുമെനിക്കെന്നുറക്കയാൽ,
വെന്തുനീറീടുന്നൊരന്തരംഗത്തോടും
അന്ധകാരാവൃതേ മാർഗ്ഗേ നടന്നുടൻ,
നേരം പുലർന്നു തദ്ദേശം കടന്നുപോയ്,
പാരം പെരുത്ത വനത്തിലകം പുക്കു.
ഘോരസത്വങ്ങളെക്കണ്ടു ഭയപ്പെട്ടു,
ഭൂരിമാൽ പൂണ്ടു നടന്നുപോകും വിധൌ,
മിത്രനസ്താചലത്തിൽക്കരേറിനാൻ,
ധൂർത്തനിവനൊരു ദേവാലയത്തിലും.
ക്ഷുത്തൃഡാഹപീഡ പൊറാഞ്ഞു വലഞ്ഞവ-
നട്ടിക്കിലൊക്കെത്തിരഞ്ഞു നോക്കുംവിധൌ,
കണ്ടാനൊരേടത്തൊരുത്തൻ തപസ്സുകൊ-
ണ്ടുണ്ടായതേജോവിശേഷവും കൈക്കൊണ്ടു,
. . . ഖട്വാംഗവുംപൂണ്ടു ഭസ്മാനുലിപ്തനായ്,
പുഷ്ടാനുഭാവം തികഞ്ഞിരിക്കുന്നതും.[1]
മോദവശനായവനും തപസ്വിതൻ
പാദാംബുജാന്തേ നമസ്കരിച്ചീടിനാൻ.
അപ്പോൾ തപസ്വിയും വിപ്രകുമാരനെ
ശില്പമനുഗ്രഹിച്ചേവമുരചെയ്തു:—
“സ്വാഗതമല്ലീ, ധരിത്രീസുരോത്തമ!
വാഗതീതം പുനരിസ്ഥലവൈഭവം.
ആരുമിവിടെ വന്നീടുമാറില്ല നീ
ധീരജനോത്തമനെന്നു തോന്നി മമ.
ക്ഷുത്തുകൊണ്ടേററം നിനക്കുണ്ടു പീഡയെ-
ന്നുൾത്തളിരിൽക്കരുതുന്നു ഞാനും ദൃഢം.
നേരെ കിഴക്കോട്ടു ചെററു നീ പോകെടോ!
ചേരും പരിജനം തത്ര കാണായ്വരും.

---

1 ‘തികച്ചിരിക്കുന്നതും’ എന്നു മം. പ്ര.

സ്വൈരമായിന്നു രാത്രൌ തത്ര വാഴ്ക നീ,
നേരം പുലൎന്നാൽ പറയാമ്മമന്ത്രങ്ങടാം.”
എന്നു തപോധനൻ ചൊന്നോരനന്തരം,
ചെന്നു കുറഞ്ഞൊന്നു പൂൎവ്വദിശാമുഖേ
കാഞ്ചനനിൎമ്മിതമായ ഭവനവും
ചഞ്ചലലോചനമാരെയും കണ്ടവൻ,
ഉള്ളിലടങ്ങാതസന്തോഷവും ധരി-
ച്ചുള്ളിൽക്കടന്നങ്ങു ചെല്ലും ദശാന്തരേ,
രാജമാനാകാരലാവണ്യവും പൂണ്ടു,
[1] രാജീവലോചനമാർ പലരൊന്നിച്ചു,
കയ്യും പിടിച്ചങ്ങു മാണിക്യപീഠത്തിൽ
പൊയ്യല്ലിതേത്തുമിരുത്തിസ്സസംഭ്രമം.
മന്നവന്മാൎക്കുചിതോപചാരംകൊണ്ടു
സുന്ദരിമാരവനെസ്സൽക്കരിച്ചുടൻ,
സ്നാനം കഴിപ്പിച്ചു മൃഷ്ടമാകുംവണ്ണം,
മാനേന ഭോജനദാനവും ചെയ്തുഹോ !
മോദേന രത്നമഞ്ചത്തിൽ ശയിപ്പിച്ചു,
പാദസംവാഹനം ചെയ്തു വരോരുമാർ.
പാൎവ്വണചന്ദ്രസമാനനയായൊരു
ഗീൎവ്വാണസുന്ദരി തന്നോടൊരുമിച്ചു,
മേഖലദാമനിനാദസമ്മിശ്രമായ്
ലോകോത്തരസുഖമായ സുരതവും
ലാളിച്ചനുഭവിച്ചന്നു രജനിയിൽ
മേളിച്ചിരുന്നു കുതൂഹലമെത്രയും !
താപസവിദ്യാപ്രഭാവേന നിൎമ്മിതം
താപാപഹം സുഖമേവം ഭുജിച്ചവൻ
നേരം പുലൎന്നാശു നോക്കും ദശാന്തരേ,
[3] നീരന്ധ്രമായൊരു പാദപാധഃസ്ഥലേ
താനിരിക്കുന്നതും കണ്ടദ്ഭുതം പൂണ്ടു,
മാനിനിമാരെയും ചിന്തിച്ചു ഖേദിച്ചു,

---

1 ‘നാളീകലോചനമാർ’ എന്നു ക. പ്ര.
2 ‘മേഖലദാനനിനാദ’ എന്ന പാഠം (ക. പ്ര.) ശരിയല്ല.
3 ‘നീരദമായൊരു’ എന്നു് ക. പ്ര.

താപസസന്നിധൌ വന്നു നിന്നഞ്ജസാ
പാപാപഹനെപ്പരിചരിച്ചീടിനാൻ.
വാഞ്ഛിതമെല്ലാമറിഞ്ഞു തപസ്വിയും,
ചാഞ്ചല്യമെന്നിയേ നിത്യം രജനിയിൽ
ദിവ്യസുഖങ്ങളനുഭവിച്ചീടുവാൻ
ഭവ്യനവർണ്ണം ചമച്ചു നൽകീടിനാൻ.
നിത്യവും രാത്രിയിൽ കാണാമതൊക്കെയും
സത്വരം വാസരകാലേ മറിഞ്ഞിടും.
ഇങ്ങിനെ ചെററുകാലം കഴിഞ്ഞൊരു നാ-
ളങ്ങതികൌതുകം പൂണ്ടു ചന്ദ്രസ്വാമി,
ആപാദചൂഡം വിലോകനവും ചെയ്തു
താപസൻ തന്നോടു മന്ദമുരചെയ്തു :—
"ഭാവവികല്പേന ലോകം ചമച്ചൊരു
താവകവൈഭവമെത്രയുമത്ഭുതം!
ഇക്കണ്ട നിർമ്മാണവിദ്യയെത്തന്നാലു-
മുൾക്കാമ്പിലെന്നെക്കുറിച്ചു കൃപവേണം.
ഞാനും ഭവാനെപ്പരിചരണം ചെയ്തു
നൂനമത്രൈവ വസിക്കാം തപോനിധേ!"
തൽഗിരമേവമാകർണ്ണ്യ യതിവരൻ
വൽഗുവാംവർണ്ണമവനോടുരചെയ്തു :—
"വിദ്യക്കു മോഹമുണ്ടെന്നാകിലോ പുന-
രദ്യ യമനിയമൌൽക്കട്യമാവശ്യം.
രാഗാദിദോഷങ്ങൾ ദൂരീകരിക്കേണ-
മാഗതമാകണമാത്മാനുകൂല്യവും.
ഉള്ളം തെളിഞ്ഞു വിശ്വാസേന മന്ത്രവും
വെള്ളത്തിൽ മുങ്ങിക്കിടന്നു ജപിക്കണം.
ഇച്ചൊന്നതിൽക്കുറവുണ്ടായ്വരികിലോ
നിശ്ചയം മന്ത്രം ഫലിക്കയില്ലേതുമേ.
തോയം പ്രവേശിച്ചു മന്ത്രം ജപിക്കുമ്പോൾ
മായാവിലാസമോരോന്നു കാണായ്വരും,
ഇക്കണ്ട ദേഹം മറന്നീടുമെന്നല്ല
വെക്കമുണ്ടായ്വരും മറെറാരു ജന്മവും,
തत്രകളത്രവുമുണ്ടായ്വരും ചില

പുത്രരുമുണ്ടാമതീവ സുഖങ്ങളും
മേളിച്ചിരിക്കും ദശായാം നദീതടേ
ലാളിച്ചിരുന്നിട്ടുമെൻ ഭാവനാവശാൽ,
വഹ്നിയിൽ ചാടി മരിക്കും ഭവാൻ പുന-
രഹ്നായ വെള്ളത്തിൽനിന്നു പൊങ്ങും ദൃഢം,
ഉദ്യോഗപൌഷ്കല്യമുണ്ടാകിലോ പിന്നെ
വിദ്യാം ഗ്രഹിപ്പാനധികാരിയായ്വരും."
"വല്ലതെന്നാലും ഗ്രഹിക്കേണമിങ്ങെ,"ന്നു
ചൊല്ലും ദ്വിജനോടുമൊന്നിച്ചു താപസൻ
ആപഗാതീരം പ്രവേശിച്ചു മന്ത്രവും
[1] ശോഭനശീലനുപദേശവും ചെയ്തു.
മന്ത്രം ഗ്രഹിച്ചു ജപിപ്പാൻ മഹീസുരൻ
അന്തർജ്ജലത്തിൽ പ്രവേശിച്ചനന്തരം
തന്നെ മറന്നാനവൻ മുന്നമത്ഭുതം!
പിന്നെ ഗുരുവിനേയും മററഖിലവും
ചിത്രം! ഹിരണ്യപുരമാം നഗരത്തി-
ലത്യുത്തമൻ ശങ്കരനാം പുരോഹിതൻ
നന്ദിച്ചു മേവുന്ന കാലമവനുടെ
നന്ദനനായി ജനിച്ചു സകൌതുകം.
ബാല്യകാലം കഴിഞ്ഞേററം ഗുരുജന-
ലാള്യനായ് വിദ്യകളഭ്യസിച്ചഞ്ജസാ.
യൌവനാരംഭേ ശശിപ്രഭയെന്നൊരു
ദിവ്യാംഗനയെ വിവാഹവും ചെയ്തുടൻ,
മന്മഥലീലാവിശേഷങ്ങളിൽപ്പരം
സമ്മതം പൂണ്ടു വാഴുന്ന നാളേകദാ,
മാധവകാലേ യുവജനമോഹനേ
[2] മാധവീവല്ലിപരിവൃത കാനനേ,
ദാസീശതങ്ങളോടൊന്നിച്ചു, തന്നുടെ
ഭാസുരഗാത്രി ശശിപ്രഭ തന്നോടും,
പുഷ്പങ്ങളുമറുത്തുദ്യൽകുതൂഹലം
പുഷ്പായുധാഹവം ചെയ്തു സസംഭ്രമം,

---

[1] 'ശോഭനശീലനുപദേശവും' എന്നു മം. പ്ര.
'മാധവീവല്ലി പരിജനകാനനേ' എന്നു ക. പ്ര.

അങ്ങോട്ടുമിങ്ങോട്ടു സഞ്ചരിക്കും വിധൌ
മംഗളാപാംഗിതൻ ദൈവവിപര്യയാൽ,
പാരം പെരുത്തോരു പന്നഗാധീശ്വരൻ
ഭൂരികോപേന കടിച്ചു പദാംബുജേ.
പ്രാണനെക്കൈവെടിഞ്ഞാശു വീണാൾ [1]ഗുള-
വാണിയും ഭൂതലം തന്നിലന്നേരം.
ഭൂദേവനന്ദനൻ താനതു കണ്ടു,
വേദന പൂണ്ടു വിലാപം തുടങ്ങിനാൻ :—
"ഹാ ! ഹാ ! മനസ്സിന്നു ചന്ദ്രികേ ! ബാലികേ !
ഹാ ! ഹാ ! കുരംഗവിലോചനേ ! വല്ലഭേ !
എന്നെപ്പിരിഞ്ഞു നീ പോകുന്നതാകിലോ
പിന്നെ ഞാനെങ്ങിനെ ജീവിച്ചിരിപ്പതും ?
നാളീകലോചനേ ! നിന്നെയും ഞാനൊരു-
നാഴികപോലും മറന്നിരുന്നീടുമോ ?
ശിക്ഷിതാപാംഗേ ! വിനയവിഹീനന്റെ
ലക്ഷ്മിയെപ്പോലെ നീയെങ്ങു പോയി ശുഭേ ! "
ഇത്ഥം കരയും ദ്വിജനോടു ചൊല്ലിനാൻ
ചിത്തം തെളിഞ്ഞൊരു ദേവദൂതൻ തദാ :—
"ഭൂദേവബാലക ! പോരും വിലാപങ്ങൾ
മോദേന നിന്നുടെ ജായ ജീവിച്ചിടും.
നിന്നുടെ ജീവിതകാലത്തിലർദ്ധമി-
ക്കന്നൽമിഴിയാൾക്കു നീ കൊടുത്തീടണം.
[2]എന്നാലിനിയുമിവളോടൊരുമിച്ചു
ഖിന്നത തീർന്നു രമിച്ചിരിക്കാം ചിരം".
എന്നതു കേട്ടു മഹീസുരബാലനും
"നന്നു, തിനെന്തു സന്ദേഹ," മെന്നോർത്തുടൻ,
ആയുസ്സു പാതി കൊടുത്തോരനന്തര-
മായതനേത്രയും ജീവിച്ചെഴുന്നേറ്റു.
വല്ലഭ തന്നെപ്പുണർന്നു മഹീസുരൻ
[3]മല്ലാക്ഷി മെല്ലെന്നൊരാഘ്രാണനം ചെയ്തു

---

[1] 'ഗുണവാണി' എന്നു ക. പ്ര.

[2] 'എന്നാലിവണ്ണം' എന്നു ക. പ്ര.

[3] 'മല്ലാക്ഷി' എന്നു തുടങ്ങി രണ്ടു വരികൾ ക. പ്രതിയിലില്ല.

നീലാംബുജാക്ഷിയോടൊന്നിച്ചു മന്ദിരേ
ലീലാവിശേഷങ്ങളാചരിച്ചനഹം
മേവുന്ന കാലമവനൊരു നന്ദനൻ
ലാവണ്യസാരനിധാനമായുണ്ടായി.
പുത്രനെ ലാളിച്ചു പത്നിയോടൊന്നിച്ചു
തത്ര വാഴുംവിധൌ തീരസ്ഥനാം യതി
വഹ്നിപ്രവേശകാലം സമായാതമെ-
ന്നഹായ ചിത്തേ നിരൂപിച്ചതു നേരം,
അഗ്നിയെ ക്ഷിപ്രം ജ്വലിപ്പിച്ചു സന്താപ-
മഗ്നനായ് തത്ര ചാടീടുവാൻ ഭൂസുരൻ
ഉദ്യമം പൂണ്ടതു കണ്ടു തൽഭാര്യയു-
മുദ്യതാതങ്കേന ബന്ധുജനങ്ങളും
ദീനത പൂണ്ടു തനയനയുമെട്ടു-
ത്താനനം ബാഷ്പോദകേന മറച്ചടൻ,
പാരം കരഞ്ഞു പിന്നാലേ തുടർന്നതും
ധീരനനാദരിച്ചഗ്നിയിൽ ചാടിനാൻ.
"ഞാനും മരിക്കുന്നതുണ്ടെ," ന്നുറച്ചാശു
പീനസ്തനിയുമവൻെറ ജനനിയും
ഉദ്യമം പൂണ്ടതു കണ്ടു മഹീസുര-
നുദ്യതാതങ്കേന ചിന്താനിമഗ്നനായ്
സ്തംഭിച്ചുമൂലം തണുത്തു ഹുതാശന-
നിമ്പം കലർന്നവനെദ്ദഹിച്ചീലഹോ!
വെള്ളത്തിനുള്ളിൽനിന്നാശു പൊങ്ങിപ്പുന-
രുല്ലാസശീലൻ യതീശ്വരനെക്കണ്ടു
അഞ്ജലിബന്ധവും പൂണ്ടു നമസ്കരി-
ച്ചഞ്ജസാ വൃത്താന്തമെല്ലാമുരചെയ്തു.
യാമമൊന്നിൽജ്ജന്മമൊന്നു കഴിഞ്ഞതോ-
ർത്താമോദവിസ്മയാംഭോധികല്ലോലത്തിൽ
നീന്തും മഹീസുരനോടു സന്താപത്തി-
ലേന്തും തപോധനൻ താനുമുരചെയ്തു :—
"കഷ്ടമത്രേ! നിനച്ചോളമെനിക്കുട-
നൊട്ടു മാത്രം കൃപ നിന്നിലുണ്ടാകയാൽ
നീ ചൊന്നതെല്ലാമനുസരിച്ചെത്രയും

ശോചനീയാവസ്ഥ ഞാൻ ധരിച്ചീടിനേൻ.
[1] ലോകോത്തരമായ വിദ്യ മറന്നു ഞാനു
ശോകമനുഭവിച്ചീടുമാറായ്‌വന്നു".
അന്നേരമൊന്നുരചെയ്തു ചന്ദ്രസ്വാമി:—
"ധന്യാകൃതേ! പിഴച്ചീലെനിക്കൊന്നുമേ.
അങ്ങുന്നു ചൊല്ലിയപോലെ സകലവു-
മിങ്ങനുഷ്ഠിച്ചു ഞാനില്ലൊരു സംശയം.
പാവകനെന്നെ ദഹിയാഞ്ഞതിൻ മൂല-
മാവോളമോർത്താലുമിങ്ങു തോന്നുന്നീല.
മദ്ഗുരോ! നിന്നുടെ തൃക്കാലിണയാണെ
ഹൃദ്ഗതമല്ലതിന്മൂലമൊന്നും മമ".
മന്ത്രം മറന്നതിൻ മൂലം യതീന്ദ്രനും
ചിന്തിച്ചമേതുമേ തോന്നീല വിസ്മയം!"—

* * * *

ഇത്ഥം പറഞ്ഞാശു വേതാളവും നര-
സത്തമനോടു ചോദിച്ചു സകൌതുകം:—
"മന്ത്രം മറന്നതിനെന്തു മൂലം പുന-
രന്തർഗ്ഗതം പരമാർത്ഥം പറകെടോ!"
വേതാളഭാഷിതം കേട്ടു നരേശ്വര-
നാവോളവും വിചാരിച്ചു ചൊല്ലീടിനാൻ:—
"താപസൻ ചൊന്നതുപോലെ മഹീസുരൻ
താപംവിനാ സർവ്വമാചരിച്ചു ദൃഢം.
എങ്കിലുമഗ്നിപ്രവേശകാലത്തവൻ-
തങ്കലുണ്ടായി നിജജനവാത്സല്യം.
ചിത്തമതുമൂലമാ[2]ർദ്രമായുംവന്നു,
ചിത്രം! തണുത്തു ഹുതാശനനും തദാ,
[3] ദോഷമീവണ്ണമൊന്നുണ്ടാക കാരണ-
മീക്ഷലില്ലേ മുനി മന്ത്രം മറന്നതും
ഭാവദുഷ്ടന്മാർക്കു സിദ്ധിയുണ്ടാകയി-
ല്ലേവം ബുധമതം കേൾപ്പതില്ലേ ഭവാൻ?"

---

[1] 'ലോകോത്തരയായ' എന്നു മ. പ്ര.

[2] 'ആർദ്രമായുംവന്നു' എന്ന ഭാഗം ക. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

[3] 'തോഷം' എന്ന പാഠം (ക. പ്ര.) ശരിയല്ല.

ഇത്ഥം നൃപോദിതം കേട്ടു വേതാളവും
സത്വരം ചെന്നു തരുമുകളേറിനാൻ.

*  *  *  *

കാളും വിഷാഗ്നിയേക്കാളും കഠോരതാ-
മാളുന്ന ദുൎജ്ജനപാളിപ്രകൎത്തനൻ,
വീരനിട്ടിക്കോമ്പി മന്നവൻ ചൊൽകയാ-
[1] ലാരോമലാമിക്കഥാമൃതം ചൊല്ലിനേൻ.

[1] 'ആരോമലോട്ടു്' എന്ന പാഠം (ക. പ്ര.) ശരിയല്ല.

# പത്തൊമ്പതാമത്തെ കഥ

ധരണിപതിതിലകനഥ നരപതിശിരോമണി
ധൎമ്മപരായണനൻ പുണ്യയശോധനൻ,
വിരുതുടയ നരപതികളടിപണിയുമുത്തമൻ
വിക്രമാദിത്യൻ ഗുണഗണമന്ദിരൻ,
അതിഭയദമൃഗനിവഹംപൂൎണ്ണമാം കാടതിൽ
അന്ധകാരാവൃതേ മാൎഗ്ഗേ നടന്നുടൻ,
കടുവികടതരുനികടമൂടനഥ [1] സമാഗത്യ
കാരുണ്യശീലനതിന്മേൽക്കരേറിനാൻ.
തദനു തനുവികൃതി തകുമ്മലവേതാളത്തെ-
ത്താൽപൎയ്യമോടു പിടിച്ചു ചുമലേററി,
ധരണിതലമതിലുടനിറങ്ങിസ്സസംഭ്രമം
ധാത്രീശ്വരൻ [2] നടന്നീടും ദശാന്തരേ,
കൗതുകഭരമകതളിരിലേറെയുണ്ടാകയാൽ
കൂറോടു വേതാളവും പറഞ്ഞീടിനാൻ :—
“ പകലിരവുമരിനികരമെരിപൊരി പെടുന്നൊരു
പാരം പരാക്രമം പൂണുന്ന മന്നവ !
വഴിയിടയിലഴകൊടു മനോവിനോദാൎത്ഥമായ്
വല്ലതും ഞാനൊന്നു ചൊല്ലാം ധരിക്കനീ.

*     *     *     *

സുരപുരിയൊടെതിരുടയ വങ്കോളമാം പുരേ
സൂൎയ്യപ്രഭനെന്നൊരു നൃപനുണ്ടായി.
ഭുജവിജിതരിപുനിവഹസന്മഹീപാലകൻ
ഭൂപാലനം ചെയ്തിരിക്കും ദശാന്തരേ,
വിവിധധനമിളിതസദനൻ ധനദത്തനാം
വൈശ്യൻ [3] ഹിരണ്യവതിയോടൊരുമിച്ചു,
അഴകുടയനരവരനു [4] ദയിതനായനഘം
ആതങ്കമെന്നിയെ വാഴും ദശാന്തരേ ;

---

1 ‘ സമാസാദ്യ ’ എന്നു മം. പ്ര.
2 ‘ ഉഴന്നീടും ’ എന്നു ക. പ്ര.
3 ‘ ഹിരണ്യപതി ’ എന്നു മം. പ്ര. ഇതു ശരിയല്ല.
4 ‘ ദയിതയായനഘം ’ എന്നു ക. പ്ര.

സുരപുരിയിലനവരതമോടിക്കളിപ്പോരു
സുന്ദരി വിദ്യാധരി താനൊരു ദിനം
ഒരു മുനിയെ വിരവിനൊട്ടു [1] വേഗാൽ ജുഗുപ്സപൂ-
ണ്ടോരാതെ പാരം പരിഹസിച്ചീടിനാൾ.
മുനിവരനുമനവധിരുഷാന്ധനായ് തൽക്ഷണേ
മുഗ്ദ്ധാംഗനയെശ്ശപിച്ചതു കാരണം,
നരജനനമനുഭവിതുമാദരിച്ചഞ്ജസാ
നാരീമണിയും ധനദത്തപുത്രിയായ്,
ധരണിതലമതിലവതരിച്ചോരനന്തരം
ധാത്രിക്കു സൌഭാഗ്യമേറെയുണ്ടായ്‌വന്നു.
നവവിഭവപരിമിളിതഗാത്രിയാം ബാലികാ-
നാമ്നാ ധനവതി, ധാമ്നാ ഭഗവതി.
സുമുഖിനിജഭവനഭുവി പരിചൊടു വസിക്കവേ
സുന്ദരം യൌവനകാലവുമാഗതം.
ത്രിദിവപുരമഖിലമപി കാണ്മതിന്നാശയാ
തീവ്രം ധനദത്തനാകും വണിഗ്വരൻ
ജരഠതരതനുവിനെയുമങ്ങുപേക്ഷിച്ചുടൻ
ജാതമോദം വിമാനം കരേറീടിനാൻ.
അതുപൊഴുതിലിവനുടയ ദായാദവൃന്ദങ്ങ-
ളത്യന്തരാജാശ്രയന്മാർ പലരുമായ്,
ധനനിവഹമഖിലമപി തട്ടിപ്പറിച്ചുടൻ
തർജ്ജനംചെയ്തു ഹിരണ്യവതിയെയും
ത്വരിതതരമവരവർ നിജേ നിജേ മന്ദിരേ
തൂർണ്ണം ഗമിച്ചോരു നേരമക്കാമിനി,
തനയയിലതീവവാത്സല്യം നിമിത്തമായ്,
താനേ തനൂജയോടൊന്നിച്ചു രാത്രിയിൽ,
പടുതിമിരമിടകലരുമടവിയിൽ നടന്നുപോയ്
പാടവമോടതിദൂരത്തൊരേടത്തു,
വഴി പിഴകി വനഭുവി നടന്നുഴന്നങ്ങിനെ
വല്ലേടവും നിനച്ചാശു പോകും വിധൌ,
ശുഭചരിതനവനിപതി താൻ നിയോഗിക്കയാൽ
ശൂലത്തിലിട്ടു കിടക്കുന്ന ചോരനെ,

[1] 'കണ്ടുജുഗുപ്സപൂണ്ടു' എന്നു പാഠം (മം. പ്ര.) നന്നു്.

ത്വരിതതരമുഴറി നടകൊള്ളുന്ന മാനിനി
തൂർണ്ണം ശിരസ്സുകൊണ്ടാഘട്ടനം ചെയ്തു,
അതിലുദിതവിവശത പൊറാഞ്ഞഹോ ! തസ്കരൻ
ആതുരനായിക്കരയുന്നതു കേട്ടു,
കരുണയൊടു തരുണിമണി താനുരചെയ്തു :—
“ കല്പിച്ചതെല്ലാം ഭുജിക്കേണമേവനും.
സകലമയി പറക, തവ ശൂലാഗ്രമേറുവാൻ
സംഗതി വന്നവാറെങ്ങിനെ സാമ്പ്രതം ? ”
അതിനവനുമവളോടവിളംബിതം ചൊല്ലിനാൻ :—
“ ആധികൊണ്ടൊന്നും പറവാനരുതെടൊ !
ബഹുദുരിതബലമുടയ തസ്കരനേഷ ഞാൻ
ബാല്യമാരഭ്യ ചൌര്യം തുടങ്ങീടിനേൻ.
ഇവിടമൊരു [1] കളവു മമ മരണമതിനെന്നുറ-
ച്ചീശൻ നിയോഗേന ശൂലാഗ്രമേറി ഞാൻ.
കഴുകളിലഴകിനൊടിരുന്നതിൽപ്പിന്നെ മേ
കഷ്ടം ! കഴിഞ്ഞു ദിനത്രയം ഭാമിനീ!
മരണമിഹ വരുവതിനു കഴിവു കണ്ടീല ഞാൻ,
മത്സരം ദൈവത്തിനെന്നിലുണ്ടേററവും.
ദുരിതചയമനവധി ധരിച്ചവർക്കെങ്ങിനെ
ദുഃഖം വിനാ ഗമിച്ചിടുന്നു ജീവനും ?
ഭവതി പുനരിതുപൊഴുതിലിവിടെ വരുവാനെന്തു
ഭദ്രേ ! നിമിത്തം ? പറക പരമാർത്ഥം. ”
സരസമിതി വചനമുപകർണ്ണനം ചെയ്തവൾ
സത്വരം തന്റെ ചരിത്രമശേഷവും
അവനോടതികൗതുകമറിയിച്ചോരനന്തര-
മത്ഭുതം ! ചന്ദ്രനും വന്നുദിച്ചീടിനാൻ.
രജനികരനതിധവള [2]പീയൂഷമൂർത്തിയായ്,
രാജയക്ഷ്മാവ്യാധി പൂണ്ടവനെപ്പോലെ
സപദി തവ സമയഗതപരിചിതകളേബരം
സന്ധ്യാ ചിതാഗ്നൌ സമർപ്പിച്ച മിത്രന്റെ
ധവളതമമഖിലദിശിതെളുതെളവിളങ്ങുമ-

---

[1] ‘ കടവു ’ എന്നു മം. പ്ര. (ഗഡുവു ; ഘട്ടം ; സമയം)
[2] പീവരമൂർത്തി എന്നു മം. പ്ര.

താരങ്ങളാകുന്നൊരസ്ഥി പെറുക്കുവാൻ
കരനികരമഴകിനൊടു ഗഗനതലസീമനി
കാന്തിമാൻ വ്യാപരിച്ചീടും ദശാന്തരേ,
ശശികിരണനികരമുടനവനിയിൽ വീഴുന്നതും,
ശാശ്വതമാമതിന്നാഭാകദംബവും,
കുമുദമലർ സരസികളിലനവധി നിറഞ്ഞതും,
കണ്ടോർക്കുദകക്രിയാഭ്രമമുണ്ടാക്കും.
അപ്പൊഴുതു നികടഭുവി തസ്കരൻ ബാലികാ-
മാലോകനം ചെയ്തു കൌതുകം പൂണ്ടുടൻ,
ത്വരിതതരമവളുടയ ജനനിയോടു ചൊല്ലിനാൻ :—
"ത്വൽകൃപയ്ക്കേററമെനിക്കുണ്ടഭിലാഷം.
തരുണിമണി തവ തനയ കാരുണ്യശാലിനി,
തണ്ടാർശരനിഷ്ടദേവത, നിർണ്ണയം.
തരിക മമ തരിക മമ ദയിതയായിന്നു നീ,
താമസിക്കൊല്ല, മരണമടുത്തുമേ.
പല പൊഴുതു പല ദിശി നടന്നു മോഷ്ടിച്ചൊരു
പാരം സുവർണ്ണമുണ്ടാർജ്ജിച്ചിരിപ്പു ഞാൻ.
അതു വിരവൊടഖിലമപി തന്നിടുന്നുണ്ടു ഞാൻ,
ആധി തെല്ലും മനക്കാമ്പിലുണ്ടാകൊലാ.
ഇവളുമൊരു പുരുഷനെ മദാജ്ഞയാ സ്വീകരി-
ച്ചീശ്വരാനുഗ്രഹാൽ പുത്രനുണ്ടാകിലോ,
പരമഗതി [1] പുനരുടനെനിക്കു കഴിവരും
പാരിച്ച ദാരിദ്ര്യമോ നിനക്കും തീരും."
കഴുമുകളിൽ മരുവിനൊരു തസ്കരോക്തം കേട്ടു
കാരുണ്യശീലാ ഹിരണ്യവതി തദാ,
അതികുതുകഭരിതമതി, പുത്രീമുഖം ചിരി-
ച്ചാലോകനം ചെയ്തുടൻ ദൈവചോദിതാ
നിജസുതയെ വിരവിനൊ [2] ടവനു നൽകീടിനാൾ,
നിശ്ചയിച്ചാരാഞ്ഞഹോ! വാരിപൂർവ്വകം.
തദനു ബത കുതുകമൊടു തസ്കരൻ ചൊല്ലിനാൻ

[1] 'വരുവതിനെനിക്കും' എന്നു മം. പ്ര.

[2] 'അവനു നൽകീടിനാൾ' എന്നു തുടങ്ങി "പുരുഷനോടു" എന്നു വരെ മം. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

തന്റെ ധനം തരുമൂലത്തിലുള്ളതും.
"ഒരു ദിവസമൊരു പുരുഷനോടു രമിച്ചവാം
ഓമനയായൊരു പുത്രനുണ്ടാകിലോ,
പുനരരുതു പരപുരുഷസംഗമമെന്നുമേ
പൂരിച്ചൊരാഗ്രഹമുണ്ടെന്നിരിക്കിലും."
ഇതി ചടുലതരവചനമുച്ചരിച്ചങ്ങുചെ-
ന്നിച്ഛയാ മൃത്യുലോകം പുക്കു ദസ്യുവും.
ധനനിവഹമഖിലവുമൊരേടത്തു സൂക്ഷിച്ചു
ധന്യയാം പുത്രിയോടൊന്നിച്ചു മാനിനി,
നിജദയിതനനവരതമേററം പുകഴ്ത്തുന്ന
നീതി ശീലിക്കും കുമാരദത്തൻ ഗൃഹേ
ത്വരിതതരമപരിമിതദുഃഖേന ചെന്നഹോ!
ത്തൂണ്ണം തനിക്കു വന്നാപത്തുരചെയ്തു.
ചില കപടമഴകൊടു പറഞ്ഞവനെക്കൊണ്ടു്
ചിക്കെന്നു തസ്കരനെയും ദഹിപ്പിച്ചു,
സുരവരനൊടെതിരുടയൊരുഗ്രപ്രതാപനാം
സൂര്യപ്രഭന്റെ നഗരമകം പുക്കു,
ധനനിവഹമഖിലവുമെടുത്തൊരു മന്ദിരം
ധന്യമായ്ത്തീർത്തുടൻ തത്ര വാണീടിനാൾ.
കലിതസുഖശതഭരിതമമ്മഹാമന്ദിരേ,
[1] കാലംകുറഞ്ഞൊന്നിരിക്കും ദശാന്തരെ,
ഒരു ദിവസമമലതനു ധനവതിയുമാദരാൽ
ഉത്തുംഗ സൌധാഗ്രസീമ്നി വാഴും വിധൌ,
ധരണിസുരവരതനയനൊരുവനൊരു വീഥിൽ
ധാത്രിക്കലങ്കാരമായ രൂപത്തോടും,
കമലകുലശമലകരവദനനഥ പോവതും
കണ്ടു കാമാമയം പൂണ്ടു കൃശോദരി.
മധുമൊഴികളനുസരണകുശലനവനെത്രയും
മാധുര്യശീലൻ സുരഭിലവിഗ്രഹൻ,
ഹരിണമിഴിപടലമടിപണിയുമതിരമ്യയാം
[2] ഹാരലതയെന്നൊരു വാരനാരിയിൽ

---

[1] 'കാമം കുറഞ്ഞൊന്നു്' എന്ന പാഠം (മം. പ്ര.) ശരിയല്ല.
[2] 'ഹാരീതയെന്നൊരു വാര തരുണിയിൽ' എന്നു മം. പ്ര.

അഭിലഷിതമനവധികമുണ്ടാകിലുമാ-
യാൎജ്ജിച്ച വിത്തത്തിലില്ലാഞ്ഞലംമതി,
സകലദിശി പലതരമുപായവും ചിന്തിച്ചു
സൎവ്വദാ സഞ്ചരിക്കുന്നവനെക്കണ്ടു.
കമലമുഖി കമലശരബാധ പൂണ്ടെന്തിനി-
ക്കൎത്തവ്യമെന്നോൎത്തു ചിന്താപരീതയായ്,
നിജ ജനനിസവിധഭുവി ചെന്നു ലജ്ജാം വിനാ
തീരുന്ന താപമെപ്പേരുമറിയിച്ചു.
കഴുമുകളിൽ മരുവിനൊരു പതിമതവുമോൎത്തുടൻ
കല്പിച്ചു തന്റെ സഖിയോടുരചെയ്തു :—
" സുമുഖി! വരികരികിൽ മമ നാരീലലാമമേ!
സുന്ദരി! കേൾക്കേണമെന്നുടെ ഭാഷിതം.
ഒരു ധരണിസുതനിത, നടക്കുന്നു വീഥിയി-
ലോൎത്താലിവൻ കാമദേവനു മാതൃകൻ.
ഇവനൊടലർശരസമരമറിക ചെയ്തീടുവാ-
നിച്ഛ പാരം പെരുതെന്നുടെ മാനസേ.
ഭവതി പുനരതിനു പലതരമധികയത്നവും
പാരാതെ ചെയ്യേണമെന്നിൽ കൃപാവശാൽ.
കഴിവതിനു പരമിവിടെ വന്നീലയെന്നാകിൽ
കാലപുരി പുക്കു ഞാനിരിക്കും ദൃഢം. "
വിവശതയിൽ മുഴുകിന സഖീഭാഷിതം കേട്ടു,
വീതസന്ദേഹമവളും പുറപ്പെട്ടു,
ധരണിസുരനികടഭുവി ചെന്നുദന്തങ്ങളും
ധന്യനോടെല്ലാമറിയിച്ചനന്തരം,
" അയുഗശരസമരമിഹ പൊരുവതിനെനിക്കട-
നഞ്ഞൂറു ഉറുപ്പ്യം തരേണ, " മെന്നാനവൻ.
അതിനു പഴുതരുതിവിടെയെന്നോൎത്തു ദൂതിയും
അഞ്ഞൂറു ഉറുപ്പ്യകംപോലും കൊടുത്തുടൻ,
ദിവസകരനപരജലനിധിയിലാഴും വിധൌ
ദിവ്യയുവാവിനെക്കൊണ്ടങ്ങു ചെന്നവൾ,
തരുണിമണി മരുവിനൊരു മണിയറയിലുടംപുക്കു
താരുണ്യവാനോടിവണ്ണമുരചെയ്തു :—

[1] പഴുതരുതു് = തെററരുതു് എന്നു മം. പ്ര.

“ അയുഗശരസമരമിഹ പരിചിനൊടു ചെയ്യേണ-
മാരുമറിയരുതേഷാ പരവതി.
ഇനിയുമൊരു ദിനമയി, രമിപ്പാനിവൾക്കുള്ളി-
ലിച്ഛയുണ്ടെന്നാലതും ഞാൻ ധരിപ്പിക്കാം.”
സരസതരമിതിപലതുമവനൊടു പറഞ്ഞങ്ങു
സത്വരം ദൂതിയും പോയോരനന്തരം
ധനവതിയുമകതളിരിലനവധി കുതൂഹലം
ധന്യാ ധരിച്ചവനെപ്പുണർന്നഞ്ജസാ
മദനസുഖമഭിനവമതീവാ [1] നുരാഗിണീ
മാനോദയത്തോടനു [2] ഭവിച്ചങ്ങിനെ,
രജനി പുനരജനി നയനേ വിഭാതാ തദാ.
രംഭോരു പാരം വിഷാദവും തേടിനാൾ.
“ കരുതുമളവൊരുവനുമിതറിയരുതു നമ്മുടെ
കന്യകാസംഭോഗ,” മെന്നോർത്തു വിപ്രനും,
ഝടിതി പുനരടിയുടയ നിനദവുമൊളിച്ചവൻ
ഖഡ്ഗം പുരസ്കരിച്ചങ്ങു പോയീടിനാൻ.
തദനു വിധുമുഖിയുമതിവിവശത പിണഞ്ഞുടൻ
തൽക്ഷണേ ഗർഭം ധരിച്ചു [3] വിധിബലാൽ.
അതികുതുകമകതളിരിലനവധി ധരിച്ചവ-
ളാരുമറിയാതെ ഗോപനവും ചെയ്തു,
അനുദിവസമുദരഭുവി വർദ്ധിച്ച ഗർഭവു-
മാരൂഢമായി, കൃശാംഗിക്കു താപവും.
[4] മഹിതതമതനുഗുണസമേതേ ദശമമാം
മാസേ കുമാരനെപ്പെറ്റു കൃശോദരി,
ദിവസകരസുതനിവ പുരാ പൃഥാദേവിയിൽ
ദിവ്യഭൂമീപാലലക്ഷണലക്ഷിതൻ.
ധനവതിയുമധികതരഖേദാലസാംഗിയായ്
ധന്യാ കിടന്നു രാത്രാവുറങ്ങാം വിധൌ,
പരമഗതി പദനതജനങ്ങൾക്കു നൽകുന്ന

---

[1] ‘ അതീവ സാ രാഗിണി ’ എന്നു മാ. പ്ര.
[2] ‘ അനുഭവിച്ചങ്ങിനെ ’ എന്നു മം. പ്ര.
[3] ‘ വിധിവശാൽ ’ എന്നു മം. പ്ര.
[4] മഹിത തമ തനുഗുണ തികേതേ ’ എന്നു ക. പ്ര.



UNIVERSITY LIBRARY
26 APR 1967

പാൎവ്വതീകാന്തനും വന്നരുളിച്ചെയ്തു :—
" തനയനതിസുഭഗനിവനെപ്പുഞ്ജരാന്തരേ
താൽപൎയ്യമോടു കിടത്തിയതിദ്രുതം,
അകതളിരിലലിവൊടു സഹസ്രം [1] ദീനാരവു-
മാശു തൽസന്നിധൌ നിക്ഷിപ്യ സാദരം,
ധരണിവരനിലയനകവാടാന്തികേ വെച്ചു
ധന്യേ ! വരേണം പുലൎന്നപോം മുന്നമേ."
ജഗദധിപവചനമിതി കേട്ടുണൎന്നഞ്ജസാ,
ജാതകൌതൂഹലമമ്മധുവാണിമാർ
ഉചിതമിദമിതി കരുതി മാനിനിമൌലിമാ-
[2] രുദ്ധേഗമെന്നിയെ ചെയ്താരതുപോലെ.
ശിശിരകരശകലധരനവനിപതിസന്നിധൌ
ശീഘ്രമുപഗമിച്ചേവമരുൾചെയ്തു :—
" അയിനൃവര ! മനസി പരമരുതു തവ സങ്കട-
മാത്മജലാഭം നിനക്കിന്നു കൈവരും
അപരിമിതഗുണനിവഹജലധിയൊരു ബാലക-
നദ്യ നിൻ വാതിൽക്കലുണ്ടു കിടക്കുന്നു.
അവനെ വിരവൊടു തവ കുമാരനാക്കിപ്പുന-
[3] രാത്മസന്തോഷം ധരിക്ക നരപതേ ! "
ഇതി ഭഗവദുദിതമഖിലം കേട്ടുണൎന്നവ-
നിച്ഛയാ തദ്ദ്വാരദേശേ പുറപ്പെട്ടു.
ബഹളരുചിമിഹിരഹിമകരബിംബാഭനായൊരു
ബാലനെക്കണ്ടു സുവൎണ്ണനിചയവും
കുതുകഭരമകതളിരിലധികമുണ്ടാകയാൽ
കൂറോടെടുത്തു ഭാൎയ്യാകരേ നൽകിനാൻ.
സപദി നൃപനതുപൊഴുതു ജാതകൎമ്മാദികൾ
സന്തോഷപൂൎവ്വം കഴിച്ചു സകലവും.
ചതുരമതി ചടുലമിഴിയാളോടുമൊന്നിച്ചു
ചന്ദ്രപ്രഭനെന്നു പേരുമിട്ടീടിനാൻ.
നൃപനുടയ മടിയിലനവരതമപി മേളിച്ചു

---

[1] ദീനാരം = ഒരു സ്വൎണ്ണ നാണയം.

[2] ' ഉദ്യോഗം ' എന്നു മം. പ്ര.

[3] ' ആത്മസന്തോഷം ' എന്നു ക. പ്ര.

നിത്യോത്സവേന വളൎന്നു കുമാരനും.
വിപുലമതി വിരവൊടതിവിഖ്യാതകീൎത്തിമാൻ
വിദ്യകളെല്ലാം പഠിച്ചു വിനീതനായ്.
ഭുവനഭരമഴകൊടു വഹിപ്പാനലമെന്നു
ഭൂരിപ്രതാപവാനോൎത്തു സൂൎയ്യപ്രഭൻ,
[1] സുരനികര പരിവൃഢനൊടെതിരിഹ മഹീതലം
സുന്ദരമാമ്മാറു വാഴ്‌കെന്നു കല്പിച്ചു,
തനയനരുവിഭവമഭിഷേകവും ചെയ്താശു
താനും പുറപ്പെട്ടു വാരാണസീ പുക്കു.
ഉഡുപശിശുമകുടനുടെ ചരണനളിനം നിന-
ച്ചത്യുൽകുതുകം തപസ്സു ചെയ്തഞ്ജസാ,
സുരപടലപരിവൃഢനികേതനം പ്രാപിച്ചു
സൂൎയ്യപ്രഭൻ താൻ വസിച്ചോരനന്തരം;
നിഖിലമപി നിജജനകചരിതമവിളംബിതം
നീതിമാൻ കേട്ടുകൊണ്ടാശു ചന്ദ്രപ്രഭൻ,
പരമഗതി വരുവതിനു സമുചിതതമങ്ങളാം
പാഥഃക്രിയാദികൎമ്മങ്ങളും ചെയ്തുടൻ,
നിജസചിവപരിഷദി മഹീഭാരവും വെച്ചു
നിശ്ചലാത്മാ ഗയാശ്രാദ്ധേ കുതൂഹലീ,
ഗജതുരഗരഥപടലകോലാഹലങ്ങളാൽ
ഗൎജ്ജിച്ച സേനയാ സാകം പുറപ്പെട്ടു,
ധരണിസുരവരരൊടൊരുമിച്ചു ഗംഗാതടേ
ധന്യൻ യഥാവിധി കൎമ്മങ്ങളും ചെയ്തു.
അനവരതമഹിമ [2] തകുമിതര തീൎത്ഥങ്ങളു-
മാനന്ദമുൾക്കൊണ്ടു സേവിച്ചനാകുലം,
സപദി പുനരവനിതിലകൻ ഗയാം പ്രാപിച്ചു
സദ്യോ വിധൂനനം ചെയ്തു പാപത്തെയും
പിതൃഗതിയിലതികുതുകമഥ ഗുരുനിയോഗേന
പിണ്ഡം ന്യസിപ്പാൻ തുടങ്ങും ദശാന്തരേ,
അതികുതുകമതുപൊഴുതു മൂന്നു ഹസ്തങ്ങളു—
മാവിൎഭവിച്ചു കാണായി തദന്തികേ.

---

[1] സുഹൃന്നികര ’ എന്ന പാഠം (ക. പ്ര.) ശരിയല്ല.

[2] ‘ തരുമിതര ’ എന്നു് മം. പ്ര. ‘ തകും ’ എന്ന പാഠമാണു് നല്ലതു്.

നരപതിയുമനവധി കുതൂഹലാക്രാന്തനായ്
നാലു ദിക്കും വിരഞ്ഞാലോകനം ചെയ്തു,
ധരണിസുരപരിവൃഢരൊടതിനുടയ കാരണം
ധർമ്മേണ ചൊൽകെന്നു ചൊന്നോരനന്തരം,
നിഗമഗണപരിചിതമതിപ്രൌഢി പൂണ്ടവർ
നിഷ്കൃഷ്യ സൂക്ഷിച്ചു പാണിത്രയം തദാ,
ചതുരതരഭുജപരിഘബലമുടയ മന്നവൻ
ചന്ദ്രപ്രഭനോടിവണ്ണമുരചെയ്തു :—
"വീരരുടയ നരപതികൾമകുടമണിഭൂഷണ !
വിസ്മയം കേട്ടാലുമസ്മദീയം മതം.
ഒരു കരമിതറിക നൃപതേ [1] രങ്കലാഞ്ഛിതം,
ഓർത്താലൊരുചോരനുള്ളതായീടണം.
പരമതമമിദമൊരു പവിത്രകാലംകൃതം,
പാണി കണ്ടാൽ ദ്വിജന്മാവിന്റെയായ്വരും.
അപരമിദമതിമഹിതകങ്കണാലംകൃത-
[2] മാലോകനം ചെയ്ക രാജഹസ്തം വിഭോ !
[3] പിതൃപതിയൊടെതിരുടയ വിക്രമാംഭോനിധേ !
പിണ്ഡം കൊടുക്കേണ്ടതാർക്കെന്നറിഞ്ഞീല."
[4] നരപതിയുമവരിതി പറഞ്ഞോരനന്തരം
നാണിച്ചു പിണ്ഡ വിന്യാസവും ചെയ്തീല"—

* * * *

സരസതരമിതി കഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
"അവനിതലഭരണനിപുണ ! പ്രജാധീശ ! ചൊ—
ല്ലാർക്കെടോ പിണ്ഡപ്രദാനം സമുചിതം ?
അവനിപനുമവനൊടതിനുത്തരം ചൊല്ലിനാൻ :—
"ആശ്ചര്യമിച്ചോദ്യമെങ്കിലും കേൾക്കെടോ !
ധനവതിയൊടൊരു ദിവസമഴകൊടു രമിക്കുവാൻ
ധാത്രീസുരൻ ധനം വാങ്ങുക കാരണം,

---

[1] 'ശംകലാഞ്ഛിതം' എന്ന പാഠം മ. പ്ര. ശരിയല്ല.

[2] 'അത്ര പാർത്താലൊരു ധാത്രീശനുള്ളതാം' എന്ന പാഠാന്തരം (മ. പ്ര.)

[3] 'പിതൃപതി' തുടങ്ങിയുള്ള രണ്ടു വരി മ. പ്രതിയിലില്ല.

[4] 'നരപതിയുമിതിധരണിസുരവചനമാകർണ്ണ്യ' എന്ന പാഠാന്തരം (മ. പ്ര.)

അവനിപനു ജനകനവനല്ലെന്നു നിര്ണ്ണയ—
മാത്മവാനല്ലോ ഭവാൻ വിചാരിക്കെടോ !
[1] സുമവിശിഖസമനറിക സംപ്രാപ്തകാഞ്ചനൻ
സൂര്യ്യപ്രഭനുമവന്റെ പിതാവല്ല.
വിധിവിഹിതനൃപതികുലസാസ്കാര [2] കർമ്മണ
വിസ്മയം മൂല്യമായ് വന്നുകൂടി ധനം.
നൃപതികരപരികലിതസംസ്കാരഭാഗിക്കും
നിർവ്വികല്പം ലഭിക്കായ് വരും രാജ്യവും.
പരമഗതി വരുവതിനു തനയജനി മൂലമായ്
പാരിച്ച വിത്തം കൊടുത്തങ്ങു തസ്കരൻ,
അവനുടയ ജനനിയുടെ പരിണയനവും പുന-
രാചരിച്ചാനതുമൂലം പിതാവവൻ.
പിതൃഭയമകതളിരിലോർത്തു ചന്ദ്രപ്രഭൻ
പിണ്ഡമവനു നൽകേണമെന്നെൻ മതം. ”

*　　*　　*　　*

അവനിപതിവചനമിതി കേട്ടു വേതാളവും
ആശു പോയ് ശിംശപാവൃക്ഷം കരേറിനാൻ
വിരുതുടയ നരപതികളടിപണിയുമുത്തമൻ,
വീരനിട്ടിക്കോമ്പിമന്നവൻ ചൊൽകയാൽ
സരസജന മഴകൊടു പുകഴ്ത്തും കഥാമൃതം
സംഗ്രഹിച്ചേഷ ഞാൻ ഭാഷയായ് ച്ചൊല്ലിനേൻ.

---

[1] ‘ സുമതി ശിവസമനറിക ’ എന്നു് ക. പ്ര.
[2] ‘ കാരണം ’ എന്ന പാഠം (ക. പ്ര.) ശരിയല്ല.

# ഇരുപതാമത്തെ കഥ

തദനു നരപതിതിലകനും വീണ്ടു പോന്നുടൻ
തൽപരം ശിംശപഭ്രുരുഹാഗ്രേ ചെന്നു,
വികൃതതരതനുവുമതിനികൃതിബലവും [1] പൂണ്ട
വേതാളമൂഢായ പോകും ദശാന്തരേ,
അകതളിരിലധികമലിവോടു വേതാളവും
ആരാഞ്ഞവനോടൊരു കഥ ചൊല്ലിനാൻ :—

* * * *

" ചരമഗിരിനികടഭുവി സുരവരപുരോപമേ
ചാരുരത്നാഞ്ചിതേ ചിത്രകൂടേ [2] പുരാ
ചരണനതരിപുനികരനതിവിശദമാനസൻ
ചന്ദ്രാവലോകനെന്നുണ്ടായി മന്നവൻ.
അനവരതമവനധികരത്നമാർജ്ജിക്കയാ-
ലർണ്ണവത്തിന്നു ദാരിദ്ര്യദാനം ചെയ്തു,
സ്വപുരമതിൽ മരുവുമളവൊരു ദിവസമന്നൃപൻ
സ്വാസ്ഥ്യാശയൻ മൃഗവ്യാരസാകൃഷ്ടനായ്,
പവനജവപരിഹസനശീലമാം വാജിമേൽ
പാർത്ഥിവനാരുഹ്യ സൈന്യസമേതനായ്,
[3] വിപിനഭുവി വിരവിനൊടു സഞ്ചരിക്കും വിധൌ,
വീറോടു മണ്ടി തുരംഗമാധീശനും.
നിഖിലമപി നിജകബലവും പിരിഞ്ഞഞ്ജസാ
നീതനായി മഹാദൂരത്തഹോ ! നൃപൻ.
അവിടമൊരു വനമതിലശോകജാലങ്ങളു-
[4] മാശ്രുകണ്ടാന്താലഹിന്താലസംഘവും,
മധുപഗണമിടയിടെ മുരണ്ടു നടപ്പതും,
മാനിച്ചു മന്ദപവനൻ ചരിപ്പതും,
അതിനുടയ നടുവിലൊരു ദിവ്യനളിനിയു—
മത്യന്തനിർമ്മലമായ സലിലവും.

---

1 'പൂണ്ടു' എന്ന പാഠം (മം. പ്ര.) ശരിയല്ല.
2 'പുരേ' എന്ന് ക പ്ര
3 'വിപിനഭുവി' എന്നു തുടങ്ങി രണ്ടുവരി മം. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.
4 'അശ്രുകണ്ടാന്താല ഹിന്തല ജാലവും' എന്നു ക. പ്ര. (?)

തുരഗവരനെയുമവിടെ വിരവൊടു നിറുത്തീട്ടു
തൂർണ്ണം സരസ്തടം പ്രാപിച്ചനാകുലം,
രുചിരതരസരസിരുഹപരിമിളിതമാം ജലം
രൂക്ഷതാപം സഹിയാഞ്ഞു സേവിച്ചുടൻ,
ബഹുമധുരസുലളിതബിസാങ്കുരം ഖണ്ഡിച്ചു
ക്ഷുദ്ബാധരം ഭുജിച്ചത്ര വാഴും വിധൌ,
സുരതരുണിഗണമതിലുമധികതരരൂപിണീ
സുന്ദരീ തത്ര വാണാളൊരു ബാലികാ.
അളിപടലപരിമിളിതസുമഗണമറുത്തുട-
നാളികളോടുമൊന്നിച്ചു വിളയാടി,
സരസിരുഹവടിവുടയ നയനചടുലാഭയാ
സാമ്രാജ്യമാളുന്നതും കണ്ടു ഭൂപതി.
മദനശരശതമുടലിലതികഠിനമേല്ക്കയാൽ
മാനം വിനൈവ പതിച്ചു മഹീതലേ.
ശരനികരമനവധി [1] തറച്ചു മൃഗങ്ങൾ തൻ
ശാപമനുഭവിച്ചീടുന്നതുപോലെ,
ഉടനധികകുതുകമൊടെഴുന്നേറ്റു മന്നവ-
നൂഢസന്താപേന ചെന്നു തത്സന്നിധൌ,
അവശമവൾ സഖിയൊടുടനിവളുടയ വൃത്താന്ത-
മാശു ചോദിച്ചതു കേട്ടവളും ചൊന്നാൾ :—
"കമലമുഖിയിവളറിക കമലശരദേവതാ,
കണ്വമഹർഷിതൻ കന്യാ, മനോഹരീ.
മുനിനികരഹൃദയമപി മനസിജനു നൽകുന്ന
മേനക മാതാവിവൾക്കെന്നറിഞ്ഞാലും.
ഇവളനിശമഖിലജനനയനവിപുലോത്സവാ [2],
ഇന്ദീവരപ്രഭാ നാമ്നാപി മാനിനീ.
അതുപൊഴുതു നരവരനുമുഴറി നടകൊണ്ടുട-
[3] നാത്മവാൻ കണ്വനെക്കണ്ടു ചൊല്ലീടിനാൻ :—
"മുനിതിലക ! ജയ ! ജയ ! കൃപാനിധേ ! കൈതൊഴാം,
മൂഢനായോരു ഞാൻ ചിത്രകൂടാധിപൻ.

---

[1] 'പതിച്ചു' എന്നു ക. പ്ര.
[2] 'ഉത്സവം' എന്നു മം. പ്ര.
[3] 'ആത്മവാൻ' എന്ന പാഠം (ക. പ്ര.) ശരിയല്ല.

തരിക തവ തനയയെ നമുക്കു ദയിതയായ്
താരുണ്യസാഫല്യമെന്നാൽ വരും മമ."
ഇതി നൃപതിവചനമഖിലം കേട്ടു താപസ-
നിശാചരാനുഗ്രഹമെന്നോർത്തതിദ്രുതം,
നിജസുതയെ വിരവിനൊടവന്നു നൽകീടിനാൻ
നീതിമാൻ യാത്രയും ചൊല്ലിപ്പുറപ്പെട്ടു,
തരുണിമണിയോടുമഥ നടന്നു പോകും വിധൌ
തത്ര കണ്ടാനൊരുദ്യാനവൽ കാനനം.
ദിനകരനുമത്തുപൊഴുതിലപരജലരാശിയിൽ
ദീപ്താംശുമാൻ ചെന്നു മജ്ജനവും ചെയ്തു.
തിമിരചയമവനിതലമഖിലമാകാശവും
തീവ്രം സമാവൃത്യ വന്നുറച്ചു തദാ.
ഹരമകുടഘടിതതനുശിശിരകരനും പ്രഭാ-
ഹല്ലോഹലം മുൻനടത്തിപ്പുറപ്പെട്ടു,
[1] രജനിവരശബരിയുടെ മൃദുലകരതാരതിൽ
രഞ്ജിച്ച ശംഖവലയാഭനാം ശശീ
സുരനികരപരിവൃഢദിശാമുഖേ ശോഭിച്ചു.
സുന്ദരചന്ദ്രികാ ജാലമതുനേരം
തരുണിമണിതനുവിലഥകർപ്പൂരധൂളിയായ്,
തന്വംഗികണ്ണാന്തികേ കേതകാഭമായ്,
കുചയുഗളനികടഭുവി ഹാരമാല്യാഭമായ്,
[2] കൂറോടുപചരിച്ചീടും തദാന്തരേ,
നരപതിയുമിനിയരുതു ഗമനമുടനെന്നോർത്തു
നാനാ കിസലയകല്പിതശയ്യയിൽ
അതിമുദിതമഭിനവവധുരതമോർത്തുട-
[3] നാനന്ദഭാരേണ ഭൂരുഹാധഃസ്ഥലേ,
കിമപി സുഖമനിമിഷജനങ്ങൾക്കുമാശാസ്യം
കീർത്തിമാനന്നു രാത്രൌ ഭുജിച്ചീടിനാൻ.
രജനിപരിണതിയിലതിഘോരരൂപൻ ബ്രഹ്മ-
രാക്ഷസൻ വന്നു ദംഷ്ട്രാകരാളാനനൻ,

---

1 'രചനിചര ശബരിയുടെ' എന്ന പാഠം (മം. പ്ര.) ശരിയല്ല.
2 'കൂറോടു മുജ്ജ്വലിച്ചീടും' എന്നു് ക. പ്ര.
3 'ആനന്ദ കാരണേ' എന്നു് മം. പ്ര.

ജ്വലനകണവിലസിതവിലോചന [1] ഭീഷണൻ
ജ്വാലാമുഖൻ നൃപനോടു ചൊല്ലീടിനാൻ :—
"മനുജപശു കരുതുകിലഹോ! ഭവാൻ നിർണ്ണയം
മാനിനിയോടുമെന്നാശ്രമസീമനി,
നിജകമുപവനമതിലകത്തുപുക്കനേഹം
നീചജനങ്ങൾ രമിക്കുന്നതുപോലെ,
മയി ചെറ്റു ബഹുമതിയുമെന്നിയേ സാമ്പ്രതം
മന്മഥലീലകളോരോന്നു ചെയ്കയാൽ
വികടതരദശനനഖശിഖരപരിഭ്രൂതനായ്
വീരകൃതാന്തന്നതിഥിയാകും ഭവാൻ."
ചടുലതരകലഹരസഭരിതവചനം കേട്ടു
ചന്ദ്രാവലോകനവനോടുരചെയ്തു :—
"തവ ചരണയുഗളമിത പരിചൊടു തൊഴുന്നു ഞാൻ
തത്വമറിയാതെ ഞാനിതു ചെയ്തതും.
അതിനരുതു കലഹരുചി തവ മയി മഹാജന-
[2] മാശ്രിതന്മാൎക്കഭയത്തെക്കൊടുത്തിടും."
മനുജപതിവചനമിതി കേട്ടാശു രാക്ഷസൻ
മാനിച്ചു കിഞ്ചിൽ പ്രസാദിച്ചു ചൊല്ലിനാൻ :—
"മമ ചരണഭജനമിഹ പരിചിനൊടു ചെയ്കയാൽ
മാനവാധീശ്വര! ഞാനും പ്രസാദിച്ചു.
തവ മരണമൊഴിവതിനു പരമൊരുപായവും
തത്ത്വേന ഞാൻ പറഞ്ഞിടാം, ധരിക്ക നീ.
യമനിയമനിലയന! ഭവാൻ സപ്തമേ ദിനേ
ഏഴു വയസ്സായ ബാലനെസ്സത്വരം,
[3] കലിതരസമതിചതുരമച്ഛനമ്മയും
കാലും കരവും പിടിച്ചങ്ങിരിക്കവേ,
അഴകുടയ ധരണിസുരബാലൻ കഴുത്തറു-
ത്താശു നൽകേണമെനിക്കു ബലിദാനം.
അതിനു തവ കഴിവിഹ വരായ്കിലന്നന്തിയി-
ലഞ്ജസാ നിന്നെയും കൊല്ലുന്നതുണ്ടു ഞാൻ."

---

[1] 'ഭ്രൂക്ഷണൻ' എന്നു് ക. പ്ര.

[2] 'ആൎക്കെങ്കിലുമഭയത്തെ' എന്നു ക. പ്ര.

[3] 'കലിതതരം' എന്നു് മാ. പ്ര.

മനുജപതി പരിചൊടിതി രാക്ഷസോക്തം കേട്ടു,
മാനസം തന്നിലിവണ്ണം നിരൂപിച്ചു:—
"എതിരിടുക വിധിയോടെളുതല്ലാർക്കുമേ നൂന-
മേഴ നാളം ജീവിച്ചിരിക്കാമെനിക്കിനി.
ഇതി പലവുമകതളിരിലോർത്തു വിഷണ്ണനായ്
ഇന്ദീവരപ്രഭയോടുമൊരുമിച്ചു,
തുരഗവരഖുരവിഹതിലാഞ്ചിതമാർഗ്ഗേണ
തൂർണ്ണം നിജപുരം പുക്കോരനന്തരം.
സചിവജനമഖിലമുട [1] നാഹൂയ ചൊല്ലിനാൻ
സദ്യോ ഭവിച്ചോരനർത്ഥമശേഷവും.
മതിവിഭവസലിലനിധി 'സുമതിയെന്നുള്ളൊരു
മന്ത്രിയുമപ്പോളവനോടുരചെയ്തു :—
"അരുതരുതു തവ മനസി നരവര! വിഷാദവു-
മാരുവാനാപത്തൊഴിഞ്ഞതല്ലേ ഭുതലേ?
അഹമിതിനു സമുചിതമുപായമുണ്ടാക്കുവാൻ
ആകുന്ന യത്നങ്ങൾ ചെയ്യുന്നതുണ്ടഹോ!
അവനിപനൊടിതുപലതുമവനുമുരചെയ്തുട-
നാശ്വസിപ്പിച്ചു നിജാലയം പ്രാപിച്ചു
[2] കനകമയമൊരു പുരുഷസുരുചിരകളേബരം
കല്പിച്ചു ദിവ്യരത്നാലങ്കൃതം തദാ,
ഒരു പുരുഷശിരസി കരയേററി നടന്നുട-
നോർത്തു ജനങ്ങളോടേവമുരചെയ്തു :—
"അവനിസുരപരിഷകളിലൊരുവനൊരു ബാലക-
മാവിമ്മുദാ തരുന്നാകിലവന്നു ഞാൻ
അതിമഹിതമണിഖചിതകാഞ്ചനവിഗ്രഹ-
മാശാനുകൂലം കൊടുക്കുന്നതുണ്ടഹോ!"
പലപൊഴുതുമിതി ബത പറഞ്ഞുപോകും വിധൌ,
പാരമടുത്തോരു വിപ്രകുമാരകൻ
സചിവവരനികടഭുവി ചെന്നു ചൊല്ലീടിനാൻ :—
"സന്ദേഹമില്ല, ഞാൻ പോരുന്നതുണ്ടെടോ!
മമ ജനകനറിക ബഹുദാരിദ്ര്യപീഡിതൻ,

---

[1] 'ആദരായ ചൊല്ലിനാൻ' എന്നു മം. പ്ര.

[2] 'കനകമയമൊരു' എന്നു തുടങ്ങിയുള്ള മൂന്നു വരികൾ മം. പ്രതിയിലില്ല.

മാതാവിന്നുമതു സമ്മതമായ്‌വരും.
വരിക മമ നിലയഭുവി ചെറുതരുതു താമസം,
വാഞ്ഛിച്ച കാര്യം ഭവാനു സാധിച്ചിടും."
തദനു ശിശു സുമതിയൊടു കൂടെപ്പുറപ്പെട്ടു,
തന്റെ നികേതനം പുക്കു ചൊല്ലീടിനാൻ :—
"മമ ജനക ! തവ ചരണയുഗളമിത, കൈതൊഴാം
മാതാവുമൊന്നു കേൾക്കേണം മമ ഗിരം.
ജനിമരണജലനിധിയിൽ നീന്തുന്നവർക്കഹോ !
ജന്മം മരണവും നിശ്ചയമല്ലയോ ?
അതിലുചിതമറിക പരനുപകൃതിനിമിത്തമാ-
യാശു ദേഹത്യാഗമെത്രയുമുത്തമം
അവനിപനുമമിതപുരനിലയനജനത്തിനു-
മത്യന്തനിശ്രേയസം ഭവിച്ചീടുവാൻ
ഒരു രജനിചരനൊരു ബലിപ്രദാനാർത്ഥമായ്
ഓർത്തുഞാനെന്റെ ശരീരം കൊടുക്കുന്നേൻ.
രജനിചരനതിതുമുലഹർഷമുണ്ടായ്‌വരും,
രാജാവിനും മനസ്സന്തോഷമുണ്ടാകും.
അതിവിപുലധനമിതു ലഭിക്കാം ഭവാന്മാർക്ക-
മാശു മോക്ഷം ലഭിക്കാമെനിക്കും ദൃഢം.
അതിജഡമിതറിക തനുവതിനു പലതും പുന-
രാപത്തുമോരോ തരത്തിലുണ്ടായ്‌വരും.
പലലജലമലരുധിരമേദോസ്ഥിസഞ്ചിതം
പാപത്തിനാലയമേററമശുദ്ധിദം.
വപുരുടനിതൊരുവനുപകാരാർത്ഥമാകിലോ
വന്നുകൂടും ജന്മസാഫല്യമേവനും."
തനയഗിരമിതി ജനനി കേട്ടു ജനകനും
തത്തനുവിങ്കലുള്ളാശാമുപേക്ഷിച്ചു,
പുരുകനകകലിതകമനീയമാം വിഗ്രഹേ
പൂർണ്ണസമ്മോദം വഹിച്ചോരനന്തരം,
[1] സുമതിജനമകുടമണി സുമതിയുമവർക്കാശു
സുന്ദരവിഗ്രഹം നല്കി നടകൊണ്ടു.
നരപതിയോടിദമഖിലമങ്ങു ചെന്നഞ്ജസാ

---

[1] 'സുമതിജന മകുടമണി' എന്നു തുടങ്ങി നാലു വരികൾ മം. പ്രതിയിലില്ല..

നാഴിക വൈകാതെ ചൊന്നോരനന്തരം,
ചതുരമതിബലമുടയ മന്ത്രിയോടൊന്നിച്ചു
ചന്ദ്രാവലോകൻ പുറപ്പെട്ടു സത്വരം,
ദ്വിജതനയനിലയനമകം പുക്കു ബാലക-
ദീർഘദർശിത്വമറിഞ്ഞു് സന്തോഷിച്ചു.
അവനുടയ ജനനിയെയുമച്ഛനേയും വിളി-
ച്ചാശു ശിശുവോടുമൊന്നിച്ചനാകുലം,
രജനിചരനിലയനവനാന്തരം പ്രാപിച്ചു,
രാജാവു മുന്നം വസിച്ച വടാന്തികേ.
നിഗമപരധരണിസുരനെക്കൊണ്ടു നിർമ്മായ-
[1] * * * *
പൂജിച്ചു മന്ത്രശാസ്ത്രോക്തവൽ സത്വരം,
അവനിസുരശിശുവിനെയുമവിടെ നിർത്തിപ്പുര-
മാശു ഭൂപൻ വധിപ്പാൻ തുടങ്ങും വിധൌ,
അതികുതുകമകതളിരിലുണ്ടാക കാരണ-
മഞ്ജസാ പ്രത്യക്ഷനായ് വന്നു രാക്ഷസൻ
അഖിലമപി ഭുവനമഥ കിടുകിടെ നടുങ്ങുമാ-
റട്ടഹാസം ചെയ്യു നേരം ദ്വിജാത്മജൻ
ഭയചകിതമുടനുടലൽ വിറക്കുന്നതു കണ്ടു
പാഞ്ഞോടുമെന്നോർത്തവന്റെ ജനനിയും
ത്വരിതതരമവനുടെ കരം പിടിക്കും വിധൌ,
താതൻ ചരണങ്ങളും പിടിച്ചീടിനാൻ.
അതുപൊഴുതു ശിശുവുമകതാരിലോർത്തീടിനാൻ :—
“ ആനന്ദപൂർവ്വകം ജന്മാന്തരത്തിലും
മമ തനുവിനവധി പരനുപകൃതിനിമിത്തമായ്
മാനേന സംഭവിച്ചീടേണമീശ്വര ! ”
ഇതു മനസി പരിചിനൊടുറപ്പിച്ചു ബാലക-
നിച്ഛ പൂണ്ടുച്ചൈസ്തരം ചിരിച്ചീടിനാൻ.
മനുജപതി ധരണിസുരനും തദ്ദയിതയും
മന്ത്രിപ്രവരനും രാക്ഷസാധീശനും
അപരിമിതകുതുകമൊടടുത്തു വന്നേവരും-

---

[1] ഇവിടെ കുറച്ചു വരികൾ വിട്ടുപോയിട്ടുണ്ടെന്നു സ്പഷ്ടമാണ്. മം. പ്രതിയിൽ വിട്ടുപോയതായി കാണിച്ചിട്ടുണ്ട്. മണ്ഡലം ... (വലയം; വൃത്തം) ഉണ്ടാക്കിയെന്നോ മറെറാ സൂചന കാണുന്നു ക. പ്രതിയിൽ.

മാത്മവാനെക്കൊൽകയില്ലെന്നുറച്ചടൻ,
ശിശുചരണയുഗളമതിവന്ദനം ചെയ്യതി-
ശില്പമൊരോന്നു ശങ്കിച്ചു വാങ്ങീടിനാർ. ''

*　　*　　*　　*

സരസമിതി കഥയുമുരചെയ്തു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു:—
"ബഹുലതരമതിവിഭവമുടയൊരു നരാധിപ!
ബാലൻ ചിരിച്ചതിൻ മൂലം പറകെടോ!"
അവനിപനുമവനൊടതിനുത്തരം ചൊല്ലിനാ-
നാശ്ചര്യമത്രേ ഭവച്ചോദ്യമോക്കിലോ.
ബലസഹിതനൊരുവനൊരു വിബലനെ വധിക്കുവാൻ
ബദ്ധാദരം തുനിഞ്ഞാകിലവൻ തദാ,
ജനകനെയുമഴലൊടഥ ജനനിയെയുമഞ്ജസാ
ജാതാനുതാപം ശരണമായ് പ്രാപിക്കും.
അവരവനിലുദിതഭയപരിണതി വരുത്തുവാ-
നാളല്ലയാഞ്ഞാൽ നൃപൻകാല്ക്കൽവീണിടും
നരപതിയുമതിലധികവിധുരനെന്നാകിലോ
നാഥൻ നമുക്കീശനെന്നുറച്ചിടും.
ചകിതജനനിചയപരിപാലകന്മാരിവർ
ചാതുര്യമോടു മാം കൊൽവാൻ തുനിയുന്നു.
[1] അധികതരദുരിതഗതിനിലയനമഹോ! വപു-
സ്സാപത്തൊഴിഞ്ഞിതിനില്ല സാദ്ധ്യാപരം.
ഇവ പലവുമകതളിരിലോർത്താശു ബാലകൻ
ഈഷദാതങ്കംവിനാ [2] ചിരിച്ചീടിനാൻ."
അവനിപതിവചനമിതി കേട്ടു വേതാളവു-
മാശുപോയ് ശിംശപവൃക്ഷം കരേറിനാൻ.

*　　*　　*　　*　　*　　*　　*

കമലശരസുഭഗതമനലസമിഴിമാർക്കതി-
കാമാനലാർത്തി നല്കീടുന്ന രൂപവാൻ,
വിമതജനഭയജനനചതുരനിട്ടിക്കൊമ്പി-
വീരാവനീന്ദ്രൻ ജയിക്കണമെപ്പൊഴും

---

[1] 'അധികതരദുരിത' എന്നു തുടങ്ങി 'വൃക്ഷം കരേറിനാൻ' എന്നു വരെ 6 വരി മം° പ്രതിയിലില്ല.

[2] വഹിച്ചീടിനാൻ എന്നു കാണുന്നതു് ശരിയല്ല. (ക. പ്ര.)

# ഇരുപത്തൊന്നാമത്തെ കഥ

പുനരപി ച നരപതി പിടിച്ചു വേതാളത്തെ
പൂർണ്ണമോദം തോളിലേററിസ്സസംഭ്രമം.
ബഹുലതരതുമുലതിമിരേ നടക്കും വിധൌ
വേതാളവും നൃപനോടു ചൊല്ലീടിനാൻ :—
"തവ സദൃശനൊരുപുരുഷനില്ല ഭൂമണ്ഡലേ
താല്പര്യമോടു ഞാൻ ചൊല്ലാമൊരു കഥ-

* * * *

അഴകു പെരുതുടയൊരു വിശാലപുരം തന്നി-
ലർത്ഥദത്താഭിധനായ വണിഗ്വരൻ
ധനനിചയമപരിമിതമനുദിവസമാർജ്ജിച്ചു
ധന്യൻ സുഖിച്ചു വാണീടും ദശാന്തരേ,
അവനുമൊരു തനയ, തനുഗുണനിലയയായുട-
നാശയനുകൂലമാമ്മാറുളവായി.
സുരനികരപുരനിലയതരുണിജനമോക്കില-
സ്സുന്ദരിക്കാരുമെതിരില്ല നിർണ്ണയം
മദനനൊടു പൊരുവതിനു സമുചിതതമം കാലം
മാനിനീമൌലിക്കു വന്നോരനന്തരം
ധനവുമഭിജനവുമനുപമതമമതാകയാൽ
ധന്യനാകും മണിവർമ്മാവിനെ ദ്രുതം
നിജനികടഭുവി ബത വരുത്തിത്തനൂജയെ
നീതിമാനർത്ഥദത്തൻ കൊടുത്തീടിനാൻ.
സുമുഖി പുനരതുപൊഴുതു നിജരമണനൊട്ടുമേ
സൌന്ദര്യമില്ലാഞ്ഞു പാരം വിഷാദിച്ചു.
ഒരു പൊഴുതുമവനൊടൊരു സംഭാഷണംപോലു-
[1] മോമനഗാത്രിക്കു സംഭവിച്ചീലഹോ !
അവനവളിലധികതരമഭിലഷിതമാർന്നട-
നാരാഞ്ഞു പിമ്പെ തുടർന്നു ചെല്ലും സദാ
അതു പൊഴുതു തരുണി പുനരതി [2] വികടമാംവർണ്ണ-
മാത്ത ബീഭത്സം പരാവൃത്യ നോക്കിടും.

---

[1] 'കാമനവാണി' എന്നു മം. പ്ര.

[2] 'നികിടമാംവർണ്ണം' എന്ന പാഠം (ക. പ്ര.) ശരിയല്ല.

രജനിവരുവതു മരണമതിന്ന സമമെന്നല്ല,
രാപ്പുലർന്നീടുന്നതു പരമോത്സവം.
[1] പ്രണയമിനി വരുമിനി വരും നമ്മിലെന്നവൻ
പ്രായേണ കല്പിച്ചിരുന്നു സംവത്സരം.
നിജനിലയമധികതരദൂരസ്ഥമാകയാൽ
നിത്യാനുരാഗവാൻ താനെന്നിരിക്കിലും,
ദയിതയൊടുമവളുടയ ജനകനൊടുമഞ്ജസാ
ദഗ്ദ്ധാശയൻ യാത്ര ചൊല്ലിപ്പുറപ്പെട്ടു.
മദനശരമുടനിടയിൽ വന്നു തടുക്കിലും
മാനം നടിച്ചവൻ പോയോരനന്തരം,
കൃശതനുവുമഴലൊടഖിലാംഗവും വേഷ്ടിച്ചു
കൃഷ്ണസർപ്പം വിട്ടുപൊയ കണക്കിനേ,
അധികതരസുഖജനിതദീർഘനിശ്വാസത്തി-
നാരംഭണമൊടുങ്ങാഞ്ഞു വിഷാദിച്ചു.
മധുമൊഴികളുടയസുഖമനിഷ്ടനാം നായകൻ
മാനിച്ചു പോകുന്നതിൽപ്പരമൊന്നില്ല.
അളിപടലപരിലസിതമൃദുകുടിലകുന്തളാ-
ആളിമാരോടുമൊരുമിച്ചൊരു ദിനം
സരസതരമലയജരസാലിപ്തഗാത്രിയായ്,
സമ്മോഹനീയാംഗി രത്നസൌധോപരി
പല കളികൾ തുടരുമളവുടനൊരു മഹീസുരൻ
പാരിച്ച രൂപലാവണ്യവാൻ വീഥിയിൽ
നിജവദനസരസിജവുമാലോകനം ചെയ്തു
നിന്നതു കണ്ടു കൌതുകം പൂണ്ടുടൻ,
അവനിതലതിലകനിവനെന്നോർത്തു തദ്ദേഹ—
മാപാദചൂഡം ദൃശൈവ സേവിച്ചുടൻ,
കുസുമശരശതമുടലിലനവധി തറയ്ക്കയാൽ
കുന്നൊത്ത പോർമുലയാളിൻ കളേബരം
മരുധരയിലതികഠിനരവികിരണമേറ്റുള്ള
മാലതീമാലികപോലെ ചമഞ്ഞു തേ.
അവനിസുരവരതനയനവളുടെ മുഖാംബുജ-

[1] 'പ്രണയമിനി വരുമിരുവരും തമ്മിൽ' എന്നു മം. പ്ര.

മവലോക്യ ശീഘ്രം തല കുലുക്കിപ്പരം,
തരുണിയുടെ മധുരിമയിൽ മുഴുകിനൊരു കണ്ണിനെ
ത്താൻ പണിപ്പെട്ടിഴുത്തിടുന്നതുപോലെ,
സഖികളോടുമുടനഥ ഗമിച്ചു തന്മന്ദിരേ
സാരംഗനേത്രയെ ധ്യാനിച്ചു മേവിനാൻ.
തദനു സുമശരദഹനപീഡയാ ഭാമിനി
താനേററവും ദിനദീനയായന്വഹം,
അതിമൃദുലകമലമലർ, കദളിക, മൃണാളവും
ആശു ദാഹോപകരണമായ്ക്കല്പിച്ചു.
ശിശിരകരകരനികര പരിലസിതയായതി-
ശീതളയായ രജനിയെസ്സുതരാം
ദവദഹനപടലപരിവലയിതയിതെന്നോർത്തു
ദാഹഭീത്യാ പാരമാധിപൂണ്ടീടിനാൾ;
നിജനിലയനികടഭുവി മരുവിനൊരു ഗൌരിയെ
നിത്യം തൊഴുതു നമസ്കാരവും ചെയ്തു,
"മദനസമനിനിയ കമലാകരനെന്നുടെ
മാനാപഹൻ കാന്തനായ് ഭവിക്കേണമേ!
ജനനി! തവ ചരണയുഗമതിനിത തൊഴുന്നു ഞാൻ
ജന്മമരണാദിഹീനേ! മഹേശ്വരി!"
ഇതി പലതുമകതളിരിലോർത്തു യാചിച്ചുട-
ന്നിന്ദീവരാക്ഷി ചെററല്ല ദുഃഖം പൂണ്ടു.
ശരദി സരിദിവ [1] ശിതിനിശാചന്ദ്രലേഖയാ
ശാരികവാണി പാരം മെലിഞ്ഞീടിനാൾ.
വിരലുകളിലണിയുമമലാംഗുലീയങ്ങളും
വീറോടവൾക്കു വലയങ്ങളായ് വന്നു.
തരിവളകൾ ശിവ! ശിവ! വരോരുമൌലിക്കഹോ!
തല്ക്കാലമാശു കേയൂരങ്ങളായ് വന്നു.
അതിശയമിതവളുടയ തനു മെലികിലും പുന-
രായതാക്ഷിക്കു ലാവണ്യം കുറഞ്ഞീല.
മദനകൃതപരവശത പലതുമിവ പൂണ്ടവൾ

---

[1] ശിതിനിശാചന്ദ്രലേഖയാ = കറുത്ത പക്ഷത്തിലെ രാത്രിയിലുള്ള ചന്ദ്രകലയോടു (സമം എന്നോ മററൊ സാദൃശ്യത്തെക്കുറിക്കുന്ന ഒരു പദം ഉണ്ടെങ്കിലെ ഈ തൃതീയയുടെ അർത്ഥം പറഞ്ഞുകൂട്ടു). ലേഖയാം എന്നു ക. പ്ര. ലേഖയാകുന്നവൾ എന്നു അന്വയിക്കുന്നതിലും കുറച്ചു ക്ലേശമുണ്ടു്. "ലേഖപോൽ" എന്നാക്കിയാൽ പററും.

മാലതിയെന്നൊരു തോഴിയോടഞ്ജസാ,
അഖിലമപി നിജഹൃദയവിപുലതരസന്താപ-
മങ്ങവളോടറിയിച്ചോരനന്തരം,
വിരവൊടഥ സുമുഖി കമലാകരൻ തന്നെയും
വീതസന്ദേഹം തിരഞ്ഞു ചെല്ലും വിധൌ,
അവനിസുരനവനുമതി പരവശത പൂണ്ടതു-
മാരുമറിയരുതെന്നോർത്തുപവനേ
ഒരു സഖിയോടഖിലമപി മദനകൃതവൈശസ-
ദമാർത്തുരചെയ്തു ദുഃഖിക്കും ദശാന്തരേ,
മദനനൊടു സമനറിക സരസനൊരു പൂരുഷൻ
മററാരുമല്ലെന്നുറച്ചാശു മാലതി,
വിരവിനൊടു ധരണിസുരനികടഭുവി ചെന്നതി-
വിസ്മയമാമ്മാറിവണ്ണമുരചെയ്തു :—
" ഒരു ദിവസമൊരു വഴിയിലയി മദനമഞ്ജരി-
ക്കോരാതെ നീ നയനാതിഥിയാകയാൽ,
കുസുമശരനവളുടയ വപുഷി കുസുമാസ്ത്രങ്ങൾ
കൂറെന്നിയെ വളരെപ്പൊഴിച്ചീടുന്നു.
ഇരവുപകലവൾ നയനമനിമിഷമതാകയാ-
ലിന്ദീവരങ്ങൾക്കു ഗർവ്വം ശമിക്കുന്നു.
തനുലതികദിനമനുമെലിഞ്ഞു ചമകയാൽ
താരാധിപൻകലയ്ക്കാതങ്കമുണ്ടെടോ !
ചില സമയ[1]മചലതനുവായ്ക്കണ്ണടച്ചുടൻ
ചിന്തിക്കുമാറുണ്ടതെന്തെന്നറിഞ്ഞീല.
ചില സമയമവൾ തന്നെ തളർന്നു കാണാകുന്നു,
ചിക്കെന്നു ഭൂമൌ കിടന്നു മോഹിക്കുന്നു.
[2] വിരവൊടവളധികതരദീർഘമായു് വീർത്തഹോ !
ബിംബാധരം കടിക്കുന്നു ചില നേരം.
വിമലതനു മലയജരസം കണ്ടതാകിലോ
വിസ്മയമത്യന്തമുഷ്ണം തടവുന്നു.
പെരുത്തുപെരുതവളുടയ മദനപരമാതങ്കം,

---

[1] 'അമലതനു പോയ്ക്കണ്ണടച്ചുടൻ' എന്നു മം. പ്ര.

[2] 'വിരവൊടവളധികതര' എന്നു തുടങ്ങി 4 വരി മം. പ്രതിയിലില്ല. 'വിരവൊടുടനവളുടയ മദനപര മാതങ്കം' എന്നു തുടങ്ങുന്നു മം. പ്രതിയിൽ.

പേർത്തുചൊല്ലീടുവാനാളല്ല ഞാനെടോ!
അരനിമിഷമരുതിഹ വിളംബനമെന്നതു-
മസ്തമിച്ചു പുനരാദിത്യദേവനും.
വരിക വരികയി സുമുഖ! മാർഗ്ഗം പിഴയാതെ
വല്ല കണക്കിലും ഞാൻ കൊണ്ടുപോയിടാം."
തരുണിമണിവചനമിതി കേട്ടു ധരാസുരൻ
താനേ സുധാസിന്ധുവിൽക്കുളിച്ചഞ്ജസാ,
സരസതരമവളുടയ പിമ്പേ നടകൊണ്ടു
സാമോദമാരാമസീമ്നി ചെന്നീടിനാൻ.
ത്വരിതതരമഥ സഖീഗിരാനംഗമഞ്ജരി
തത്വേന മോദിച്ചു ജീവനാഥാഗമം,
ഉടനധികമകതളിരതിൽ സ്നേഹപൂർണ്ണയാ-
യുന്മീലനം ചെയ്തു ദീപപ്രഭപോലെ.
നയനയുഗകമലമതിസംഫുല്ലമായ്വന്നു,
നാണവും ദൂരത്തു പോയ്മറഞ്ഞു തദാ.
ദയിതതമഗളഭുവി മുറുക്കെപ്പിടിച്ചതി-
ദാഢേന പത്തുനൂറാലിംഗനം ചെയ്തു.
ഉടനവളോടതിസരസമൊന്നു ചൊല്ലീടിനാൾ:—
"ഊടറിഞ്ഞാത്തു നീ [1] പോകും മദന്തികാൽ."
അസിതമിഴി സരസമിതി ചൊന്നോരനന്തരം,
അത്ഭുതം ഭൂമൌ മരിച്ചു വീണീടിനാൾ.
അതുപൊഴുതു കതുകപരിതാപങ്ങളോടുടൻ,
അത്യന്തചിന്താപരൻ കമലാകരൻ,
മധുമൊഴിയെ വിരവിനൊടു പുൽകി [2] പ്രലാപിച്ചു,
മാനം വെടിഞ്ഞവനും മരിച്ചീടിനാൻ.
ഉഷസി പുനരുപവനമതിൽ വെച്ചു ബന്ധുക്ക-
[3] ളൂഢഖേദം വിലാപം തുടങ്ങും വിധൌ,
അകതളിരിലധികതര കോപതാപങ്ങളാ-
ലർത്ഥദത്തൻ പരിഭ്രുതനായീടിനാൻ,

---

1 'പോക മദന്തികേ' എന്ന പാഠം (മം. പ്ര.)
2 'പ്രതാപിച്ചു' എന്ന പാഠം (ക. പ്ര.) ശരിയല്ല.
3 'ഊനമോദം' എന്നു ക. പ്ര.

തദനുവരതനുവിനുടെ സുഭഗത നിരൂപിച്ചു,
താൽപാൎയ്യവാൻ മണിവൎമ്മാവുമഞ്ജസാ,
മദനരസഭരിതനവഗൃഹനിലയനമകം പുക്കു,
മാനിനിതന്റെ കുശലം വിചാരിച്ചു.
വിരവൊടകതളിരിലഴലൊട്ടുമുപവനം പുക്കു
വിസ്മയം! കണ്ടാനൊരുലതാമന്ദിരേ,
ധരണിസുരതനയനെയുമാലിംഗനം ചെയ്തു
ധാത്രിയിൽ വീണു കിടപ്പോരു കാന്തയെ.
ഉടനവനുമലറി മുറയിട്ടു തത്സന്നിധൌ
[1] ഊഢഖേദം മരിച്ചാശു വീണീടിനാൻ.
ഒരു നരനിലഭിലഷിതമേറെയുണ്ടാകയാൽ
ഓമനവാണി മരിച്ചിതെന്നാകിലും,
അവളിലഭിലഷിതമവനുണ്ടായതും പുന-
രാപത്തു വന്നതുമെത്രയുമത്ഭുതം !
മനസിജനുപെരുതയി മഹത്വമെന്നല്ലാതെ
മറെറാന്നു ചൊല്ലുവാൻ കണ്ടീല ഞാനഹോ !
തദനു ഭഗവതി ഹിമധരാധരനന്ദിനി,
തൽകുലദേവത താനും പ്രസാദിച്ചു.
[2] സപദി പുനരവരുടയ ജീവദാനം ചെയ്തു
സദ്യോ വിലജ്ജിച്ചെഴുന്നേററിതേവരും.”—

* * * *

സരസതരമിതികഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
“അവനിവരകുലതിലക ! പുനരിവരിൽ മൂവരിൽ
ആൎക്കനുരാഗമധികം പറകെടോ !”
[3] വിരുതുടയ മതിവിഭവജലനിധി പരന്തപൻ
വിക്രമാദിത്യനവനോടുരചെയ്തു :—
“ധരണിസുരതനയനഥ തരുണിയുമനാരതം
തങ്ങളിൽ സംഗമമോർത്തു ചിരകാലം

---

[1] ‘ഊനഖേദം’ എന്നു ക. പ്ര.

[2] ‘സപദിപുനരവരുടെയ’ എന്നു തുടങ്ങിയുള്ള നാലു വരികൾ മം. പ്രതിയിലില്ല. വിട്ടുപോയിട്ടുണ്ടെന്നുള്ള സൂചനയുമില്ല.

[3] ‘വിരുതുടയ ജലധിതുലിതാശയൻ വീൎയ്യവാൻ’ എന്നു മം. പ്ര.

വിഷമശരകലിതദശമീം ദശാം പ്രാപിച്ചു ;
വിസ്മയം പാരമതിനില്ല ചൊല്ലുവാൻ.
പരപുരുഷകലിതമനുരാഗം നിമിത്തമായ്
പത്മോപമാക്ഷിമരിച്ചതു കാരണം,
അശനിപരിപതനകൃതമിവ മരണവും പിന്നെ-
ഞാശു തൽക്കാന്തൻ മരിച്ചതു കൌതുകം. ”
അവനിപതിവചനമിതി കേട്ടോരനന്തരം
ആശു വേതാളം തരുമുകളേറിനാൻ.

*　　　*　　　*　　　*

ഭുജഗപതിസദൃജലിതൻ [1] മഹീധാരണേ
ഭൂരിപ്രതാപനിട്ടിക്കോമ്പിമന്നവൻ
കലിതരുചി കഥകളിതു ഭാഷയാക്കീടുവാൻ
കല്പിച്ചു കാരണമേവം ചമച്ചു ഞാൻ.

---

[1] ‘മഹീഭാരേണ’ എന്നു ക. ഗ്രം.

# ഇരുപത്തരണ്ടാമത്തെ കഥ

നരപതിയുമഥ തമസി ഘോരേ വനാന്തരേ
നാനാവിധമാമുപായവും ചിന്തിച്ചു,
കരകലിതമഹിതകരവാളസഹായേന
കാന്തിമാൻ ചെന്നു വൃക്ഷാഗ്രം കരയേറി,
വിരവിനൊടു ബഹുനികൃതിപൂണ്ട വേതാളത്തെ
വീരൻ ചുമലിൽ വെച്ചാശു പോകും വിധൌ,
ഇവനധികചതുരനിതി കരുതി വേതാളവു-
മിച്ഛയാ രാജാവിനോടു ചൊല്ലീടിനാൻ :—
" പെരുത്തു തവ മതിവിഭവമയി തവ സമാനനായ്
പേരുററവരാരുമില്ല ഭൂമണ്ഡലേ.
വഴിയിലെഴുമഴലൊഴിവതിന്നു ഭൂപാലക !
വാഞ്ഛാനുകൂലമൊരു കഥ കേൾക്കെടോ !

*    *    *    *

ബഹുലഗുണജലധി മതിശാലി വിഷ്ണുസ്വാമി
ബ്രഹ്മസ്ഥലാഗ്രഹാരേ പുരാ ഭൂസുരൻ,
1 അഹനി പുനരഹനി ദയിതാസഖനായവ-
നാർജ്ജിച്ചതുകൊണ്ടു ജീവിച്ചിരിപ്പവൻ,
വിധിഗതികളറിയരുതവന്നുകാലത്തു
വിസ്മയം ! നാലു പുത്രന്മാരുളവായി.
അവരെയുടനഴകിനൊടുവേദാദിവിദ്യക-
ളഭ്യസിപ്പിച്ചു മരിച്ചു ജനകനും.
തനയജനമതുപൊഴുതു മാതുലമന്ദിരേ
താൽപര്യമെന്നിയേ ചെന്നിരുന്നിടിനാർ.
ഇവരിവിടമൊഴിവതിനി വൈഷമ്യമെന്നുറ—
ച്ചീർഷ്യയാ മാതുലന്മാരും കലഹിച്ചു.
ധരണിസുരതനയരതുപൊഴുതതിവിഷണ്ണരായ്
തന്മന്ദിരം വെടിഞ്ഞാശു പുറപ്പെട്ടു.

---

" മരണമതിഗുണം ; മമിതദാരിദ്ര്യതോധികം
മററില്ലദുഃഖം മഹീതലേ നിർണ്ണയം.

---

1 'അഹനിപുണരഹനി' എന്ന പാഠം (ക. പ്ര.) ശരിയല്ല.

ഒരുവനൊരു കരുണ ധനഹീനനിൽ കൈവരാ,
ഓൎത്താ [1] ലപശദന്മാരും ത്യജിച്ചിടും.
സതതമിഹ തനുവിലതിശീതളത്വം പൂണ്ടു
സമ്പൂൎണ്ണനിദ്രയും പൂണ്ടനുച്ഛ്വാസമാം
കുണപമൊടു വിഗതധനനെന്തുകൊണ്ടോക്കുന്നു, [2]
കുത്സിതൻ നിൎന്നിദ്രനായ്ത്തപിക്കുന്നവൻ."
പലതുമിതി മനസി പുനരവരഥ നിരൂപിച്ചു
പാരം തപിക്കുന്ന നേരമതിലേകൻ,
"അഴലരുതു വിധിവിഹിതമനുഭവമറിഞ്ഞാലു-
മാക്കുവാനുള്ളു സുഖം മഹീമണ്ഡലേ ?
ഇവിടമിനി വിരവൊടു നിരാകരിച്ചാശു നാ-
മീരാറുവത്സരം നാനാദിഗന്തരേ,
അവരവരിലിയലിനൊരു മതിബലസഹായമോ-
ടാരാഞ്ഞു ദേഹസംരക്ഷണം ചെയ്തുടൻ,
അവധിയതു കഴിയുമളവിവിടെ വരികേവരു-
മായുസ്സിനന്തരം വന്നില്ലയായ്ക്കിലോ."
വനനികടഭുവി പരിചൊടിതി സമയവും ചെയ്തു
ബാലകന്മാർ പിരിഞ്ഞാശു പോയീടിനാർ.
അവരുമഥ പല ദിശി നടന്നു നടന്നട-
[3] നാവതെല്ലാമുഴന്നാത്മരക്ഷാം ചെയ്തു.
വനനഗരഗിരിനദികളുടയ ഭൂമണ്ഡലം
വാഞ്ഛവെടിഞ്ഞാശു സഞ്ചരിക്കുംവിധൌ
ഒരുവനതിലൊരുവനൊടു ചിന്തിച്ചതുപോലെ
ഓരോരു വിദ്യയുമഭ്യസിച്ചങ്ങിനെ,
അവധിദിനമകതളിരിലോൎത്തവരേവരു-
മാശു സങ്കേതസ്ഥലത്തിൽ വന്നീടിനാർ.
ധരണിസുരതനയരുടനവരവർ നടന്നൊരു
ധന്യസ്ഥലങ്ങളും ചൊല്ലീടും ദേശാന്തരേ,
അതിലൊരുവനവരൊടുടനതിനിപുണനാ, "യെനി-

---

[1] അപദശൻ = നിന്ദ്യൻ.

[2] 'ഓക്കുന്നു' എന്നുതന്നെ രണ്ടുപ്രതികളിലും കാണുന്നു. അൎത്ഥം അവ്യക്തം. 'ഒക്കുന്നു' എന്നായിരിക്കുമൊ ? (ശവശരീരത്തോടൊക്കുന്നതല്ല. ധനഹീനന്റെ സ്ഥിതി അതിലും കഷ്ടമാണ് എന്നുള്ള അൎത്ഥത്തിൽ.)

[3] 'ആവതെല്ലാം നടന്നാത്മ' എന്നു മം. പ്ര.

ക്കസ്ഥിസംഘട്ടനവിദ്യവശ, ” മെന്നാൻ.
തദനു ബത തദവരജനും പറഞ്ഞീടിനാൻ,
“ തഥ്യം മാംസയോജനവിദ്യ പഠിച്ചു ഞാൻ. ”
ത്വരിതമഥ തദവരജനും പറഞ്ഞീടിനാൻ,
“ ത്വഗ്രോമവിന്യാസ വിദ്യയുണ്ടോർക്ക മേ. ”
അതുപൊഴുതിലപരനവരോടു ചൊല്ലീടിനാൻ,
“ ആത്മാപ്പണമെനിക്കും വശമോക്കെടോ ! ”
അതികുതുകമിതു ബത നമുക്കും പരീക്ഷ ചെ-
യ്യാശു ദാരിദ്ര്യവും തീക്കേണമെന്നോത്തു
വിപിനഭുവി ദിശി ദിശി തിരഞ്ഞു നോക്കുംവിധൌ,
വിസ്മയം ! പണ്ടു പണ്ടേ ചത്ത കേസരി,
വിശകലിതപൃഥുമൃദിതജീണ്ണാസ്ഥിശേഷനായ്,
വീണു കിടപ്പതു കണ്ടതിലഗ്രജൻ,
വിരുതുടയ മൃഗപടലപതിയുടയൊരസ്ഥികൾ
വീറോടെടുത്തുരുക്കൂട്ടും ദശാന്തരേ,
അപരനതിലഴകിനൊടു മാംസം ചമക്കയാൽ
അന്യനും ത്വഗ്രോമവിന്യാസവും ചെയ്തു.
അവരുടയ ചതുരതകളഖിലമപി കണ്ടന്യ-
നാശു സിംഹത്തിനു ജീവനുമുണ്ടാക്കി.
അതിവികടവദനപുടവും പിളന്നിട്ടട-
നട്ടഹാസം ചെയ്തു പഞ്ചാസ്യനും തദാ,
ചിരഭരിതജഠരദഹനാത്തി പൂണ്ടക്ഷണേ,
ചിത്രം ! ദ്വിജസുതന്മാരെയും ഭക്ഷിച്ചു. ”

* * * * * * *

സരസതരമിതി കഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
“ വിമലതരഹൃദയ ! നൃപ ! പറകിവരിലാക്കെടോ !
വിപ്രഹത്യാദോഷമുണ്ടായ്‌വരേണ്ടതും ? ”
അഥ നൃപനുമവനൊടതിനുത്തരം ചൊല്ലിനാൻ :—
“ ആക്കെന്തു സംശയം തോന്നുന്നതെന്തെടോ ?
മൃഗപടലപതിയുടയ ജീവദാതാവിനെ
മാഗ്ഗണം ചെയ്യുമപ്പാതകം നിണ്ണയം.
ഒരു നരനുമിതര ജനദൃഷ്ടണം ചൊല്ലുവാ-
നോത്തിടരുതവക്കില്ലൊരു ദോഷവും. ”

മനുജപതിവചനമിതി കേട്ടു വേതാളവും
മാനേന ശിംശപവൃക്ഷം കരേറിനാൻ.

* * * *

ശിശിരകരശകലധരപാദാംബുജങ്ങളെ
ശ്ശീലിച്ചു മാനസതാരില്ലുറപ്പിച്ചു,
സുജനഗണഭരണമഴകോടു ചെയ്യുന്വഹം
സൂരികൾക്കിഷ്ടനിട്ടിക്കോമ്പിമന്നവൻ,
സുഖവിഭവമതുലതരമനുഭവിച്ചിങ്ങിനെ
സൂക്ഷിച്ചു ധർമ്മമധർമ്മവുമന്വഹം
സകലദിശി വിമലതരകീർത്ത്യാവസിക്കുവാൻ
സദ്യ:കടാക്ഷിച്ചരുളേണമീശ്വരൻ.

# ഇരുപത്തിമൂന്നാമത്തെ കഥ

അവനിപതി പുനരപി മഹീരുഹം തന്നിൽനി-
ന്നാശു വേതാളത്തെയും പിടിച്ചങ്ങിനെ,
വിപിനഭുവി തമസി വിഗതജ്വരം പോവതും
വീരൻ നിരീക്ഷ്യ വേതാളമുരചെയ്തു :—
പെരുത്ത നരവര ! തവ മനോരഥ വൈഭവം
പേർത്തു ഞാൻ ചൊല്ലാമൊരു കഥ കേൾക്ക നീ-

* * * * * * * *

പുകൾ പെരുത്തു തടവിന കലിംഗരാജ്യേ ജന-
പൂർണ്ണമാം [1] യജ്ഞസ്ഥലാഗ്രഹാരേ പുരാ,
പല യജനകരണനിപുണ യജ്ഞസേനനാം
പാവനൻ ഭൂസുരശ്രേഷ്ഠനുമുണ്ടായി.
അവനുമൊരു തനയനുളവായി മനോഹര-
[2] നാശാസ്യമാനഗുണവാൻ കലാനിധി.
പെരികെ നയവിനയചതുരത്വമുള്ളോരവൻ,
പേരു ദേവസ്വാമിയെന്നു [3] ലോകശ്രുതം.
ശിശുസമയമവനഥ [4] കഴിച്ചു കാലംകൊണ്ടു,
ശിക്ഷിതബുദ്ധിമാൻ യൌവനം പ്രാപിച്ചു.
സകലഗുണനിലയനവനമിതലാവണ്യവാൻ,
സാരസ്വതപ്രക്രിയാഭിജ്ഞമാനസൻ,
നിഖിലജനനയനസുഖദാനവും ചെയ്തതി-
നീതിമാൻ തത്ര വാണീടും ദശാന്തരേ,
ശമനനുടെ ഹൃദയമതികഠിനതരമാകയാൽ
[5] ശസ്തൃത പൂർവ്വകർമ്മങ്ങൾക്കമാകയാൽ,
[6] മൃദുലളിതസുഭഗതനു ഭൂസുരബാലകൻ
മൃത്യുലോകം [7] പ്രവേശിച്ചാനതിദ്രുതം.

---

[1] 'അജ്ഞസ്ഥലാഗ്രഹാരെ' എന്നു ക. പ്ര.

[2] 'ആശാദ്യമാന ഗുണവാൻ' എന്ന പാഠം (ക. പ്ര.) ശരിയല്ല.

[3] 'ലോകശ്രുതൻ' എന്നു ക. പ്ര.

[4] 'കളിച്ചു എന്നു മ. പ്ര.

[5] ശാസ്തൃത = നിയന്തൃണാധികാരം. 'ശത്രുത' എന്ന പാഠം (ക. പ്ര.) ശരിയല്ല.

[6] 'മദലളിത' എന്നു ക. പ്ര.

[7] 'പ്രവേശിപ്പാൻ' എന്ന പാഠം (മ. പ്ര.) ശരിയല്ല.

അഖിലഗുണസമുദയനിധാനഭൂതന്മാരി-
[1] ലാത്തവൈരം വിധിക്കുണ്ടെന്നു തോന്നുന്നു.
സകലജനമത്തുപൊഴുതു വീണരുണ്ടത്രയും
സന്താപമോടും വിലാപം തുടങ്ങിനാർ,
[2] അതിവിപുലരുദിതരവമാറ്റൊലികൊണ്ടുട-
നാശു ദിക്കെല്ലാം കരയുന്നതുപോലെ.
പഴുതിലതിനിയൊരു വിളംബനമെന്നോർത്തു,
പാരം വിഷാദേന ബന്ധുജനങ്ങളും
അവനിസുരതനയനുടെ കുണപവുമെടുത്തുകൊ-
ണ്ടാശു സംസ്കാരസ്ഥലത്തിലകംപുക്കു.
തദനു പടുതരനിനദഭൂതസംഘങ്ങളും
[3] തൽപാൎശ്വവേതാളകൂളികാള്യാദിയും,
കളികലരുമതിനിടയിലമരുമതി[4] വീൎയ്യവാൻ
കാലാനലാഭൻ മഹാമാന്ത്രികോത്തമൻ
നിഗമഗണമൊരുവനുപദേശിച്ചിരിപ്പോരു
നീതിമാൻ വൎമ്മശിരസ്സാം മഹാവ്രതി,
സുഭഗതരമവനിസുരവിഗ്രഹം കണ്ടാശു
[5] "സുപ്രഭാതം ദിന" മെന്നോർത്തു കൌതുകാൽ,
"ഇനി വിരവൊടഹമിദമനേകസംവത്സര-
മിച്ഛിച്ച ഭോഗങ്ങളെല്ലാം ഭുജിച്ചഹോ!
ശിഥിലതരമലരുധിരമത്യന്തദുർഭഗം
ജീർണ്ണമാമിശ്ശരീരം കൊണ്ടെറിഞ്ഞുടൻ,
കുസുമശരതനുതുലിതമാമിക്കളേബരം
കൂറോടകം പുക്കിരിക്കുന്നതുണ്ടു ഞാൻ."
മനസി പുനരിതു കരുതി യതിവരനുമാദരാൽ
മന്ദേതരം തൻ മഠം പുക്കനന്തരം,
പലതുമകതളിരിലുടനോർത്തു വിഷണ്ണനായ്

[1] 'ആത്മവൈരം' എന്നു ക. പ്ര.
[2] 'രുദിതമഥ മാറ്റൊലി എന്നു മ. പ്ര.
[3] 'തൽപാൎശ്വ' എന്നതു് മ. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.
[4] 'ധൈൎയ്യവാൻ' എന്നു മ. പ്ര.
[5] 'സുപ്രാതമിട്ടിതം' എന്നു ക. പ്ര.
[6] 'കൈവെടിഞ്ഞു ഞാൻ' എന്നു മ. പ്ര.

പാരം [1] വിഷാദവും പൂണ്ടു സഗദ്ഗദം
ശിഥിലതരജടകളൊടു ഭസിതധവളാംഗനായ്
ശില്പമാമ്മാറു നൃത്തം തുടങ്ങീടിനാൻ.
രജതഗിരിമുകളിലനുദിവസമപി സന്ധ്യാസു
രാജാധിശേഖരനെന്നപോലെ തദാ,
ഭുജഗപതി തനുവലയമൊഴിവതിനു തുല്യമായ്
ഭൂരിവേഗേന തൻ ദേഹമുപേക്ഷിച്ചു,
ധരണിസുരതനയനുടെ വപുഷി പുനരുടംപുക്ക
ധന്യൻ കൃതാർത്ഥഭാവത്തൊടെഴുന്നേററു.
അതികുതുകമൊടു സകലജനവുമതുകാരണം
ആനന്ദസിന്ധുവിലാഴെമുങ്ങീടിനാർ.
ജനകനഥ ജനനിയുമനേകബന്ധുക്കളും
ജാതമോദേന കൌതൂഹലം തേടിനാർ.
അവനിസുരതനയനഥ ജാതവൈരാഗ്യനാ-
യവതെല്ലാം ബന്ധുലോകം തടുക്കിലും,
ക്ഷണസമയമപി കളകപഴുതിലരുതെന്നോർത്തു
ക്ഷാന്തിമാനപ്പോൾ മഹാവ്രതം കൈക്കൊണ്ടു. ”

*　　　*　　　*　　　*

സരസതരമിതി കഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
“ പറക വസുമതിതിലക ! സത്യം, മഹാവ്രതി
പാരം കരഞ്ഞതിനെന്തെടോ ! കാരണം ?
[2] തദനുബത ! നിജമനസി പെരുകിന കുതൂഹലാൽ
താനേ ചിരിച്ചതിനെന്തെടൊ കാരണം ? ”
നരപതിയുമഖിലമിതി വേതാളഭാഷിതം
നന്ദിച്ചു കേട്ടവനോടു ചൊല്ലീടിനാൻ :—
“ സുചിരതരമധികമനുലാളിതം വിഗ്രഹം
സൂക്ഷിച്ചു ബാല്യേപി മാത്രാ വിവർദ്ധിതം,
ബഹുലളിതസുഖശതനിഷേവിതം യൌവനേ
ബദ്ധാമയമിദാനീം ജീർണ്ണമാകയാൽ,
കളവതിനു തുനിവതിദമതിവിഷമമെന്നോർത്തു

---

[1] ‘ വിചാരവും എന്നു മം. പ്ര.

[2] ‘ തദനുബത ’ എന്നു തുടങ്ങി രണ്ടു വരി ക. പ്രതിയിലില്ല.

കഷ്ടം കപാലധാരി കരഞ്ഞീടിനാൻ.
പരതനുവിലുടനിഹ കടക്കുന്ന വിദ്യയാ
പാരം സുകുമാരമായൊരു വിഗ്രഹം
ഇതുപൊഴുതിലുടനിഹ ലഭിപ്പതിന്നു പുന-
രീശ്വരാനുഗ്രഹമുണ്ടായതത്ഭുതം !
മനസി യതിവരനുമിതി കരുതുക നിമിത്തമായ്
മാനേന നർത്തനം ചെയ്തു ഹസിച്ചതും."
അവനിതലപതിയുമിതി ചൊന്നോരനന്തര-
മാശു വേതാളം മറഞ്ഞു പോയീടിനാൻ.[1]

* * * *

[2] വലവിമതമുഖവിബുധവിനതപാദാംബുജാ,
വാമദേവപ്രിയാ, ദേവിഹേമാംബികാ,
കലിതരസമടിമലർ തൊഴുന്ന ജനങ്ങൾക്കു
കല്പവൃക്ഷായിതാപാംഗാ, മഹേശ്വരീ,
സതതമപി വിപതി പരിപാലനപ്രക്രിയാ-
സാക്ഷിണി, കാത്തുകൊള്ളേണമേ, കൈതൊഴാം.

---

1 'നരപതിയുമവനിരുഹ' എന്നു തുടങ്ങിയുള്ള നാലു വരി ഇരുപത്തിനാലാമത്തെ കഥയുടെ ആരംഭത്തിൽ വരേണ്ടുന്നതു് ഇവിടെ എടുത്തു ചേർത്തിരിക്കുന്നതു് മം. പ്രതിയിൽ അബദ്ധം പററിപ്പോയതാണു്.

2 'കഥാവസാനത്തിൽ ഇട്ടിക്കോമ്പിമന്നനെ സ്മരിക്കുന്നതിന്നു പകരം ഹേമാംബികയെ സ്തുതിച്ചു കാണുന്നതു് ഈ കഥയിൽ മാത്രമാണു്.

# ഇരുപത്തിനാലാമത്തെ കഥ

നരപതിയുമവനിരുഹശിഖരമേറി ദ്രുതം
നന്ദിച്ചവനെപ്പിടിച്ചു സസംഭ്രമം
തിമിരഭരപരിമിളിതമാം മഹാകാനനേ
ധീരൻ വിളംബം വിനാ നടന്നീടിനാൻ.
വിബുധജന നിവഹപരിലാളനധീരനാം
വീരനോടാശു വേതാളവും ചൊല്ലിനാൻ :—
" നിജവിപദമറിവതിനു ശക്തനായീടുമോ
നിത്യമേകത്രാപി സക്തനായുള്ളവൻ ?
ശ്രമണനവനവനിവരബഹുനികൃതി പൂണ്ടവൻ
ശ്രാന്തനായീടൊലാ നീ വൃഥാ തെല്ലുമേ.
വഴിയിടയിലയി മതിവിനോദം വരുത്തുവാൻ
വല്ലതും ഞാൻ പറഞ്ഞീടാമൊരു കഥ.

*　　　*　　　*　　　*

വിപുലതരപുകഴുടയ വിദിശമാകും പുരേ
വീരൻ പുരാ ശൂദ്രകനെന്നൊരു നൃപൻ
അവനുമൊരു ദിനമതുലസചിവനിവഹത്തോടു-
മാസ്ഥാനദേശേ വസിക്കും ദശാന്തരേ,
ഒരു ശബരപതിതനയ വന്നു കൈകൂപ്പിനാ-
ളോമനയായ ശുകത്തെയും വെച്ചഹോ!
നരവരനുമതിലധികകുതുകമൊടെടുത്തുടൻ
നാനാ വിധമാമുപലാളനം ചെയ്തു,
മണിഖചിതകനകമയനീഡാന്തരേ വെച്ചു
മാനിച്ചു തന്നരികത്തു വെച്ചീടിനാൻ.
തദനു ദിനമതിലുചിതകാര്യങ്ങൾ ചിന്തിച്ചു
തന്റെ നികേതനം പുക്കു നരാധിപൻ
അതിമധുരഫലമമലഗോക്ഷീരവും ഭുജി-
ച്ചാമോദമാളും ശുകത്തോടനാകുലം,
കഥകൾ പറയുവതിനു നൃപനരുളിനതു കാരണം
കാലവിളംബം വിനാ ശുകം ചൊല്ലിനാൻ :—

---

[1] 'വിപിനപരിലാളന' എന്നു ക. പ്ര.

"ധരണിതരശിശിരകര ! നരവരശിരോമണേ !
ധന്യാകൃതേ ! തൊഴാം നിൻ പാദപങ്കജം.
സുരഗിരിയൊടെതിർപൊരുത വിന്ധ്യാചലാന്തികേ
സുന്ദരം പമ്പാസരസ്തടം മന്നവ !
അതിനരികിലൊരു വിപിനമതിലധികവിസ്തൃത-
മത്യന്തമുന്നതം ശാല്മലീഭൂരുഹം.
ബഹുവിടപനിബിഡമതിലനവധി ശുകങ്ങളും
ബദ്ധാദരേണ മേളിച്ചിരിപ്പൂ സദാ.
അവരിലൊരുശുകമമലപക്ഷൻ വയോധിക-
നാമയശീലനവന്റെ സുതനഹം.
മമ ജനനസമയപരിജാതവ്യഥയിനാൽ
മാതാവു മുന്നേ മരിച്ചു നമുക്കഹോ !
ദ്വിഗുണമയി ജനകനതുമൂലം മയി സ്നേഹം
ദ്വിഡ്ഭയാൽ തൽപക്ഷഗർഭേ വളർന്നു ഞാൻ.
ശുകപടലമനുദിവസമാസ്വാദിക്കും ഫല-
ശേഷം ഭുജിച്ചു ഞാൻ തത്ര വാഴും വിധൌ,
ഒരു ദിവസമധികതരഭീഷണാംഗന്മാരാ-
യൊത്തനേകം ശബരന്മാരൊരുമിച്ചു,
മൃഗപടലപരിഹനനകൌതുകം പൂണ്ടാശു
മൃത്യുഭൂതന്മാരൊരുമിച്ചതുപോലെ,
കഠിനതരഹൃദയമൊടുമസ്മദാവാസമാം
കാടകം പുക്കു നീളെച്ചരിക്കും വിധൌ,
ഒരുവനതി വികടതനു ദുഷ്ടൻ കിരാതനു-
മൊന്നുമേ മാംസം ലഭിയാഞ്ഞതനന്തരം,
[1] വിടപിവരമുകളിലിളകാതെ മറഞ്ഞുടൻ
വീപ്പുമടക്കി വാഴും ശുകൌഘം കണ്ടു.
അവശമതിലൊരുവനറിയാതെ കരേറിവ-
[2] ന്നാശു ശുകങ്ങളെപ്പൊത്തിപ്പിടിച്ചുടൻ,
ഗളതലവുമപകരുണമൊന്നു പൊട്ടിച്ചതി-
[3] ഗംഭീരചേഷ്ടൻ നിലത്തെറിഞ്ഞങ്ങിനെ,

---

[1] 'വിടപവന മുകളിൽ' എന്നു മ. പ്ര.
[2] 'ആശുകൌഘങ്ങളെ' എന്നു മ. പ്ര.
[3] 'ഗംഭീര വേഷൻ' എന്നു മ. പ്ര.

മമ ജനകനെയുമഥ പിടിച്ചു കൊന്നഞ്ജസാ
[1] മാനേന കീഴ്പോട്ടെറിഞ്ഞോരനന്തരം;
അതിവിപുലഭയചകിതനായ് പക്ഷഗർത്തി-
ലാണു മറിഞ്ഞു കിടന്നോരു ഞാൻ തദാ,
ചപലതരമവനീതലപതിതപർണ്ണാന്തരേ
ചാകാതെ ചെന്നങ്ങു പുക്കൊളിച്ചീടിനേൻ.
ശബരവരനുടനഥ മരിച്ച ശുകങ്ങളെ
[2] ശങ്കാം വിനാ സമാദായ പോയീടിനാൻ.
തദനു പുനരഹമൊരവലംബനമെന്നിയേ
താപേന തത്ര വാതാതപമേറ്റുടൻ,
പെരുവഴിയിലവശതയോ [3] ടുഴലുമളവങ്ങതി-
പേശലവിഗ്രഹൻ ഹാരീതനാം മുനി,
വിപിനഭുവി വിരവൊടു യദൃച്ഛയാ വന്നവൻ
വിസ്മയമെന്നെയും കണ്ടു ദയാനിധി.
കരസരസിരുഹമതിലെടുത്തു പാനീയവും
കശ്മലം തീരുവാനാശു നൽകീടിനാൻ.
നിജമുടജമുടനവനകം പുക്കനന്തരം
നീതിമാൻ തന്നുടെ താതാന്തികേ ചെന്നു,
ദുരിതചയസുഖവസതിയാമെന്നെയും ദ്രുതം
ദൂനാന്തരംഗനായ് തൽപാർശ്വതോ വെച്ചു.
അതുപൊഴുതു കുതുകഭരമധികമുളവാകയാ-
ലാശു ജാബാലിയുമൊന്നു ചൊല്ലീടിനാൻ :—
"[4] സ്വകൃതമിവനഖിലമപി കർമ്മം ഭുജിപ്പവൻ
സ്വർഗ്ഗാലയന്മാർക്കുമങ്ങൊഴിക്കാവതോ ?"
തദനു മുനിനിവഹമുടിതൊഴുതു ജാബാലിയെ—
ത്തൽക്കഥ കേൾക്കേണമെന്നപേക്ഷിക്കയാൽ
സരസതരമവരൊടരുൾചെയ്തു തപോനിധി :—
"സാമ്രാജ്യമാളുന്നൊരുജ്ജയിന്യാം പുരാ-
എതിരിട്ടൊരരികളുടെ പരഗതി വരുത്തുവോ-

---

1 'മോനേ' എന്നു മം. പ്ര.

2 'ശങ്കാവിഹീനമാദായ' എന്നു മ. പ്ര.

3 'ഉഴറുമളവങ്ങിനെ' എന്നു മ. പ്ര.

4 'സ്വകൃതമിവൻ' എന്ന പാഠം. (കം. പ്ര.) ശരിയല്ല.

നേക്ഷ താരാപീഡനെന്നൊരു മന്നവൻ
വനിതകളിൽ മുടിമണി വിലാസവതിയെന്ന
വല്ലഭയോടും സുഖിച്ചു വാഴും വിധൌ.
ഒരു തനയനരുമയൊടു സപദി ജനിയായ്കയാ-
ലോമൽവാണിക്കു സന്താപം പെരുതായി,
തദനു നൃപനൊരുദിനമുറങ്ങും ദശാന്തരേ,
തരാധിനാഥൻ ദയിതാജഠരത്തിൽ
[1] വിശദമതി വിരവൊടു കടക്കുന്നതും കണ്ടു
വീരൻ പ്രസാദിച്ചുണർന്നു ചൊല്ലീടിനാൻ :—
" കിളിമൊഴികളടിതൊഴുമനംഗസർവ്വസ്വമേ !
കിന്തു വൈകാതെയുണ്ടാം നമുക്കാത്മജൻ.
തരമതിനു പുനരൊരടയാളമുണ്ടായി മേ,
താരാധിപാനനേ ! ഖേദം കളക നീ. "
തദനു ഘനചികുര പരിചോടു ഗർഭം പൂണ്ടു,
തൽപരമാത്മജൻ തന്നെ പ്രസവിച്ചു.
പെരുകിനൊരു കുതുകമൊടു നരവരനുമഞ്ജസാ
പേരും വിളിച്ചു ചന്ദ്രാപീഡനെന്നഹോ !
അവനിപതി സചിവവരനമിതമതിപൌരുഷൻ
[2] ആമ്നായവേദി, സദാ ശുകനാസനും,
അപ്പൊഴുതിലഴകൊടുളവായ തനൂജനു-
മാശു വൈശംപായനനെന്നു പേരിട്ടു.
ബഹുസുകൃതപരിണതകളേബരന്മാരായ
ബാലകന്മാർക്കു കഴിഞ്ഞു കൌമാരവും.
വിശദതരമതിവിഭവമേറെയുണ്ടാകയാൽ
വിദ്യകളെല്ലാം പഠിച്ചു ബാലന്മാരും.
തനുവിനുടെ മധുരിമ വിശേഷേണ മന്മഥൻ—
തന്നെയും ദൂഷണം ചെയ്തു മേവും വിധൌ,
നരപതിയുമമിതരസമഥ നിജകുമാരകൻ
നാകാധിപനോടു തുല്യനെന്നോർക്കയാൽ,
യുവനൃപതികളിലുചിതസംസ്കാരപൂർവ്വകം

---

[1] 'വിവശമതി വിരവൊടു' എന്നു ക. പ്ര,

[2] 'ആമ്നായവേദി' എന്നു തുടങ്ങി അഞ്ചുവരി മം. പ്രതിയിലില്ല. വിട്ടു പോയിട്ടുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ട്.

യൌവരാജ്യാൎത്ഥമഭിഷേകവും ചെയ്തു.
സകലദിശി പുനരഥ നടന്നു ചന്ദ്രാപീഡൻ
സാമന്തഭൂമിപന്മാരെജ്ജയിച്ചുടൻ,
അപരിമിതബലമൊടു മൃഗവ്യാദിലാലസവാ-
നാശു വൈശമ്പായനനോടുമൊന്നിച്ചു,
ദനുജരിപുചരണകമലങ്ങളും ധ്യാനിച്ചു,
ദക്ഷിണാശാമുഖനായിപ്പുറപ്പെട്ടു.
ജിതപവനജവമുടയൊരിന്ദ്രായുധാഖ്യമാം
[1] ജിതപരാശ്വത്തിലാമ്മാറു കരയേറി,
വിപിനഭുവി മൃഗനിവഹസംഹാരവും ചെയ്തു
വിഭ്രാന്തനായ് നടന്നീടും ദശാന്തരേ,
അഴകു പെരുത്തുടയ വരകിന്നരദ്വന്ദ്വത്തി-
ലാഗ്രഹം പൂണ്ടവൻ പാഞ്ഞടുത്തീടിനാൻ.
ഭയചകിതമവരഥ പലായനം ചെയ്കയാൽ
ഭാവുകൻ പിമ്പെത്തുടൎന്നു സകൌതുകം.
ബലമഖിലമപി സചിവവരനെയുമുപേക്ഷിച്ചു
ബദ്ധാദരം മഹാദൂരത്തകപ്പെട്ടു.
രജതഗിരിനികടഭുവി ചെന്നോരനന്തരം
രാജകുമാരനുമേററം തളൎന്നിതു.
സ്ഫടികമണിഖചിത [2] ശുഭ സോപാനസുന്ദരം
സ്പഷ്ടാശയമൊരു പൊയ്ക കണ്ടഞ്ജസാ,
തുരഗവരനെയുമതിലിറക്കിസ്സസംഭ്രമം
തൂൎണ്ണം കുടിച്ചു തണ്ണീരു താനും തദാ,
ഒരുതരുവിനരുകിലരുതാഞ്ഞിരിക്കുന്നേരം
ഒട്ടടുത്താശു കേട്ടാനൊരു ഗീതവും.
അതികുതുകതരളതരചേതസാ തന്മൂല-
മാരാഞ്ഞു ചെന്ന നേരത്തു കാണായ്‌വന്നു.
ശശിശകലധരനുടെ ജടാമണ്ഡലം വിട്ടു
ശാപേന വാഴുന്ന ചന്ദ്രക്കലപോലെ,
സുഭഗതരമണികലിതദേവാലയാന്തരേ
സുന്ദരിയായൊരു നാരീശിരോമണി

[1] ജിതപരാശ്വം = ജയിക്കുന്ന കുതിര.

[2] 'സുഖസോപാന സുന്ദരം' എന്നു ക. പ്ര.

ധരണിപതി തനയനഥ തത്സന്നിധൌ ചെന്നു
തന്നുടെ വൃത്താന്തമെല്ലാമുരചെയ്തു
അവളുടയ കുലചരിതശീലനാമാദിക-
ളാശ്ചര്യ്യമോടുംകൊണ്ടു ചോദിച്ചതുനേരം,
തരുണിജനമഖിലമടിപണിയുമരുണാധരി
തന്റെ ചരിത്രമവനോടു ചൊല്ലിനാൾ :—
"കമലശരതനുതുലിതസുന്ദരവിഗ്രഹ !
കാന്തി പാരം തകും ഹേമകൂടേ ഗിരൌ
വിപുലഗുണഗണജലധി ഗന്ധർവ്വമന്നവൻ
വീരനുണ്ടോർക്കെടോ ! ഹംസനെന്നൊരാഖ്യയാ.
അവനുടയ ദയിതതമയായൊരു പുത്രി ഞാൻ
നാമ്നാ മഹാശ്വേതയെന്നു നാമം മമ.
ഒരു ദിവസമിഹ ജനനിയോടൊരുമിച്ചു ഞാൻ
ഓർത്തിസ്സരസ്സിൽക്കുളിപ്പാൻ വരും വിധൌ,
മുനിതനയനൊരുവനിഹ പുണ്ഡരീകാഭിധൻ
മുഗ്ദ്ധൻ [1] കപിഞ്ജലനെന്നൊരു തോഴനും
വഴിയിടയിലവരിഹ യദൃച്ഛയാ വന്നെന്നെ
വാത്സല്യമോടുംകൊണ്ടു കണ്ടോരനന്തരം,
ഒരു ദിനവുമൊരു മളവുമൊട്ടുമേ വാടാതൊ-
രോമൽപ്രസൂനദാനാൽ പുണ്ഡരീകനും !
മമ ഹൃദയമഴകൊടവനാകർഷണം ചെയ്തു
മാതാവു ചെററകന്നോരു നേരത്തഹോ !
പുളകഭരനിശിതതനു ഞാൻ തത്ര നില്ക്കവേ
പൂർണ്ണകോപം ഛത്രവാഹിനി വന്നുടൻ,
വിരവിനൊടു വരുവതിനു ജനനി പറയുന്നവെ—
ന്നെന്നെയുംകൊണ്ടങ്ങു പോയോരനന്തരം
കുളിയുമഥ കളിയുമഖിലം മറന്നദ്ഭുതം
കൂറില്ലയാതെ ചമഞ്ഞു ദേഹത്തിനും.
ഇരവുപകൽ മദനശരപരവശത പൂണ്ടു ഞാ-
നിക്ഷുദൃച്ഛാസയായ് വീണു കേഴുംവിധൌ,
ഒരു ദിവസമഥ നിശിയിൽ വന്നു കപിഞ്ജല-
നോർത്തല്ല ചൊല്ലിനാൻ പുണ്ഡരീകാമയം.

---

1. 'കപിഞ്ജരൻ' എന്നും കാണുന്നുണ്ടു രണ്ടു പ്രതിയിലും.

അത്തുപൊഴുതിലവനൊടൊരുമിച്ചു ഞാനും പുന-
രാരുമറിയാതെ പോരുന്നതു നേരം,
വിധിഹതകനൊരു കരുണയില്ലായ്ക കാരണം
വിസ്മയമെന്നെയുമോർത്തമുനിസുതൻ,
ശമനനുടെ നിലയനമകം പുക്കതു നേരം
ശങ്ക വെടിഞ്ഞു ഞാനസ്ഥലത്തെത്തിനേൻ.
ദയിതതമനെയുമഥ വിജീവനായ്ക്കണ്ടുടൻ
ദണ്ഡിച്ചു ഞാൻ മരിപ്പാൻ തുടങ്ങും വിധൌ,
ശിശിരകരനുടനരികിൽ വന്നു ചൊല്ലീടിനാൻ :—
" ശില്പമെത്ര നിനക്കെന്തെടോ ! സാഹസം ?
ദയിതതമനിവനൊടു നിനക്കു നാരീമണേ !
ദേഹാന്തരം വിനാ സംഗമം കൈവരും. "
ഇതി ചടുലപടുവചനമലിവൊടുരചെയ്തുട-
നിചയാ ചന്ദ്രനെടുത്തു തദ്ദേഹവും
വിയതി ബഹുഗുണനിധി കപിഞ്ജലൻ തന്നോടു
വിസ്മയമാമ്മാറു പോയോരനന്തരം ;
തുഹിനകരനുടെ കരുണ വരുവതെന്നെന്നോർത്തു
[1] തൂഷ്ണീം സമാലംബ്യ ഞാനത്ര വാഴുന്നു.
ചിരഭരിതഹൃദയരസനെന്റെ ജനകനും
ചിത്രരഥനെന്നൊരു തോഴനുണ്ടെടോ !
അവനറിക ദിവി ഭുവി ച വിശ്രുതകീർത്തിമാ-
നാപന്നരക്ഷണൻ ഗന്ധർവ്വപുംഗവൻ,
അവനുടയ തനയ ബഹുസുഭഗ കാദംബരി,
ആത്മനാ ഭേദമെന്നോടവൾക്കില്ലെടോ !
മമ വിപദമവളുമതറിഞ്ഞു ശോകാന്ധയായ്,
മാനിച്ചൊരു സമയം ചെയ്തിരിക്കുന്നു,
പുരുഷനൊടു പരിഹസനവാർത്ത പോലും പരം
പുണ്ഡരീകാഗമാൽ പൂർവ്വമില്ലെന്നേവം-
അതു കരുതി മനസി ബഹുഖേദം വരോരുത—
ന്നാത്മബന്ധുക്കളേക്കാളുമെനിക്കെടോ !
മതിമുഖിയിലിയലിനൊരു മതിശാന്ത പോക്കുവാൻ
മററാരുമാളല്ലിതെന്നുറച്ചദ്യ ഞാൻ,

---

[1] ' തൂഷ്ണീം സമാലംബ്യ ' എന്ന പാഠം (ക. പ്ര.) ശരിയല്ല.

തരളികയെ വിരവിനൊടു നിയോഗിച്ചിരിക്കുന്നു;
തൽസുഖം വന്നാലെനിക്കും മഹാസുഖം."
ഇതി കഥകൾ പറയുമവൾ മുഖകമലപീയൂഷ-
മിച്ചയാ സേവിച്ചിരുന്നു ചന്ദ്രാപീഡൻ.
ഒരുദിവസമതിലഘു കഴിഞ്ഞതറിഞ്ഞതി—
ല്ലോത്തവനും പാരമുണ്ടായി സങ്കടം.
പുലരുമളവവളുടയ നികടഭുവി വന്നുടൻ
പൂൎണ്ണസന്താപം കരഞ്ഞു തരളിക,
സഖിയുടയ മതമതിനൊരന്തരമില്ലെന്നു
സത്വരം ചൊന്നനേരം മഹാശ്വേതയും,
സപദി പുനരവളുടയ സന്ദർശനാർത്ഥമായ്
സാന്ദ്രമോദം പുറപ്പെട്ടോരനന്തരം,
ധരണിപതിതനയനടിതൊഴുതു ചൊല്ലീടിനാൻ:—
"ധന്യേ! നമുക്കുണ്ടൊരാഗ്രഹം കേൾക്ക നീ."
"ഗഗനചരപുരനിരയിലത്യന്തമോഹനം
ഗന്ധൎവ്വരാജ്യമെന്നുണ്ടു കേട്ടിട്ടു ഞാൻ.
അതു കിമപി നയനപഥമാക്കീടുവാൻ പര-
മാഗ്രഹമുണ്ടിങ്ങതിന്നു തുണക്കയ നീ."
നൃപതനയവചനമതി കേട്ടോരനന്തരം
നിൎജ്ജരനാരിയുമേവമുരചെയ്തു:—
"സുരനികരപുരനിരകളോൎത്തു കാണും വിധൌ
സുന്ദരമെത്രയും ഗന്ധൎവ്വമന്ദിരം.
സുരയുവതിജനമഖിലമോൎത്തുകാണുംവിധൌ
സുന്ദരീമൌലി കാദംബരി നിൎണ്ണയം.
മനുജജനമിഹഭുവി നടക്കമാറില്ലതും
മറെറാരുത്തൻ ഗ്രഹിച്ചാലുണ്ടു വൈഷമ്യം.
തവ സുഭഗതമമിദമനംഗോപമം ദേഹം
തത്ര കാട്ടേണം സഖിക്കെന്നുമുണ്ടു മേ.
തവ നയനജനനഫലമുണ്ടായ്വരും ദൃഢം,
തന്വംഗീമൌലിക്കു [1] മുണ്ടാം ജനിഫലം."
ഇതി ഫലവുമവനൊടുരചെയ്താശു ദേവിയു—
മിഷ്ടലോകം വെടിഞ്ഞാശു ചെന്നഞ്ജസാ,

[1] 'ഉണ്ടങ്ങതിൻ ഫലം' എന്നു മം. പ്ര.

അതിമഹിതപുരമിളതകാന്തി കണ്ടീടുവാ-
നാശു ചന്ദ്രാപീഡനോടു നിയോഗിച്ചു.
അതിചതുരമവനമതിലതിശയമനന്തമാ-
യാലോക്യ വിസ്മയം പൂണ്ടു പോകും വിധൌ,
വിമലമണിഗണകലിതസുലളിതനികേതനേ
വിദ്യുൽപ്രഭോപമാം കണ്ടു കാദംബരീം,
സുരപതിയിൽനയനശതദശകമുളവായതിൽ
[1] സൂക്ഷണം പൂണ്ടു നിന്നീടും ദശാന്തരെ,
കമലശരതുലിതമധുരാകാരനെക്കണ്ടു
കാദംബരിക്കുമുണ്ടായി കുതൂഹലം.
മദനരസഭരിതനയനങ്ങളെക്കൊണ്ടവർ
മാനേന തമ്മിൽപ്പൊരുത്തു പൊരുത്തുടൻ,
[2] ഹൃദയമണിനിരബദ്ധ ! പരസ്പരപ്രേമമാം
ഹൃദ്യസൂത്രത്തിലാമ്മാറു കോർത്തീടിനാർ.
തനയനുടെ കഥകളറിയാഞ്ഞു താരാപീഡൻ
താനതിവേഗമയച്ചോരു കിങ്കരൻ
പവനജവമൊടുമഥ തദന്തികേ വന്നുടൻ,
പാവനാകാരനായോരു കുമാരനെ
കമലമലരതിൽ മധു ഭുജിപ്പോരു വണ്ടിനെ
ക്കശ്മലൻ മാരുതൻ കൊണ്ടുപോകുംപോലെ,
ജനകകരലിഖിതശുഭലേഖ്യവും കണ്ടവൻ
ജാതാനുതാപം തിരിഞ്ഞു പോയീടിനാൻ.
[3] കരകമല കലിത കരവാള സഹായനായ്
കാദംബരിയെയുമോർത്തു നടകൊണ്ടു,
വിരവൊടഥ നിജപുരമകം പുക്കു താതനെ
വിഖ്യാതപൌരുഷൻ വന്ദിച്ചതുനേരം,
ബലവുമഥ സചിവനെയു[4]മെന്നിയേ വന്നൊരു
ബാലനെക്കണ്ടു കോപിച്ചു താരാപീഡൻ.

---

1 'സൂക്ഷണം' എന്നു രണ്ടു പ്രതികളിലും കാണുന്നു.
സൂക്ഷണം = ബഹുമാനം മം. പ്ര.

2 'ഹൃദയമണിബദ്ധ' എന്നു ക. പ്ര.

3 'കരകമല' എന്നു തുടങ്ങി രണ്ടുവരി മം. പ്രതിയിലില്ല.

4 'എന്നിയേ വന്നോരു' എന്നു തുടങ്ങി കാദംബരിയെയും എന്നുവരെ മൂന്നു വരിയോളം മം. പ്രതിയിൽ വിട്ടുപോയിട്ടുണ്ട്.

നിജതനയകൃതമഖിലമാകർണ്ണനം ചെയ്തു,
നിഷ്ഠുരകോപാകുലനായ് ശുകനാസൻ.
"അവനിപതിതനയനെയുമെന്നെയും കൈവെടി—
ഞ്ഞങ്ങു ദൂരത്തു നിശ്ചിന്തം വസിക്കയാൽ
സപദി തവ വരിക ശുകഭാവം," മെന്നിങ്ങിനെ
സത്യസങ്കല്പൻ ശപിച്ചോരനന്തരം,
സകലദിശി സചിവനെയുമന്വേഷണം ചെയ്തു
സത്വരം നീളേ നടന്നു ചന്ദ്രാപീഡൻ.
അകതളിരിലനവധി ശുചാ മഹാശ്വേതത-
ന്നാശ്രമം പുക്കു വിനീതനായ് നിന്നുടൻ,
രമണനെയുമനവരതമോർത്തു വാഴുന്നോരു
രാജീവലോചനയോടു ചൊല്ലീടിനാൻ :—
"അതിവിശദമതി, ജനകസചിവന്റെ നന്ദന-
നാശു വൈശമ്പായനനെത്തിരഞ്ഞു ഞാൻ
ധരണിതലമഖിലമുഴന്നേറൊരേടവും
ധന്യശീലേ! ഞാനവനെയും കണ്ടീല.
സുമുഖി! തവ മനസി പുനരെന്തു തോന്നീടുന്നു
സുന്ദരിമാർമുടി മൌലികേ! ചൊല്ലണം."
തദനു ശശിമുഖിയുമവനോടു ചൊല്ലീടിനാൾ :—
"തത്വമായുള്ളതെല്ലാം ഞാൻ പറഞ്ഞീടാം,
ഒരു ദിവസമവനുമിഹ വന്നു മത്സന്നിധൌ
ഓരോ കഥകളെന്നോടു ചൊല്ലീടിനാൻ.
കഠിനതരഹൃദയനഥ മാരാശുഗാന്ധനായ്
കഷ്ടമെന്നെപ്പുണർന്നീടുവാനിച്ഛിച്ചു.
[1] ശുകതുലിതവചനനതിലചാടുകം ചൊൽകയാൽ
ശുദ്ധിഹീനമിവൻചിത്തമെന്നോർത്തു ഞാൻ
ത്വരിതതര, 'മയി' ചപല! നീ [2] ശുകമാകെ,' ന്നു
തോലാതവണ്ണം ശപിച്ചേനതിക്രുധാ.
തദനു തവ സചിവനവനെന്നറിഞ്ഞീടിനേൻ

---

[1] 'ശുകതുലിതനതി ചപല ചാടുകൾ' എന്നു ക. പ്ര.
[2] 'ശുകനാകെന്നു' എന്നു മം. പ്ര.

തൽപരം ഞാനുമത്യന്തം വിഷാദിച്ചു.
നിഖിലമിതി നിജ സചിവവൃത്താന്തമാകർണ്യ
നീതിമാൻ ഭ്രമമൌ മരിച്ചു വീണീടിനാൻ.
തദനു നൃപനുപഗതി നിശമ്യ കാദംബരീ
തൻതോഴിയാംപത്രലേഖയോടൊന്നിച്ചു
സരസതരമുടജഭുവി വന്നോരനന്തരം,
സത്വരം കണ്ടു മരിച്ചോരു കാന്തനെ.
കമലമുഖി നൃപനരസി മോഹിച്ചു വീണതും
കണ്ടാശു സന്താപിനി പത്രലേഖയും
നൃപതനയവരതുരഗേന്ദ്രമായുധത്തെയും
നിർവ്യാജമാദായ മുങ്ങിസ്സരോജലേ.
ഉടനമലസലിലമതിൽനിന്നു കപിഞ്ജല-
നത്ഥായവന്നു കണ്ടു മഹാശ്വേതയെ.
രമണനുടെ കഥകളറിവാനാഗ്രഹം പൂണ്ട
രാജീവലോചനയോടവൻ ചൊല്ലിനാൻ :—
തവ രമണനവനൊരുവനാകാശമാർഗ്ഗേണ
താൽപര്യമോടങ്ങു കൊണ്ടുപോകും വിധൌ
ത്വരിതതരമവനുടയ പിമ്പെ തുടർന്നു ഞാൻ
തൽപരമാർത്ഥം പറകെന്നപേക്ഷിച്ചു.
അവനുമതിനതിരഭസമെന്നോടു ചൊല്ലിനാ-
നാനന്ദമൂർത്തിയാം നീഹാരഭാനു ഞാൻ.
ഒരു പൊഴുതു തവ സഖിയിവൻ വിയോഗാർത്തി പൂ-
ണ്ടേതാരാതെ കേഴുന്ന നേരമെന്നെക്കണ്ടു.
കുസുമശരശകലിതശരീരനായഞ്ജസാ
കൂറെന്നിയേ മാം ശപിച്ചാനതിക്രുധാ,
‘ നരജനനമിനി വിരവിലുടനനുഭവിച്ചു നീ
നാളീകബാണാമയം പൂണ്ടനാരതം
ഉഴലുകയി ഹിമകിരണ ! ഞാനെന്നതുപോലെ,
ഊനം വരാ മമ വാക്കി ’, നെന്നിങ്ങിനെ.
തദനു പുനരധികതരകോപേന ഞാനവൻ
തന്നെയും കൂടെശ്ശപിച്ചേനറിക നീ
അനുഭവമിതറിക പുനരെന്നോടു തുല്യമാ —
യാശു നിനക്കുമുണ്ടായ് വരികെന്നഹോ !

ഊവനുടയ മരണമതുമൂലമറിഞ്ഞാലു-
മീശൻമതമൊഴിക്കാവതല്ലാർക്കുമേ
ഒരു ധരണിതലമണി, മഹാശ്വേത, മദംശജാ,
ഓർത്താലെനിക്കു ജാമാതാവു തൽപതി.
കലിതസുഖമിവനുടയ ശാപം മുടിവോളം
കായമെൻ മണ്ഡലേ വെച്ചു സൂക്ഷിക്കുന്നേൻ.
ഇതി തുഹിനകരവചനമഖിലമപി കേട്ടു ഞാ-
നിത്ഥം തോഴൻ പിതാവോടറിയിപ്പാൻ
ത്വരിതതരമതികുതുകമോടു പോകും വിധൌ,
തന്മാർഗ്ഗസഞ്ചാരിയായ വൈമാനികൻ
അതിരുചിരനിജഗമനയാനം കടക്കയാ—
ലാർത്തകോപം ശപിച്ചീടിനാനെന്നെയും :—
‘ത്വരിതമതിജവമുടയ നീയൊരു വാജിയായ്
ത്തൂർണ്ണം ധരാതലേ വാഴ്കെ, ന്നിങ്ങിനെ.
തദനു ജലനിധിയിലപഗതമദമഹം വീണു
തൽപരം വന്നുകൂടി തുരഗത്വവും.
ധരണിപതിസുതനിവനു വാഹനഭൂതനായ
ധന്യനായിത്ര നാളും വസിച്ചേനഹം
വിധികരുണ മയി ചെറുതുതരമിതുളവാകയാൽ
വീതമായ് വന്നുകൂടി മമ ശാപവും.
ശ്വശുരനയി തവ വിധുരനതു കരുതി ഞാൻ ദ്രുതം
ശ്വേതകേതുപ്രിയം ചൊല്ലുവാൻ പോകുന്നേൻ.
അമലനിതി കഥകളുരചെയ്തു കപിഞ്ജല-
നംബരമാർഗ്ഗേണ പോയോരനന്തരം,
വനിതകളിലനുപമിതഗാത്രികാദംബരി
വാഞ്ഛാം വിനാപി സംജാതാം [1] ലഭിച്ചാതുരാ,
ചടുലമിഴി തനുവനലനിൽ ത്യജിച്ചിടുവാൻ
ചാതുര്യമോടെ തുടങ്ങും ദശാന്തരേ,
അവളിലതികരുണ പരമുണ്ടാക കാരണ—
മത്ഭുതം ! ചന്ദ്രനവളോടു ചൊല്ലിനാൻ :—
അരുതരുതു, സുതനു ! ചെറുതും വിഷാദം നിയ്യ—
“ മാത്രുദ്ധമോദമിവന്റെ കളേബരം

[1] ‘ലഭിച്ചാളഹോ’ എന്നു മ. പ്ര.

പരിചിനൊടൊരുപഹതി വരാതെ രക്ഷിച്ചുനീ
പാൎത്തു കാലം കുറഞ്ഞൊന്നിരുന്നീടുക.
വിരവൊടിവനയി സുമുഖി! ജീവിക്കുമോമലേ!
വീതസന്ദേഹം പതിയായ്‌വരും തവ.
തുഹിനകരവചനമിദമാകൎണ്ണ്യ ഭാമിനി
തൂൎണ്ണമെടുത്തു ചന്ദ്രാപീഡവിഗ്രഹം
മണിഖചിതഭവനമതിനുള്ളിൽ വെച്ചഞ്ജസാ
മാനനീമൌലി സൂക്ഷിച്ചു വാഴും വിധൌ;
തനയനുടെ കഥകളറിയാഞ്ഞു വിഷണ്ണനായ്
തത്ര താരാപീഡനും ശുകനാസനും
തരുണിജനമുടിമണി വിലാസവതിയുമായ്
തൽപ്രദേശേ തിരിഞ്ഞാശു വന്നീടിനാർ.
ധരണിപതിതനയനുടെ സചിവനായ് തൽപരം
ധന്യനാം പുണ്ഡരീകൻ ശാപവൈഭവാൽ
ശുകതനുവിലതികുതുകമകതളിരിലാൎജ്ജിച്ചു
ശുദ്ധികാമിച്ചിരിക്കുന്നവനിശ്ശുകം"
സരസതരമിതി സപദി ജാബാലിഭാഷിതം
സൎവ്വം സമാകൎണ്ണ്യ ഞാനതിപ്രീതനായ്,
മദനശതസുഭഗതമമിന്ദ മൎത്ത്യസ്ഥമാം
മാനനീയം ശരീരം നിനച്ചീടിനേൻ.
അതുപൊഴുതു മമ സഖി കപിഞ്ജലൻ താനുമെ-
ന്നന്തികേ വന്നെന്നെയുമാശ്വസിപ്പിച്ചു.
ഗഗനതലമഴകൊടു ഗമിച്ചോരനന്തരം
ഗന്തുമുദ്യുക്തനായ് ഞാൻ ദയിതാശ്രമേ.
തദനു വനചരനിവഹമെന്നെയും കണ്ടാശു
താൽപൎയ്യമോടു പൊത്തിപ്പിടിച്ചീടിനാർ.
അഥ സരസമൊരു ശബരനാരി വന്നെന്നെയും
ആനന്ദമോടൊരു [1] ഹേമപീഠേ വെച്ചു,
മധുമധുരമൊഴി ഭവദുപായനമാക്കിനാൾ,
മന്നവ! ഞാനതിൻ മൂലമറിഞ്ഞീല.
അഴകുടയ കിളി കഥകളിത്തരം ചൊല്ലുകയാ-

[1] ഹേമപീഠേ = പൊന്നിൻ കൂട്ടിൽ.

[1] ആശു രാവും പുലൎന്നു തദാ ശൂദ്രകൻ
ശബരവരതരുണിയെ വരുത്തി ക്ഷണാന്തരേ
ശാശ്വതം വൃത്തമെപ്പേരുമേ ചോദിച്ചു.
അവളുമഥ നരപതിയൊടുത്തരം ചൊല്ലിനാൾ,—
' ഭൂശാപതേ ! ഞാൻ പറയാം പരമാൎത്ഥം.
പുരഹരനു ജടയിലണിയുന്ന വിഭൂഷണം
പുണ്യശീലൻ ഭവാൻ ചന്ദ്രനത്രെ വിഭോ !
പുകളും തടവുമടലുടയ ശുകമിവനുമോൎക്കിലോ
പുണ്ഡരീകൻ ശ്വേതകേതുകുമാരകൻ.
പരമതമമയിദയി തമാൎക്കുള്ള സങ്കടം ;
പാപം ഭവാന്മാൎക്കുമുണ്ടാം ത്യജിക്കിലോ. '
ശബരവരതരുണി പലതും പറഞ്ഞിങ്ങിനെ
ശാപമൊഴിഞ്ഞു നഭസ്ഥലം പ്രാപിച്ചു.
അപ്പൊഴുതു വനിതകളിലഭിരുചിതഴയയാ-
ലാശു മരിച്ചു ശുകശൂദ്രകന്മാരും.
സുമവിശിഖരണഭുവി മരിച്ച ചന്ദ്രാപീഡൻ
സുപ്തപുരുഷനുണരുന്നതുപോലെ,
നയനയുഗമഴകൊടു മിഴിച്ചെഴുന്നേറ്റുടൻ
നാരീമണിയെയൊന്നാലിംഗനം ചെയ്തു.
പുനരമൃതകിരണശുഭമണ്ഡലാൽ ജീവിച്ചു
പുണ്ഡരീകനെഴുന്നേറ്റു വന്നഞ്ജസാ,
മധുമൊഴികളുംമണിമകുടമാം മഹാശ്വേതയെ
മന്ദേതരം പരിരംഭണവും ചെയ്തു.
തദനു സുരജനമഹിതപാദനാം ഹംസനും
തൽസഖനു ചിത്രരഥനുമിരുവരും
മതിയിലെഴുമതിവിപുലസന്തോഷപൂൎവ്വകം
മാനനിമാരെക്കൊടുത്തു സകൌതുകം, "—

*          *          *          *

സരസതരമിതികഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
" പലതുമിഹ പറകിലനുരാഗം നിമിത്തമായ്

---

1 ' ആശുരാവും പുലൎന്നു ' എന്നു തുടങ്ങി " ഉത്തരം ചൊല്ലിനാൾ " എന്നുവരെ നാലു വരികൾ മം. പ്രതിയിൽ വിട്ടുപോയിരിക്കുന്നു.

ഭാരം തഴച്ചുതാക്കെന്നു ചൊല്ലീടുക. ”
നരവരനുമിവനൊടതിനുത്തരം ചൊല്ലിനാൻ :—
“ നന്നൊടോ ! നിന്നുടെ ചോദ്യം മഹാമതേ !
സചിവനുടെ വിപദമുപാകർണ്ണനം ചെയ്കയാൽ
സദ്യോ മരിച്ചോരു ഭൂപാലനന്ദനൻ
[1] അതിമഹിതനവനുമനുരാഗവാനോർത്താൽ
മാരുമാരിച്ചൊന്നതിലില്ല [2] തത്സന്നിഭൻ. ”
മനുജപതി വചനമിതി കേട്ടോരനന്തരം
മാനിച്ചു വേതാളവും മറിഞ്ഞീടിനാൻ.

* * * *

മനുജപതിമണിമകുട വീരനിട്ടിക്കോമ്പി-
മന്നവൻ മാനിച്ചരചെയ്ക മൂലമായ്,
മഹിതതമകഥകളിതു ഭാഷയായ് ചൊല്ലിനേൻ,
മാത്സര്യമില്ലാതവർക്കു ചേരും മുദം-

---

[1] ‘ അതിമഹിമ തടവു മനുരാഗവാൻ ’ എന്നു മം. പ്ര.

[2] ‘ തത്സന്നിധൌ ’ എന്ന മം. പ്ര.

## ഇരുപത്തഞ്ചാമത്തെ കഥ

[1] നൃപനമഥ തരുവുകളിലേറി ക്ഷണാന്തരേ
നിർവ്വിചാരം പിടിച്ചാശു നടകൊണ്ടു.
സരസമഥ നൃപതിയൊടു മന്ദഹാസം ചെയ്തു,
സാമർത്ഥ്യശാലി വേതാളമുരചെയ്തു :—
" ഇനിയുമൊരു കഥ നരപതേ ! പറഞ്ഞീടുന്നേ—
നിച്ഛയോടും ഭവാൻ കേട്ടു ധരിക്കണം.

*     *     *     *

ദയിതപരനരവരനതിപ്രൌഢകീർത്തിമാൻ
ദാക്ഷിണാത്യൻ ധർമ്മനെന്നൊരു മന്നവൻ,
ചരതമൊടു നഗരപരിപാലനവും ചെയ്തു
[2] ചന്ദ്രാവതിയെന്ന ഭാര്യയോടൊന്നിച്ചു,
തരുണികളിലൂടനൊരു വിശേഷമാർജ്ജിച്ചങ്ങു
തത്രലാവണ്യവതിയെന്ന പുത്രിയും,
പരമസുഖവിഭവമനുഭൂയ വാഴും വിധൌ
പാരം കലഹിച്ചുടുത്തു രിപുക്കളും ;
പലദിവസമവരോടുടനാഹവവും ചെയ്തു,
പാരം വലഞ്ഞു നശിച്ചു ജനങ്ങളും;
ഇവിടമൊഴിവതു ഗുണമെനിക്കെന്നുറച്ചവൻ
ഈശനെച്ചിന്തിച്ചൊരു ദിനം രാത്രിയിൽ
ദയിതയൊടുമഴകുടയ തനയയൊടുമൊന്നിച്ചു
ദണ്ഡിച്ചെടുത്ത ധനനിവഹത്തൊടും
അപരിമിതദുരിതഫലമാസ്വാദ്യമെന്നുറ-
ച്ചാരുമറിയാതെ കാട്ടിലകം പുക്കു.
അതിഗഹനവനഭുവി സുദൂരം നടക്കയു-
മാധിയാകുന്നൊരു ഭാരമെടുക്കയും,
സ്വപുരമതിൽ മരുവിന സുഖങ്ങളാം നിനക്കയും,
സ്വച്ഛന്ദമാഹാരമില്ലാഞ്ഞു മാഴ്കിയും
വിധിയുടയ കഠിനത നിനച്ചു ദുഃഖിക്കയും,

---

[1] ആദ്യത്തെ രണ്ടു വരി മം. പ്രതിയിലില്ല.
[2] ' ചന്ദ്രവതി ' എന്നു ക. പ്ര.

വിംസത്വങ്ങളെക്കണ്ടു പേടിക്കയും,
പലതുമവരുടയ പരിതാപങ്ങൾ ചൊല്ലുവാൻ
പന്നഗാധീശനുമാളല്ല നിർണ്ണയം.
ഉടനവരുമനവധി വനങ്ങൾ കടന്നുപോ-
യ്യൂക്കളുള [1]ഭില്ലപല്ലീവനം പ്രാപിച്ചു.
ഗുരുനിബിഡമസൃണകപിശാഭകേശങ്ങളും
ഗുഞ്ജമണികളെക്കൊണ്ടുള്ള മാല്യവും,
വിവിധപരികലിതഘനബർഹവസനവും,
വിദ്യോത മാനമാമ്മാറു ധരിച്ചുടൻ,
ശബരജനമതിനിടയിലങ്ങുമിങ്ങും പാഞ്ഞു
ശാകാല്യപാർജ്ജനം ചെയ്യും ദശാന്തരേ,
നരവരനെ വിരവൊടരികെക്കണ്ടു ദുഷ്ടരും
നാനാവിധമായ ഭൂഷണം വാഞ്ഛിച്ചു,
പലരുമവരൊരുമയൊടു പൊരുതു സമരാന്തരേ
പാരം വലഞ്ഞു മരിച്ചു നരേന്ദ്രനും
ചകിതമതി തദനു സുതയോടുമൊരുമിച്ചു
ചന്ദ്രവതിയും വനാന്തരേ മണ്ടിനാർ.
ബലമുടയ ഹരിണപതി വിക്രമം കണ്ടാശു
ബാലഹരിണി മണ്ടീടും കണക്കിനെ
വിപുലതരകുചജഘനഭാരേണ ബാലിക
വീഴുന്നതുമെഴുന്നേററു മണ്ടുന്നതും
നയനപഥമതിലൊരുവനനുഭവിച്ചീടുകിൽ
നാരായണനെ സ്മരിക്കുമെന്നേ വേണ്ടു.
അവരിരുവരരുവയരിൽ മാണിക്യമായവ—
രാരാഞ്ഞൊരു സരസ്തീരം പ്രവേശിച്ചു.
പരമതമപരവശത [2]പെരുകിയരുതാഞ്ഞുടൻ
പാനീയപാനവും ചെയ്തിരിക്കും വിധൌ,
ചടുലതരമൃഗഹനനഭരിതകുതുകം തദാ,
ചണ്ഡസിംഹൻ പുത്രനോടുമൊരുമിച്ചു,

---

[1] 'ഭില്ലപല്ലീവനം = മലയന്മാരുടെ മാടങ്ങളുള്ള വനം' എന്ന് മാ. പ്രതിയിൽ കാണുന്ന 'അഭീര (ആഭീര) പല്ലീവനം' എന്ന പാഠം (ക. പ്ര.) ശരിയായിരിക്കണം. ഇടയന്മാരുടെ വാസസ്ഥലമായ കാട് എന്നർത്ഥം.

[2] 'പെരുകിയതാറാഞ്ഞുടൻ' എന്ന പാഠം (മം. പ്ര.) ശരിയല്ല.

വിപിനഭുവി വിരവൊടു തുരംഗമാരൂഢനായ്
വീതശങ്കം നടന്നീടും ദശാന്തരേ,
ഗുണമുടയ മണലിലുടനടികൾ നികടേ കണ്ടു
ഗുണ്യൻ വഴിപോലെ സൂക്ഷിച്ചു ചൊല്ലിനാൻ :—
“ വരതരുണിമണികളുടെയടികളിതു കാൺക നീ,
വത്സ ! കണ്ടാലതിരമ്യങ്ങളെത്രയും !
ഒരു പദമിതതിലഘു മനോജ്ഞതരേഖാങ്കിത—
[1]‘ ഓമൽക്കുമാരി ദീർഘാംഗുലികാപരാ-
സുഭഗതമപദകമലവിന്യാസമാർഗ്ഗവും
സൂക്ഷിച്ചു പോക നാം ഏതുമേ വൈകാതെ.
നയനപഥമതിലവരകപ്പെട്ടന്നാകിലോ
നാളീകലോചനാ, ദീർഘപാദാംബുജാ
മമ തരുണി ; തനയ ! പുനരന്യ നിൻ ഭാമിനി
മാറിപ്പറക ഞാൻ ചെയ്കയില്ലെന്നുമേ.
സപദി പുനരിതി സമയവും ചെയ്തിരുവരും,
സത്വരം ചെന്നങ്ങു പുക്കു സരസ്സിടം
കമിനികളെ വിരവിനൊടു കണ്ടു കൌതൂഹലാൽ
കാമശരങ്ങൾക്കിഷുധികളായ്‌വന്നു.
നിജ നഗരമതിലവരെയും കൊണ്ടു ചെന്നുടൻ
നിശ്ചയിച്ചങ്ങു മുന്നം ചൊന്നതുപോലെ,
തനയയൊടു രതിരഭസമാചരിച്ചു നൃപൻ
തത്സുതൻ കന്യാജനനിയോടും തഥാ.
ഇരവുപകലവരൊടൊരുമിച്ചനംഗാർത്തി പൂ—
ണ്ടിച്ഛക്കു തക്കവണ്ണം രമിക്കും വിധൌ,
ഇരുവരിലുമതുപൊഴുതു തനയരുണ്ടാകയാ-
ലിട്ടറ്റസമ്മദം പൂണ്ടു നൃപതിമാർ. ”

*   *   *   *

സരസതരമിതി കഥ പറഞ്ഞു വേതാളവും
സാരനാം ഭൂപാലകനോടു ചോദിച്ചു :—
“ ജനകസുതനറിക തനയാനന്ദനൻ, സുത—
ജാതതനയൻ ജനനീകുമാരകൻ.
നരതിലക പറക പുനരാരവർ തങ്ങളിൽ

[1] ‘ ഓമൽക്കുമാര ! ദീർഘാംഗുലികം പരം ’ എന്നു മം. പ്ര.

നാനാദിഗന്തവിശ്രാന്തകീൎത്തേ! വിഭോ!”
നരപതിയുമതിന്നു പുനരുത്തരമൊന്നുമേ
നാനാവിധം തിരഞ്ഞു് മറിയായ്കയാൽ,
വിശദമതി പുനരവനോടൊന്നും പറഞ്ഞീല;
വീണ്ടു ചോദിച്ചതുമില്ല ഗുണനിധി.
മനുജപതി മതിവിഭവമോൎത്തു വേതാളവും
മന്ദേതരം നൃപനെപ്പുകഴ്ത്തിപ്പരം,
അകമലരിലമൃതമതിസന്തോഷവാരിയി-
[1] ലാണു നീന്തിക്കളിച്ചേവമുരചെയ്തു:—
“സുരപതിയുമയി നൃവര! തവ ഗുണഗണങ്ങളിൽ
സുസ്മേരഭാവം കലൎന്നുള്ള മന്നവ!
പെരുതു പെരുതയി തവ മനോബലവീൎയ്യവും
പേശലാകാര! ഞാനേററം പ്രസാദിച്ചു.
[2] ശ്രമണനവനതികഠിനനത്യന്തപാതകി
ശ്രദ്ധിച്ചു നിന്നെച്ചതിപ്പാൻ തുടങ്ങുന്നു.
ചപലനവനിതുപൊഴുതു വിദ്യാധരാവനൌ
ചക്രവൎത്തിത്വം ലഭിപ്പതിനിച്ഛയാ.
മനുജപശു ദഹനനിലൊരാഹുതിക്കായ്ക്കൊണ്ടു
മന്നവ! നിന്നെയും കല്പിച്ചിരിക്കുന്നു.
അനുദിനവുമവനുചിതകൃത്യങ്ങൾ പിന്നെ ഞാ—
നാവതെല്ലാം ചെയ്യിരിക്കെന്നതും വരും,
അവനെ വിരവൊടു ഭുവനസുന്ദര! കൊല്ലുവാ-
നാകുന്ന യത്നങ്ങൾ ചെയ്കവേണം ഭവാൻ.
സകലജഗദഭിനവവിഭൂഷണ! [3] നിന്നോടു
സാഷ്ടാംഗമായ് നമിപ്പാനവൻ ചൊല്ലിടും.
അതുപൊഴുതിലവനൊടുരചെയ്കവേണം ഭവാൻ,
“ആചാരമില്ല നമുക്കു നമസ്കാരം.
ഒരു തരമിതിഹ ഝടിതി കാട്ടിത്തരികിൽ ഞാ-
നോൎത്തു ചെയ്യാമതുപോലെ”, യെന്നിങ്ങിനെ.
അവനുമഥ ധരണിയിൽ നമസ്കരിക്കുന്നേരം-

---

[1] ‘അശ്രുനീന്തിക്കളിച്ചു’ എന്നു മം. പ്ര.
[2] ‘ശ്രമണനിവനതി കപടനത്യന്ത പാതകി’ എന്നു മം. പ്ര.
[3] ‘നിന്നെയും’ എന്ന പാഠം (ക. പ്ര.) ശരിയല്ല.

മാശു നീ ഖഡ്ഗേന ഖണ്ഡിക്ക തദ്ഗളം.
ഇതിലൊഴികിലവനിവര ! നിന്നെച്ചതിച്ചവ-
നിന്നു കൊന്നീടുമതിനില്ല സംശയം.
സകലമിതി തവ ഹിതമറിഞ്ഞിതു ചൊല്ലിനേൻ
[1]സത്വാംബുധേ ! തവ സ്വസ്തി ഭവിക്കണം.
നിഖിലഗുണമണിനിലയ ! പോകുന്നു ഞാനിനി,
നീനിനക്കു്ക്കയം വിധൌ ഞാൻ വരുന്നുണ്ടെടോ ! ”
പലതുമിതി നൃപനൊടു പറഞ്ഞു വേതാളവും
പാരം ജുഗുപ്സിതമാം ശവവിഗ്രഹം
ധരണിതലമതിലുടനപേക്ഷിച്ചനന്തരം
ധന്യാനുഭാവൻ ഗമിച്ചീടിനാനഹോ !
വിരവൊടഥ നരവരനെടുത്തു ശവത്തെയും
വീര്യവാൻ ക്ഷാന്തിശീലാന്തികം പ്രാപിച്ചു.

* * * *

ശ്രമണനഥ നരതിലകവീര്യ[2] ശൌര്യങ്ങളെ
ശ്രദ്ധയാ പാരം പുകഴ്ത്തിപ്പലതരം,
ചിതയിലെഴുമനലനിലനേ[3] കാഹുതി ചെയ്തു,
ചിത്രം ചമച്ചു തൽസന്നിധൌ മണ്ഡലം.
നരരുധിരകലശമഭിമന്ത്രണവും ചെയ്തു,
നാലു ദിക്കിങ്കലും പൂജിച്ചു വെച്ചുടൻ,
[4] അതികഠിനനിനദമൊടു ഭൂതസംഘങ്ങളും
ആർത്തു ഘോഷിച്ചു വന്നീടും ദശാന്തരേ,
വിഗതഭയമവനിരമണാനീതമാം ശവം
വീതശങ്കം മണ്ഡലാന്തികേ വെച്ചുടൻ,
വിരുതുടയ മന്ത്രനികരമുച്ചരിച്ചങ്ങിനെ
വിസ്മയം രക്തധാരാതർപ്പണം ചെയ്തു.
തദനു ശവമതിരഭസമോടുമെഴുന്നേററു
തത്പരമുഗ്രമായട്ടഹാസം ചെയ്തു.

---

[1] ‘ തത്വാംബുധേ ’ എന്നു ക. പ്ര.
[2] ‘ ധൈര്യങ്ങളെ ’ എന്നു മം. പ്ര.
[3] ‘ അനേകാഹുതം ’ എന്നു ക. പ്ര.
[4] ‘ അതികഠിന നിനദമൊടു ’ എന്നു തുടങ്ങി നാലു വരികൾ മം. പ്രതിയിലില്ല.

ശ്രമണനഥ നരപതിയൊടാശു ചൊല്ലീടിനാൻ :—
"ശ്രേയസേ രാജൻ! നമസ്കരിച്ചീടുക."
നരപതിയുമവനൊടതുനേരമുരചെയ്തു :—
"നാനാ നരപാലപൂജിതനേഷ ഞാൻ.
പ്രണതിയുടനൊരുപൊഴുതു ചെയ്തതില്ലാരെയും
പ്രാകൃതമായൊന്നു ചെയ്ക നന്നല്ലഹോ!
ഒരു നമനമഴകൊടു ഭവാൻ ചെയ്തു കാട്ടുകി—
ലോർത്തു ഞാൻ ചെയ്യാമതുപോലെ നിർണ്ണയം.
അതുപൊഴുതു കപടയതിയും ദൈവചോദിത-
നാശു സാഷ്ടാംഗം നമസ്കരിച്ചീടിനാൻ
അഥ നൃപനമതിതരകരാളം കരവാള-
മാശു കൈക്കൊണ്ടൊന്നിളക്കിസ്സസംഭ്രമം,
കപടയതിഗളതലമറുത്തു തന്മസ്തകം
കാന്തിമാൻ ചൈത്യാനലാഹുതിയാക്കിനാൻ.
സുരനികരമപരിമിതപുഷ്പവർഷം ചെയ്തു,
സുന്ദരകീർത്തിമാനെപ്പുകഴ്ത്തിത്തദാ.
കലിതരസമഥ നൃപതിയോടു വേതാളവും
കാരുണ്യപൂർവ്വകമേവമുരചെയ്തു :—
"തവ കഥകളിവ സകലഭുവനതലവാസികൾ
താൽപര്യമോടു കേട്ടാസ്വദിക്കും വിധൌ,
സതതമിഹ ഭവദുചിതകർമ്മങ്ങളിൽപ്പരം
സത്വാംബുധേ! വേല ചെയ്യുന്നതുണ്ടു ഞാൻ.
പുരനികരമെരിപൊരിപെടുത്തവൻ വിഷ്ണുവും.
പൂർണ്ണസമ്മോദേന വാണീകണവനും
ത്രിദശജനപരിവൃഢരോടൊന്നിച്ചു വന്നുടൻ
തീവ്രപ്രതാപനെപ്പാരം പ്രശംസിച്ചു.
ശിശിരകരശകലധരനംബികാവല്ലഭൻ
ശിഞ്ജൽഭുജംഗമഞ്ജീരൻ മഹേശ്വരൻ
അവനിപനെ വിരവിനൊടനുഗ്രഹിച്ചാദരാൽ
ആമ്നായവിഗ്രഹനേവമരുൾചെയ്തു :—
"ഭവതു ശുഭമിഹ തവ പലത്രാപി മന്നവ!
ഭാഗ്യരാശേ! നീ മമാംശം ധരിക്കെടോ!

വിധുവദന! പരമറിക പൂർവ്വജന്മത്തിങ്കൽ
വീരൻ ത്രിവിക്രമസേനനത്രേ ഭവാൻ.
വിരുതുടയ നരപതികൾമകുടമണിഭൂതനായ്
വിദ്യാധരചക്രവർത്തിയായ് വാഴ്ക നീ
ഒരു പൊഴുതുമൊരു ശമലമുണ്ടാകയില്ല നീ-
യോർത്തന്യേയും സുഖമായിരുന്നിടുക."
സരസമിതി നരവരനു നല്കി വരങ്ങളും
സത്യസങ്കല്പൻ മറഞ്ഞരുളീടിനാൻ.
നരവരനുമഥ നിജ പുരംപ്രവേശിച്ചുടൻ,
നേരംപുലർന്നുജ്വലിച്ചു സഭാന്തരേ.

* * * *

ഹരിചരണസരസിജമധൂളീമധുവ്രതൻ,
ഹാരിദ്രവർണ്ണപ്രഭഞ്ജനാംശപ്രഭൻ,
വിമതവനദവദഹനബാഹുപ്രതാപവാൻ
വീര്യാഭിരാമ, നിട്ടിക്കോമ്പിമന്നവൻ,
പലരുമറിവതിനു ശുഭകഥകളിവ ഭാഷയായ്
പാടീടുമാറാക്കുവാൻ നിയോഗിക്കയാൽ,
മതിമഹിമ മയി ചെറുതുമില്ലെന്നിരിക്കിലും
മാനം നടിച്ചിവർണ്ണം ചമച്ചീടിനേൻ.

---

[1] മേയാസുമ്മദ്ഭദ്രാനിജജനശമലോദ്രേക-
വിദ്രാവഭദ്രാ
മന്ദ്രോദ്യത്ഭ്രാകരുദ്രാശയകമലവിനിദ്രീകൃതൌ
ദ്രാകതന്ദ്രാ.
അക്ഷുദ്രാവദ്ര്യമോദ്രാവണനിപുണതരാഭദ്ര
മദ്ര്യാത്മജായാ-
സ്സംവിദ്രൂപാ: കടാക്ഷാ: ശിശിരിതജഗതോ
നോശ്മകദ്രൂണസദ്ര്യാ:

192555
42431
032:1Y8
J72
MUL
192555
UNIVERSITY LIBRARY
26 APR 1967
MADRAS

---

[1] ഈ ശ്ലോകം മം. പ്രതിയിലില്ല.